തേവലക്കര ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം

വികസന റിപ്പോർട്ട്






സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ
മാത്രമേ രാഷ്ട്രപുനർനിർമ്മാണം
സാദ്ധ്യമാകൂ

-ഗാന്ധിജി

തേവലക്കര ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം




വികസന റിപ്പോർട്ട്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

തേവലക്കര ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്



എഡിറ്റോറിയൽ ബോർഡ്

സർവ്വശ്രീ കെ. എസ്. ബാബു

" ആർ. രാമചന്ദ്രൻപിള്ള

" പി. പൊന്നപ്പൻ ആചാരി

" എം. സുരേഷ്


" എൻ. ഓമനക്കുട്ടൻ

" കെ. സുരേന്ദ്രൻ


തേവലക്കര ഗ്രാമപഞ്ചായത്ത്
ഭരണസമിതി



എ. ഫാത്തിമാക്കുഞ്ഞ്
പ്രസിഡന്റ്




എം. അബ്ദുൽ മുത്തലീഫ്
വൈസ് പ്രസിഡന്റ്



കെ. ജോർജ്ജ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ




കെ. സുശീലാ കുമാരിപ്പിള്ള
മെമ്പർ



ജി. ചന്ദ്രൻ
മെമ്പർ



കെ. നർഗ്ഗിസ്
മെമ്പർ



കരമേൽ ഭാസ്കരൻപിള്ള
മെമ്പർ




ബിജിപിറ്റർ
മെമ്പർ



എസ് ജോർജ്ജ്
മെമ്പർ




ലിനാചാക്കോ
മെമ്പർ



കെ. എസ് ബാബു
മെമ്പർ



തേവലക്കര ബാസി
മെമ്പർ



എസ് മൈതീൻകുഞ്ഞ്
മെമ്പർ



ഡോ ചന്ദ്രശേഖരകുമാർ
മെമ്പർ




കെ. സുരേന്ദ്രൻ
സെക്രട്ടറി

തേവലക്കര ഗ്രാമപഞ്ചായത്ത്
മുൻ പ്രസിഡന്റുമാർ




ശ്രീ വി. വാസുപിള്ള
(1953-1963)




ശ്രീ കെ. വേലുപിള്ള
(1964-1979)



ശ്രീമതി വിജയലക്ഷ്മിഅമ്മ
(1979-1984)



ശ്രീ കോയിവിള വിജയൻ
(1988-1990)



ശ്രീ കെ. എസ് ബാബു
(1990-1995)

ഉള്ളടക്കം

1.	ആമുഖം	1
2.	പഞ്ചായത്ത് - പൊതുവിവരണം	2
3.	ചരിത്രപശ്ചാത്തലം	3
4.	ഭൂപ്രകൃതിയും വിഭവങ്ങളും	7
5.	വികസനമേഖലകൾ	19
5(1)	കൃഷിയും ജലസേചനവും	20
5(2)	മൃഗസംരക്ഷണം	29
5(2)	മത്സ്യബന്ധനം	31
5(3)	വ്യവസായം	34
5(4)	ഗതാഗതം	40
5(4)	ഊർജ്ജം	49
5(5)	വിദ്യാഭ്യാസം	53
5(6)	പാർപ്പിടം	60
5(6)	സാമൂഹ്യക്ഷേമം	63
5(7)	പൊതുജനാരോഗ്യം - കുടിവെള്ളം	74
5(8)	വനിത	80
5(9)	പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം	87
5(10)	സംസ്കാരം	96
5(11)	സഹകരണം	101
5(12)	വിഭവസമാഹരണം.	104

ആമുഖം

ഭാരതം നൂറ്റാണ്ടുകളുടെ വിദേശാധിപത്യത്തിൽ നിന്നും മോചിതയായിട്ട് 49 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അധികാരം കയ്യാളിയ കരങ്ങൾ മാറിമാറി വന്നെങ്കിലും ഭരണരംഗത്തും വികസനരംഗത്തും ജനകീയസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനായില്ല. ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കാനുള്ള 'നിർദ്ദേശകതത്വം' പ്രാവർത്തികമാക്കുന്നതിനുപോലും നമുക്ക് 47 വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. രാജ്യത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി ഇന്ത്യയിൽ ആസൂത്രണപ്രക്രിയ 1951 ൽ ആരംഭിച്ചു വിവിധ ഉൽപ്പാദന മേഖലകളിൽ മുന്നോട്ടുപോകാൻ പദ്ധതികാലയളവിൽ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും പരിഹരിക്കപ്പെടേണ്ട ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല. അധികാരവും ആസൂത്രണവും ഉന്നത ശ്രേണിയിൽ മാത്രം കേന്ദ്രീകരിച്ചതിനാൽ തീരുമാനമെടുക്കുന്നതിനും അവനടപ്പാക്കുന്നതിൽ പങ്ക് വഹിക്കുന്നതിനും സാധാരണക്കാരന് അവസരം നിഷേധിച്ചിരുന്നു. പ്രാദേശിക വികാരങ്ങളും പ്രശ്നങ്ങളും ജനതാൽപ്പര്യങ്ങളും ആവശ്യങ്ങളും ചർച്ച ചെയ്യപ്പെടാനുള്ള അവസരം ഇല്ലാതിരുന്നതിനാൽ ജനപങ്കാളിത്തം തുലോം കുറവായിരുന്നു. മാത്രമല്ല അമിതമായ അധികാരകേന്ദ്രീകരണം നമ്മുടെ ജനാധിപത്യവ്യവസ്ഥിതിക്ക് ഹാനീകരമാണ്.

ഇന്ത്യയിലെ ഭരണക്രമത്തിലും സാമ്പത്തിക ഘടനയിലും സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലും ഗ്രാമങ്ങളുടെ പങ്ക് സുപ്രധാനമാണ്. അതായത് 'ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു.' അടിത്തട്ടിൽ നിന്നും ഉദിച്ചുയരുന്ന സ്വാതന്ത്ര്യം മാത്രമേ സാർത്ഥകവും സമ്പൂർണ്ണവും ആകുകയുള്ളൂ. ഓരോ ഗ്രാമവും ആഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കായിരിക്കണം. എന്നാൽ പരസ്പര സഹകരണത്തിലും സഹവർത്തിത്വത്തിലും സാഹോദര്യത്തിലും അധിഷ്ടിതമായിരിക്കണം വിവിധ ഗ്രാമങ്ങൾ തമ്മിലുള്ള ബന്ധം. ഗ്രാമപുനരുദ്ധാര പ്രവർത്തനങ്ങളിലൂടെ മാത്രമേ ഗാന്ധിജി വിഭാവന ചെയ്ത സ്വയം സമ്പൂർണ്ണഗ്രാമങ്ങളുടെ സൃഷ്ടി സാദ്ധ്യമാകൂ.

എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയിലൂടെ ത്രിതലപഞ്ചായത്തു സംവിധാനം നടപ്പിലായതോടെ ജനാധിപത്യ അധികാരവികേന്ദ്രീകരണം എന്ന സ്വപ്നം യാഥാർത്ഥ്യമായിരിക്കുന്നു. ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം 40% പദ്ധതി വിഹിതവും പഞ്ചായത്തുകൾക്ക് ലഭിക്കുമെന്നതുകൊണ്ട് ജനതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം ഉണ്ടാകും. ഗ്രാമപഞ്ചായത്തുകൾ ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെ നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും തൃപ്തികരവുമായി നിർവഹിക്കാൻ കഴിയുമെന്ന് മാത്രമല്ല അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

കേരളപ്പിറവിദിനം ഇക്കുറി പുനർപ്പണദിനമായാണ് ആചരിച്ചത്. "ഓണത്തിനൊരുകുല" എന്ന കർഷക മുദ്രാവാക്യത്തിൽ ഊന്നി പരിപാടികൾക്കു രൂപം നൽകി. കർഷകരെ ആദരിക്കുകയും കാർഷികവികസനത്തിന് ഫാർമേഴ്സ് ക്ലബുകൾ വാർഡുതലത്തിൽ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു.

തേവലക്കര ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 സെപ്തംബർ മാസത്തിലാണ്. ജില്ലാ തല റിസോഴ്സസ് പേഴ്സണമാരെയും ലോക്കൽ റിസോഴ്സസ് പേഴ്സൺമാരെയും ബഹുജനരാഷ്ട്രീയ സംഘടനാ പ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒന്നാംഘട്ട ശിൽപ്പശാല സെപ്തംബർ 20 നും വിശേഷാൽ ഗ്രാമസഭകൾ സെപ്തംബർ 22 ാം തീയതി മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിലുമായി നടത്തുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട വോളന്റിയർമാരെ വിവിധ ആഫീസുകളിൽ നിന്നും ദ്വിതീയസ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുവാൻ നിയോഗിച്ചു. പ്രാഥമിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിന് നവംബർ 25 ന് നെടുകയും കുറുകയും രണ്ട് പഠനപര്യടന യാത്രകൾ നടത്തി. രണ്ടാം ഘട്ടപരിശീലനം നവമ്പർ 19 ന് നടത്തുകയും ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്ത കൺവീനർമാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ പ്രശ്നങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഗ്രാമസഭകളിൽ ശരാശരി നൂറ്റമ്പതോളം പേർ പങ്കെടുക്കുകയും ഓരോ വിഷയങ്ങളിലും സജീവചർച്ചകൾ നടക്കുകയും ഉണ്ടായി. പദ്ധിരൂപീകരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ജനകീയാസൂത്രണത്തിന്റെ ഇതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ശ്രമിച്ചിട്ടുണ്ട്. വികസനമെന്ന ആശയത്തിന് പുതിയ മാനങ്ങൾ നൽകുവാൻ – പുതിയൊരു വികസന സംസ്കാരത്തിന് തുടക്കം കുറിക്കുവാൻ നമുക്കേവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

2

പഞ്ചായത്ത് / പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	തേവലക്കര ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	തേവലക്കര
ബ്ലോക്ക് പഞ്ചായത്ത്	-	ചവറ
താലൂക്ക്	-	കരുനാഗപ്പള്ളി
അസംബ്ലിമണ്ഡലം	-	ചവറ
വിസ്തീർണ്ണം	-	15.71 കി. മീ./ച: കി.മീ.
അതിരുകൾ	-	*വടക്ക്* : മൈനാഗപ്പള്ളി, തൊടിയൂർ പഞ്ചായത്തുകൾ *കിഴക്ക്* : പടിഞ്ഞാറേകല്ലട, മൺട്രോതുരുത്ത് പഞ്ചായത്തുകളും അഷ്ടമുടിക്കായലും *തെക്ക്* : തെക്കുംഭാഗം പഞ്ചായത്ത് *പടിഞ്ഞാറ്* : ചവറ, വൻമന പഞ്ചായത്തുകൾ
ജനസംഖ്യ	-	37717
പുരുഷന്മാർ	-	18581
സ്ത്രീകൾ	-	19136
അക്ഷരാഭ്യാസമുള്ളവർ	-	28680
ജനസാന്ദ്രത	-	2400
വാർഡുകൾ	-	14
പ്രസിഡന്റ്	-	എ. ഫാത്തിമാക്കുഞ്ഞ്
വൈസ് പ്രസിഡന്റ്	-	അബ്ദുൽ മുത്തലീഫ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	-	കെ. ജോർജ്ജ്

3

ചരിത്രപശ്ചാത്തലം

ഓണാട്ടുകരയുടെ തെക്കേ അറ്റത്ത് അഷ്ടമുടിക്കായലിനെ താലോലിച്ചുകിടക്കുന്ന വയലേലകളും തെങ്ങിൻതോപ്പുകളും നിറയെ സമതലഗ്രാമമാണ് തേവലക്കര. തേവലക്കര എന്ന പേരിന്റെ ഉല്പത്തിയെക്കുറിച്ച് പഴമയിൽ രണ്ടഭിപ്രായമാണുള്ളത്. ദേവലോകക്കര യാണ് തേവലക്കരയായതെന്നും "ദേവന്മാരുടെ ദേവലന്മാരുടെ സ്ഥലം" എന്ന അർത്ഥത്തിൽ നിന്നും ആണ് തേവലക്കരയുണ്ടായതെന്നും ഐതിഹ്യങ്ങൾ പറയുന്നു.

തേവലക്കര ദൈവീക്ഷേത്രത്തിനു ചുറ്റുമുള്ള സ്ഥലങ്ങൾ ബ്രാഹ്മണസങ്കേതങ്ങൾ ആയിരുന്നുവെന്നും ക്ഷേത്രസംസ്കാരം വികസിത രൂപത്തിൽ നിലനിന്നുരുന്നതിനാൽ 'ദേവലോകക്കര' എന്ന പേരിലറിയപ്പെട്ടിരുന്നുവെന്നും ക്ഷേത്രത്തിനു മുന്നിലെ വയലിനു കിഴക്കുള്ള 'അരിനല്ലൂർ' 'അസുരനല്ലൂർ' ലോപിച്ചുണ്ടായതാണെന്നും പഴമക്കാർ പറയുന്നു. ഈ നാട്ടുകാരനായ പാലോലിവാദ്ധ്യാരുടെ കവിത തുടങ്ങുന്നതുതന്നെ 'ദേവലോകക്കര' എന്ന നാമധേയത്തോടെയാണ്. ദേവലന്മാർ (ഉപജീവന ത്തിനായി ദേവതാർച്ചനം നടത്തുന്നവർ) താമസിക്കുന്ന പ്രദേശം എന്ന അർത്ഥത്തിൽ നിന്നും തേവലക്കര ഉണ്ടായി എന്ന് മറ്റൊരു ഐതിഹിയവും നിലനിൽക്കുന്നു. പരശുരാമ പരമ്പരയിൽപ്പെട്ട ഒരു തപസ്വിയാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠാ നടത്തി യതെന്നും പഴമക്കാർ വിശ്വസിക്കുന്നു.

പഴമയുടെ ഏടുകളിൽ നിന്നും പുരാതനകാലത്ത് സമ്പൽസമൃദ്ധമായ ഒരു ക്ഷേത്രസംസ്കാരവും നിലനിന്നിരുന്നു. 452 വർഷം മുമ്പ് കുപ്രസിദ്ധനായ പോർച്ചുഗ്ഗീസ്സ് ഗവർണ്ണറായ ഡിസൂസ സമ്പൽസമൃദ്ധമായ തേവലക്കര ക്ഷേത്രം കൊള്ളയടിച്ചു വെന്നും ക്ഷേത്രസംരക്ഷണതിതനായി നിയോഗിച്ചിരുന്ന 'ചങ്ങാത' ങ്ങൾ ഒന്നും തദവസരത്തിൽ ഇല്ലാതിരുന്നിട്ടും അപ്പോൾ സ്ഥലത്തുണ്ടായിരുന്ന ഒരു യോദ്ധാവ് തന്റെ അനുയായികളോടൊപ്പം പോർച്ചുഗ്ഗീസ് സൈന്യത്തോടേറ്റുമുട്ടി ആത്മാഹുതി ചെയ്തതായി ചരിത്രത്തിന്റെ ഏടുകളിൽ പറയുന്നു. പോർച്ചുഗ്ഗിസുകാർ ക്ഷേത്രം കൊള്ളയടിച്ചതിന്റെ പ്രായശ്ചിത്തമായി ്വർ പണികഴിപ്പിച്ചതാണ് ക്ഷേത്രത്തിലെ ബലിക്കല്ല്. അതിലെ ആലേഖനം അതിനു തെളിവാണ്.

തിരുവിതാംകൂർ രാജകുടുംബവുമായി തേവലക്കരയ്ക്ക് അഭേദ്യമായ ബന്ധമുണ്ടായിരുന്നു. അതിനുമുമ്പ് തേവലക്കര വേണാടുരാജാക്കന്മാരുടെ അധീനതയിലായിരുന്നു. അവരുടെ ഒരു സൈനികത്താവളം പുത്തൻസങ്കേതം പെരുമാട്ടു പാട ത്തിനു വടക്കുള്ള 'കുന്നേൽ' എന്ന സ്ഥലത്തായിരുന്നു. തിരുവിതാംകൂർ രാജാക്കന്മാരെ യുദ്ധത്തിൽ സഹായിക്കാൻ നാട്ടുപ്ര മാണിമാർ കളരി അഭ്യാസികളെ അയച്ചിരുന്നെവെന്നും നാട്ടു പ്രമാണിമാരുടെ കളരികളിൽ നിന്നും ആണ്ടിലൊരിക്കൽ ശ്രീപ ത്മനാഭ ക്ഷേത്രത്തിൽ ആയോധനവിദ്യ പ്രദർശിപ്പിച്ചുരുന്നവെന്നും പറയപ്പെടുന്നു. ഇതാണ് ഇന്നും പത്മനാഭസ്വാമി ക്ഷേത്ര ത്തിൽ നടക്കുന്ന ' വേലകളി'. വേലകളി നടത്തുന്ന കുടുംബങ്ങൾക്ക് കരമൊഴിവായി വസ്തുക്കൾ വിട്ടുകൊടുത്തിരുന്നു. 'വേലവിരുത്തി' എന്ന പേരിലറിയപ്പെടുന്ന ഇത്തരം വസ്തുക്കൾ ലഭിച്ച പല കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

തേവലക്കരയുടെ സിരാകേന്ദ്രത്തിൽ ക്ഷേത്രത്തിന് അടുത്തായി മതസൗഹാർദ്ദത്തിന്റെ പാവനപ്രതീകങ്ങളായി അടുത്ത ടുത്ത് നിലകൊള്ളുന്ന ക്രൈസ്തവൻ പള്ളിയും മുസ്ലീം പള്ളിയും ചരിത്ര പ്രാധാന്യമുള്ളവയാണ്. ക്രിസ്തുവിന്റെ ശിഷ്യനായ തോമാശ്ലീഹ കേരളത്തിൽ സ്ഥാപിച്ച 'ഏഴരപ്പള്ളികൾ' കഴിഞ്ഞാൽ ഏറ്റവും പുരാതനത്വമുള്ള പള്ളികളിലൊന്നാണ് തേവല ക്കര ഓർത്തഡോക്സ് പള്ളി. ഏ. ഡി. നാലാം ശതകത്തിൽ കൊല്ലത്തുനിന്നും കുടിയേറിപ്പാർത്ത ക്രൈസ്തവാനികളായ വ്യാപാ രികൾ സ്ഥാപിച്ച ഈ പള്ളി പരിശുദ്ധ 'മാർ - ആബോ' യുടെ അന്ത്യവിശ്രമസ്ഥലം എന്ന നിലയിൽ ഒരു തീർത്ഥാടനകേന്ദ്രമാ ണ്. ഇപ്പോൾ കാണുന്ന ദേവാലയം നാലുപ്രാവശ്യം പുതുക്കിപ്പണിതതാണ്.

ക്രൈസ്തവൻ പള്ളിക്കു തൊട്ടുതെക്കുമാറി സ്ഥിതിചെയ്യുന്ന മുസ്ലീം പള്ളി എകദേശം 700 വർഷം മുമ്പ് ആദരണീയനായ ചാലിയത്ത് മരയക്കന്മാൽ സ്ഥാപിതമായതാണ്. കോഴിക്കോട് സാമൂതിരിയുടെ സൈനികോദ്യോഗസ്ഥന്മാരിൽ പ്രമുഖനായി രുന്ന മരയ്ക്കാർ സാഹിബിന് സാമൂതിരിയുമായുള്ള ഏതോ കലഹം കാരണം ഉദ്യോഗം നഷ്ടപ്പെടുകയും ഉദ്യോഗം തിരിച്ചു കിട്ടിയാൽ പതിനൊന്ന് സ്ഥലത്ത് പള്ളി പണിയാമെന്ന് നേർച്ച നേരുകയും ചെയ്തു. നേർച്ച നിർവ്വഹിക്കാൻ തെക്കോട്ടു യാത്ര തിരിച്ച അദ്ദേഹം തേവലക്കരയിലെത്തുകയും സ്നേഹസമ്പന്നരായ സഹോദരസമുദായങ്ങളുടെയും കൂടി സഹായ ത്താൽ സ്ഥാപിച്ചതാണ് തേവലക്കര ചാലിയത്ത് ജുമാ അത്ത് പള്ളി.

ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ രാജ്യം സ്മരിക്കുന്ന ധീരദേശാഭിമാനി ബാരിസ്റ്റർ ഏ. കെ. പിള്ള തേവലക്കര പഞ്ചായത്തിൽ പാലയ്ക്കൽ കണ്ടോലിൽ കുടുംബത്തിലാണ് ജനിച്ചത്. ബാരിസ്റ്റർ പരീക്ഷയ്ക്ക് ഇംഗ്ലണ്ടിൽ പഠിക്കുന്ന കാലത്ത് ഗാന്ധിജി ഉണർത്തിവിട്ട ദേശീയ പ്രബുദ്ധതയിലും ബഹുജനസമരങ്ങളിലും ആകൃഷ്ടനായി പഠിത്തം പൂർത്തിയാക്കാതെ

ഇന്ത്യയിലേക്ക് മടങ്ങി സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങിയെങ്കിലും ഗാന്ധിജിയുടെ നിർബന്ധപ്രകാരം അദ്ദേഹം വീണ്ടും ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷ പാസ്സാകുകയും മദ്രാസിൽ പ്രാക്ടീസ് തുടങ്ങുകയും ചെയ്തു. ശ്രീ മൂലം തിരുന്നാളിന്റെ കാലത്ത് (1919) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം കേരളത്തിൽ ആരേഭിച്ചപ്പോൾ ബാരിസ്റ്റർ ഏ. കെ. പിള്ള അതിന്റെ മുൻനിരക്കാരനായിരുന്നു. അദ്ദേഹത്തിന്റെ 'കോൺഗ്രസ്സും കേരളവും' എന്ന കൃതി ശ്രദ്ധേയമായ ഒരു ചരിത്രപുസ്തമാണ്. കോൺഗ്രസ്സിന്റെ മുഖപ്പത്രമെന്ന നിലയിൽ അദ്ദേഹം കൊല്ലത്തുനിന്ന് 'സ്വരാട്' എന്നൊരു പത്രവും അക്കാലത്ത് നടത്തിയിരുന്നു.

അവർണ്ണർക്ക് ആരാധനാ സ്വാതന്ത്ര്യവും സഞ്ചാരസ്വാതന്ത്ര്യവും നിഷേധിച്ച് പൊതുരംഗത്തു നിന്ന് അകറ്റി നിർത്തിയിരുന്ന കാലഘട്ടത്തിൽ സവർണ്ണമേധാവിത്വത്തിന്റെ എതിർപ്പുകൾ അവഗണിച്ച് ശ്രീ കുമ്പളത്ത് ശങ്കുപിള്ളയുടെ അനുഗ്രാഹാശ്ശിസുകളോടോ സ്വന്തം വീട്ടിൽ മിശ്രഭോജനം നടത്തി സാമൂഹ്യവിപ്ലവത്തിന് തിരികൊളുത്തിയത് ബാരിസ്റ്റർ ഏ. കെ. പിള്ളയായിരുന്നു. ഈ സംഭവം ഉയർത്തിയ അഗ്നിജ്വാല അവർണ്ണരുടെ ആശയും ആവേശവും കത്തിപ്പടരാൻ വഴിയൊരുക്കുകയും പിൽക്കാല പ്രവർത്തനങ്ങൾക്ക് അത് മാർഗ്ഗദർശനമായിത്തീരുകയും ചെയ്തു.

കേരളത്തിലെ സാമൂഹ്യ നവോത്ഥാനത്തിന് വഴിതെളിച്ച ആചാര്യൻ ആഗമാനന്ദസ്വാമികളുടെ ജന്മസ്ഥലം ചോലയിൽ പാടത്തിന്റെ പടിഞ്ഞാറേ കരയിലുള്ള പുതുമന ഇല്ലമാണ്. ജന്മം കൊണ്ട് പന്മനക്കാരനെങ്കിലും അദ്ദേഹത്തിന്റെ സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങൾ തേവലക്കരയുടെ സാമൂഹ്യപരിവർത്തന പ്രക്രിയയിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാന നായകരിലും സമുദായ പരിഷ്കർത്താക്കളിലും മുൻനിരക്കാരനായ ശ്രീ നാരായണഗുരുസ്വാമികൾ ഈ ഗ്രാമം സന്ദർശിക്കുകയും സ്വന്തം ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തിട്ടുള്ളതായി പറയപ്പെടുന്നു. അധഃസ്ഥിത വർഗ്ഗത്തിന്റെ നേതാവായ ശ്രീ അയ്യൻകാളി അയിത്തം കൊടുമ്പിരികൊണ്ടിരുന്ന കാലത്ത് പടിഞ്ഞാറ്റക്കര കളീലിൽ വീട്ടിൽ ആതിഥ്യം സ്വീകരിച്ച് അവിടെ പാർത്തിരുന്നു എന്ന് പറയപ്പെടുന്നു.

സ്വാത്ന്ത്ര്യസമരപ്രസ്ഥാനത്തിന് ബാരിസ്റ്റർ ഏ. കെ. പിള്ള യുടെ ആദ്യകാല നേതൃത്വത്തെ തുടർന്ന് തിരുവിതാംകൂറിൽ രൂപീകൃതമായ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളി ത്താലൂക്കിൽ നടന്ന നിരവി പ്രക്ഷോഭങ്ങൾക്കും സമരങ്ങൾക്കും തേവലക്കരയും പങ്കാളിയായി. സ്റ്റേറ്റു കോൺഗ്രസ്സിന്റെ അനിഷേധ്യനേതാവായ ശ്രീ കുമ്പളത്തുശങ്കുപിള്ളയുടെ നേതൃത്വത്തിൽ കീഴിൽ പാവുമ്പയിലും അരിനല്ലൂരും അയ്യൻകോയിക്കലും പ്രചാരണയോഗങ്ങളും നിയമലംഘനങ്ങളും നടന്നു. അയ്യൻകോയിക്കൽ ക്ഷേത്രപരിസരത്തു വച്ചു നടന്ന നിയമലംഘനസമരത്തിൽ ശ്രീ. വി. വാസുപിള്ള "മഹോപാദ്യായ." നിയമം ലംഘിച്ച് അറസ്റ്റ് വരിച്ചു. ഇങ്ങനെ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി തേവലക്കരയുടെ മണ്ണിൽ നടന്ന ഐതിഹാസികമായ സമരധാരയിൽ പങ്കാളികളായി അനിഷേധ്യമായ പങ്കു നിർവ്വഹിച്ച മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായി ചിരസ്മരണീയരായ നിരവധി ദേശാഭിമാനികളെ സംഭാവനചെയ്യാൻ കഴിഞ്ഞ മണ്ണാണ് തേവലക്കരയുടേതെന്നത് നമുക്ക് അഭിമാനം പകരുന്നു.

നാല്പതുകളുടെ മധ്യത്തോടുകൂടി തേവലക്കരയിൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനം ആരംഭിച്ചു. പരമ്പരാഗത വ്യവസായമായ കയർമേഖലയിലും കർഷകത്തൊഴിലാളി മേഖലയിലും അസംഘടിതരായ തൊഴിലാളി വിഭാഗങ്ങളെ സംഘടിപ്പിച്ചുകൊണ്ടാണ് കമ്മ്യൂണിറ്റു പാർട്ടിയുടെ പ്രവർത്തനങ്ങൾ നടന്നിരുന്നത്. ഭൂസ്വത്തുകളിൽ ഏറിയ പങ്കും ജന്മികുടുംബങ്ങളുടെ കൈവശത്തിലായിരുന്ന ആ കാലഘട്ടത്തിൽ ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെയുള്ള സമരങ്ങൾക്കായി അടിസ്ഥാനവർഗ്ഗങ്ങളെ അണിനിരത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാക്കന്മാരായ സർവ്വശ്രീ. ശങ്കരനാരായണൻ തമ്പി, എം. എൻ. ഗോവിന്ദൻ നായർ, തോപ്പിൽ ഭാസി, എൻ. ശ്രീധരൻ തുടങ്ങിയവർ ഈ ഗ്രാമത്തിൽ ഒളിവിൽ പാർത്തിരുന്നു. ഭൂപരിഷ്ക്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തുകളുടെ ഉടമകളാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹ്യ ജീവിതത്തിൽ അവർണ്ണനീയമായ വ്യതിയാനമാണ് വരുത്തിയത്.

1940 ൽ തിരുവിതാംകൂറിൽ 'ഗ്രാമയൂണിയൻ' നിയമം നടപ്പാക്കി. ഏറെക്കുറെ ഗ്രാമപഞ്ചായത്തുകളുടേതിന് സമാനമായ പ്രവർത്തനങ്ങൾ തന്നെയാണ് ഗ്രായൂണിയനുകൾക്ക് നൽകിയിരുന്നതെങ്കിലും അവയ്ക്ക് ഗ്രാമപഞ്ചായത്തുകളോളം അധികാരം ഉണ്ടായിരുന്നില്ല. ഏതാണ്ട് സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പുതന്നെ 'തേവലക്കര വില്ലേജു യൂണിയൻ' എന്ന ഗ്രാമഭരണസംവിധാനം ഇവിടെ നിലവിലിരുന്നു. പൊതുവിതരണം, റോഡുകളുടെ നിർമ്മാണം, പ്രദേശത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, തർക്കങ്ങൾ ഒത്തുതീർപ്പാക്കൽ എന്നീ ചുമതലകളുണ്ടായിരുന്ന ഗ്രാമയൂണിയന്റെ കണ്ഡവീനർ യശ്ശശ്ശരീരനായ ശ്രീ. കെ. സി. വർഗ്ഗീസാണ്.

തേവലക്കരയിൽ ആദ്യത്തെ പഞ്ചായത്ത് സമിതി നിലവിൽ വന്നത് 1955 ആഗസ്റ്റിലാണ്. ശ്രീ. വി. വാസുപിള്ള പ്രസിഡന്റും ശ്രീ. എ. അബൂബേക്കർകുഞ്ഞ് വൈസ് പ്രസിഡന്റും ആയി രൂപീകരിച്ച ആദ്യ സമിതിയിൽ സർവ്വശ്രീ കെ. വേലുപ്പിള്ള, എഫ്. തോമസ്സ്. കെ. കണ്ണൻ, എം. അബ്ദുൽ റഹുമാൻ കുഞ്ഞ്, എൻ രാമകൃഷ്ണപിള്ള, എൻ. കേശവപിള്ള, ആർ ചന്ദ്രശേഖരപിള്ള, എസ്. ദാമോദരൻപിള്ള എന്നിവർ അംഗങ്ങളായിരുന്നു.

അടുത്ത പഞ്ചായത്തു സമിതി 1964 ജനുവരിയിൽ പ്രസിഡന്റ് ശ്രീ കെ. വേലുപിള്ളയുടെ നേതൃത്വത്തിൽ രൂപീകൃതമായി. ശ്രീ. പി. ഒ അലക്സാണ്ടർ വൈദ്യൻ വൈസ് പ്രസിഡന്റും സർവ്വശ്രീ കെ. അയ്യപ്പൻപിള്ള, എം. കെ. മാത്യു, കെ, സി. പിള്ള യെ സേവ്യർ ആറാടൻ, എഫ്. ജോസഫ്, പി. എച്ച് മുഹമ്മദുകുഞ്ഞ് വി, രാഘവൻ, അബ്ദുൽ റഹുമാൻ കുഞ്ഞ്, കെ. കണ്ണൻ, എൽ. സരസ്വതിഅമ്മ (നോമിനേറ്റഡ്) എന്നിവർ അംഗങ്ങളും ആയിരുന്നു. 1979 വരെ ഈ സമിതി നിലനിന്നു.

പഞ്ചായത്തിന്റെ മൂന്നാമത് ഭരണസമിതി 1979 സെപ്തംബറിൽ നിലവിൽ വന്നു. ശ്രീമതി വിജയലക്ഷ്മി അമ്മ പ്രസിഡന്റായി അധികാരമേറ്റ സമിതിയിൽ ശ്രീ പി. പോൾ വൈസ് പ്രസിഡന്റും സർവ്വശ്രീ ഉമ്മൻ തരകൻ, എസ്. മൈതീൻകുഞ്ഞ്, കെ. മുഹമ്മദുകുഞ്ഞ് ഇസ്മയിൽ കുഞ്ഞ്, പങ്കജാക്ഷൻ, എൻ. ദിവാകരൻ, അബ്ദുൽ റഹ്മാൻ കുഞ്ഞ്, എൽ ജെ. അലക്സാണ്ടർ, പി. ഒ അലക്സാണ്ടർ വൈദ്യൻ എന്നിവർ അംഗങ്ങളും ആയിരുന്നു.

പിന്നിട് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ കോയിവിള വിജയൻ പ്രസിഡന്റായുള്ള കമ്മിറ്റി അധികാരത്തിൽ വന്നു. ശ്രീ. എസ് മൈതീൻകുഞ്ഞ് വൈസ് പ്രസിഡന്റും സർവ്വശ്രീ കെ. ജോർജ്ജ്, എസ് ചന്ദ്രശേഖരൻ നായർ, ആർ രവീന്ദ്രൻപിള്ള, എം. സുലൈമാൻ കുഞ്ഞ്, വി. തങ്കപ്പൻപിള്ള. കെ. ശാന്ത, പി, ഫിലിപ്പ്, എസ് ജോർജ്, യു. പാത്തുമ്മാകുഞ്ഞ്, എൻ. കുട്ടൻ, കെ. എസ് ബാബു എന്നിവർ അംഗങ്ങളും ആയിരുന്നു. എന്നാൽ പ്രസിഡന്റ് ശ്രീ കോയിവിള വിജയന്ഡ വാഹനാപകടത്തിൽ 1990 ജൂൺ 28 ന് അന്തരിച്ചതിനെ തുടർന്ന് ശ്രീ. കെ. എസ് ബാബു പ്രസിഡന്റായി സ്ഥാനമേറ്റു.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്തു ഭരണസമിതി 1995 ഒക്ടോബർ 2 ന് ശ്രീമതി എ. ഫാത്തിമാക്കുഞ്ഞിന്റെ നേതൃത്വത്തിൽ അധികാരമേറ്റു. ശ്രീ. അബ്ദുൾ മുത്തലിഫ് വേസ് പ്രസിഡന്റും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായി ശ്രീ, കെ. ജോർജ്ജും സർവ്വശ്രീ. സുശീലാകുമാരിപ്പിള്ള, ജി. ചന്ദ്രൻ, നർഗ്ഗീസ്, കരമേൽ ഭാസ്കരപിള്ള, ബിജി പീറ്റർ, എസ്. ജോർജ്ജ്, ലീനാ ചാക്കോ, കെ. എസ് ബാബു, തേവലക്കര ഭാസി, എസ് മൈതീൻകുഞ്ഞ്, ഡോക്ടർ ചന്ദ്രശേഖരകുമാർ എന്നിവർ അംഗങ്ങളും ആണ്.

ഇപ്പോഴുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടം 1992 ജൂൺ 25 ന് അന്നത്തെ തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ശ്രീ സി. ടി. അഹമ്മദാലി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ രണ്ട് പബ്ളിക്ക് മാർക്കറ്റുകളും ഒരു ഗ്രന്ഥശാലയും ഒരു ആയുർവ്വേദ സിദ്ധവൈദ്യ ഡിസ്പെൻസറിയും ഉണ്ട്. പി. എച്ച് സെന്ററിനും മൃഗാശുപത്രിയ്ക്കും സ്വന്തം സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു നൽകിയിട്ടുണ്ട. ആയുർവ്വേദ ഡിസ്പെൻസറി ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.

കഴിഞ്ഞ നാല്പത്തിമൂന്നു വർഷമായി വികസനരംഗത്ത് കാതലായ മാറ്റങ്ങൾ ഈ ഗ്രാമത്തിന് ഉണ്ടായിരിക്കുന്നു. എങ്കിലും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് എല്ലാ രംഗത്തും വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമാകാതെവരുന്നു എന്നത് ശ്രദ്ധേയമാണ്. പഞ്ചായത്തിൽ 22.81 കിലോമീറ്റർ ടാർറോഡും 6.881 കി. മീ. മെറ്റൽ റോഡും 69.16 കി. മീ. ഗ്രാവൽ റോഡും 15.87 കി. മീ. മൺ റോഡും ഉണ്ട്. എങ്കിലും റോഡുകളിൽ മിക്കവയും ഗതാഗതയോഗ്യമല്ല എന്നത് ആ രംഗത്തെ മുഖ്യശോച്യാവസ്ഥയായി അവശേഷിക്കുന്നു.

1945 ഓടെ പ്രവർത്തനം ആരംഭിച്ച നേതാജി ഗ്രന്ഥശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സാംസ്കാരിക നിലയം. 'ജവഹർ ലൈബ്രറി' – അരിനല്ലൂർ 1955 ലും 'യുവജനസമാജം ഗ്രന്ഥശാല' 1957 ലും 'ഉദയാ ലൈബ്രറി' 1978 ലും 'ഇന്ദിരാ പ്രയദർശിനി സാസ്കാരിക വേദി' ഗ്രന്ഥശാല 1989 ലും സ്ഥാപിക്കപ്പെട്ടു. കൂടാതെ 'തനിമ ഫൈൻ ആർട്സ് സൊസൈറ്റി' യും രണ്ടു ഡസനിലധികം കലാസാംസ്കാരിക സമിതികളും ഈ നാടിന്റെ സാംസ്കാരിക രംഗത്തും വികസനരംഗത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഏകദേശം 150 വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച 'അയ്യൻ കോയിക്കൽ ഗവൺമെന്റ് എൽ പി എസ്' ആണ് ഈ ഗ്രാമത്തിലെ ആദ്യത്തെ സ്കൂൾ. ഇന്ന് രണ്ട് സബ് പോസ്റ്റാഫീസുകളും, രണ്ട് ഹൈസ്കൂളുകളും രണ്ട് യു. പി. സ്കൂളുകളും എട്ട് എൽ. പി സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

തേവലക്കര ഗ്രാമത്തിൽ ആദ്യമായി ഒരു പോസ്റ്റ് ഓഫീസ് സ്ഥാപിതമാകുന്നത് 1952 ജനുവരിയിലാണ്. ഇപ്പോൾ ഒരു മെയിൻ പോസ്റ്റ് ഓഫീസും രണ്ട് ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളും തേവലക്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

തേവലക്കരയിൽ ആദ്യത്തെ ടെലിഫോൺ എക്സേഞ്ച് സ്ഥാപിക്കുന്നത് 1971 ലാണ്. ഇപ്പോൾ ഇലക്ട്രോണിക്ക് സംവിധാനമുള്ള തേവലക്കര എക്സേഞ്ചിൽ ആയിരത്തോളം ടെലിഫോൺ കണക്ഷനാണുള്ളത്. വാർത്താവിനിമയ രംഗത്ത് ഒട്ടേറെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

കൊല്ലം ജില്ല

പഞ്ചായത്തുകൾ


0
5 കി.മീ.
പത്തനാപുരം
പിറവന്തൂർ
ആര്യങ്കാവ്
പട്ടായി വടക്കേക്കര
പട്ടായി തെക്കേക്കര
തലവൂർ
പുനലൂർ
ഏരൂർ
വിളക്കുടി
കുളക്കട
പവിത്രേശ്വരം
മൈലം
മേലില
വെട്ടിക്കവല
കരവാളൂർ
നെടുവത്തൂർ
കൊട്ടാരക്കര
എഴുകോൺ
കിഴക്കേ കല്ലട
പടിഞ്ഞാറേ കല്ലട
കുണ്ടറ
പെരിനാട്
കൊറ്റംകര
നെടുമ്പന
പൂയപ്പള്ളി
കരിപ്ര
വെളിയം
ഉമ്മന്നൂർ
ഇടമുളയ്ക്കൽ
ഇത്തിക്കര
ചിറ്റുമല
തൃക്കോവിൽവട്ടം
ആദിച്ചനല്ലൂർ
വടക്കേവിള
ചാത്തന്നൂർ
കല്ലുവാതുക്കൽ
പരവൂർ
പൂതക്കുളം
തൃക്കരുവ
കിളികൊല്ലൂർ
ശക്തികുളങ്ങര
നീണ്ടകര
ചവറ
തെക്കുംഭാഗം
പന്മന
മേലില്ലത്തേരി
തേവലക്കര
കുലശേഖരപുരം
ശൂരനാട് വടക്ക്
ശൂരനാട് തെക്ക്
പോരുവഴി
ഓച്ചിറ
ക്ലാപ്പന
തഴവ
മൈനാഗപ്പള്ളി
ഗാസ്സ്മാകോട്
പടിഞ്ഞാറേ കല്ലട
കിഴക്കേ കല്ലട
തേവലക്കര
പന്മന
ചവറ
തെക്കുംഭാഗം
നീണ്ടകര
ശക്തികുളങ്ങര
കൊല്ലം
നീണ്ടകര
പരവൂർ
പൂതക്കുളം

4

ഭൂപ്രകൃതിയും വിഭവങ്ങളും

ഒരു പ്രദേശത്തിന്റെ വികസനം എന്നത് കൊണ്ടുദ്ദേശിക്കുന്നത് ആ സ്ഥലത്തിന്റെ സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുത ഗതിയിലുള്ള സാമ്പത്തിക വളർച്ച ആണ്. ഈ വികസനം സാധ്യമാകുക വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുമ്പോഴാണ്. പ്രാദേശികമായുള്ള ആസൂത്രണത്തിലൂടെ മാത്രമേ വികസന പദ്ധതികൾ ഫലപ്രദമായി നപ്പിലാക്കാൻ കഴിയുകയുള്ളു. ഇതിനു വേണ്ടി അതത് പ്രദേശത്തിന്റെ പരിസ്ഥിതിപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് അവിടുത്തെ വിഭവങ്ങൾക്കനുസൃതമായ പദ്ധതികൾക്ക് രൂപം നൽകുകയും, അവ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയുമാണ് വേണ്ടത്.

വികേന്ദ്രീകരണ ആസൂത്രണം ഊർജ്ജിതമായി നപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്തുകളെ വികസന യൂണിറ്റുകളാക്കിക്കൊണ്ടുള്ള സമീപനമാണ് ഏറ്റവും പ്രായോഗികം. ഇത്തരത്തിലുള്ള ആസൂത്രണത്തിന് വേണ്ടുന്ന അടിസ്ഥാനവിവരങ്ങൾ വളരെ ശാസ്ത്രീയവും, സൂക്ഷ്മവുമായിരിക്കണം. ഈ ലക്ഷ്യത്തോടെ ആണ് കേരള സർക്കാർ പഞ്ചായത്ത്തല വിഭവഭൂപടനിർമ്മാണം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

വിവവഭൂപടങ്ങൾ പ്രകൃതിവിഭവങ്ങളുടെ സ്ഥിതി വിവരങ്ങൾ വളരെ വിശദവും സൂക്ഷ്മമായും ചിത്രീകരിച്ചിരികക്കുന്നു. ഈ കാരണത്താൽ തന്നെ പഞ്ചായത്ത് തലത്തിൽ വിഭവങ്ങളുടെ സൂക്ഷ്മതല വിവരണം ചിത്രീകരിക്കുന്ന ഭൂപചടങ്ങൾ ആസൂത്രണ പ്രക്രിയയിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. കെഡസ്ട്രൽ സ്കെയിലിൽ തയ്യാറാക്റുന്ന ഈ ഭൂപടത്തിൽ പഞ്ചായത്തിലെ ആസ്ഥികളും നിലവിലുള്ള ദുർലവിനിയോഗ രീതിയും രേഖപ്പെചുത്തുന്നു. ഈ ഭൂപടങ്ങളിലൂടെ ഓരോ പഞ്ചായത്തിന്റേയും സ്പഷ്ടലവും പൂർണ്ണവുമായ സമഗ്ര അവലോകനം സാധ്യമാകുന്നു. നിലവിലുള്ള സ്ഥിതിവിശേഷം പഞ്ചായത്ത് അധികൃതർക്കും, ജനപ്രതിനിധികൾക്കും മനസ്സിലാകുന്നു. യുക്തമായ ജലോപഭോഗവും ഭൂവിനിയോഗപരിവർത്തനവും കൊണ്ട് ഭൂമിയുടെ പരിപാലന - ഉല്പാദന ക്ഷമത ലക്ഷ്യമാക്കിയുള്ള വികസനോന്മുഖ പദ്ധതികൾ തയ്യാറാക്കുന്നതിന് സാധിക്കുന്നു.

കേരളത്തിലെ കശുവണ്ടിമേഖലയായ കൊല്ലം ജില്ലയിലെ ഒരു തീരദേശപഞ്ചായത്താണ് തേവലക്കര. ഈപഞ്ചാ.യത്ത് കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ ചവറ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്നു. ഇതിനെ 14 വാർഡുകളായി തിരിച്ചിരിക്കുന്നു. (ചിത്രം 1)

കൊല്ലം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് അക്ഷാംശം 8^0 59' N നും 9^0 2' N നും രേഖാംശം 76^0 34' E ക്കും 76^0 36' E മദ്ധ്യേ സ്ഥിതിചെയ്യുന്നു. (ചിത്രം 2)

തേവലക്കര പഞ്ചായത്ത് 15.71 ച:കി: മീറ്ററിൽ വ്യാപിച്ചു കിടക്കുന്നു. ഇതിന്റെ അതിരുകൾ പങ്കിടുന്നത് വടക്ക് മൈനാഗപ്പള്ളി പഞ്ചായത്തും വടക്കുകിഴക്ക് വെസ്റ്റ് കല്ലടയും തെക്കുകിഴക്ക് മൺട്രോ തുരുത്ത് പഞ്ചായത്തും തെക്ക് തെക്കുംഭാഗവും തെക്കുപടിഞ്ഞാറ് ചവറ പഞ്ചായത്തും പടിഞ്ഞാറ് പൻമനയും വടക്ക് പടിഞ്ഞാറ് തൊടിയൂർ പഞ്ചായത്തുമാണ്. (ചിത്രം 3)


ഭൂപ്രകൃതി

ഒരു പഞ്ചായത്തിന്റെ വികസനത്ത സ്വാധീനിക്കുന്ന സുപ്രധാന ഘടകങ്ങളിൽ ഒന്നാണ് ഭൂപ്രകൃതി. ചരവ് പടിഞ്ഞാറോട്ടാണ്. കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞ ഭൂപ്രദേശമാണ്. തീരപ്രദേശത്ത് വരുന്ന തേവലക്കര പഞ്ചായത്ത് എട്ടു മീറ്ററിൽ താളെ മാത്രം ഉയരമുള്ള ഭൂവിഭാഗത്തിലാണ് എന്നാൽ ഇരുപത് മീറ്ററിന്റെ സമോച്ച രേഖ ഈ പ്രദേശത്തിന്റെ കിഴക്ക് ഭാഗത്ത് കൂടി കടന്നു പോകുന്നു. വടക്കു കിഴക്ക് ഭാഗമാണ് ഏറ്റവും ഉയരം കൂടിയ പ്രദേശം. അതിനോട് ചേർന്ന ഒരു ചെറിയ ചരുവിന് താഴെയായി അഷ്ടമുടികായൽ കാണുന്നു. പടിഞ്ഞാറ് ഭാഗം നിമ്നോന്നത പ്രദേശമായി കാണപ്പെടുന്നു.

ഭൂപ്രകൃതി അനുസരിച്ച് സമതലങ്ങളായും, താഴ്വരകളായും വിഭജിക്കാം. വടക്ക് ഭാഗം താഴ്വര പ്രദേശമാണ്. ഇതാണ് വടക്ക് ഭാഗത്ത് കാണപ്പെടുന്ന വെൽപ്പാടങ്ങൾ. ഈ താഴ് വരയുടെ പടിഞ്ഞാറുഭാഗം സമതലപ്രദേശമാണ്. പടിഞ്ഞാറു ഭാഗത്തെ താഴ്വര പ്രദേശങ്ങൾക്കിടയ്ക്ക് ഉയർന്ന പ്രദേശങ്ങളും ഇടകലർന്ന് കാണപ്പെടുന്നു. തെക്കുഭാഗത്തേക്ക് ചരിവുണ്ട്. ഈ പ്രദേശം താഴ്ന്ന താഴ്വരയിൽ പെടുന്നു. തെക്ക്, തെക്ക് - കിഴക്ക് അതിർത്തി പ്രദേശങ്ങൾ അഷ്ടമുടിക്കായലാണ്. കേരളത്തിലെ കായലുകളുടെ വിസ്തൃതി നോക്കുമ്പോൾ അഷ്ടമുടിക്ക് രണ്ടാം സ്ഥാനമാണുള്ളത്. 55 ച:കി:മീറ്റർ ആണ് ഇതിന്റെ വിസ്തീർണ്ണം. തേവലക്കരെ പഞ്ചായത്ത് ഓണാട്ടുകര കാർഷികമേഖലയിൽ പെടുന്നു മണൽ നിറഞ്ഞ പരിമരാശിമണ്ണാണ് ഈ മേഖലയുടെ പ്രത്യേകത. സമതലങ്ങളിൽ പരിമരാശിമണ്ണും, കിഴക്കൻ പ്രദേശങ്ങളിൽ (പടപ്പനാലിന്റെ കിഴക്കും വടക്കും പ്രദേശങ്ങളിൽ


തേവലക്കര പഞ്ചായത്ത്

അഡ്മിനിസ്ട്രേറ്റീവ് ഭൂപടം



തേവലക്കര പഞ്ചായത്ത്

ഭൂപ്രകൃതി



ചിത്രം (4) PROCESS

ചരൽനിറഞ്ഞ ചുവന്ന നിറത്തിലുള്ള പരിമരാശിമണ്ണും ഉണ്ട്. നെൽപാടങ്ങളിൽ തീരദേശ എക്കൽമണ്ണ് കാണപ്പെടുന്നു. വെള്ള ക്കെട്ടു പ്രദേശങ്ങളും കൃഷിക്കുപയുക്തമായ തരിശുഭൂമിയും ഈ പഞ്ചായത്തിലെ ഭൂവിഭാഗങ്ങളിൽപ്പെടുന്നു. (ചിത്രം 4)

(അവലംബം വിഭവഭൂപടങ്ങൾ, ടോപ്പോഷീറ്റ് - PRM CESS)

കാലാവസ്ഥ

ഉഷ്ണമേഖലയിൽ പെടുന്ന പ്രദേശമാണിത് എന്നാൽ സമുദ്രസാമീപ്യം കൊണ്ട് മിതോഷ്ണകാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ഭൂപ്രകൃതിയെ സ്വാധീനിക്കുന്നു. അതുപോലെ സമുദ്രം, ജലാശയങ്ങൾ എന്നിവയും താപനില ക്രമീകരിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

കൊല്ലം ജില്ലയിൽ അനുഭവപ്പെടുന്ന അതേ കാലാവസ്ഥാമാറ്റങ്ങളാണ് ഇവിടെ അനുഭവപ്പെടുന്നത്. ഏറ്റവും ചൂട് കൂടിയ സമയം മാർച്ച് മുതൽ മേയ് വരെ ആണ്. ഈ വേനൽക്കാലത്ത് താപനില 38^0 C മുതൽ 39^0 C വരെ ഉയരുന്നു. ഇതേ തുടർന്ന് ജൂൺ മാസം മുതൽ താപനില താഴ്ന്നു തുടങ്ങുന്നു. ഈ സമയത്ത് തെക്ക് പടിഞ്ഞാറൻ കാലവർക്കാറ്റ് അടച്ചുതുടങ്ങുന്നതാണ് കാരണം. തന്മൂലം ഇടവപ്പാതി മഴ ലഭിക്കുന്നു. ഈ മഴക്കാലം സെപ്റ്റംബർ വരെ നീങ്ങുനില്ക്കുന്നു. വീണ്ടും ഒക്ടോബർ നവംബർ മാസങ്ങളിൽ താപനിലയിൽ നേരിയ ഉയർച്ച അനുഭവപ്പെടുന്നു. ഒക്ടോബർ ഡിസംബർ മാസങ്ങളിൽ വടക്കു കിഴക്കൻ കാലവർഷക്കാറ്റിന്റെ ഫലമായി തുലാവർഷം ലഭിക്കുന്നു. ഇതിനെത്തുടർന്ന് ഡിസംബർ ജനുവരി മാസങ്ങളിൽ താപനിലയിൽ താഴ്ച ഉണ്ടാകുന്നു. ഡിസംബർ മദ്ധ്യം മുതൽ ഫെബ്രുവരി മദ്ധ്യം വരെ മഞ്ഞുകാലമാണ്. ഈ സമയത്ത് ചില അവസരങ്ങഴിത് താപനില 27^0Cലും താഴുന്നു.

തീരപ്രദേശങ്ങളിൽ ദിനാന്തരീക്ഷ സ്ഥിതിയും കാലാവസ്ഥയും തമ്മിൽ വലിയ വ്യത്യാസം അനുഭവപ്പെടാറില്ല. പഞ്ചായത്തിലെ ദിനാന്തരീക്ഷസ്ഥിതി പരിശോധിച്ചാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഒരേ താപനിലയും മഴയുമാണെന്ന് കാണാം. ഊഷ്മാവിൽ 5^0ഇ മുതൽ 7^0ഇ വരെയുള്ള വ്യത്യാസം മാത്രമേ ഉണ്ടാകാറുള്ളൂ.

പഞ്ചായത്തിൽ അനുഭവപ്പെടുന്ന കാലാവസ്ഥാ മാറ്റങ്ങൾ

മാർച്ച്-മേയ്	വേനൽക്കാലം
ജൂൺ-സെപ്റ്റംബർ	ഇടവപ്പാതി
ഒക്ടോബർ-നവംബർ	തുലാവർഷം
ഡിസംബർ-ഫെബ്രുവരി	മഞ്ഞുകാലം
ജനുവരി-മേയ്	ഇടമഴ

കൊല്ലം ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ 200 മുതൽ 300 സെന്റീമീറ്റർ വരെയാണ്. ലഭ്യമാകുന്ന മഴയുടെ അടിസ്ഥാനത്തിൽ മഴക്കാലത്തെ മൂന്നായി തിരിച്ചിരിക്കുന്നു.

ഇടവപ്പാതി സമയത്തും തുലാവർഷക്കാലത്തും ലഭിച്ച മഴയുടെ തോത് 1988-'93വരെയുള്ള കണക്കുകൾ പട്ടിക-1-ൽ ചിത്രം (5) പരിശോധിച്ചാൽ മനസ്സിലാകും. '91'93-ലും ജില്ലയിൽ ഓരോമാസം ലഭിച്ച മഴയുടെ തോതും കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽ നിന്നും ലഭിച്ച മഴയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. ഈ കണക്കിൽ നിന്നും ഈ രണ്ടുവർഷങ്ങളിലും ഏത് മഴയാണ് (തുലാവർഷമോ-ഇടവപ്പാതിയോ) കൂടുതൽ ലഭിച്ചത് എന്നറിയാൻ കഴിയും. ഇടമഴ ലഭിച്ച മാസവും മനസ്സിലാക്കാം. 1993-ൽ ഇടവപ്പാതിക്ക് ഏറ്റവും കൂടുതൽ മഴ ലഭിച്ചത് ജൂലൈ മാസത്തിലാണ്. തുലാവർഷം ഏറ്റവും കൂടുതൽ ലഭിച്ചത് ഒക്ടോബർ മാസത്തിലാണ്. പട്ടി (2) ചിത്രം (6) അവലംബം കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽ നിന്നും കിട്ടിയ റിപ്പോർട്ട്.

ജലലഭ്യത (അവലംബം വിഭവ ഭൂപടം PRM-CESS)

നല്ല രീതിയിൽ ഇടവപ്പാതിയും തുലാവർഷവും ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ശരാശരി മഴ 200-300 സെ. മീ. ആണ്. കുടിവെള്ളത്തിന് ക്ഷാമം നേരിടുന്ന ഒരു പഞ്ചായത്താണിത്. ഒല്ലാ ഭാഗത്തേക്കും പൈപ്പ് ലൈൻ എത്തിയിട്ടില്ല. ഇപ്പോഴും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. വറ്റുന്ന കിണറുകൾ ധാരാളമുണ്ട്. ചില ഭാഗങ്ങളിൽ ഓരിന്റെ ശല്യവും ഉണ്ട്.

പടഞ്ഞാറ്റക്കര ഒന്നാം വാർഡിൽ വറ്റാത്ത കിണറുകളാണ് കൂടുതലും. ഏകദേശം 183 വറ്റാത്ത കിണറുകൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. വാർഡിന്റെ പടിഞ്ഞാറുഭാഗത്താണ് അധികവും. ഈ വാർഡിന്റെ പടിഞ്ഞാറും കിഴക്കും അതിരുകൾ തോടുകളാണ്. ഏതു സമയത്തും വെള്ളമുള്ളവയും ചെളിത്തോടിന് പടിഞ്ഞാറുഭാഗത്തേക്ക് ഒരു ശാഖയുണ്ട്. അവിടെ കിണറുകളിൽ ഉപ്പുരസമുള്ളതായി കാണുന്നു. പ്രധാന റോഡുകളിൽ കൂടി മാത്രം പൈപ്പ് ലൈനുകൾ പോകുന്നു. ഉള്ളിലേക്ക് കടന്നു ചെല്ലുന്നില്ല. പൊതു കിണറുകൾ പോലും ഉപയോഗശൂന്യമാണ്.

പടിഞ്ഞാറ്റക്കര രണ്ടാം വാർഡിന്റെ കിഴക്കുഭാഗത്തായി കൂടുതൽ കിണറുകൾ കാണപ്പെടുന്നു. വറ്റാത്തവയാണധിക വും. ഏകദേശം 165 വറ്റാത്ത കിണറുകൾ കാണപ്പെടുന്നു. പടിഞ്ഞാറുഭാഗത്തുകൂടി ഒരു തോടുണ്ട്. മിക്ക കിണറുകളിലും ഓർ ഉണ്ട്. പൈപ്പ് ലൈൻ വാർഡിന്റെ എല്ലാഭാഗത്തും എത്തിയിട്ടില്ല. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. വേനൽക്കാ ലത്ത് ജലം ലോറികളിൽ എത്തിക്കുന്നു.

നടുവിലക്കര (മൂന്നാം വാർഡ്) വാർഡിലെ ചേനങ്കരമുക്കിൽ നിന്നും കനാൽ പടിഞ്ഞാറുഭാഗത്ത് കൂടി വടക്കോട്ടു പോകുന്നു. വാർഡിന്റെ വടക്ക് ഭാഗത്ത് ചെളിത്തോടിന്റെ തെക്ക് പ്രദേശങ്ങളിൽ കിണറുകൾ വളരെ കുറവാണ്. ഈ വാർഡിലും വറ്റാത്ത കിണറുകളാണ് കൂടുതൽ. 170 വറ്റാത്ത കിണറുകളാണുള്ളത്. വാർഡിന്റെ വടക്കുഭാഗത്തുള്ള ആലയിൽ കുളം ഒന്നും രണ്ടും മൂന്നും വാർഡുകളുടെ സംഗമസ്ഥാനത്താണ്. ഇത് ഉപയോഗശൂന്യമാണ്, നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കാലാകാലങ്ങളിൽ മത്സ്യം പിടിക്കുന്നതിനുവേണ്ടി ലേലം ചെയ്തു കൊടുക്കുന്നുണ്ട്. പായൽ വാരി ക്കളയാതെ ചെളി അടിച്ച് കലക്കി മത്സ്യം പിടിക്കുന്നു. ഇങ്ങനെ കുളം ഉപയോഗശൂന്യമാകുന്നു. ഈ വാർഡിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. എന്നോ കുഴിച്ചുണ്ടാക്കിയ കുഴിക്കുളത്തിൽ നിന്നാണ് ജനങ്ങൾ വെള്ളം കുടിക്കുന്നത്. ഇവയിലേക്ക് ഒഴുക്ക് മാലിന്യങ്ങൾ വന്നടിയുന്നു. മുപ്പതോളം കിണറുകളുള്ള ഈ വാർഡിലും പൈപ്പ് എല്ലാ ഭാഗത്തും എത്തിയിട്ടില്ല. പൊതു കിണറുകളും ഉപയോഗശൂന്യമാണ്. കനാൽ ഉപയോഗക്ഷമമായിട്ടില്ല.

മുള്ളിക്കാല (നാലാം വാർഡ്) വാർഡിന്റെ കിഴക്ക് ഭാഗത്താണ് കിണറുകളുള്ളത്. 112 വറ്റാത്ത് കിണറുകൾ കാണപ്പെ ടുന്നു. പൈപ്പ് ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ലാത്ത ഈ വാർഡിലും കുടിവെള്ള ക്ഷാമം അത്ര രൂക്ഷമല്ല.

അരിനല്ലൂർ പടിഞ്ഞാറ് (അഞ്ചാം വാർഡ്) പടപ്പനാൽ ജംഗ്ഷനു സമീപത്ത് കൂടി കനാൽ വാർഡിന്റെ കിഴക്കു ഭാഗ ത്തേക്ക് പോകുന്നു. ഇതുവരെ ജലം ഒഴുകാൻ തുടങ്ങിയിട്ടില്ലാത്ത് ഈ കനാൽ കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായി ട്ടില്ല. കുടിവെള്ളക്ഷാമം ഈ വാർഡിലും രൂക്ഷമാണ്. ഈ വാർഡിലെ 'പുത്തൻ കുളം' ഉപയോഗശൂന്യമാണ്. ഇത് സംരക്ഷി ക്കണം. വാർഡിന്റെ തെക്കുഭാഗങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. എല്ലാഭാഗത്തും പൈപ്പ് ലൈൻ എത്തിയിട്ടില്ല.

അരിനല്ലൂർ വടക്ക് (ആറാം വാർഡ്) വാർഡിലും കുടിവെള്ളക്ഷാമമുണ്ട്. ഇവിടെ വറ്റുന്നതും വറ്റാത്തതുമായ കിണറു കൾ കാണുന്നു. വെള്ളത്തിന് ചവർപ്പും നിറവ്യത്യാസവുമുണ്ട്. അതിനാൽ കിണറുകളിലെ ജലം ഉപയോഗശൂന്യമാണ്. 60 വനറ്റുന്ന കിണറുകളും 59 വറ്റാത്ത് കിണറുകളുമാണ് ഈ വാർഡിലുള്ളത്. കോട്ടൂർ ജംഗ്ഷനിൽ നിന്നും തെക്ക് കിഴക്ക് മാറി ഒരു കുളമുണ്ട്. എല്ലാഭാഗത്തും പൈപ്പ് ലൈൻ ഇല്ല.

അരിനല്ലൂർ തെക്ക് (ഏഴാം വാർഡ്) വാർഡിൽ വറ്റാത്ത് കിണറുകൾ കൂടുതലായി കാണുന്നു. വെള്ളം നിറവ്യത്യാസമു ള്ളതും ചവർപ്പ് ഉള്ളതുമാണ്. അതിനാൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഇവിടുത്തെ ലക്ഷം വീട്ടിൽ ഒരു കിണർ ഉണ്ട്. ഒരു പൊതുകിണർ വേറെയുമുണ്ട്. ഇതൊന്നും കുടിവെള്ളക്ഷാമത്തിന് പരിഹാരമായിട്ടില്ല. പടപ്പനാൽ ജംഗ്ഷന് സമീപമുള്ള ജലസംഭരണി കഴിഞ്ഞ കുറേക്കാലങ്ങളായി പ്രവർത്തനരഹിതമായിരുന്നത് ഇപ്പോൾ ഉപയോഗക്ഷമമാണ്. ഇത് ഒരു പരിധി വരെ പരിഹാരമാർഗ്ഗമായി തീർന്നിരിക്കുന്നു. പൈപ്പ് ലൈൻ എല്ലാ ഭാഗത്തും എത്തിച്ചേർന്നിട്ടില്ല.

കോയിവിള കിഴക്ക് (എട്ടാം വാർഡ്) വാർഡിൽ ഏകദേശം 184 വറ്റാത്ത കിണറുകളാണ് ഉള്ളത്. ഒരു ജലസംഭരണി ഉള്ളത് ഉപയോഗശൂന്യമാണ്. ഇത് നവീകരിച്ച് വെള്ളം പമ്പുചെയ്യുവാനുള്ള രീതിയിലാക്കിക്കൊണ്ടിരിക്കുന്നു. തന്മൂലം കിടി വെള്ളത്തിന് ഒരു പരിധിവരെ പരിഹാരമാകും. പൈപ്പ്ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ലാത്തതിനാൽ ജലസംഭരണിയുടെ നവീകരണം വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

കോയിവിള തെക്ക് (ഒൻപതാം വാർഡ്) വാർഡിൽ കിണറുകൾ വളരെ കുറവാണ്. മിക്കവാറും എല്ലാം തന്നെ വറ്റുന്നതു മാണ്. ഇവിടെ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നു. വാർഡിന്റെ പടിഞ്ഞാറുഭാഗത്തുള്ള കനാൽ ഉപയോ ഗശൂന്യമാണ്. കുളങ്ങൾ ഒന്നും തന്നെയില്ല. പൈപ്പ്ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ല.

കോയിവിള വടക്ക് (പത്താം വാർഡ്) വാർഡിൽ കിണറുകൾ വറ്റാത്തതായി കാണുന്നു. വെള്ളത്തിന് നിറവ്യത്യാസ മുണ്ട്. വാർഡിന്റെ പടിഞ്ഞാറ് ഭാഗങ്ങളിൽ പാടങ്ങളാണ്. സമീപപ്രദേശങ്ങളിൽ ഓർ ജലമാണ്. ഏകദേശം 173 വറ്റാത്ത കിണ റുകളാണുള്ളത്. പൈപ്പ് ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ല. തെക്കു ഭാഗത്തായി കുളമുണ്ട്.

പുത്തൻസങ്കേതം (പതിനൊന്നാം വാർഡ്) പാടശേഖരങ്ങളുണ്ട്. വറ്റുന്നതും വറ്റാത്തതുമായി വളരെ കുറച്ച് കിണറുകൾ മാത്രമേ ഉള്ളൂ. വാർഡിൽ ഒരു ജലസംഭരണിയുണ്ട്. പൈപ്പ് ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ല. ജലക്ഷാമം ഇവിടേയു മുണ്ട്.

പാലയ്ക്കൽ തെക്ക് (പന്ത്രണ്ടാം വാർഡ്) തുമ്പക്കുളത്ത് പാടം, ചോലയിൽ പാടം, കരിങ്ങാട്ടിൽ പാടം, പുന്നത്താനത്ത് പാടം തുടങ്ങി കൂടുതൽ പാടശേഖരങ്ങൾ ഈ വാർഡിലുണ്ട്. ഏകദേശം നൂറോളം വറ്റാത്ത കിണറുകളുണ്ട്. കനാൽ ഈ വാർഡിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്നു. 'കരിഞ്ചീൽ കുളം' എന്ന പേരിലും തുമ്പക്കുളം എന്ന പേരിലും രണ്ടു കുള ങ്ങൾ ഉണ്ട്. ഇത് ഉപയോഗശൂന്യമാണ്. പൈപ്പ് ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ല്. ഇവിടേയും കുടിവെള്ളക്ഷാമം അനുഭ വപ്പെടുന്നു.

പാലയ്ക്കൽ വടക്ക് (പതിമൂന്നാം വാർഡ്) ഈ വാർഡിലും കുടിവെള്ളക്ഷാമമുണ്ട്. വറ്റാത്ത് കിണറുകളാണ് അധികവും ഏകദേശം 171 കിണറുകൾ വറ്റാത്തതായി ഉണ്ട്. വാർഡിന്റെ പടഞ്ഞാറ് ഭാഗത്ത് കുഴംകുളം എന്ന പേരിൽ ഒരു കുളമുണ്ട്. ഇത് ഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കനാൽ വാർഡിന്റെ വടക്കുനിന്നും തെക്കോട്ടു കടന്ന് കിഴക്ക് ഭാഗത്തേക്ക് പോകുന്നു. പൈപ്പ് ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ല. കിണറുകളിൽ ഓരു ജലമാണ്. കുളം നികത്തിയ ഭാഗങ്ങൾ തരിശായി കിടക്കുന്നു.

മൊട്ടയ്ക്കൽ വാർഡ് (പതിനാലാം വാർഡ്) ഈ വാർഡിലും കിണറുകൾ കുറവാണ്. കുടിവെള്ള പ്രശ്നം ഇവിടേയും പ്രാധാന്യമർഹിക്കുന്നു. കനാൽ ഈ വാർഡിൽക്കൂടി കടന്നുപോകുന്നു. ഈ വാർഡിലും പൈപ്പ് ലൈൻ എല്ലാ ഭാഗത്തും എത്തിയിട്ടില്ല.

കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

- നിലവിലുള്ള പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കുക.
- ആവശ്യമായ എല്ലാഭാഗത്തും പൈപ്പ് ലൈൻ നീട്ടുക
- എല്ലാ പൊതുടാപ്പുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുക
- പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്നതിന് എതിരേ നടപടി എടുക്കുക.
- പൊതുവിതരണത്തിനുള്ള ജലം അണുവിമുക്തമാണെന്ന് ഉറപ്പു വരുത്തുക.
- പമ്പിംഗ് പവ്വർകട്ട് സമയത്ത് നിർത്തലാക്കുന്നു. വേനൽക്കാലത്തെ കുടിവെള്ളക്ഷാമം തന്മൂലം രൂക്ഷമാകുന്നു.
- ഉറവകൾ കുടിനീർ സ്രോതസുകളാക്കി മാറ്റുക.
- കുളങ്ങൾ ആഴം കൂട്ടി പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുക.
- കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുക.
- തോടുകൾ പാർശ്വഭിത്തികെട്ടി കൈതവച്ചു പിടിപ്പിക്കുക.
- ജലസംരക്ഷണപ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കുക.
- ജലമലിനീകരണം തടയാൻ പ്രായോഗികപരിപാടികൾ ആവിഷ്ക്കരിക്കുക.
- അത്യാവശ്യസ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.
- കുടിവെള്ളക്ഷാമം പരഹരിക്കാനുള്ള നടപടികളിൽ മുൻഗണനാക്രമം അനുവർത്തിക്കുക.
- ജലസംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണപരിപാടികൾ തയ്യാറാക്കുക.

മണ്ണ്

ഭൂമിയുടെ ഉപരിതലം വിവിധ തരം മണ്ണിനാൽ മൂടപ്പെട്ടിരിക്കുന്നു. മണ്ണ് മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിൽ ഒരു സുപ്രധാന പങ്കു വഹിക്കുന്നു. എല്ലാ ജീവജാലങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ മണ്ണിനെ ആശ്രയിക്കുന്നു. ചെടികൾ മണ്ണിൽ വളരുന്നു. ജന്തുക്കൾ മണ്ണിനെ ആശ്രയിച്ചു ജീവിക്കുന്നു. പ്രകൃതിയിലെ വിവിധ ശക്തികളുടെ പ്രവർത്തനഫലമായി വലിയ പാറകൾ പൊടിഞ്ഞുണ്ടാകുന്ന തരികളും നശിച്ച ചെടികളുടേയും ജന്തുക്കളുടേയും അവശിഷ്ടങ്ങളും കൂടിക്കലർന്നതാണ് മണ്ണ്. ധാതുലവണങ്ങളുടേയും ജീവജാലങ്ങളുടേയും മിശ്രിതമാണ് മണ്ണ്.

മണൽ, ലാറ്ററൈറ്റ്, വനപ്രദേശത്തെ പശിമരാശിമണ്ണ് എന്നിങ്ങനെ മൂന്നു തരത്തിലുള്ള മണ്ണാണ് കൊല്ലം ജില്ലയിൽ പ്രധാനമായും കാണപ്പെടുന്നത്. മണൽ നിറഞ്ഞ മണ്ണ് കരുനാഗപ്പള്ളി താലൂക്ക് മുഴുവനും കൊല്ലം താലൂക്കിന്റെ തീരപ്രദേശത്തുമാണുള്ളത്. ഈ മണൽ നിറഞ്ഞ മണ്ണ് തന്നെ അതിന്റെ ഘടനയിൽ മണൽ നിറഞ്ഞ പശിമരാശി മണ്ണ് മുതൽ വെറും മണൽ വരെയുള്ള രൂപങ്ങളിൽ കാണുന്നു. ഇതിന് ഈർപ്പം നിലനിർത്താനുള്ള കഴിവ് പൊതുവേ കുറവാണ്. ഇതിൽ പ്രധാനകൃഷി തെങ്ങായിരിക്കും. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്, ചുണ്ണാമ്പ് കല്ലിന്റെ അംശം ഇവ വളരെ കുറവാണ്. ലാറ്ററൈറ്റ് പ്രദേശങ്ങൾ ഈ മണൽ വിഭാഗത്തിന്റെ കിളക്കു ഭാഗത്തായി കാണപ്പെടുന്നു.

പട്ടിക 4
പൊതുകുളങ്ങൾ

ന	*കുളങ്ങൾ*	*വാർഡ്*
1	മണ്ണൂർ കുളം	9
2.	പുത്തൻ കുളം	5
3.	കല്ക്കുളങ്ങര കുളം	10
4	ആലയിൽ കുളം	3
5.	വെളിയിൽ കുളം	2
6.	നാത്തയ്യത്ത് കുളം	1
7.	മാമ്പറ്റ കുളം	6
8.	കാച്ചുവാഴ കുളം	14
9.	ഇളങ്ങല്ലൂർ കുളം	3
10.	കുഴങ്കുളം	13
11.	തച്ചിരേഴത്ത് കുളം	11
12.	തുമ്പക്കുളം	12
13.	ചേന്നം കുളം	10
14.	ചോലയിൽ കുളം	12
15	മണക്കാട്ടു കുളം	12
16.	കരിഞ്ചി കുളം	12

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും മൂന്നു തരത്തിലുള്ള മണ്ണാണുള്ളത്. മണൽ നിറഞ്ഞ പശിമരാശി മണ്ണ്, ചുവന്ന നിറത്തിലുള്ള തരിയുള്ള പശിമരാശിമണ്ണ് തീരദേശ എക്കൽ മണ്ണ് എന്നിവയാണ്. കുറച്ചുയർന്ന സമതല പ്രദേശങ്ങളിൽ മണൽ നിറഞ്ഞ പശിമരാശി മണ്ണ് കാണപ്പെടുന്നു. കിഴക്കൻ പ്രദേശങ്ങളിൽ പ്രധാനമായും പടപ്പനാൽ പ്രദേശത്തിന്റെ വടക്കു ഭാഗങ്ങളിലും മറ്റും തരിയുള്ള പശിമരാശി മണ്ണ് ചുവന്ന നിറത്തിലുള്ളവയായി കാണപ്പെടുന്നു. താഴ്വാരങ്ങൾ പ്രധാനമായും തീരദേശ എക്കൽ മണ്ണ് ഉൾക്കൊള്ളുന്നു. നെൽക്കൃഷിയാണ് ഈ പ്രദേശങ്ങളുടെ പ്രത്യേകത. ഈ പഞ്ചായത്തിലും എക്കൽ മണ്ണുള്ള പ്രദേശങ്ങൾ നെൽപ്പാടങ്ങൾ ആണെന്ന് കാണാം. പാടങ്ങൾ നികത്തുന്നതുമൂലം വെള്ളം കെട്ടിനില്ക്കുകയും കൃഷിഭൂമികൾ നശിക്കുകയും ചെയ്യുന്നു. നെല്പാടങ്ങൾ ഇല്ലാതാവുന്ന ഒരവസ്ഥ തന്മൂലം ഉണ്ടാകുന്നുണ്ട്. (അവലംബം: വിഭവഭൂപടങ്ങൾ PRM-CESS)

ഭൂവിനിയോഗം: നമ്മുടെ പഞ്ചായത്ത് 15.71 ചതു: കി: മീറ്റർ വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്നു. ഇതിന്റെ മൊത്തം വിനിയോഗ രീതിയെയാണ് 'ഭൂവിനിയോഗം' എന്നത് കൊണ്ടുദ്ദേശിക്കുന്നത്. മനുഷ്യന്റെ വിവിധതരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതാകുന്ന തരത്തിൽ മണ്ണിൽ അവൻ ചെയ്യുന്ന പരമ്പരാഗത ശൈലിയിലുള്ളതും ശാസ്ത്രീയമായ നൂതനരീതിയിലുള്ള പ്രവർത്തനങ്ങളുമാണ് കൃഷികൊണ്ടർത്ഥമാക്കുന്നത്.

കാർഷിക ഭൂമിയെന്നത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന വിഭവങ്ങളുടെ ആസ്ഥാനമാണ്. തേലക്കര പഞ്ചായത്തിന്റെ വിസ്തൃതിയിൽ ഏകദേശം 16.5% മിശ്രിതവിളകളാണ്. മിശ്രിതവിളയിൽ പയർ, എള്ള്, പച്ചക്കറി, തെങ്ങ്, വാഴ, മരച്ചീനി കുരുമുളക് പ്ലാവ്, മാവ്, കശുമാവ്, കമുക്, കിഴങ്ങുവിളകൾ എന്നിവ ഉൾപ്പെടുന്നു.

മിശ്രിതമരങ്ങൾ 0.8% പ്രദേശത്ത് കാണപ്പെടുന്നു. തെങ്ങുകൾ മാത്രം 52%ത്തിൽ ഉൾക്കൊള്ളുന്നു. ഏറ്റവും കൂടുതലുള്ളതും തെങ്ങ് കൃഷിയാണ്. തെങ്ങും വാഴയും കൂടി കലർന്ന കൃഷിസ്ഥലങ്ങൾ 1% ആണ്. തെങ്ങും മരച്ചീനിയും കൂടി 0.5% സ്ഥലത്തും, തെങ്ങും കവുങ്ങും കൂടി 4% ഭാഗത്തും കാണാം. കവുങ്ങ് മാത്രം 0.5% പ്രദേശത്ത് കാണുന്നു.

ഒരു പൂ കൃഷി ചെയ്യുന്ന നെൽപ്പാടങ്ങൾ 5%ഉം രണ്ട് പൂക്കൃഷി 3%ഉം, ഒരു പൂവും രണ്ടുപൂവും കൃഷി ചെയ്യുന്ന നെൽപ്രദേശങ്ങൾ 4%വുമാണ്. മൂന്നു പൂ കൃഷിയും ചെയ്യുന്ന നെൽപാടങ്ങൾ 2.7% മാണ്. നികത്തിയ പാടങ്ങൾ പഞ്ചായത്തിന്റെ 2.6% വരും. കൃഷിക്കുപയുക്തമായ തരിശു ഭൂമി 0.6% വും തരിശുഭൂമി 0.06%വുമാണ്. കൃഷിയും ജലസ്രോതസും പട്ടിക 5 കാണുക. അഷ്ടമുടിക്കായൽ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 6% ഉൾക്കൊള്ളുന്നു.

മിശ്രിതവിള കാണപ്പെടുന്ന സ്ഥലങ്ങളിലും, തെങ്ങുമാത്രമുള്ള പ്രദേശങ്ങളിലും തെങ്ങിന് രോഗമുള്ളതായി കാണുന്നു. ഒന്നാം വാർഡിൽ കൂടുതലും തെങ്ങുകൃഷിയാണ്. ഈ വാർഡിന്റെ വടക്കുഭാഗവും കിഴക്കൻ പ്രദേശങ്ങളും നെൽപ്പാടങ്ങളാണ്. നെൽപ്പാടങ്ങളിൽ ഉപ്പുരസം കയറുന്നതിനാൽ ഒരു പൂ കൃഷിമാത്രമാണുള്ളത്. പാടം നികത്തൽ ഈ പഞ്ചായത്തിന്റെ പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു. പൊതു കിണറുകൾ ഒന്നും തന്നെ ജലസേചനത്തിനായി ഉപയോഗിക്കുന്നില്ല.

രണ്ടാം വാർഡിലും മിശ്രിതകൃഷിയാണ്. തെങ്ങ് കൂടുതലായി കാണുന്നു. പടിഞ്ഞാറ് ഭാഗം നെൽപ്പാടങ്ങളാണ്. നിലം നികത്ത് ഇവിടെ ഗുരുതരമായ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. താഴ്ന്ന താമസവസ്തുവിലും റോഡിലും വെള്ളം കെട്ടിനില്ക്കുന്നു. ചാലുകൾ കയ്യേറുകയും നികരുകയും ചെയ്തതും വെള്ളക്കെട്ടിന് കാരണമാണ്. ജലം ഒഴുകിപ്പോകാനുള്ള സൗകര്യം ഉണ്ടാകണം. പ്രധാനപാടങ്ങൾ നെടിയ തോട് പാടം, മുണ്ടുതോട്, കൈപ്പള്ളിച്ചാൽ, കുണ്ടാം പണ, മണ്ണൂർ കളങ്ങര, പര്യമുട് പാടങ്ങളാണ്.

മൂന്നാം വാർഡിന്റെയും കിഴക്കതിർത്തി പാടങ്ങളാണ്. പുലിക്കുളത്ത് പാടം നികത്തി തെങ്ങുവച്ചിരിക്കുന്നു. പാടം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇവിടെ കാണാൻ കഴിയുന്നത്. ഇവിടെയുള്ള കുളം മത്സ്യക്കൃഷിക്കായി സംരക്ഷിച്ചിരിക്കുന്നു. മൂന്നാം വാർഡിന്റെ ബാക്കി ഭാഗങ്ങളിൽ മിശ്രിതകൃഷിയും തെങ്ങുകൃഷിയും തെങ്ങും മരച്ചീനിയും ഇടകലർന്ന പ്രദേശങ്ങളുമുണ്ട്. ജലസേചനസൗകര്യം വളരെ കുറവാണ്.


നാലാം വാർഡിന്റെ വടക്കും പടിഞ്ഞാറും ഭാഗങ്ങൾ നെൽപ്പാടങ്ങളാണ്. ഇവിടേയും പാടങ്ങൾ നികത്തി തെങ്ങുവച്ചിരിക്കുന്നു. ബാക്കിയുള്ള സ്ഥലങ്ങളിൽ മിശ്രിതകൃഷിയാണ്. തെങ്ങാണ് കൂടുതൽ. മണ്ണൊലിപ്പ് ഇവിടെ ഒരു പ്രധാന പ്രശ്നമാണ്.

അഞ്ചാം വാർഡിന്റെ വടക്ക് കിഴക്ക് ഭാഗങ്ങൾ പാടങ്ങളാണ്. ഇവിടേയും നികത്തിയിട്ടുണ്ട്. നികത്ത് വെള്ളക്കെട്ട് ഭാഗങ്ങളായി തീർന്നിരിക്കുന്നു. ബാക്കി സ്ഥലങ്ങളിൽ മിശ്രിതകൃഷിയാണ്.

ആറാം വാർഡിലെ പുന്നിലത്ത് പാടവും നികത്തിയിട്ടുണ്ട്. വാർഡിന്റെ അധികഭാഗത്തും തെങ്ങ് കൂടുതലുള്ള മിശ്രിതവിളകളാണ് കായൽ നികത്തൽ ഈ ഭാഗത്തുണ്ട്. ഏറെ പ്രദേശങ്ങൾ നികത്തിയിരിക്കുന്നു. മഴക്കാലത്ത് കല്ലടയാറിൽ വെള്ളം നിറയുമ്പോൾ കായൽ തീരങ്ങൾ ഇടിയുന്നു. ഇവിടം പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കേണ്ടതാണ്. കൈതകൾ വശങ്ങളിൽ വച്ചുപിടിപ്പിച്ചാലും മതി. ചിലവു കുറഞ്ഞതും ഫലവത്തായതുമായ മാർഗ്ഗമാണിത്. കായൽ കയ്യേറുന്നതും നിരോധിക്കേണ്ടതാണ്.

കൊല്ലം ജില്ല

മഴ - 1991-1993 വർഷം



(5) (ന) (6)

PRD - CESS

ഏഴാം വാർഡിൽ കൂടുതൽ ഭാഗത്തും മിശ്രിതവിളകളാണ് തെങ്ങാണ് കൂടുതൽ തരിശിട്ടിരിക്കുന്ന സ്ഥലങ്ങളും കൂടുതലുണ്ട്. അവിടെ ജലസേചനസൗകര്യം വർദ്ധിപ്പിച്ച് കൃഷിക്കുപയുക്തമാക്കേണ്ടതാണ്. കായൽ നികത്തിയ ഭാഗങ്ങൾ വെള്ളക്കെട്ട് പ്രദേശങ്ങളായി മാറിയിരിക്കുന്നു. ചേരിക്കടവ് ഭാഗങ്ങളിൽ തൊണ്ട് അഴുക്കുന്നു. കയർ പിരിക്കൽ ഈ പ്രദേശങ്ങളിലെ പ്രധാന തൊഴിൽ ആണ്. കുരുമുളകും, വെറ്റിലയും ഇവിടെ കൃഷി ചെയ്തിരിക്കുന്നു. തെങ്ങുകൃഷി കൂടാതെ പ്ലാവ്, ആഞ്ഞിലി, വാഴ, അടയ്ക്ക, പുളി, ചീലാന്തി ജാതി എന്നിവയും ചില സ്ഥലങ്ങളിൽ കായൽ തീരങ്ങളിൽ കൈതയും ഉണ്ട്. ജലസേചന സൗകര്യം ഇവിടെ കുറവാണ്. കശുമാവ് കൃഷിക്ക് ജലം ലഭിക്കാതെ വന്നാൽ പൂക്കുന്ന അവസരത്തിൽ പൂവ് ഉണങ്ങിക്കരിഞ്ഞുപോകുന്നു. കുരുമുളകിനും പിടിക്കുന്നസമയങ്ങളിൽ ജലം ലഭിക്കാതെ വന്നാൽ വാടിപ്പോകുന്നു. ഇഞ്ചിയും മഞ്ഞളും വാർഡിന്റെ ചില ഭാഗങ്ങളിൽ കൃഷി ചെയ്യുന്നു.

എട്ടാം വാർഡിന്റെയും മുഴുവൻ ഭാഗങ്ങളും മിശ്രിതവിളയിൽപ്പെടുന്നു. തെങ്ങുകൃഷിയാണ് ഇതിൽ കൂടുതൽ ഈ വാർഡിലും ജലസേചന സൗകര്യം കുറവാണ്. പടിഞ്ഞാറു ഭാഗത്ത് കുറച്ച് നെൽപ്പാടങ്ങളുണ്ട്. വയലും കായലും നികത്തുന്നുണ്ട്. കായൽ തീരത്ത് പാർശ്വഭിത്തികൾ കെട്ടണം. കൈതകൾ വച്ചുപിടിപ്പിക്കണം.

ഒൻപതാം വാർഡിലും മിശ്രിതവിളകളാണ് കൂടുതൽ ഇതിൽ തെങ്ങും കവുങ്ങും ധാരാളമായുണ്ട്. വാർഡിന്റെ കിഴക്കൻ ഭാഗത്താണ് കുറച്ച് പാടങ്ങളുള്ളത്. ജലസേചനസൗകര്യം കുറവാണ്. കായൽ നികത്തിന് പാർശ്വഭിത്തി കെട്ടേണ്ടതായി ഉണ്ട്. ഇവിടുത്തെ അമ്മാർതോട് ആഴം കൂട്ടി സംരക്ഷിച്ചാൽ ജലസേചനത്തിന് അത് വളരെ സഹായകമാണ്. കൃഷിയും ജലസേചനവും പട്ടിക 3 കാണുക.

പത്താം വാർഡിലെ പാടങ്ങളും നികത്തിയിട്ടുണ്ട്. നികത്തിയ ഭാഗങ്ങളിൽ തെങ്ങുവച്ചിരിക്കുന്നു. പാടം നികത്തൽ മൂലം ഈ പ്രദേശങ്ങൾ മഴക്കാലത്ത് വെള്ളം കെട്ട് പ്രദേശങ്ങളായി മാറുന്നു. മണ്ണെടുപ്പും നടക്കുന്നു. ജലം ഒഴുകിപ്പോകാനുള്ള മാർഗ്ഗങ്ങളും ഇല്ല. ജലസേചനസൗകര്യം കുറവായത്കൊണ്ട് മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് നടക്കുന്നത്. കുളങ്ങൾ വേണ്ടത്ര സംരക്ഷിച്ചിട്ടില്ല.

പതിനൊന്നാം വാർഡിന്റെ വടക്കുഭാഗങ്ങളിൽ ചേലയിൽ പാടം, കരിങ്ങാട്ടിൽ പാടം, ഉള്ളനാട്, തൃക്കട്ടവയൽ, ഇന്ദ്രാലിൽ പാടം, തുടങ്ങിയവയാണ്. പന്ത്രണ്ടും പതിമൂന്നും വാർഡുകളിലായി ഇത് സ്ഥിതി ചെയ്യുന്നു. ഇവയിലെല്ലാം തന്നെ കാര്യമായ നികത്തലുകൾ നടക്കുകയും വെള്ളക്കെട്ട് പ്രശ്നമാവുകയും ചെയ്യുന്നു. അമ്മാർ തോട് ചോലേപ്പാടം തോട് സംരക്ഷിക്കേണ്ടതുണ്ട്. ഈ പ്രദേശങ്ങളിലെ കൃഷിക്ക് അത് അത്യാവശ്യവുമാണ്. തെങ്ങും, കവുങ്ങും, വാഴയും കൃഷികളിൽപ്പെടുന്നു. പന്ത്രണ്ടാം വാർഡിലെ മുഴുവൻ നിലങ്ങളും നികത്തിയ രൂപത്തിലാണ്. ഇതു കാരണം കാലവർഷക്കാലത്ത് പ്രളയബാധിതപ്രദേശം പോലെയാണ്. മണ്ണെടുപ്പും നടക്കുന്നുണ്ട്. ഈ വാർഡിലുള്ളത് മിശ്രിതമരങ്ങളും തെങ്ങുകളുമാണ്. പതിമൂന്നാം വാർഡിൽ ജലസേചനസൗകര്യം കുറവാണ്. പൊയ്കയിൽ വടക്കുവശം മുതൽ പടിഞ്ഞാറോട്ടുള്ള തോടും ചന്നാം കുളങ്ങര കിഴക്കുവശം മുതൽ ഇന്ദ്രാലിൽ പാടം വരെയുള്ള തോടും സംരക്ഷിക്കേണ്ടതാവശ്യമാണ്.

നെൽപ്പാടം നികത്തലാണ് പഞ്ചായത്തിനെ നേരിടുന്ന മുഖ്യപ്രശ്നം. മണ്ണെടുപ്പും നടക്കുന്നുണ്ട്. ചോലയിൽ പാടത്ത് മണ്ണുകൊണ്ട് ചുടുകട്ട (ഇഷ്ടികാ) നിർമ്മാണം നടക്കുന്നുണ്ട്. തന്മൂലം വെള്ളം കെട്ടിനില്ക്കുന്നു. ജലസേചനസൗകര്യം പഞ്ചായത്തിൽ വളരെ കുറവാണ്. പാഴ്ജലം ഒഴുകിപ്പോകാനുള്ള സൗകര്യമോ സംവിധാനമോ ഇല്ല. കൃഷിലാഭകരമാല്ലാതായി മാറിക്കൊണ്ടിരിക്കുന്നു. കൂടാതെ ഫലഭൂയിഷ്ടമല്ലാത്ത മേൽമണ്ണ്, മണ്ണിന്റെ ജല സംഭരണ ശേഷിക്കുറവ്, ജലനിർഗ്ഗമനസൗകര്യങ്ങളുടെ അഭാവം, അമ്ലാംശം കൂടിയ മണ്ണ് എന്നിവ കൃഷിഭൂമികളുടെ വലിപ്പം കുറച്ചുകൊണ്ടിരിക്കുന്നു. ഓടകൾ നവീകരിക്കേണ്ടതും പുതിയ ഓടകൾ നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

നെൽപ്പുറമ്പിൽ ഒടി, പണ്ടികലം, പടിക്കൽ പാടം, കണിയാരംപാടം, അരീക്കൽ പാടം എന്നിവയിലൊന്നും തന്നെ ജലസേചന സൗകര്യം ഇല്ല. പുലിക്കുളം പാടം വീണ്ടും ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്. കായൽ നികത്ത് നിരോധിക്കണം. കിഴക്കൻ തീരപ്രദേശങ്ങളിൽ മണ്ണിടിച്ചിൽ തടയാൻ വശങ്ങൾ ഭിത്തികെട്ടിയോ കൈതകൾ വച്ചുപിടിപ്പിച്ചോ സംരക്ഷിക്കണം. കൃഷിഭൂമികൾ തരിശിടുന്ന രീതി തടയാൻ വേണ്ട നടപടികൾ സ്വീകരിക്കണം. വില്ലേജ് ഓഫീസിൽനിന്നും കിട്ടിയ വിവരങ്ങളനുസരിച്ച് 2388 ഏക്കർ 20 സെന്റ് 453 ച:ലിങ്ക്സ് നിലവും പുരയിടവും 1007 ഏക്കർ 28 സെന്റ് 833 ച: ലിങ്ക്സ് നിലവും ആണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. (അവലംബം - വിഭവഭൂപടം വില്ലേജ് ഓഫീസ് രേഖകൾ PRM-CESS)

1:4000 സ്കെയിലിൽ തയ്യാറാക്കുന്ന ആസ്തി ഭൂപടത്തിൽ കിണറുകളേയും, കുളങ്ങളേയും അതുപോലുള്ള മറ്റ് ജലസേചന സംവിധാനങ്ങളേയും, ഭരണസേവനസ്ഥാപനങ്ങൾ വിനോദ-വിശ്രമകേന്ദ്രങ്ങൾ എന്നിവയും അടയാളപ്പെടുത്തിയിരിക്കുന്നു. തോത് കൃത്യമായി അറിയാവുന്നതുകൊണ്ട് ആസ്തിവിവരങ്ങൾ രേഖരിക്കുവാനും ഭാവിയിൽ കൂടുതൽ വിവരങ്ങൾ ചേർക്കുവാനും കഴിയും ഒരു പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥ ഈ ഭൂപടങ്ങൾ പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്.

പഞ്ചായത്തിലെ റോഡ് ഗതാഗതം വളരെ മോശപ്പെട്ട നിലയിൽ അല്ല എന്നു കാണാം. എന്നാൽ എല്ലാ ഭാഗത്തും വളരെ മെച്ചപ്പെട്ട നിലയിൽ അല്ല. ഒന്നാം വാർഡിലെ മിക്ക റോഡുകളും ടാറിട്ടവയാണ്. ഇവിടെ റോഡ് ഗതാഗതം മെച്ചമാണ്. ചെളിത്തോട്ടിൽ ഒരു ബണ്ട് കെട്ടിയിട്ടുണ്ട്. രണ്ടാം വാർഡിൽ 14 റോഡുകളുണ്ട്. മഴക്കാലത്ത് പലതും വെള്ളം കയറുന്നവയാണ്. ഓടകൾ ഈ ഭാഗത്ത് അത്യാവശ്യമാണ്. മൂന്നാം വാർഡിലും റോഡുകൾ പലതും സഞ്ചാരയോഗ്യമല്ല. പല റോഡുകളും നവീ

കരിക്കേണ്ടതായുണ്ട്. ഒപെരുമ്പള്ളി പാലം ഇവിടെയാണ്. സിലിക്കേറ്റ് കമ്പനി ഈ വാർഡിൽ പ്രവർത്തിക്കുന്നു. വൈദ്യുതിയും എല്ലാ സ്ഥലങ്ങളിലും എത്തിയിട്ടില്ല. മര്യാടി ജംഗ്ഷൻ മുതൽ തെക്കോട്ട് ഗതാഗതസൗകര്യം മോശമാണ്. ഇവിടെ വൈദ്യുതി എത്തിയിട്ടില്ല. കുടിവെള്ളത്തിനും ക്ഷാമം നേരിടുന്നു. ഒരു പ്രാഥമികാരോഗ്യകേന്ദ്രം ഇവിടെ പ്രവർത്തിക്കുന്നു. ഒരു ഖാദി വ്യവസായസംഘം, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവയും ഈ വാർഡിലാണ്.

നാലാം വാർഡിലെ റോഡ് ഗതാഗതം അത്ര മെച്ചപ്പെട്ട നിലയിലല്ല. ഒരു തീപ്പെട്ടി കമ്പനി പ്രവർത്തിക്കുന്നു. ഇവിടുത്തെ പട്ടികജാതി കോളനി ഇനിയും മെച്ചപ്പെടേണ്ടതായി ഉണ്ട്. വാർഡിൽ മിക്കഭാഗത്തും പൈപ്പ് ലൈൻ ഉണ്ട്. മംഗലത്ത് മുക്കുമുതൽ തേവലക്കര പാടം വരെയുള്ള തോടിന്റെ പണി പൂർത്തിയാകേണ്ടതായുണ്ട്.

അഞ്ചാം വാർഡിൽ റോഡ് ഗതാഗതം മെച്ചപ്പെട്ട രീതിയിൽ അല്ല. റോഡുകളിലും വെള്ളം കയറുന്ന അവസ്ഥ ഉണ്ട്. ഓടകൾ ഈ ഭാഗത്ത് അത്യാവശ്യമായിരിക്കുന്നു. ജീവിതനിലവാരം പൊതുവേ അത്ര മെച്ചപ്പെട്ടതല്ല. കായൽ വാരം ഇടിഞ്ഞു വീഴാതിരിക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം. ആറാം വാർഡിലും റോഡുകൾ കുറവാണ്. അഷ്ടമുടിക്കായലിന്റെ തീരഭൂമികളിൽ സൈഡ് ഭിത്തി കെട്ടിയിട്ടില്ല. കനാൽ ഉപയോഗയോഗ്യമല്ല. കായൽ നികത്ത് ഒരു പ്രധാന പ്രശ്നമായിരിക്കുന്നു. ഏഴാം വാർഡിലെ ജലസംഭരണി അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിച്ചു. ഇപ്പോൾ അത് ഉപയോഗിച്ചു വരുന്നു. കയർപിരി ഒരു തൊഴിലായി നടന്നു വരുന്നു. അരിനല്ലൂർ ബോട്ട് ജട്ടി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നു. എട്ടാം വാർഡിൽ കായലിന്റെ സൈഡ് കുറച്ച് കെട്ടിയിട്ടുണ്ട്. ഇവിടുത്തെ ജലസംരണിയിൽ പുത്തൻ സങ്കേതത്തിൽ നിന്നും വെള്ളം പമ്പുചെയ്യുന്നു. ഇതും ഉപയോഗശൂന്യമായിരുന്നു. ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 8

തേവലക്കര പഞ്ചായത്ത്

സ്ത്രീപുരുഷ ജനസംഖ്യാ നിരക്ക് 1981, 1991

1991			1981
പുരുഷന്മാർ	18581 (49%)	പുരുഷന്മാർ	16726 (50.1%)
സ്ത്രീകൾ	19136 (50.7%)	സ്ത്രീകൾ	16868 (49.9%)
ആകെ	37717	**ആകെ**	33414


ചേരിക്കടവ് ബോട്ടുജെട്ടി ഗതാഗതസൗകര്യം വഴരെ വർദ്ധിപ്പിക്കുന്നു. ചേരിക്കടവ് ഭാഗത്ത് തൊണ്ട് അഴുക്കലുണ്ട്. എട്ടാം വാർഡിൽ റോഡുകളുണ്ട് എന്നാൽ എല്ലാം നല്ല രീതിയിലല്ല. 6, 7, 8, 9 വാർഡുകൾ പഞ്ചായത്തിലെ കിഴക്കൻ പ്രദേശങ്ങളാണ്. മത്സ്യബന്ധനമേഖലയായ ഈ പ്രദേശങ്ങളാണ് പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന പ്രദേശങ്ങൾ. പത്താം വാർഡിലെ റോഡുകൾ എല്ലാം നല്ല രീതിയിൽ സംരക്ഷിച്ചിട്ടില്ല. പതിനൊന്നാം വാർഡിലും പന്ത്രണ്ടാം വാർഡിലും റോഡുകൾ കുറവാണ്. പതിമൂന്നും പതിന്നാലും വാർഡുകളിലെ ഗതാഗതം കുറച്ചു മെച്ചപ്പെട്ടതാണ് കല്ലട പദ്ധതിയുടെ കനാൽ ഇതുവരെ ഉപയോഗയോഗ്യമായിട്ടില്ല. കൽക്കുളങ്ങര മുക്കുമുതൽ കുഞ്ഞിനാം കളീലിൽ മുക്കുവരെ ഒരു റോഡ് വർക്കിംഗ് ഗ്രൂപ്പിൽപ്പെടുത്തി കിട്ടിയിട്ടുണ്ട്. പതിമൂന്ന്, പതിനാല് വാർഡുകഴിലെ റോഡുകൾ മഴക്കാലത്ത് തോടായി മാറുന്നു. നിലം നികത്തിയ ഭാഗങ്ങൾ തരിശായി കിടക്കുന്നു.

മനുഷ്യവിഭവം

ലോകത്തിലെ ഏറ്റവും വലിയ ശക്തി മനുഷ്യശക്തി (മാൻപൗവ്വർ) ആണ്. ഒരു നാടിന്റെ ഏറ്റവും വലിയ വിഭവമായി കണക്കാക്കുന്ന മനുഷ്യസമ്പത്തിനെക്കുറിച്ച് വിവരങ്ങൾ ഗ്രഹിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ (1991) 37,717 ആണ്. പട്ടിക 8 കാണുക.

തേവലക്കര പഞ്ചായത്ത്

ഭൂവിനിയോഗം



A. അഷ്ടമുടിഫാമായൽ B. തെങ്ങുകൃഷി C. മിശ്രിത വിളകൾ D. ഒരു വിളകൃഷി E. രണ്ടാമതൊരു വിളകൃഷി F. രണ്ടു വിള കൃഷി


G. മൂന്നു വിള കൃഷി H. നിശ്ചലതനിയ പ്രദേശം I. തെങ്ങും വാഴയും J. കൃഷിയിടവും ജനവാസമായ തരിശുഭൂമി K. തെങ്ങും മരിച്ചീനിയും

L. തെങ്ങും, കവുങ്ങും M. തരിശുഭൂമി N. മിശ്രിതമരങ്ങൾ O. കവുങ്ങ്

PRO - GK'SS

[illegible]

സ്ത്രീപുരുഷ ജനസംഖ്യാ നിരക്ക് 1981, 1991



ചിത്രം (8)

PRM - CESS

വികസനമേഖലകൾ

5

5.1

കൃഷിയും ജലസേചനവും

ഗ്രാമം നശിക്കുകയാണെങ്കിൽ രാജ്യം നശിക്കും

- ഗാന്ധിജി

നൂറ്റാണ്ടുകളായിത്തന്നെ ഈ ഗ്രാമത്തിൽ കാർഷികവൃത്തി സാർവ്വത്രികമായിരുന്നു. ഉഴവുപാട്ടും മത്സ്യത്തൊഴിലാളികളുടെ കൈച്ചിൽ ശബ്ദവും ശംഖ് നാദത്തേയും പള്ളിമണികളേയും ബാങ്കുവിളികളെയും അകമ്പടി സേവിച്ച് ഈ കർഷകഗ്രാമത്തെ ഉണർത്തിയിരുന്നു. പ്രധാന ഉപജീവനമാർഗം കാർഷിക വിളകളെ ആശ്രയിച്ചായിരുന്നു. കൊടുക്കൽ വാങ്ങലുകളുടേയും സ്ത്രീധനം പോലെയുള്ള കാര്യങ്ങളുടെയും അടിസ്ഥാനം കാർഷികോൽപ്പന്നങ്ങൾ ആയിരുന്നു. വലിയ കയറ്റിറക്കങ്ങളില്ലാത്ത സമതല പ്രദേശമാണ് ഈ ഗ്രാമം. അഷ്ടമുടിക്കായലിനോട് ചേർന്ന് കിടക്കുന്ന കിഴക്കൻപ്രദേശം താരതമ്യേന ഉയർന്നതാണ്. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് മണൽ കലർന്ന വെളുത്ത മണ്ണും അതിന് കിഴക്കുഭാഗത്ത് ചെളി കലർന്ന മണ്ണും ഏറ്റവും കിഴക്കേയറ്റം ചെങ്കൽമണ്ണുമാണ്. വെളുത്ത മണൽ കലർന്ന മണ്ണുള്ള ഭാഗത്തും കായലോരപ്രദേശത്തും തെങ്ങു കൃഷി സാർവത്രികമായിരുന്നു. നെൽവയലുകൾ അധികവും ഈ പ്രദേശത്തായിരുന്നു. ചെളി പ്രദേശങ്ങളും ചെങ്കൽ മണ്ണുള്ള പ്രദേശങ്ങളും വിളഭൂമിയായി കരകൃഷികൾക്ക് നിക്കിവച്ചിരുന്നു. കൃഷിഭൂമിയുടെ ഏറിയപങ്കും ഇരുപതിലധികം വരാത്ത കുടുംബങ്ങളുടെ വകയായിരുന്നു. വിളഭൂമികൾ കോലുഴവ് വ്യവസ്ഥയിൽ കൃഷിയ്ക്കായ് പാട്ടത്തിന് നൽകിയിരുന്നു. ഈ കൃഷിസമ്പ്രദായം വർദ്ധിച്ച ഉല്പാദന ക്ഷമത നിലനിർത്തിയിരുന്നു. കൃഷിക്കാരുടെ ആത്മാർത്ഥതയും കൃഷിസമ്പ്രദായത്തിന്റെ ശാസ്ത്രീയതയും ഇതിനു കാരണമായിരുന്നിരിക്കാം. കാലം നീങ്ങുകയും ജനസംഖ്യ വർദ്ധിക്കുകയും ചെയ്തതോടെ ഭൂവിനിയോഗത്തിൽ മാറ്റം വന്നു. കുടിയാൻമാർക്ക് ആശ്വാസകരമായി 1957-ലെ കേരളസർക്കാർ നടപ്പിലാക്കിയ ഭൂമിയമം കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു പാട്ടവ്യവസ്ഥകൾക്കും കാർഷിക സമ്പ്രദായങ്ങൾക്കും സമൂലമായ പരിവർത്തനം ഉണ്ടായി.

പാർപ്പിട പ്രശ്നവും കാർഷിക മേഖലയിൽ മാറ്റങ്ങൾ വരുത്തി. തുണ്ടുഭൂമികളിലെ കൃഷി ആദായകരമല്ലാതായി. വിദ്യാഭ്യാസം കൂടുതൽ സാർവ്വത്രികമായതോടെ കാർഷിക അഭിനിവേശം ഇല്ലാതായി. സർക്കാർ ഉദ്യോഗം മാന്യതയുടെ മുഖമുദ്രയായി. ഈ പശ്ചാത്തലം കാർഷികവൃത്തിയിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ പുതിയ തലമുറയെ പ്രേരിപ്പിച്ചു. കൃഷിയിൽ താല്പര്യം കുറഞ്ഞു. അങ്ങനെയീ ചെറിയ ഗ്രാമവും കൃഷിയുപേക്ഷിച്ച് മറുനാടുകളിലേക്ക് പറിച്ചുനടപ്പെട്ടു.

"അരി ആന്ധ്രയിൽ നിന്ന്
പച്ചക്കറി പൊള്ളാച്ചിയിൽ നിന്ന്
പണം ഗൾഫിൽ നിന്ന്
പിന്നെ എനിക്കെന്തിന് ബേജാർ" !

- കുഞ്ഞുണ്ണി മാഷിന്റെ ഈ വരികൾ എത്രയോ സത്യസന്ധം. ഗൾഫ് പണം ഈ നാടിന്റെ സാമ്പത്തിക വ്യവസ്ഥയുടെ നട്ടെല്ലായി മാറി. തരിശുഭൂമിയുടെ വിസ്തീർണ്ണം വർദ്ധിച്ചു. അവിടങ്ങളിൽ കോൺക്രീറ്റ് സൗധങ്ങൾ ഉയർന്നു. കാർഷികോല്പാദനം കുറഞ്ഞു. ആഹാരത്തിന് എല്ലാം വിലയ്ക്ക് വാങ്ങേണ്ടിവരുന്നു. ഇവിടെ നിന്നുകൊണ്ടാണ് ഈ ജനകീയ ആസൂത്രണത്തെ നോക്കിക്കാണേണ്ടത്. ക്രിയാത്മക അവബോധത്തോടെ ഇതിനെ നോക്കിക്കണ്ടാൽ സമ്പൽസമൃദ്ധമായ - ആരോഗ്യദായകമായ - പരിസ്ഥിതി പ്രശ്നങ്ങളില്ലാത്ത - തൊഴിലില്ലായ്മയെ ഒരു പരിധിവരെ പിടിച്ചു നിർത്താൻ കഴിയുന്ന - എന്നും കായ്ച്ചു കിടക്കുന്ന വിളഭൂമികളുള്ള - പ്രകൃതി മനോഹരമായ ഒരു ഗ്രാമഭംഗിയിലേക്ക് നമുക്ക് തിരിച്ചു പോകാനാകും. ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചകൾ ഈ ആശയത്തെ പ്രബലമാക്കുന്നു.

പണ്ട് നെൽക്കൃഷി ചെയ്തിരുന്ന വയലുകളുടെ വിസ്തീർണ്ണം 403 ഹെക്ടർ ആയിരുന്നു. 1987 ൽ അത് 285 ഹെക്ടറായും ഇപ്പോൾ 280 ഹെക്ടറായും ചുരുങ്ങിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറും നമ്മുടെ പഞ്ചായത്തിന്റേത് 0.03 ഹെക്ടറുമാണ്. ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമികൈവശമുള്ളവരാണ് ഭൂരിപക്ഷം കൃഷിക്കാരും.

പട്ടിക 1

കൈവശഭൂമി (കൃഷിഭവൻരേഖ)

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടറിൽ
1	0.2 ഹെക്ടർവരെ	6397	409
2	0.2 ന് മുകളിൽ 0.5 വരെ	1786	439
3	0.5 ന് മുകളിൽ 1 ഹെക്ടർവരെ	344	175.5
4	1 ന് മുകളിൽ 1.5 വരെ	82	106
5	1.5 ന് മുകളിൽ 2 വരെ	35	58
6	2 ന് മുകളിൽ	38	90.5
	ആകെ	**8682**	**1278**

നാടൻ വിത്തിനങ്ങൾ ഉപയോഗിച്ചാണ് ആദ്യകാലത്ത് കൃഷിചെയ്തിരുന്നത്. ഓരുമുണ്ടകൻ, കറുത്തമുണ്ടകൻ, മുണ്ടക കുറുവ, അതിക്കിരാഴി തുടങ്ങിയ വിത്തിനങ്ങളാണ് കൂടുതലും ഉപയോഗിച്ചിരുന്നത്. കൊച്ചു വിത്ത് (ചമ്പാവ്), ഞവര തുടങ്ങിയവ വിത്തിടീലിനുപയോഗിച്ചിരുന്നു. ഹരിത വിപ്ലവത്തിനുശേഷം തൈനാൻ 3, IR - 8 എന്നീ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും പ്രചാരത്തിൽ വന്നു. UR 19, PTB - 20, PTB-23 തുടങ്ങിയ വിത്തിനങ്ങൾ പിന്നീട് ഉപയോഗിച്ചു തുടങ്ങി. ഇതിൽ ഇപ്പോൾ പ്രചാരത്തിലുള്ളത് PTB - 20, PTB - 23 ഇവ മാത്രമാണ്.

മൂന്നു പൂവും നെല്ല് കൃഷി ചെയ്യുന്ന പാടങ്ങൾ ഇല്ല. പള്ളിയറക്കാട് - മുണ്ടകൻ (ചെളിത്തോട്ടുഭാഗം) പാടത്ത് ആകെ ഒരു പൂവ് കൃഷിചെയ്യാൻ മാത്രമേ സാധിക്കുന്നുള്ളു. രണ്ടാംവിളനെൽക്കൃഷി താരതമ്യേന ആദായകരമായതുകൊണ്ട് മിക്കവാറും പൂർണമായും ചെയ്യുന്നു.

പട്ടിക 2

നെൽക്കൃഷി - വിള വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

നമ്പർ	വിള	വിസ്തീർണ്ണം
1.	നെല്ല് (ഒന്നാം വിള)	193 ഹെക്ടർ
2.	രണ്ടാം വിള	280 ഹെക്ടർ

വിത്തിടീലിന് ജ്യോതി, പവിഴം, ഭാരതി, ശബരി ഇവ 72 ഹെക്ടറിലും PTB-23 14 ഹെക്ടറിലും നാടൻ ഇനങ്ങൾ 107 ഹെക്ടറിലും ഉപയോഗിക്കുന്നു. രണ്ടാം പൂവിന് PTB-20 203 ഹെക്ടറിലും നാടൻ വിത്തിനങ്ങൾ 50 ഹെക്ടറിലും, കായംകുളം 1 (ലക്ഷ്മി) 23 ഹെക്ടറിലും, ശബരി, ജ്യോതി ഇവ യഥാക്രമം 2.5 ഹെക്ടറിലും 1.5 ഹെക്ടറിലും കൃഷി ചെയ്യുന്നു. മൂന്നാം വിളയായി എള്ള് 55 ഹെക്ടറിലും കൃഷിചെയ്യുന്നു. നെൽവിത്തും ഉണങ്ങിയ ചാണകപ്പൊടിയും കൂട്ടിക്കലർത്തി വിത്തിടുന്ന രീതി (പൊടിവിത) ഒന്നാംവിള കൃഷിക്ക് പതിവുണ്ടായിരുന്നു. പറമ്പിലും നെൽക്കൃഷി ചെയ്യാറുണ്ടായിരുന്നു. തെക്കു പടിഞ്ഞാറൻ കാലവർഷത്തെ ആശ്രയിച്ച് ചെയ്തിരുന്ന ഈ കൃഷി 'മോഡൻ' കൃഷി എന്നറിയപ്പെടുന്നു.

തടിക്കലപ്പയും നുകവും നെടുമരവും കുറുമരവും ആയിരുന്നു ഉഴവിനും നിലം നിരപ്പാക്കുന്നതിനും ഉപയോഗിച്ചിരുന്ന പ്രധാന ഉപകരണങ്ങൾ. പാടങ്ങളിൽ വെള്ളം വറ്റിക്കുന്നതിനായി, തോണി, അറയും ചക്രവും, തേക്കെട്ട എന്നിവ ഉപയോഗിച്ചിരുന്നു. നെൽച്ചെടിയിലെ പുഴുവിനെ നശിപ്പിക്കുന്നതിന് പറക്കൊട്ട കൊണ്ടു വീശൽ, ക്ലാഞ്ഞിൽ കൊണ്ട് വീശൽ, കയർ മീനെണ്ണയിൽ മുക്കി നെല്ലോലയിൽ പുരട്ടൽ എന്നീ രീതികൾ അവലംബിച്ചിരുന്നു. കമ്പോസ്റ്റ് വളങ്ങൾ, തോല്, ചാണകം, ചാരം എന്നിവയായിരുന്നു പ്രധാന വളങ്ങൾ.

വയലേലകളിലെ കൊയ്ത്തുപാട്ടും ഞാറ്റുപാട്ടും പ്രസിദ്ധമായിരുന്നു.

അംബുജാ... വൈരീകുലത്തി...
ലുളവാകിയ പാണ്ടവരഞ്ചും...
അമ്മെയുമായൊരു നാളീ...
ലരക്കില്ലവും വെന്തു നടന്നേ.... ഏ....

പതിനൊന്നു പാടശേഖരസമിതികൾ നിലവിലുണ്ട്. ആകെ 106 ഹെക്ടർ സ്ഥലം ഈ സമിതികളുടെ മേൽനോട്ടത്തിൽ സ്ഥിതിചെയ്യുന്നു.

പട്ടിക 3

(കൃഷിഭവൻ രേഖ)

നമ്പർ	രജി:നമ്പർ	പാടശേഖരങ്ങളുടെ പേര്	വാർഡ്	വിസ്തീർണ്ണം ഹെക്ടറിൽ	കർഷകരുടെ എണ്ണം
1.	Q 975/90	പരിയാരം-കൈതക്കുളം	X 1	8	40
2.	Q 835/90	ചോലയിൽപ്പാടം	X 1	20	88
3.	Q 389/90	മുണ്ടോട്ടിപ്പാടം	II	10	46
4.	Q 430/90	കൈപ്പള്ളിച്ചാൽ കുണ്ടാമണ	II	9	42
5.	Q 431/90	മണ്ണൂർകുളങ്ങര	II	4	32
6.	Q 381/90	കരിങ്ങാട്ടിൽ ഉള്ളനാട്	X 1	12	73
7.	Q 499/90	പെരുമാട്ടുമഠം	X II	4	20
8.	Q 442/90	തൃക്കട്ടം വയൽ	X L	4	21
9.	Q 1746/90	ഇന്ദ്രാലിൽപ്പാടം	X I	7	36
10.	Q 604/90	പുന്നിലത്ത് പാടം	VI	8	24
11.	Q 1206/90	പാടശേഖരം പടിഞ്ഞാറേക്കര	I	20	96

എന്നും തെങ്ങു നമ്മുടെ ഒരു പ്രധാന വിളയായിരുന്നു. കൃഷി ഡിപ്പാർട്ടുമെന്റിന്റെ ആവിർഭാവത്തിനു മുൻപ് നേരാം വണ്ണം പരിചരിച്ചു വളർത്തുന്ന "പാക്കു തെങ്ങുകളുടെ" തേങ്ങകൾ ശേഖരിച്ച് വീടുകളിൽത്തന്നെ പാകി കിളിർപ്പിച്ചാണ് തൈകൾ ഉപയോഗിച്ചിരുന്നത്. നെല്ലു കൃഷിയെ അപേക്ഷിച്ച് പരിചരണം കുറച്ചുമാത്രം ആവശ്യമുള്ളതും ഉല്പ്ദാനച്ചെലവു കുറഞ്ഞതുമായ തെങ്ങു കൃഷിയിലേക്ക് കൂടുതൽ ആളുകൾ ആകർഷിക്കപ്പെട്ടു.

പാടങ്ങൾ വ്യാപകമായി നികത്തി തെങ്ങു വയ്ക്കാൻ തുടങ്ങി. ഇത് നീരൊഴുക്കുകൾ തടയുകയും നീർക്കെട്ടുകൾ ഉണ്ടാക്കുകയും ചെയ്തു. സ്ക്കൂൾ വിദ്യാഭ്യാസം മാത്രം ലഭിച്ചവർപോലും കൃഷിയെ മാന്യതയില്ലാത്ത ഒരു തൊഴിലായിക്കണ്ടു. ഇത് കൃഷിയിടങ്ങൾ തരിശിടുന്നതിനിടയായി. കാർഷികവൃത്തിയിലേർപ്പെട്ടിരുന്നവർ കൂടുതൽ കൂടുതൽ മറ്റു തൊഴിലന്വേഷകർ ആയി. കൂലി വർദ്ധനവിനനുസരിച്ച് ഉല്പാദനവർദ്ധനവ് ഉണ്ടാകാത്തതും കൃഷിഭൂമി തരിശിടുന്നതിന് കാരണമായി. തെങ്ങുകൃഷി ആകെ 938 ഹെക്ടറിലാണുള്ളത്. തെങ്ങു കൃഷിക്കു മുമ്പ് വിളകളിൽ മരച്ചീനി, ചേന, ചേമ്പ്, ഏത്തവാഴ, കിഴങ്ങ്, മുതിര, കൂരക്, ചാമ തുടങ്ങിയ കൃഷികൾ ചെയ്തിരുന്നു. കമുക് കൃഷിയും വ്യാപകമായി ഉണ്ടായിരുന്നു. ചമ്പൻകച്ചവടത്തിൽ ഏർപ്പെട്ടിരുന്നവർ ധാരാളമായിരുന്നു. കുരുമുളക് കൃഷി ഇന്നത്തെപ്പോലെ വ്യാപകമായിരുന്നില്ല. മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ ധാരാളം ഉണ്ടായിരുന്നു. മൈലാപ്പു, കറുത്ത മൂവാണ്ടൻ, വെളുത്ത മൂവാണ്ടൻ, കിളിച്ചുണ്ടൻ, നാട്ടുമാവ് തുടങ്ങിയ തരം മാവുകളും വരിക്കാ, കൂഴ തുടങ്ങിയ പ്ലാവുകളുമാണ് കൂടുതൽ പ്രചാരത്തിലുണ്ടായിരുന്നത്. ഇടവിളകളുടെ ആകെ വിസ്തീർണ്ണം പട്ടിക നാലിൽ കൊടുത്തിരിക്കുന്നു.

പട്ടിക 4

ഇടവിളകൾ (കൃഷിഭവൻ രേഖ)

നമ്പർ	വിള	വിസ്തീർണ്ണം-ഹെക്ടറിൽ
1	മരച്ചീനി	172 ഹെക്ടർ
2.	ഏത്തവാഴ	30
3.	കുരുമുളക്	17
4.	ഇഞ്ചി	5
5.	പയർ	45
6.	പച്ചക്കറി	11
7	മറ്റുവിളകൾ	50

നിലം നികത്ത്, അശാസ്ത്രീയമായ റോഡ് നിർമ്മാണം മുതലായവ വെള്ളമൊഴുകുന്നത് തടയുകയും നിലവിലുള്ള ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുകയും ചെയ്തു. അവിടെയുള്ള ജീവജാലങ്ങളുടെ നിലനില്പിന് തന്നെ ഇത് ഭീഷണിയാകുന്നു.

ഭൂവിനിയോഗം

തേവലക്കര പഞ്ചായത്തിന്റെ വിസ്തീർണ്ണം 15.71 ചതുരശ്ര കിലോമീറ്ററാണ്. ഈ മൊത്തം ഭൂമിയുടെ ഇന്നത്തെ വിനിയോഗ രീതിയാണ് ഭൂവിനിയോഗം കൊണ്ടുദ്ദേശിക്കുന്നത്. കാർഷികഭൂമി എന്നത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന വിഭവങ്ങളുടെ ആസ്ഥാനമാണ്. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 5
ഭൂവിനിയോഗം *(Cess Report)*

	വിസ്തീർണ്ണം (ഹെക്ടറിൽ)	%
അഷ്ടമുടിക്കായൽ	92	6
തെങ്ങുകൃഷി	814	52
മിശ്രിത വിളകൾ	260	16.5
ഒരുപ്പൂ കൃഷി	78	5
രണ്ടാമത്തെ പൂക്കൃഷി	50	3
രണ്ടു പൂകൃഷി	76	4.8
മൂന്നു പൂ കൃഷി	43	2.7
നികത്തിയപാടം	41	2.6
തെങ്ങും വാഴയും	17	1
കൃഷിയ്ക്കുപയുക്തമായ തരിശുഭൂമി	10	0.6
തെങ്ങും മരച്ചീനിയും	10	0.6
തെങ്ങും കവുങ്ങും	58	4
തരിശുഭൂമി	1	0.06
മിശ്രിതമരങ്ങൾ	13	0.8
കവുങ്ങ്	8	0.5
ആകെ	1571	

നെല്ലിന്റെ വിളക്രമം

പട്ടിക 6
(കൃഷിഭവൻ രേഖ)

1	നെല്ല്	നെല്ല്	നെല്ല്	തരിശ്
2	ഇല്ല	ഇല്ല	ഇല്ല	നെല്ല്
3	എള്ള്	തരിശ്	പയർ + പച്ചക്കറി	തരിശ്

ജലസേചനം

മഴയെമാത്രം ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തുന്നത്. പലപ്പോഴും വിള ഇറക്കുന്നതിന് അത് മൂലം താമസമുണ്ടാവുകയും ഇറക്കിയ വിളകൾ നശിക്കാനിടവരുകയും ചെയ്യുന്നു. ജലസേചന സൗകര്യമുണ്ടെങ്കിൽ ഒരു പൂവ് കൂടി കൃഷി ചെയ്യാൻ പറ്റിയ പാടങ്ങളും ഉണ്ട്. പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും കൂടി പോകുന്ന KIP കനാൽ പ്രവർത്തനക്ഷമമാക്കിയാൽ നെൽക്കൃഷിയ്ക്കും കരകൃഷിക്കും ഒരുപോലെ സഹായകരമാകും. ഈ കനാൽ ഇല്ലാത്ത വാർഡുകളിലേക്ക് സബ് കനാലുകൾ ഉണ്ടാക്കുകകൂടി ചെയ്താൽ നെൽക്കൃഷി കൂടുതൽ വ്യാപിക്കാൻ കഴിയും. പച്ചക്കറി കൃഷിയുടേയും, മറ്റ് ഇടവിളകളുടേയും ഉല്പാദനം ഇന്നുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. 1993 മുതൽ ഈ പ്രദേശത്തു കിട്ടുന്ന മഴയുടെ ലഭ്യത നോക്കിയാൽ മഴ വളരെയധികം കുറഞ്ഞുവരുന്നത് കാണാൻ കഴിയും.

പട്ടിക 7

സ്റ്റേറ്റ് കോക്കനട്ട്, നഴ്സറിരേഖ, തഴവ

Months	1993	Year 1994	1995	1996
January	Nil	20 mm	2 mm	29 mm
February	34.7 mm	05 mm	77 mm	1 mm
March	11.5 mm	13 mm	80 mm	2 mm
April78.9 mm	60 mm	167 mm	92.75 mm	
May208 mm	399.5 mm	258 mm	49.5 mm	
June593.5 mm	410.5 mm	436 mm	367 mm	
July623 mm	451.5 mm	382.5 mm	398 mm	
August	126.9 mm	391.5 mm	281.5 mm	151 mm
September	96.1 mm	186 mm	193.5 mm	210 mm
October	475 mm	359 mm	159.5 mm	226.5 mm
November	319.6 mm	196 mm	170.5 mm	169.5 mm
December	88 mm	3 mm	Nil	Nil
Total	2505.9 mm	2495 mm	2208 mm	1664 mm

വളം

സഹകരണമേഖലയിലുള്ള ഒരു വളം വിപണന കേന്ദ്രം മാത്രമാണ് പഞ്ചായത്തിലുള്ളത്. സമീപപ്രദേശങ്ങളിലുള്ള സ്വകാര്യ വളം വിപണനകേന്ദ്രങ്ങളെ ആണ് മുഖ്യമായും കൃഷിക്കാർ ആശ്രയിക്കുന്നത്. ജൈവവളങ്ങളുടെ ലഭ്യത കുറവും രാസവളങ്ങളുടെ ഉയർന്നഉല്പാദന ക്ഷമതയും മൂലം രാസവളങ്ങളുടെ ഉപയോഗം കൂടുതലായി. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം തീരെയില്ല.

പട്ടിക 8

വളം

Details of Fertilizer Consuption for years - 1994 - 1995 (Year base)

KRISHI BHAVAN, THEVALAKARA

Sl No.	Name of fertilizer	Fertilizer consumption/ Year base/Kg.			1994			1995			1996		
		1994	1995	1996	N	P	K	N	P	K	N	P	K
1	Urea	2841	1165	1129	1307	-	-	536	-	-	519	-	-
2	M.O.P	2508	807	2368			1505	-	-	520	-	-1421	
3	Factomphos	4497	2933	4317	899	899	-	587	587	-	863	863	-
4	10:5:20	2913	3289	3103	291	146	582	329	164	658	310	155	620
5	Mussuriphos	1950	900	1300	-	390	-	-	180	-	-	260	-
6	Mg. Sulphate	-	317	559	-	-	-	-	-	-	-	-	-
					2497	1435	2087	1452	931	1178	1692	1278	2041

രോഗങ്ങൾ

തെങ്ങുകൾക്ക് പ്രധാനമായും കൂമ്പ്ചീയൽ, ഓലചീയൽ തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു.

നെല്ലിന് പുള്ളിക്കുത്ത്, പോളചീയൽ തുടങ്ങിയ രോഗങ്ങളും ഇലചുരുട്ടിപ്പുഴു, കുഴൽപ്പുഴു, തണ്ടുതുരപ്പൻ, ചാഴി തുടങ്ങിയ കീടങ്ങളും.

വാഴയ്ക്ക് കുറുനാമ്പ്, Rnozom Weevil ഇവ സാധാരണ രോഗങ്ങളാണ്.

ഇഞ്ചിയ്ക്ക് Sift rot, Stem borer (തണ്ട് തുരപ്പൻ)

ചെല്ലി ശല്യം തെങ്ങുകൾക്ക് വളരെയധികം കണ്ടുവരുന്നുണ്ട്.

കീടനാശിനികൾ

നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി ഇവയ്ക്കാണ് പ്രധാനമായി ഉപയോഗിക്കുന്നത്. കീടനാശികളുടെ വിപണനകേന്ദ്രം ഒരെണ്ണം പഞ്ചായത്തിലുണ്ട്. കൃത്യമായ അളവിലും ശ്രദ്ധയോടെയും അല്ല കീടനാശിനികളുടെ ഉപയോഗം. അശാസ്ത്രീയമായ ഈ പ്രയോഗം കാരണം ഉദ്ദേശിക്കുന്ന ഫലം കിട്ടാതെ വരികയും പാരിസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

കാർഷികോപകരണങ്ങൾ

ഇത്രയും കൃഷിസ്ഥലങ്ങളും പാടശേഖര കമ്മിറ്റികളുമുണ്ടെങ്കിലും പഞ്ചായത്തിൽ ഒരു ട്രാക്ടറോ, ട്രില്ലറോ ഇല്ല. പത്തിൽ താഴെ ജോഡി ഉഴവുകാളകൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. കൂടുതൽ ജോലികളും സമീപപ്രദേശത്തുള്ള ട്രില്ലർ ഉപയോഗിച്ചാണ് നടത്തുന്നത്.

വിത്ത് – നടീൽ വസ്തുക്കൾ

കർഷകർക്കാവശ്യമായതിന്റെ 10/1 മാത്രമാമേ കൃഷിഭവൻ വഴി വിതരണം ചെയ്യുന്നുള്ളു. പയർ, വിത്തെള്ള്, നെല്ല് വിത്ത് ഇവയുടെ മിനികിറ്റ്സ് കൃഷിഭവൻ വഴി വിതരണം ചെയ്യാറുണ്ട്. രണ്ടാംവിളനെൽക്കൃഷിയ്ക്കായി ജ്യോതി, പവിഴം, കാഞ്ചന എന്നീ നെൽവിത്തുകൾ വിതരണം ചെയ്യുന്നുണ്ട്. വേണ്ടത്ര അളവിൽ കൊടുക്കാൻ കഴിയാറില്ല.

വിപണനം

കുറയുന്ന ഉല്പാദന ക്ഷമതയും വർദ്ധിച്ചുവരുന്ന കൂലിനിരക്കും പോലെ തന്നെ ഒരു പ്രധാന പ്രശ്നമാണ് ഉല്പന്നങ്ങളുടെ വിപണനവും. ഇടത്തട്ടുകാരുടെ രംഗപ്രവേശം മൂലം നഷ്ടമുണ്ടാകുന്നത് ഉത്പാദിപ്പിക്കുന്ന കൃഷിക്കാരനും, വാങ്ങുന്ന ഉപഭോക്താവിനുമാണ്. അതൊഴിവാക്കാനായി പഞ്ചായത്തുതല വിപണനകേന്ദ്രം തുടങ്ങണം.

വായ്പകൾ

ഒരു കാർഷിക സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും, ഒരു ദേശസാൽകൃത ബാങ്കും, ഒരു സ്വകാര്യ വാണിജ്യ ബാങ്കും ഈ പഞ്ചായത്തിൽ ഉണ്ട്. തെക്കുംഭാഗം SBT യുടെ തെരഞ്ഞെടുത്ത വാർഡുകളാണ് കോയിവിള, കോയിവിളവടക്ക്, കോയിവിളക്കിഴക്ക്. കരുനാഗപ്പള്ളി പ്രാഥമിക കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന മേഖലയിൽ നമ്മുടെ പഞ്ചായത്തും ഉണ്ട്.

തോടുകൾ

പഞ്ചായത്തിലെ പല തോടുകളും നികന്ന് പോകുകയോ, നികത്തുകയോ, ചെയ്തതുമൂലം ജലനിർഗമനമാർഗങ്ങൾ അടയപ്പെട്ടിരിക്കുന്നു. വെള്ളക്കെട്ട് ഉണ്ടാവുകയും ഭൂമി കൃഷിയോഗ്യമല്ലാതാക്കുകയും ചെയ്യുന്നു. നെൽപ്പാടങ്ങളിൽ വെള്ളം എത്തിയ്ക്കുന്നതിനും, അധികമായി വരുന്ന വെള്ളം ഒഴുക്കിക്കളയുന്നതിനും ഈ തോടുകൾ കൂടിയേ തീരൂ. നികന്ന, നികത്തിയ തോടുകളെല്ലാം പൂർവ്വസ്ഥിതിയിലാക്കുകയും അവശ്യംവേണ്ട തോടുകൾ പുതിയതായി നിർമ്മിക്കുകയും വേണം.

കുളങ്ങൾ

പഞ്ചായത്തിൽ ആകെ 16 പൊതു കുളങ്ങളുണ്ട്. പട്ടിക – 9

പട്ടിക 4 കുളങ്ങൾ

ക്രമനമ്പർ	കുളങ്ങളുടെ പേരുവിവരം	വാർഡ്
1	മണ്ണൂർകുളം	9
2	പുത്തൻകുളം	5
3	കല്ലുമ്പുറത്തു കുളം	2
4	ആലയിൽ കുളം	3
5	വെളിയിൽകുളം	1
6	നാട്ടയ്യത്ത് കുളം	1
7	മാമ്പറ്റകുളം	6
8	കാച്ചുവാഴക്കുളം	14
9	ഇളങ്ങല്ലൂർകുളം	2
10	കൂഴംകുളം	13
11	തച്ചിരേഴത്ത് കുളം	11
12	തുമ്പക്കുളം	12
13	ചേനം കുളം	10
14	ചോലയിൽ കുളം	12
15	മണക്കാട്ടുകുളം	12
16	കരിഞ്ചിക്കുളം	12

ക്കര ആറാട്ട് ചിറയുടെ പടിഞ്ഞാറ് ഭാഗത്ത് കൂടി ഒഴുകുന്ന മൈനാഗപ്പള്ളി – തേവലക്കര പഞ്ചായത്തുകളെ വേർതിരിക്കുന്ന തോടുമായി ബന്ധിപ്പിക്കണം. ഈ തോടിൽ കണിയാരം പാടത്തേയ്ക്കും കോയിക്കേരി പാടത്തേയ്ക്കും ആവശ്യമുള്ള സന്ദർഭങ്ങളിൽ വെള്ളം കയറ്റുന്നതിന് പലക ഇടുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ പാടശേഖരങ്ങളിൽ തോടിൽ നിന്നും വെള്ളം കയറ്റുന്നതിനുള്ള കുഴലുകൾ സ്ഥാപിച്ചിട്ടില്ല. അത് അടിയന്തരമായി ചെയ്യേണ്ടതാണ്. തോടിന്റെ ആഴവും, വീതിയും കൂട്ടുകയും വേണം. ആവശ്യമായ സന്ദർഭങ്ങളിൽ തടയണ ഇടുകയും വേണം.

☞ ഈ തോടിന്റെ ഇരുവശങ്ങളും കെട്ടിയിട്ടില്ലാത്ത ഭാഗങ്ങളിൽ ഇരുവശങ്ങളും തോട് അവസാനിക്കുന്ന ഭാഗം വരെയും കെട്ടുകയും, ഒരു ഭാഗം കൃഷിയാവശ്യത്തിനുള്ള ഉല്പാദനോപാധികളും, ഉല്പന്നങ്ങളും കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനുമുള്ള ഗതാഗത സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. തോടിന്റെ വശങ്ങളിൽ കൈത നട്ടു പിടിപ്പിയ്ക്കണം. അതി വൃഷ്ടിമൂലമുണ്ടാകുന്ന വെള്ളക്കെട്ട് പ്രത്യേകിച്ചും പള്ളിയറക്കാവ് – മുണ്ടകൻപാടത്ത് – ഒഴിവാക്കുന്നതിന് തോട വസാനിക്കുന്ന പള്ളയ്ക്കലാറിന്റെ ഭാഗം കരിങ്കൽകെട്ടി ബലപ്പെടുത്തി പെട്ടിയും പറയും സ്ഥാപിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇപ്രകാരം പള്ളിയ്ക്കലാറിന്റെ രണ്ടുവശം കരിങ്കല്ലു കെട്ടി ബലപ്പെടുത്തുന്നതു മൂലം ഉപ്പുവെള്ളം കയറി കൃഷി നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ സാധിക്കുന്നു. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറ് ഭാഗങ്ങളിൽ നിലവിലുള്ള ഒരുപ്പുനിലങ്ങൾ ഇരുപ്പു കൃഷിചെയ്യുന്നതിന് ഉതകത്തക്ക രീതിയിൽ ജലസേചന ആവശ്യത്തിലേക്ക് ഒരു കുഴൽ കിണർ സ്ഥാപിച്ച് ജലസേചനം ഉറപ്പു വരുത്തിയാൽ അധികനെല്ലുല്പാദനം കൈവരിക്കാവുന്നതാണ്.

☞ ജൈവവള നിർമാണം പ്രോത്സാഹിപ്പിക്കണം. പുരയിടങ്ങളിൽ സ്വന്തമായി പച്ചിലവളം കൃഷി ചെയ്യാനുള്ള ബോധവൽക്കരണം നടത്തണം.

☞ പുറമ്പോക്ക് ഭൂമിയിലും തരിശ്ഭൂമിയിലും പുൽക്കൃഷി പ്രോത്സാഹിപ്പിക്കണം.

☞ നാളീകേരത്തെ നാണ്യവിളയായി പ്രഖ്യാപിക്കുന്നതിനായി ഓയിൽ സീഡ്സിന്റെ ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തണം.

☞ കാർഷികവിളകളുടെ മത്സരം വാർഷിക പരിപാടിയായി നടത്തണം.

5.2

മൃഗസംരക്ഷണം

മുൻകാലങ്ങളിൽ വീട്ടാവശ്യത്തിനുള്ള പാലിനും കൃഷിയിടങ്ങളിലുള്ള വളത്തിനും വേണ്ടി പശുപരിപാലനം നടത്തിയിരുന്നു. അക്കാലങ്ങളിൽ നാടൻ പശുക്കളെ കൂട്ടത്തോടെ വളർത്തുകയായിരുന്നു. ഗ്രാമത്തിലെ തരിശിടങ്ങളിൽ കാലിക്കൂട്ടങ്ങൾ സാധാരണ കാഴ്ചയായിരുന്നു. വിലയ്ക്കുവാങ്ങുന്ന പോഷകകാലിത്തീറ്റകൾ നൽകുന്ന പതിവ് ഇല്ലായിരുന്നു. നിറങ്ങളെ അടിസ്ഥാനപ്പെടുത്തി പശുക്കളെ ക്രാലി, മൈല, പൂവാലി, കോള എന്നിങ്ങനെ തരം തിരിച്ചിരുന്നു. നാടൻ പശുക്കളുടെ പാലിന് ഇപ്പോഴക്കെ മുന്തിയ ഇനം പശുക്കളുടെ പാലിനെക്കാൾ ഗുണമേന്മ ഉള്ളതായി കർഷകർ വിശ്വസിക്കുന്നു. അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ തീരെയില്ലായിരുന്നു.

പാലിന്റെ ഉപഭോഗം വർദ്ധിക്കുകയും ഒരു തൊഴിൽ എന്ന നിലയിൽ കാലിവളർത്തൽ ഏറ്റെടുക്കുകയും ചെയ്തതോടെ സങ്കരയിനത്തിലുള്ള പശുക്കൾ പ്രചാരത്തിൽ വന്നു. പാൽ ഉല്പാദനവും വിപണനവും വർദ്ധിച്ചു. സങ്കരയിനത്തിന്റെ വരവോടെ നാടൻ പശുക്കൾ ക്രമേണ അപ്രത്യക്ഷമായി. ഇതിനോടൊപ്പം പാൽ സൊസൈറ്റികൾ രംഗപ്രവേശം ചെയ്തു. സർക്കാർ തലത്തിൽ ശ്രദ്ധിക്കാൻ തുടങ്ങിയതോടെ രംഗം കൂടുതൽ സജീവമായി. ഈ രംഗത്തെ മിൽമയുടെ പ്രവർത്തനവും പശുകൃഷിക്കാരെ കൂടുതൽ ഉഷാറാക്കി. പാൽ സംഘങ്ങൾ കന്നുകാലിപരിപാലനത്തിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങളും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇത്രയൊക്കെയായിട്ടും ലാഭകരമായി കൃഷിനടപ്പിലാക്കാൻ കഴിയുന്നില്ല.

താരതമ്യേന ചിലവുകുറഞ്ഞ ആടുവളർത്തലും നിലനിന്നിരുന്നു. കോലാടിൻപാൽ വയറുകടിക്കുള്ള ഔഷധമായി ഉപയോഗിച്ചിരുന്നു. ഇറച്ചിക്കുവേണ്ടിയുള്ള ചെമ്മരിയാടുകളേയും വളർത്തിയിരുന്നു. എരുമകളെ വ്യാവസായികാടിസ്ഥാനത്തിലുള്ള പാലിന്റെ ആവശ്യത്തിനായാണ് വളർത്തിയിരുന്നത്. മുയലുവളർത്തലും, പന്നിവളർത്തലും വ്യാവസായികാടിസ്ഥാനത്തിൽ ഗ്രാമത്തിൽ ഒരിടത്തും നടക്കുന്നില്ല. ചിലവീടുകളിൽ പരിമിതമായി മുയൽ, പന്നി എന്നിവയെ വളർത്തുന്നുണ്ട്. മിക്കവീടുകളിലും കോഴിയെ വളർത്തുന്നുണ്ട്. ഇറച്ചിക്കോഴി വളർത്തലിന്റെ ഒരു യൂണിറ്റു പോലും പ്രവർത്തിക്കുന്നില്ല. താറാവു വളർത്തൽ വ്യാപകമല്ല.

തേവലക്കരയിൽ പ്രവർത്തിക്കുന്ന 3 ഉം പ്രവർത്തിക്കാത്ത ഒരു സൊസൈറ്റിയുമുണ്ട്. കൂടാതെ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത പാൽ സൊസൈറ്റികളുമുണ്ട്.

ഈ സ്ഥാപനങ്ങൾക്ക് കൃഷിക്കാരുടെ മുഴുവൻ ആവശ്യങ്ങളും നിറവേറ്റാൻ കഴിയുന്നില്ല. ഗ്രാമത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ സൊസൈറ്റികൾ പ്രവർത്തിക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ധാരാളമാണ്. ഇവിടുത്തെ പാൽ ഉല്പാദനം ഏകദേശം 3500 ലിറ്ററാണ്.

വൈക്കോൽ ലഭ്യതയുടെ കുറവ് പശുവളർത്തലിന് ഭീഷണിയാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രതിവർഷം ഇവിടെയെത്തുന്ന ഏകദേശം 300 ലോറി വൈക്കോലിനെ ആശ്രയിച്ചാണ് കാലിവളർത്തൽ. വർഷത്തിന്റെ മുഴുവൻ ദിവസവങ്ങളിലും പുല്ല് കിട്ടാനുള്ള സാദ്ധ്യതയും ഇവിടെയില്ല. കാലിത്തീറ്റയുടെ വില കൂടുതലും കാർഷിക ഗതാഗത രംഗത്തെ യന്ത്രവൽക്കരണവും ഉഴവുമാടുകളെ വളർത്തുന്ന രീതിയും ഇല്ലാതാക്കി. ഉഴവിനും ഭാരം വലിക്കുന്നതിനും ഉള്ള കാളകളുടെ എണ്ണം 10 ജോഡിയിൽ താഴെയാണ്.

വളർത്തുമൃഗ പട്ടിക

ക്രമനമ്പർ	വളർത്തുമൃഗങ്ങൾ	എണ്ണം
1	പശു	1860
2	എരുമ	103
3	ആട്	672
4	കോഴി	19714
	" മുട്ടയിടുന്നത്	12159
5	താറാവ്	3783

പടപ്പനാലിലുള്ള മൃഗാശുപത്രി നിലവിൽ വരുന്നതുവരെ അവിടെ പ്രവർത്തിച്ചിരുന്ന സബ്സെന്റർ മാത്രമായിരുന്നു മൃഗചികിത്സാരംഗത്തെ ഏക ആശ്രയം. ഇപ്പോൾ മൃഗാശുപത്രിക്കു പുറമേ കോയിവിളയിൽ ഒരു സബ്സെന്റർ പ്രവർത്തിക്കുന്നു. ഇപ്പോഴും ബാക്കിയുള്ള സ്ഥലങ്ങളിൽ നിന്നും മൃഗങ്ങളെ കിലോമീറ്ററുകൾ സഞ്ചരിപ്പിച്ച് ചികിത്സിപ്പിക്കേണ്ടിയിരിക്കുന്നു. കന്നുകാലികളിൽ പനി, ഉദരരോഗം, കറവ പശുക്കളിലെ അകിടുവീക്കം, കുളമ്പുരോഗം എന്നിവഉണ്ടാകാറുണ്ട്. നല്ല ഗുണനിലവാരമുള്ള കാലിത്തീറ്റ നൽകുകയും ശുചിത്വം പാലിക്കാൻ കഴിയുകയും ചെയ്താൽ ഒരു പരിധിവരെ ഈ രോഗങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. തീറ്റക്രമത്തിൽ ആവശ്യത്തിന് പച്ചപുൽ കൂടി കൊടുക്കാൻ കഴിഞ്ഞാൽ കാൽസ്യത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങളും പരിഹരിക്കാൻ കഴിയും. മൃഗസംരക്ഷണത്തിൽ ആവശ്യമായ ബോധവൽക്കരണം കൃഷിക്കാർക്ക് നൽകേണ്ടതാണ്. ഡയറിഫാം ഇൻസ്പക്ടറുടെ ഓഫീസിൽ നിന്നും വിവിധ പരിപാടികൾ നടത്തുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം ഇവിടെ ലഭ്യമല്ല. ക്ഷീരവികസന വകുപ്പ് തേവലക്കര പഞ്ചായത്ത് പ്രദേശത്ത് 8-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ പദ്ധതികളും, 9-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടേയും തുപരേഖ ചുവടെ ചേർത്തുകൊള്ളുന്നു.

പദ്ധതി നടപ്പിലാക്കുന്ന ഓഫീസ് - ക്ഷീരവികസനവകുപ്പിന്റെ ശങ്കരമംഗലത്തു പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റ് ആഫീസ്. ടി. ഓഫീസിൽ ഒരു ക്ഷീരവികസന ഓഫീസറും രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടറും സേവനമനുഷ്ഠിക്കുന്നു.

ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ടി വകുപ്പ് 8-ാം പദ്ധതിക്കാലത്ത് തേവലക്കര പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ :-

1 ബ്ലോക്കുതല കന്നുകാലി പ്രദർശനം തേവലക്കരയിൽ വച്ച് ഒരു പ്രാവശ്യം നടത്തി.

2 **തീറ്റപ്പുൽക്കൃഷി :** കുറഞ്ഞ ചെലവിൽ പാലുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി തീറ്റപ്പുൽ കൃഷിക്കാവശ്യമായ വിത്തിനങ്ങൾ രാസവള സബ്സിഡിയോടുകൂടി കർഷകർക്ക് നൽകുന്നു. ചോളം, വൻപയർ, പുൽക്കടകൃഷി എന്നിവ കാലാനുസൃത വിതരണം നടത്തുന്നു.

3 **ധാതുലവണ മിശ്രിതം :** പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന ധാതുലവണ മിശ്രിതം വിതരണം നടത്തിവരുന്നു.

4 **കർഷക സമ്പർക്കപരിപാടികളും ഉൽപ്പന്ന നിർമ്മാണ പ്രദർശനവും :** കർഷകരുടെ ചർച്ചാ ക്ലാസ്സും ക്ഷീരോൽപ്പന്നങ്ങളുടെ നിർമ്മാണ രീതിയും പ്രദർശനവും നടത്തുന്നു. പഞ്ചായത്തിൽ 2 എണ്ണമാണ് ടാർജറ്റ്. ഒരെണ്ണം നടത്തിക്കഴിഞ്ഞു.

9-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കുന്ന പദ്ധതികൾ

1	മാതൃകാ കന്നുകാലിത്തൊഴുത്ത്	- 10 എണ്ണം
2	ഡയറിയൂണിറ്റ്	- 1
3	പുൽക്കൃഷി	- 2 ഹെക്ടർ
4	കർഷക സമ്പർക്ക പരിപാടിയും ഉൽപ്പന്ന നിർമാണപ്രദർശനവും	- 5 എണ്ണം
5	പതിവായി വിതരണം നടത്തുന്ന മറ്റിനങ്ങൾ	
	a) ധാതുലവണ മിശ്രിതം	
	b) വിറ്റാമിൻ A സപ്ലിമെന്റ് (മീനെണ്ണ)	
	c) ശുദ്ധമായ പാലുല്പാദന കിറ്റ്	

പ്രശ്നങ്ങൾ

- കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റം, വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതക്കുറവ്.
- മൃഗചികിത്സയ്ക്കു വേണ്ടിവരുന്ന വർദ്ധിച്ച ചിലവ്
- ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
- മൃഗങ്ങളിലും പക്ഷികളിലും ഉണ്ടാകുന്ന പകർച്ച വ്യാധികൾ തടയുന്നതിനുള്ള പ്രതിരോധ ഏർപ്പാടുകളുടെ കുറവ്.
- ക്ഷീരവിപണനത്തിനും സംസ്കരണത്തിനും ഉള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
- വളർത്തുമൃഗങ്ങളിൽ ഉണ്ടാകുന്ന പേ വിഷബാധ. (പ്രത്യേകിച്ച് വളർത്തു നായ്ക്കളിൽ)
- കാലിവളർത്തലിന് ലോണുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ. കിട്ടുന്നവ ശരിയായി ഉപയോഗിക്കായ്ക.

- മൃഗങ്ങളുടെ ഇൻഷ്വറൻസ് സ്കീമുകൾ ശരിയായ ഫലം ലഭിക്കുന്നവയല്ല. അവിചാരിതമായി ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കുന്നില്ല.

പരിഹാരങ്ങൾ

- കാലിത്തീറ്റ മാവേലിസ്റ്റോറു വഴി വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക. അവയുടെ ഗുണനിലവാരം ഉറപ്പു വരുത്തണം.
- കനാൽ പുറമ്പോക്കിലും, തരിശ് ഭൂമിയിലും പുൽകൃഷി നടത്തണം.
- ഇന്നുള്ള പാൽ സൊസൈറ്റികളുടെ പ്രവർത്തനം പഞ്ചായത്തൊട്ടാകെ വ്യാപിപ്പിക്കണം. അതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ ശാഖകൾ തുടങ്ങുകയോ ഇല്ലാത്ത മേഖലകളിൽ പുതിയ സൊസൈറ്റികൾ തുടങ്ങുകയോ ചെയ്യുക.
- മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ കോഴിവസന്തക്കുള്ള കുത്തിവയ്പ് സംഘടിപ്പിക്കണം.
- അധികം ഉൽപ്പാദിപ്പിക്കുന്ന പാൽ ഇവിടെത്തന്നെ സംസ്കരിക്കുവാനുള്ള സംസ്കരണ കേന്ദ്രം തുടങ്ങണം.
- താറാവ് വളർത്തലും മുയൽ വളർത്തലും പ്രോത്സാഹിപ്പിക്കണം. പ്രത്യുല്പാദന നിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചിക്കായി മുയലിനെ വളർത്തുന്നത് ലാഭകരമായിരിക്കും. അതിന് വിപണന സൗകര്യം കൂടി ഉണ്ടാക്കണം.
- ഒരു വീടിന് ഒരു പശു എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ വേണ്ട സാമ്പത്തിക സഹായവും നന്നായി ലാഭകരമായി വളർത്തുന്നതിനുള്ള ബോധവൽക്കരണവും സംഘടിപ്പിക്കണം.
- അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ കൊല്ലുകയും, നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യണം.
- കന്നുകാലികളുടെ പ്രദർശനവും മത്സരവും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുക.
- പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനാവശ്യമായ ഇന്നുള്ള നടപടികൾ കാലാനുസൃതമായി പരിഷ്ക്കരിക്കണം.
- ചികിത്സാസൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി കൂടുതൽ സബ്സെന്ററുകൾ സ്ഥാപിക്കുക.
- മരുന്നുകൾ വിലകുറച്ച് കിട്ടുന്നതിനുള്ള ഏർപ്പാടുകൾ സ്വീകരിക്കുക.
- ഡയറിഫാം ഇൻസ്പക്ടറുടെ ആഫീസ് സ്ഥാപിക്കണം.

5.2 മത്സ്യബന്ധനം

അഴകല ഞൊറിയുന്ന അഷ്ടമുടിക്കായലിന്റെ വടക്കു പടിഞ്ഞാറേ തീരമാണ് തേവലക്കര ഗ്രാമ പഞ്ചായത്ത്. അദ്ധ്വാന ശീലരായ തീരദേശവാസികളുടെ ജന്മഗ്രാമം. മത്സ്യബന്ധനവും, കടത്തിറക്കുമായി കഴിഞ്ഞ മുൻഗാമികൾ അഴിമുഖം തഴുകുന്ന കായലാണെങ്കിലും തികച്ചും ഉൾനാടൻ തീരമാണിവിടം. കല്ലടയാറു വന്നു കൈകോർത്ത് സമ്പത്തർപ്പിക്കുന്ന പ്രത്യേകതയും ഈ ഗ്രാമതീരത്തിനുണ്ട്. കൈത്തോടുകളും നീർച്ചാലുകളും ഒന്നിക്കുന്ന കായലിൽ മുൻ കാലങ്ങളിൽ വിവിധ തരം മത്സ്യങ്ങളുടെ കലവറകൾ തന്നെയുണ്ടായിരുന്നു. മാനത്തുകണ്ണി മുതൽ മാലാ വരെ. പോരാ, പൊൻമീനും, കരിംച്ചേയിം, കണമ്പും, കൊപ്പിളിയും, ഞുണ്ണായും, അഴുതയും, കരിമീനും, ആറ്റുവാഹയും.....മുന്തിയവ. ചൂടയും, കൊഞ്ചും, കക്കയും, ഞണ്ടും മുരിങ്ങയും അങ്ങനെ നീളുന്നു പട്ടിക. ഇവയെല്ലാം തഞ്ചും തരവും അറിഞ്ഞു പാട്ടിലാക്കുന്ന സമർത്ഥരായ തൊഴിലാളികൾ.

വെള്ളത്തിന്റെ നിറവും തരവും ഒഴുക്കും നിലയും ജലാശയത്തിനു മീതേയുള്ള പക്ഷികളുടെ ഗതിവിഗതികളും, നീർനായുടെ ഊളിയിടലും, മേഘങ്ങളുടെ വൈവിദ്ധ്യവും, നക്ഷത്രങ്ങളുടെ സ്ഥിതിയുമെല്ലാം അറിഞ്ഞ വൈഭവശാലികളായിരുന്നവർ.

വഞ്ചിയും, തുഴയും, വലയും, കോരുവലയും, പാളയും, കൊട്ടുക്കമ്പും, ഓലക്കുടയും അവർക്ക് മഹിത സമ്പത്തായിരുന്നു. പുരുഷന്മാർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യമുത്തുകൾ നാണയമാക്കി കുടുംബം പുലർത്താൻ ഉൽസാഹമതികളായിരുന്ന സ്ത്രീകൾ മാത്യകാ വനിതകളാണ്.

കാലംമാറി കായലിന്റെ അവസ്ഥയും മാറി കായലിന്റെ വലുപ്പം കുറഞ്ഞു. ജലാശയങ്ങളിൽ ജനനിലയങ്ങൾ. യന്ത്രമാലിന്യങ്ങളാകാം മത്സ്യങ്ങളുടെ വർഗ്ഗ വൈവിദ്ധ്യം കുറച്ചത്. നൂൽവലയുടെ സ്ഥാനത്ത് പട്ടുനൂൽ വലകളായി. തലമുറകൾ കൈമാറിയ തൊഴിലറിവുകൾ കുറഞ്ഞു. പ്രകൃതിയെ കീഴ്പ്പെടുത്തുന്ന തന്ത്രബുദ്ധി തുലോം ചുരുങ്ങി കായൽ സമ്പത്ത് കുറഞ്ഞപ്പോൾ തൊഴിലാളികളുടെ എണ്ണം പെരുകി. ജീവിത സൂചികയും നിലവാരവും രീതിയും ആകെ മാറി. ..... ആദായം കുറഞ്ഞു. എന്നാൽ ആവശ്യം അധികമായി ചിലപ്പൊഴെങ്കിലും ചെറിയ തോതിൽ മത്സ്യരോഗങ്ങൾ അനുഭവപ്പെടുന്നു. കൃത്രിമ വളങ്ങൾ ഉപയോഗിച്ച് കൃഷിയിടങ്ങളിൽ നിന്നു വരുന്ന ജലം വഴിയും മത്സ്യരോഗങ്ങൾ ഉണ്ടാകുന്നു. വിദേശ ട്രോളിംഗ്, മത്സ്യ

സമ്പത്ത് കായലിൽ കുറയുന്നതിനും കാരണമാകുന്നു. അതുപോലെ കുറ്റിവല സമ്പ്രദായം ഉൾനാടൻ മത്സ്യമേഖലയുടെ അഭിവൃദ്ധിയെ കെടുത്തുന്നു.

മത്സ്യബന്ധനത്തിൽ തന്നെ തുടരുന്നവർ ജീവിത ക്രമത്തിൽ തികച്ചും പിന്നോക്കാവസ്ഥയാണ്. മിക്കവർക്കും ജീവിത ത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല. നിലവാരത്തകർച്ചയിൽ ചൂഷണ വിധേയരായവരും ഏറെയാണ്. ഇവരുടെ നാനാമുഖമായ വികസനവും, പരിപാലനവുമായിരിക്കണം ഒമ്പതാം പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന്.

തേവലക്കര ഗ്രാമപഞ്ചായത്ത് മത്സ്യബന്ധനം. പട്ടിക

വാർഡ്	കടൽ മത്സ്യം				ഉൾനാടൻ മത്സ്യം		മത്സ്യബന്ധനോപകരണങ്ങൾ			
	മത്സ്യ ബന്ധന തൊഴിലാളികൾ		മറ്റ് തൊഴിലാളികൾ							
	മുഖ്യ തൊഴിൽ	ഭാഗിക തൊഴിൽ	മത്സ്യ വിപണനം	വല നന്നാക്കൽ	മത്സ്യ സംസ്ക്കരണം	വിസ്തീർണ്ണം	കർഷകരുടെ എണ്ണം	യന്ത്രവത്കൃത ബോട്ടുകൾ	യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ	യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ
1	–	–	10	5	5	–	–	–	–	–
2	–	–	7	5	6	–	–	–	–	–
3	–	–	16	4	5	–	–	–	–	–
4	–	–	20	5	7	–	–	–	–	–
5	–	–	21	11	4	–	–	–	–	–
6	–	–	40	50	25	–	228	–	–	70
7	–	–	78	165	54	–	315	–	–	95
8	–	–	60	177	85	–	370	–	–	187
9	–	–	50	79	63	–	223	–	–	85
10	–	–	25	17	20	–	10	–	–	5
11	–	–	10	4	5	–	8	–	–	11
12	–	–	9	7	6	–	–	–	–	–
13	–	–	8	2	7	–	–	–	–	–
14	–	–	7	5	6	–	12	–	–	4
	–	–	351	536	298	–	1166	–	–	457

പട്ടികയുടെ വിശകലനത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് കാര്യമായ സഹായം ലഭ്യമാക്കണം. 457 നാടൻ വള്ള ങ്ങളിൽ 90% വും പഴക്കമുള്ളതും ഉറപ്പുള്ളതുമല്ല. 1166 ജോലിക്കാരിൽ വിവിധ പ്രായക്കാരുൾപ്പെടുന്നു. ഇവരുടെ വരുമാന ത്തിലും വ്യത്യാസമുണ്ട്. കൂട്ടായി ജോലിക്കുപോയി ലഭിക്കുന്ന വരുമാനം തുല്യമായി വീതിക്കുമ്പോൾ ഒരു ഓഹരി വള്ളത്തി ന്റെയും വലയുടെയും ഉടമസ്ഥനായി മാറ്റിവയ്ക്കുന്നു. ഇത് പരമ്പരാഗതമായി മത്സ്യബന്ധന മേഖലയിൽ അംഗീകരിച്ചിട്ടുള്ള താകുന്നു. വല നന്നാക്കുന്നത് ശ്രമകരമായ ഒരു ജോലിയാണെങ്കിലും അവർക്ക് നിലവിലുള്ള വേതനം തുലോം ചുരുക്കമാണ് – മത്സ്യവിപണന രംഗത്തു ജോലിയെടുക്കുന്ന തലച്ചുമടുജോലിക്കാർക്ക് മാർക്കറ്റുകളിൽ മത്സ്യം എത്തിക്കുന്നതിനുള്ള വാഹനം കൊടുക്കുന്നതിനുള്ള നടപടി ഉണ്ടാക്കണം.

കായലിനോട് ചേർന്നു കിടക്കുന്ന ഭൂപ്രദേശത്തിന് ബണ്ടുകെട്ടി സംരക്ഷിക്കണം. അതോടൊപ്പം കുന്നിൻ പ്രദേശങ്ങൾ, അവയോടു ചേർന്ന റോഡുകൾ, കല്പടവുകൾ, മുതലായവയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. അതോടൊപ്പം, കുടി നീർക്ഷാമം, വൈദ്യുതി, സാനിട്ടേഷൻ, ഭവന നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

നിരവധി വള്ളക്കടവുകൾ, ലാന്റിംഗ് സെന്ററുകൾ, കല്പടവുകൾ, നിർമിക്കേണ്ടിയിരിക്കുന്നു. മുട്ടത്തുക്കടവ് പൂളയിൽക്ക ടവ്, കടകത്തുക്കടവ്, ചെറിയ മുത്താലിക്കടവ് എന്നിവിടങ്ങളിൽ അടിയന്തിരമായി കല്പടവുകളും മഞ്ചാടിക്കടവ്, മുട്ടത്തുക്ക ടവ്, പൂളയിൽക്കടവ്, അരിനല്ലൂർ ജട്ടി, അരിനല്ലൂർ കടകത്തുക്കടവ്, ആറാട്ടുക്കടവ്, ചേരീക്കടവ്, വലിയകടവ്, ഊരകത്തുക്ക ടവ് – കോയിവിള ജട്ടി – ചെറിയമുത്താലിക്കടവ് – കോട്ടപ്പുറത്തുക്കടവ് എന്നിവിടങ്ങളിൽ ലാന്റിംഗ് സെന്ററുകൾ സ്ഥാപി ക്കണം.

നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സൗജന്യമായി നല്കുകയും വായ്പകൾ ലഭി ക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വേണം.

മത്സ്യബന്ധന മേഖലകളിൽ രണ്ടു ഉൾനാടൻ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങണം. മത്സ്യ സംസ്ക്കരണ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം. അതോടൊപ്പം സംഭരണ വിതരണ കേന്ദ്രങ്ങളും വേണം.

ഇടനിലക്കാരുടെ ചൂഷണമവസാനിപ്പിക്കുന്നതിന് ചേരിക്കടവ് മാതൃകയിലുള്ള മത്സ്യലേല സംരംഭങ്ങൾ അനിവാര്യമാണ്.

വിദേശ കറൻസി നേടി തരുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങൾക്ക് വിവിധ ഏജൻസികൾ വഴി ധാരാളം സമ്പത്ത് ഇന്ന് ചെലവഴിക്കുന്നുണ്ട്. എന്നാൽ അത് താഴെ തട്ടിൽ എത്തി അർഹർക്ക് ലഭിക്കുന്നില്ലായെന്നുള്ളത് ഒരു ദുഃഖസത്യമാണ്. പ്രസ്തുത ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പഞ്ചായത്തിൽ അധിഷ്ഠിതമായിരിക്കണം.

സഹകരണ സംഘങ്ങൾ വഴി വായ്പ, മത്സ്യബന്ധനോപകരണങ്ങൾ, നിത്യോപയോഗസാധനങ്ങൾ ഇവ വിതരണം ചെയ്യണം.

കായലിനോട് ചേർന്നു കിടക്കുന്ന ചതുപ്പു സ്ഥലങ്ങൾ, പഞ്ചായത്തിലുള്ള കുളങ്ങൾ എന്നിവ മീൻ വളർത്തൽ കേന്ദ്രങ്ങളായി മാറ്റി എടുക്കണം. പുനലൂർ പേപ്പർ മിൽ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് അഴുക്കുജലം കല്ലടയാറ്റിൽ പ്രവേശിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

മത്സ്യബന്ധനോപകരണം, മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, എന്നിത്യാദിയെ ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തണം. മത്സ്യത്തൊഴിലാളികളെയും ഇൻഷർ ചെയ്യേണ്ടതാണ്.

നിലവിലുള്ള ഇൻഷറൻസ്, ആശ്വാസ ധനസഹായം, മറ്റ് സഹായ പദ്ധതികളുടെ ധനസഹായം എന്നിവയുടെ പരിധി ഉയർത്തണം.

ഒരു മത്സ്യഭവൻ സ്ഥാപിക്കണം. ഉൾനാടൻ തീരദേശ ചികിത്സാകേന്ദ്രങ്ങൾ ഉണ്ടാകണം. ജനസാന്ദ്രത കൂടുതലുള്ള ഈ പ്രദേശങ്ങളിൽ, ആരോഗ്യപ്രവർത്തകരുടെ സന്ദർശനാവസരങ്ങൾ വർദ്ധിപ്പിക്കണം.

ഈ മേഖലയിൽ പണി എടുക്കുന്നവരുടെ ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം, ഭവനനിർമാണം, വെളിച്ചം - സാനിട്ടേഷൻ - ഗ്രാമീണ റോഡ് മുതലായവയ്ക്ക് ഏറെ പ്രാധാന്യം നല്കി ഒമ്പതാം പദ്ധതി രൂപപ്പെടുത്തണം.

5.3

വ്യവസായം

ഏതൊരു പ്രദേശത്തിന്റേയും വികസനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ആ പ്രദേശത്തെ പ്രകൃതി സമ്പത്ത്, മനുഷ്യവിഭവശേഷി, പശ്ചാത്തല സൗകര്യങ്ങൾ, ആവശ്യകത എന്നിവ തീർച്ചയായും കണക്കിലെടുത്തിരിക്കണം. ഭാവിയിലേക്ക് പദ്ധതികൾക്ക് രൂപം നല്കുമ്പോൾ നിലവിൽ എന്തെല്ലാം എങ്ങനെയെല്ലാം; അവയുടെ പ്രശ്നങ്ങൾ, ഭാവിസാദ്ധ്യതകൾ എന്തെല്ലാം എന്നിവ തീർച്ചയായും പഠനവിധേയമാക്കണം.

മേൽപ്പറഞ്ഞ പശ്ചാത്തലത്തിൽ തേവലക്കര പഞ്ചായത്തിന്റെ സ്ഥിതി പരിശോധിക്കുമ്പോൾ തേവലക്കരയിൽ പ്രധാനമായും കൃഷിയേ ആശ്രയിച്ചുള്ള ഒരു ജീവിതരീതി ആയിരുന്നു കാലാകാലങ്ങളായി നിലനിന്നിരുന്നത്. പ്രധാന വ്യവസായം എന്നു പറയാവുന്നത് പരമ്പരാഗത കയർ വ്യവസായമായിരുന്നു. തേവലക്കര പഞ്ചായത്തിന്റെ തെക്ക് കിഴക്കൻ പ്രദേശങ്ങൾ കയർ വ്യവസായത്തിന് ഭൂപ്രകൃതികൊണ്ട് തന്നെ അനുയോജ്യമായിരുന്നു. ആദ്യകാലങ്ങളിൽ കൈകൊണ്ട് ചകിരിതേച്ച് കയറാക്കി ആലപ്പുഴയിലും മറ്റ് കമ്പോളങ്ങളിലും വില്ക്കുന്നതായിരുന്നു പതിവ്. കാലക്രമേണ കയർ ഉല്പാദന രീതിയിൽ മാറ്റം വരുകയും കയർ റാട്ട് സമ്പ്രദായം നിലവിൽ വരുകയും ചെയ്തു. കയർ റാട്ട് സമ്പ്രദായം നിലവിൽ വന്ന് 1950 - 60 കളോടെ കയർ വ്യവസായം നമ്മുടെ പഞ്ചായത്തിലെ മിക്കവാറും എല്ലാവീടുകളിലേക്കും വ്യാപിക്കുകയും തൊഴിലുടമാ തൊഴിലാളി ബന്ധം വ്യാപകമായി രൂപപ്പെടുകയും ചെയ്തു. കയർ വ്യവസായ മേഖല ഉല്പാദന പരമായി മെച്ചപ്പെട്ട ഒരു കാലഘട്ടമായിരുന്നു അത്.

കാലക്രമേണ അസംസ്കൃതസാധനമായ തൊണ്ടിന്റെ കമ്മിയും അപരിഷ്കൃതമായ ഉല്പാദനരീതികളും വളരെകുറഞ്ഞ കൂലി നിരക്കും ഈ മേഖല അനാകർഷകമാക്കി തീർത്തു. മാത്രവുമല്ല ആഗോള കമ്പോളത്തെ ആശ്രയിച്ചുള്ള കയറിന്റെ വിലനിലവാരം പലപ്പോഴും ഉല്പാദകനെ വൻനഷ്ടത്തിലാക്കി ചെറുകിടയ കയറുല്പാദകരെ ചൂഷണം ചെയ്യുന്ന പുതിയ കമ്പോള സമ്പ്രദായവും വലിയ ഒരു വിഭാഗം ചെറുകിട കയറുല്പാദകരെ ഈ രംഗത്തു നിന്നും പിറകോട്ടടിക്കുന്നതിനു കാരണമായി.

കയർ വ്യവസായ മേഖലയിൽ കാണുന്ന ഉല്പാദനശോഷണം അവസാനിപ്പിക്കുന്നതിനും കയർതൊഴിലാളികളെ ചെറുകിട കയറുല്പാദകരുടെ ചൂഷണത്തിൽ നിന്നും വിമുക്തമാക്കുന്നതിനും 1960 - 70 കളിൽ സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ കയർ വ്യവസായ സഹകരണ സംഘങ്ങൾ കയർ മേഖലയിൽ രൂപവല്ക്കരിക്കുകയുണ്ടായി. നമ്മുടെ പഞ്ചായത്തിലും ഇതുവരെ 4 കയർ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയുണ്ടായി.

1 അരിനല്ലൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 276.

2 പുത്തൻ സങ്കേതം കയർ വ്യവസായം സഹകരണ സംഘം ക്ലിപ്തം നമ്പർ Q 544

3 കോയിവള കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ Q 854

4 തേവലക്കര കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 75

ഇതിൽ തേവലക്കര കയർ വ്യവസായ സഹകരണ സംഘം പ്രവർത്തന വൈകല്യംമൂലം ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിവില്ലാതെ പ്രവർത്തനം അവസാനിപ്പിക്കുകയും സർക്കാർ ഈ സംഘം ലിക്വിഡേറ്റ് ചെയ്യുകയുണ്ടായി.

ഇപ്പോൾ നിലവിളുള്ള മറ്റ് 3 കയർ വ്യവസായ സഹകരണ സംഘങ്ങളും ആദ്യകാലത്ത് തൃപ്തികരമായി പ്രവർത്തിച്ചിരുന്നുവെങ്കിലും പിൽക്കാലത്ത് പ്രവർത്തനവൈകല്യവും ശരിയായ നേതൃത്വപരമായ മാനേജ്മെന്റിന്റെ അഭാവവും സാമ്പത്തിക പ്രതിസന്ധിയുംമൂലം പ്രവർത്തന രഹിതമായി.

അസംസ്കൃത സാധനമായ തൊണ്ടിന്റെ ലഭ്യതയില്ലായ്മയും, കുറഞ്ഞ കൂലി നിരക്ക്, അപരിഷ്കൃതമായ ഉല്പാദന രീതികൾ, ഇപ്പോഴും, ലോകകമ്പോളത്തെ മാത്രം ആശ്രയിച്ചുള്ള കയറിന്റെ വിലനിലവാരം എന്നിവയും പുതിയ തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതും ഇപ്പോഴുള്ള തൊഴിലാളികൾ തന്നെ കയർ മേഖലയിൽ നിന്നും മറ്റു മേഖലകളിലേക്ക് മാറുന്നതും ഈ വ്യവസായം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണികളാണ്.

ചെറുകിടയ വ്യവസായ രംഗത്തും നമ്മുടെ പഞ്ചായത്തിന് ഏറെ ഒന്നും അഭിമാനിക്കാവുന്ന സ്ഥിതിയല്ല. ഇപ്പോൾ നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടെ ലിസ്റ്റ് ഇനം തിരിച്ച് പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. പരമ്പരാഗതമായ മാമൂലുകളിൽ

നിന്നും മാറിചിന്തിക്കുവാൻ നമ്മുടെ ആളുകൾ ഇപ്പോഴും മടിക്കുന്നു. പഞ്ചായത്തിൽ ലഭ്യമായ കാർഷിക വിഭവങ്ങൾ ചെറുകിട വ്യവസായ മേഖലയ്ക്ക്ഉപയുക്തമായി വളരെ ഒന്നും ഇല്ല. പ്രധാന കാർഷികോല്പന്നമായ നാളീകേരം സംഭരിച്ച് കൊപ്രായും പരമാവധി എണ്ണയും ആക്കുന്നതല്ലാതെ മറ്റ് പ്രവർത്തനങ്ങൾ നാളീകേരം കൊണ്ടുണ്ടായിട്ടില്ല. ഏതാനും ഫ്ളവർ മില്ലുകളും, തൊണ്ട് തല്ലുന്നതിനും ചകിരി പിച്ചുന്നതിനുമുള്ള ഏതാനും മില്ലുകളും രണ്ട് ഇഷ്ടിക നിർമാണ ഫാക്ടറിയും, ഒരു ഓട് നിർമാണ ഫാക്ടറിയും തമിഴ് നാട്ടിൽ നിന്നും വന്ന് നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ച ഒരു സോഡിയം സിലിക്കേറ്റ് നിർമാണ യൂണിറ്റുമാണ് എടുത്തുപറയത്തക്ക വ്യവസായ യൂണിറ്റുകൾ ഉയർന്ന സാങ്കേതിക വിദ്യയും ഉയർന്ന മൂല്യഗുണമുള്ള ഉല്പന്നങ്ങളും വിദൂര വിപണി സാദ്ധ്യതകളും വേണ്ടുന്ന ഉല്പന്നങ്ങൾ കണ്ടെത്തുന്നതിലും ആയവയ്ക്കു വേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിലും നമ്മുടെ ആളുകൾ വിമുഖരാണ്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

വ്യവസായ വികസനത്തിന് ചെറുകിട വ്യവസായികൾക്ക് എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളും (വസ്തു, കെട്ടിടം, വൈദ്യുതി, വെള്ളം) ഒരേ സ്ഥലത്ത് ഒരുക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് 78-79 വർഷത്തിൽ കേരളസർക്കാർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് രൂപം കൊടുത്തത്. നമ്മുടെ പഞ്ചായത്ത് അന്നത്തെ 8-ാം വാർഡിൽ ഒരേക്കർ സ്ഥലം സർക്കാരിന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലും ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചു. 600 ച: അടി വിസ്തീർണമുള്ള 6 മുറികളും 900 ച: അടി വിസ്തീർണമുള്ള 4 മുറികളും ഒരു അഡ്മിനിസ്ട്രേറ്റീവ് ആഫീസും അടങ്ങുന്നതാണ് തേവലക്കര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. തുടക്കത്തിൽ എല്ലാ ഷെഡ്ഡുകളിലും വ്യവസായങ്ങൾ ആരംഭിച്ചുവെങ്കിലും കാലക്രമേണെ എല്ലാ യൂണിറ്റുകളും അടച്ചു പൂട്ടി. ഇപ്പോൾ തേവലക്കര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു ചെറുകിട വ്യവസായ യൂണിറ്റു പോലും പ്രവർത്തിക്കുന്നില്ല. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്ക് വ്യവസായം തുടങ്ങുന്നതിന് – തുടക്കത്തിൽ കണ്ടുപിടിച്ച വ്യവസായ സംരംഭകർ 'എൻട്രപ്രണേറി'യിൽ കഴിവ് കുറഞ്ഞവരായിരുന്നു. ആ കാരണത്താൽ തുടങ്ങിയ വ്യവസായങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് അവർക്ക് കഴിഞ്ഞതുമില്ല.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഭരണചുമതല വഹിക്കുന്ന കൊല്ലം ജില്ലാ മിനി ഇൻഡസ്ട്രീസ് എസ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഈ എസ്റ്റേറ്റ് സംരക്ഷിക്കുന്നതിൽ യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല. പല മുറികളുടേയും കതക് പൊളിഞ്ഞു കിടക്കുന്നു. ചുറ്റു മതിൽ ചിലഭാഗത്ത് തകർന്നിട്ടുണ്ട്. ചുറ്റുമതിൽ കെട്ടി, ഗേറ്റ് താഴിട്ടുപൂട്ടി മിനി സംരക്ഷിക്കേണ്ടതാണ്. നമ്മുടെ പ്രദേശത്ത് നൂതനമായ ചെറുകിട വ്യവസായ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിവുള്ള ആളുകൾക്ക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായം തുടങ്ങുന്നതിന് സൗകര്യം ഉണ്ടാക്കുന്നതിന് ശ്രമിക്കണം.

ഖാദി വ്യവസായ മേഖല

ഖാദി വ്യവസായരംഗത്ത് നമ്മുടെ പഞ്ചായത്ത് കേന്ദ്രമാക്കി ചവറ ബ്ലോക്ക് ഖാദി ഉല്പാദക വ്യവസായ സഹകരണ സംഘം CINDQ 152 എന്ന ഖാദി മസ്ലിൻ ഉല്പാദിപ്പിക്കുന്ന ഒരു സംഘം പ്രവർത്തിക്കുന്നു. 1960 കളിൽ രൂപീകരിച്ച സംഘത്തിന്റെ പ്രവർത്തന മേഖല വിപുലമാണ്. നമ്മുടെ പഞ്ചായത്തിൽ കോയിവിള, പടിഞ്ഞാറ്റേക്കര എന്നിവിടങ്ങളിലും അടുത്ത പഞ്ചായത്തിൽ മൈനാഗപ്പള്ളി, വെറ്റമുക്ക്, പന്മന എന്നിവിടങ്ങളിലും നൂൽനൂല്പ് കേന്ദ്രങ്ങളും കരുനാഗപ്പള്ളി, ഏഴാം മൈൽ, കടമ്പനാട് എന്നിവിടങ്ങളിൽ നെയ്ത്ത് കേന്ദ്രങ്ങളും ഇപ്പോൾ നടക്കുന്നു. ഇതിന്റെ മേൽനോട്ടത്തിൽ തന്നെ മുതുപിലാക്കാട് മോഡൽ ഖാദി യൂണിറ്റ് പ്രവർത്തനം തുടങ്ങി. കോയിവിളയിലും പടിഞ്ഞാറ്റേക്കരയിലും ഉള്ള നൂൽനൂല്പ് കേന്ദ്രങ്ങളിൽ 200 -ഉം 150-ഉം തൊഴിലാളികൾ നൂൽ നൂൽക്കുന്നതിനുണ്ടായിരുന്നെങ്കിൽ ഇപ്പോൾ 16-ഉം 14-ഉം തൊഴിലാളികൾ മാത്രമേ പ്രവർത്തിയെടുക്കുന്നുള്ളു. ഖാദികമ്മീഷനിൽ നിന്നും സുലഭമായി കിട്ടുന്ന പഞ്ഞി ഡാക്കാമസ്ലിൻ ഗുണമേന്മയുള്ള 3300 നമ്പർ മസ്ലിൻഖാദി തുണി ഉല്പാദിപ്പിക്കുന്ന ഈ സംഘത്തിന് സ്വന്തമായി തേവലക്കര, കരുനാഗപ്പള്ളി, കൊല്ലം, കൊട്ടിയം എന്നിവിടങ്ങളിൽ ഖാദി ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളുണ്ട്. ഖാദിഗ്രാമവ്യവസായ ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിന് നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ല. അഡ്മിനിസ്ട്രേറ്റർ ഭരണമാണ് ഇപ്പോൾ നിലവിലുള്ളത്.

ഖാദിയുടെ ഉല്പാദന വിപണന കേന്ദ്രങ്ങൾ സൗകര്യപ്രദമായി ഉണ്ടെങ്കിലും നൂൽ നൂല്പ് കേന്ദ്രങ്ങളിലും നെയ്ത്ത് കേന്ദ്രങ്ങളിലും തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരുന്നു. കുറഞ്ഞകൂലിയാണ് ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കാത്തതിന് പ്രധാന കാരണം. വളരെയേറെ സാദ്ധ്യതകളുള്ള ഈ സംഘം നമ്മുടെ പഞ്ചായത്തിന് തീർച്ചയായും അഭിമാനിക്കാവുന്ന ഒന്നാണ്.

ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ ധനസഹായത്തോടെ ചെറുകിട വ്യവസായങ്ങൾ ഏറ്റെടുത്തിരിക്കുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്. വായ്പ എടുത്തിട്ട് വ്യവസായം തുടങ്ങാത്തവരും ധാരാളം പേർ ഉണ്ട്. പ്രധാനമായും ആയുർവേദ മരുന്ന് നിർമാണ യൂണിറ്റ്, തീപ്പെട്ടി, ഹോളോബ്രിക്സ്, എണ്ണയാട്ട് മിൽ എന്നിവയാണ് ഖാദി ബോർഡിന്റെ ധനസഹായത്തോടെ

പ്രവർത്തിക്കുന്നത്. മറ്റ് യൂണിറ്റുകൾ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതൊഴിച്ചാൽ ഉല്പാദനപ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകുന്നില്ല. ഖാദിബോർഡിൽ നിന്നും വായ്പ എടുത്ത ചെറുകിട വ്യവസായ യൂണിറ്റുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

പട്ടിക 1

നിലവിലുള്ള വ്യവസായങ്ങളുടെ വിവരം

തൊഴിലാളികൾ

നമ്പർ	ഇനം	എണ്ണം	പുരു.	സ്ത്രീ.	ആകെ
1	ഫ്ളവർ മിൽ	16	26	12	38
2	സാമിൽ	5	35	-	35
3	നെല്ലുകുത്തുമിൽ	3	3	-	3
4	വെൽഡിംഗ്	3	8	-	8
5	സോഡിയം സിലിക്കേറ്റ്	1	10	6	16
6	ഇഷ്ടിക, ഓട്	3	30	30	60
7	പ്രിന്റിംഗ് പ്രസ്	4	8	13	18
8	തൊണ്ട് തല്ലും ചകിരി പിച്ചും മിൽ	23	138	115	253
9	ഫർണിച്ചർ	12	36	-	36
10	മെഴുകുതിരി	2	2	2	4
11	കൊപ്ര	6	12	-	12
12	ടൈയ്‌ലറിംഗ് ഗാർമന്റ്സ്	12	24	16	40
13	ഓയിൽ മിൽ	5	12	6	18
	ആകെ	**95**	**344**	**200**	**541**
	ഖാദിമേഖല				
14	ഖാദി ഉല്പാദക സഹകരണ സംഘം	1	6	200	206
15	ഹോളോബ്രിക്സ്	1	4	6	10
16	ഓയിൽ മിൽ	1	4	-	4
17	തീപ്പെട്ടി	1	6	40	46
18	ആയുർവേദ മരുന്ന്	1	6	6	12
	ആകെ	**5**	**26**	**252**	**278**

പരമ്പരാഗത കയർ വ്യവസായ രംഗത്ത് സിരിപ്പ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല.

പ്രശ്നങ്ങൾ

- പരമ്പരാഗത കയർ വ്യവസായ മേഖല പൊതുവേ സ്തംഭനത്തിലാണ്. തൊണ്ട് ആവശ്യത്തിനു ലഭിക്കുന്നില്ല.
- കൂലി നിരക്ക് ആകർഷകമല്ല.
- പുതിയ തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നു വരുന്നില്ല. ഇപ്പോൾ നിലവിലുള്ളവർ തന്നെ കയർ വ്യവസായ രംഗം ഉപേക്ഷിക്കുന്നു.
- അപരിഷ്കൃതമായ ഉല്പാദന രീതികൾ ആകർഷകമല്ല.
- കയറിന് ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വില കിട്ടാറില്ല.
- ലോക വിപണിയേ ആശ്രയിച്ച് മാത്രം നില്ക്കുന്ന കയറിന്റെ മാർക്കറ്റ്.
- ഉല്പാദിപ്പിക്കുന്ന കയർ യഥാസമയം വിറ്റഴിയുന്നില്ല.

- ഇടത്തട്ടുകാരുടെ ചൂഷണം കയർ ഉല്പാദകർ നേരിടുന്ന ഭീഷണിയാണ്. (തൊണ്ട് കച്ചവടത്തിലും കയറിന്റെ വില്പനയിലും) കഴിഞ്ഞ പത്തു വർഷത്തിനിടയ്ക്ക് വളരെ അധികം ചെറുകിട കയറുല്പാദകർ ഈ രംഗത്തു നിന്നും പിന്മാറി.
- ഗൾഫ് പണത്തിന്റെ സ്വാധീനവും കയർ വ്യവസായ മേഖല അവഗണിക്കുന്നതിന് കാരണമായി.
- ചെറുകിട വ്യവസായ മേഖലയ്ക്കു ആവശ്യാനുസരണം ഉപയോഗിക്കുന്നതിന് അസംസ്കൃത സാധനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല.
- ഉയർന്ന സാങ്കേതിക വിദ്യ, നൂതനമായ ഉല്പാദക സമ്പ്രദായം, വിദൂര വിപണി എന്നിവ കണ്ടെത്തുന്നതിന് നമ്മുടെ ചെറുകിയ വ്യവസായികൾക്ക് കഴിയുന്നില്ല.
- വിപണിക്കനുസൃതമായി ഉല്പന്നങ്ങളുടെ രൂപമാറ്റം, ഗുണമേന്മ, ആകർഷകമായ പാക്കിംഗ്, എന്നിവ വരുത്തുന്നതിന് കഴിവില്ലായ്മ.
- ഉല്പാദന സാദ്ധ്യതകളെപറ്റിയും വിപണന സാദ്ധ്യതകളേയും പറ്റി അറിവില്ലായ്മ.
- പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിക്കായ്ക.
- പശ്ചാത്തല സൗകര്യങ്ങൾ കുറവ്.
- ലൈസൻസുകൾ കിട്ടാനുള്ള കാലതാമസം.
- ദീർഘവീക്ഷണവും മുന്നൊരുക്കങ്ങളും ഇല്ലാതെ പദ്ധതികൾ ഏറ്റെടുക്കൽ.
- വ്യവസായരംഗത്ത് അടിയുറച്ചു നില്ക്കുന്നതിന് അഭിരുചിയുള്ളവരുടെ പരിമിതി.
- സർക്കാർ നിയമങ്ങളുടെ നൂലാമാല
- സബ്സിഡി, ഗ്രാന്റ് എന്നിവ സമയത്ത് കിട്ടാത്ത അവസ്ഥ.
- വായ്പ എടുത്തു വ്യവസായം തുടങ്ങുന്നവർക്ക് ആവശ്യത്തിന് യഥാസമയം വേണ്ടത്ര വായ്പ കിട്ടാത്ത അവസ്ഥ.
- ഗ്രാമപ്രദേശങ്ങളിൽ വായ്പ അനുവദിക്കുന്നതിനുള്ള ധനകാര്യസ്ഥാപനങ്ങളുടെ മടി.
- സാങ്കേതിക വിദ്യയും പരിശീലനവും ലഭിക്കുന്നതിനുള്ള പരിമിതി.
- സ്വയം തൊഴിൽ രംഗത്ത് വായ്പാ പദ്ധതികളിൽ മാത്രം ആകൃഷ്ടരായി കടന്നു വരുന്ന ആശാസ്യമല്ലാത്ത നിലപാട്.
- ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിലും 'എൻട്രപ്രെണർ' ഗുണമില്ലായ്മ.
- സാമൂഹ്യമായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും.
- അഭ്യസ്ഥ വിദ്യരായ വനിതകൾ നല്ല വ്യവസായ സംരംഭങ്ങളിലേർപ്പെടുന്നതിന് തയ്യാറാകുന്നില്ല. കൂട്ടായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വനിതകൾ തയ്യാറാകുന്നില്ല. വനിതകളിൽ ഏറെപേരും ടൈയലറിംഗ് യൂണിറ്റുകളുമായിട്ടാണ് രംഗപ്രവേശം ചെയ്യുന്നത്.
- മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തന രഹിതമാണ്. ഒരു യൂണിറ്റ് പോലും പ്രവർത്തിക്കുന്നില്ല.
- സ്വയം തൊഴിൽ സംരംഭം അവസാനത്തെ പ്രവർത്തിയാണ്. സർക്കാർ ജോലി കിട്ടുന്നില്ല എന്നുറപ്പ് വന്നതിനു ശേഷം മാത്രം, വായ്പാ പദ്ധതികളിൽ ആകൃഷ്ടരായി സ്വയം തൊഴിൽ മേഖലയിലേക്ക് വരുന്ന പ്രവണത.
- ഖാദി വ്യവസായ സംരംഭകർക്ക് ആവശ്യത്തിന് വായ്പ യഥാസമയത്ത് കിട്ടാത്ത അവസ്ഥ.
- ഖാദി വ്യവസായ സംരംഭകർക്ക് കെട്ടിട നിർമാണത്തിന് മാത്രമായി വായ്പതുകയുടെ വലിയ വിഭാഗം ചെലവഴിക്കേണ്ടുന്ന അവസ്ഥ.
- സർക്കാർ കാലാകാലങ്ങളിൽ ചെറുകിട വ്യവസായ മേഖലയ്ക്ക് സബ്സിഡി, വിൽപ്പന നികുതിയിൽ നിന്ന് ഒഴിവ്, സൗജന്യ നിരക്കിൽ വൈദ്യുതി തുടങ്ങി ഒട്ടേറെ ആനുകൂല്യങ്ങൾ നടപ്പാക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ ധൈര്യ പൂർവ്വം കടന്നു വരുന്നവരുടെ എണ്ണം വളരെ കുറവാണ്.
- ഖാദി മേഖലയിലെ കൂലിക്കുറവ്, തൊഴിലാളികളെ ആകർഷിക്കുന്നില്ല.
- പൊതുവായ ഒരു വ്യവസായ സംസ്കാരത്തിന്റെ അഭാവം.

സാദ്ധ്യതകൾ

- കയൽ വ്യവസായ മേഖലയിൽ യന്ത്രവല്കൃത കയർ റാട്ട് സമ്പ്രദായം വ്യാപകമായി നടപ്പിൽ വരുത്തണം. ഇപ്പോഴുള്ള കയർ തൊഴിലാളികൾക്ക് കയർ ബോർഡിന്റേയും കയർ വികസന വകുപ്പിന്റേയും സഹായത്തോടെ പരിശീലനം നല്കാവുന്നതാണ്.
- നിലവിലുള്ള 3 കയർ സഹകരണ സംഘങ്ങളും ശക്തിപ്പെടുത്തണം. കയർ വ്യവസായ മേഖലയിൽ നവീകരണത്തിന് നേതൃത്വം നല്കാൻ കഴിയുന്നവിധം കയർ സഹകരണ സംഘങ്ങൾ പുനഃസംഘടിപ്പിക്കണം. കയർ വികസന വകുപ്പുമായി സഹകരിച്ച് പുനരുദ്ധാരണ പദ്ധതികൾ ഏറ്റെടുക്കണം.

- കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുതകുന്ന ഒന്നോ രണ്ടോ കയറുല്പന്ന നിർമാണയൂണിറ്റ് പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കണം – പരിശീലനം സിദ്ധിച്ച വിദഗ്ദതൊഴിലാളികളുടെ അഭാവം പരിഗണിച്ച് പരിശീലനത്തിനായി ബ്ലോക്ക് തലത്തിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.
- ഒരു കയർ മാറ്റ്സ് ആന്റ് മാറ്റിംഗ് സഹകരണസംഘം കയർ വികസന വകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിൽ രൂപീകരിക്കണം.
- കയറിന്റെ വിലയിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കാനും ഉല്പാദകന് ന്യായമായ വില ഉറപ്പാക്കാനും കയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഒരു സംഭരണ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.
- ചകിരിച്ചോറിൽ നിന്നും വളം, ഫയർ ബ്രിക്സ് എന്നിവ നിർമ്മിക്കുന്നതിന് കഴിയും.
- ചെറുകിട വ്യവസായികൾക്കും സ്വയം തൊഴിൽ സംരംഭകർക്കും വേണ്ടി പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കണം. വ്യവസായ സംരംഭകന് ആവശ്യമായ പ്രോജക്ടുകളെ കുറിച്ചും വിപണിയേക്കുറിച്ചും സാങ്കേതിക വിദ്യാലഭ്യതയേക്കുറിച്ചും വേണ്ടത്ര അറിവ് പകരുന്ന തരത്തിലായിരിക്കണം ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം.
- പഞ്ചായത്തു തലത്തിൽ ഒരു വ്യവസായ വികസന സമിതി രൂപീകരിക്കണം. പഞ്ചായത്തു തലത്തിൽ സർവ്വേ നടത്തി സാമ്പത്തിക – സങ്കേതിക ശേഷിയും വ്യവസായം തുടങ്ങുന്നതിൽ താല്പര്യവുമുള്ള ആളുകളുടെ പട്ടിക ഈ സമിതിയുടെ നേതൃത്വത്തിൽ ഉണ്ടാക്കണം.
- വ്യവസായ സംരംഭകരുടേയും സ്വയം തൊഴിൽ സംരംഭകരുടേയും ഗുണനിലവാരവും അഭിപ്രേരണയും വർദ്ധിപ്പിക്കുന്നതിനുതകുന്ന ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, ശില്പശാലകൾ, ഹൃസ്വകാല പരിശീലന പരിപാടികൾ എന്നിവ നടത്തുന്നത് സഹായകരമാണ്.
- വ്യവസായ സംരംഭകർക്ക് സമയത്ത് ആവശ്യമുള്ളത്ര വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്നതിന് നടപടിയുണ്ടാകണം. പഞ്ചായത്തു തല വ്യവസായ വികസന സമിതിയുടെ സഹായത്തോടെ അഭിനിവേശമുള്ള വ്യവസായ സംരംഭകരെ ധനകാര്യസ്ഥാപനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് കഴിയണം.
- മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രയോജനപ്പെടുത്തുന്നതിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണം. പഞ്ചായത്ത് പ്രദേശത്തെ വ്യവസായ സംരംഭകരെ കണ്ടുപിടിച്ച് അവർക്ക് വ്യവസായ ആവശ്യത്തിനുവേണ്ടി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഷെഡ്ഡുകൾ അനുവദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.
- ചെറുകിട വ്യവസായ സംരംഭകരുടേയും സ്വയം തൊഴിൽ സംരംഭകരുടേയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു വിപണനകേന്ദ്രം പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് സ്ഥാപിക്കണം.
- ധനകാര്യസ്ഥാപനങ്ങളുടെ വായ്പാ ബഡ്ജറ്റുകളിൽ വ്യവസായ വായ്പ ഒരു പ്രധാന ഘടകമാക്കാനും അതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചു നല്കാനും നടപടികളുണ്ടാകണം.
- വ്യവസായം തുടങ്ങുന്ന പ്രക്രിയയിൽ ഇപ്പോഴുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. വ്യവസായികൾക്ക് ആവശ്യമായ ലൈസൻസുകൾ, വൈദ്യുതികണക്ഷൻ എന്നിവ ഒറ്റ ഏജൻസിയിലൂടെ നടപ്പിൽ വരുത്തണം.
- ചെറുകിട വ്യവസായ സംരംഭകർക്കും സ്വയം തൊഴിൽ സംരംഭകർക്കും വേണ്ടി ഓരോ മൂന്നു മാസം കൂടുമ്പോഴും പ്രത്യേക മേഖലകൾ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം സർക്കാർ, സർക്കാരിതര ഏജൻസികളേ കൊണ്ട് നടത്തിക്കുന്നതിന് കഴിയണം. പ്ലാസ്റ്റിക് വ്യവസായം, റബർ വ്യവസായം, ഭക്ഷ്യസംസ്കരണം. കയറുല്പന്ന നിർമാണം തുടങ്ങിയ മേഖലകളിൽ CMD, IMG, KITCO, SISI, CFTRI, STED, COIR BOARD എന്നീ ഏജൻസികളെകൊണ്ട് പരിശീലനം നല്കിക്കുവാൻ കഴിയും. ഓരോ വർഷവും ഓരോ മേഖലയിലും കുറഞ്ഞത് 25 പേർക്ക് വീതം പരിശീലനം നല്കണം.
- സ്വയം തൊഴിൽ സംരംഭകർ ഒറ്റയ്ക്ക് സ്കീമുകൾ തെരഞ്ഞെടുക്കുന്നതിനേക്കാൾ ഗ്രൂപ്പ് ചേർന്ന നല്ല പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പ്രേരിപ്പിക്കുന്ന സംവിധാനം ഉണ്ടാകണം.
- വനിതകൾ കൂടുതലായി വ്യാവസായിക രംഗത്ത് താല്പര്യം പ്രകടിപ്പിക്കുന്നതിന് ബോധവല്ക്കരണ ശ്രമങ്ങളും പരിപാടികളും ഉണ്ടാകണം.
- അഭ്യസ്ഥ വിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ അനുവദിക്കുന്ന വായ്പയുടെ ശരിയായ വിനിയോഗത്തിനും കൃത്യമായി വായ്പാതുകയുടെ തിരിച്ചടയ്ക്കൽ ഉറപ്പുവരുത്തുന്നതിനും പ്രാദേശിക ശ്രദ്ധയുണ്ടാകുന്ന തരത്തിൽ ഓരോ വാർഡിലും വ്യവസായ സമിതികൾ ഉണ്ടാക്കണം.
- ചവറ ബ്ലോക്ക് ഖാദി ഉല്പാദക വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിലൂടെ ഒട്ടേറെ വനിതകൾക്ക് തൊഴിൽ ലഭിക്കും. വിപുലീകരണത്തിന് ഖാദി ബോർഡുമായി ആലോചിച്ചു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.
- ഖാദി ബോർഡിന്റെ ധനസഹായത്തോടെ ഏറ്റെടുക്കുന്ന പദ്ധതികൾ പ്രയോഗത്തിൽ വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഉറപ്പു വരുത്തുന്നതിനും ശ്രമങ്ങൾ ഉണ്ടാകണം.

- വനിതകൾക്കു വേണ്ടി വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
- പട്ടികജാതിക്കാരായ വ്യവസായ സംരംഭകരെ ഉൾപ്പെടുത്തി രണ്ടോ മൂന്നോ വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ടാക്കണം.
- സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നത് പഞ്ചായത്ത് വികസന സമിതിയുടെ അറിവോടെ ആയിരിക്കണം.
- പഞ്ചായത്തിലെ ഏറ്റവും നല്ല വ്യവസായിക്ക് വർഷം തോറും അവാർഡ് നല്കുകയും ഉചിതമായി ആദരിക്കുകയും ചെയ്യണം.

പ്രദേശത്തിന്റെ സാമ്പത്തിക അഭിവൃദ്ധിയുമായി ഏറ്റവും അധികം ബന്ധപ്പെട്ടിരിക്കുന്ന ഒരു ഘടകമാണ് വ്യവസായ പുരോഗതി. വ്യവസായ വികസനത്തിന് ആവശ്യം വേണ്ട സാങ്കേതിക വിദഗ്ദ്ധരും, ക്ഷമതയുള്ള തൊഴിലാളികളും ഇവിടെയും ഉണ്ട്. നമുക്ക് ആവശ്യമായ ധാരാളം ഉപഭോഗ വസ്തുക്കൾ വെളിയിൽ നിന്നും വരേണ്ടതായിട്ടുണ്ട്. ഇന്ന് നാം ഉപയോഗിക്കുന്ന നല്ല ഒരു ഭാഗം ഉല്പന്നങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയാണ്. ഈ പ്രദേശം മറ്റുള്ളവരുടെ ഒരു കമ്പോളമായി ഉപയോഗപ്പെടുത്തുന്നു. ഈ ഒരു അവസ്ഥാവിശേഷം തന്നെ ഇവിടുത്തെ വ്യവസായ വല്കരണത്തിന്റെ അടിയന്തിര പ്രാധാന്യം നമ്മേ എടുത്തുകാട്ടുന്നു. നമ്മുടെ പ്രദേശത്തിന്റെ വ്യവസായ പുരോഗതിക്കു വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. അതു വഴി നമ്മുടെ കുട്ടികളുടെ തൊഴിലില്ലായ്മ പരിഹരിക്കുകയും രാജ്യത്തിന്റെ സമ്പത്തു പരമാവധി വർദ്ധിപ്പിക്കുകയും രാഷ്ട്രപുരോഗതിയിൽ എളിയ പങ്കാളികളാകുകയും ചെയ്യാം.

മാർക്കറ്റ്

തേവലക്കരയിൽ രണ്ടു പബ്ലിക്ക് മാർക്കറ്റുകളും 4 സ്വകാര്യമാർക്കറ്റുകളും ഉൾപ്പെടെ 6 ചന്തകൾ പ്രവർത്തിക്കുന്നു. തേവലക്കരപബ്ലിക് മാർക്കറ്റ് കാർഷിക വിഭവങ്ങൾ ഉൾപ്പെടെ എല്ലാം വില്ക്കാനും വാങ്ങാനും പറ്റുന്ന കേന്ദ്രമാണ്. വളരെ പുരാതനമായ ഇത് തൊട്ടടുത്ത സ്ഥലങ്ങൾ കൂടാതെ ദൂരെദിക്കിലുള്ളവരുടെ കൂടി വിപണകേന്ദ്രമാണ്. ഇന്നീ ചന്തയുടെ പ്രസക്തി കുറഞ്ഞുവരുന്നു. കാർഷീകോൽപ്പന്നങ്ങളുടെ കുറവ് ഒരു കാരണമായേക്കാം. പുതിയ ഉപഭോക്ത മനോഭാവവും ഇതിനുകാരണമായേക്കാം. എങ്കിലും ചൊവ്വയും വെള്ളിയും ഇപ്പോഴും ഇവിടത്തുകാർക്ക് വിപണനദിനങ്ങളാണ്. കോയിവിള ഭരണിക്കാവ് പബ്ലിക്ക് മാർക്കറ്റ് എന്നും രാവിലെ ഉണർന്നു പ്രവർത്തിക്കുന്ന ചന്തയാണ്. സ്വകാര്യ മാർക്കറ്റുകളിലെ പുത്തൻ സങ്കേതം, അരിനല്ലൂർ, പുളിക്കമൂക്ക് അത്രയധികം വാണിജ്യം നടക്കുന്നവയോ ആൾത്തിരക്കുള്ളതോ അല്ല. അത്യാവശ്യ സാധനങ്ങളുടെ കൊടുക്കൽ വാങ്ങലുകൾ നടത്തുന്നതിനുതകുന്നവ മാത്രമാണ്. പ്രധാന കാർഷികോല്പന്നമായ നാളികേരം മൊത്തമായി ചന്തയിലെത്താറില്ല. മറ്റു കാർഷിക വിഭവങ്ങൾ മാത്രമാണ് ചന്തയിലെത്തുന്നത്.

ഇതു വണ്ടികളിലും മറ്റുമായി കൊണ്ടുനടന്നു കച്ചവടം നടത്തുന്ന രീതി കേന്ദ്രീകൃത മാർക്കറ്റിംഗ് സമ്പ്രദായത്തെ പ്രതികൂലമായി ബാധിക്കുന്നു. വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതിനുള്ള സൗകര്യം വീടുമുറ്റങ്ങളിലേക്ക് വ്യാപിച്ചത് ചന്തകളെ അനാകർഷകമാക്കി.

4 സ്വകാര്യ മാർക്കറ്റുകളിൽ ഒന്ന് കാലികളെ വില്ക്കാനും വാങ്ങാനും ഉതകുന്ന കാലി ചന്തയാണ്. ഇപ്പോൾ ആരും ആ ചന്തയെ ആശ്രയിക്കാറില്ല. നിലവിലുള്ള ചന്തകളുടെ ഭൗതിക സൗകര്യങ്ങളും നന്നല്ല. ചന്തകളിലെ ഭൂരിപക്ഷം കച്ചവടക്കാരുടെയും തൊഴിലാളികളുടെയും പെരുമാറ്റത്തിലുള്ള നയവൈകല്യം കൂടെ ഉപഭോക്താക്കളെയെങ്കിലും ചന്തകളിൽ നിന്നും അകറ്റുന്നു.

ഭൗതിക സാഹചര്യങ്ങൾ ഗുണപരമായി ഉയർത്തുക.

ഉപഭോക്താക്കളോട് നല്ല നിലയിലുള്ള പെരുമാറ്റം

എല്ലാ സാധനങ്ങളും വില കുറച്ചു കിട്ടാനുള്ള ഏർപ്പാടുകൾ തുടങ്ങിയവ ഉണ്ടാകുന്നില്ലെങ്കിൽ നമ്മുടെ മാർക്കറ്റുകൾ സമീപ കാലത്തു തന്നെ കൂടുതൽ ക്ഷയിച്ചു പോകാനിടയാകും.

5.4

ഗതാഗതം

തേവലക്കര പഞ്ചായത്തിലെ ജനങ്ങളിലെ ഒട്ടു മിക്കവരും റോഡ് ഗതാഗതത്തെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ തെക്ക് കിഴക്ക് അതിർത്തികൾ പ്രസിദ്ധമായ അഷ്ടമുടിക്കായലാണെങ്കിലും ജലഗതാഗതത്തെ ആശ്രയിക്കുന്നവർ ഇപ്പോൾ വിരളമാണ്. ഈ മേഖലയിൽ സർവ്വീസ് നടത്തുന്ന യാത്രാബോട്ടുകളുടെ കുറവും തിരക്കേറിയ ജീവിത സാഹചര്യത്തിൽ വേഗത കൂടിയ യാത്രയ്ക്ക് ജനങ്ങൾ പ്രാമുഖ്യം നല്കുന്നതുമാണ് ഇതിന്റെ പ്രധാന കാര്യങ്ങൾ.

നമ്മുടെ പഞ്ചായത്തിൽ ബസ് സർവ്വീസ് ആരംഭിച്ചിട്ട് ഉദ്ദേശം 50 വർഷങ്ങളെ ആയിട്ടുള്ളൂ. എന്നാൽ അതിനു മുമ്പ് തന്നെ ചവറ ശാസ്താംകോട്ട റോഡിലൂടെ മരക്കരിയുടെ സഹായത്തോടെ ഓടുന്ന ഒരു ആവിണ്ടി സർവ്വീസ് നടത്തിയിരുന്നു. അതിനു മുമ്പ് ഇവിടത്തുകാർ പുറം യാത്രയ്ക്ക് അഷ്ടമിടി കായലിനെ ആശ്രയിച്ചിരുന്നതായി കാണാം. കോയിവള്ള നിന്നും കടത്ത് വള്ളങ്ങളിൽ കൊല്ലം മൂതലായ സ്ഥലങ്ങളിലേക്ക് പോയികുന്നതായിരുന്നു പതിവ്. തേവലക്കരയ്ക്ക് പുറത്ത് നിന്നും പോലും ജനങ്ങൾ കോയിവിള എത്തി കടത്തു യാത്ര ചെയ്തിരുന്നു. മൈലുകൾ കാൽ നടയായി സഞ്ചരിച്ച് പരിക്ഷീണിതരായി എത്തുന്ന യാത്രക്കാർക്ക് ദാഹജലം നല്കാൻ കോയിവിളയിൽ തണ്ണീർ പന്തലുകൾ കട്ടിയിട്ടിരുന്നതായി പഴമക്കാർ പറയുന്ന ഈ പന്തലുകളിൽ നിന്ന് മോരുവെള്ളവും ഉപ്പിലിട്ടതും കഴിതച്ച് യാത്രക്കാർ ക്ഷീണം അകറ്റിയതായി തെളിവുകൾ ഉണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്ന കാലത്ത് തേവരക്കരയിൽ ഒളിവിൽ കഴിഞ്ഞ നേതാക്കൻമാർ അവരുടെ രഹസ്യയാത്രയ്ക്ക് ഈ കടത്ത് വള്ളങ്ങൾ ഉപയോഗിച്ചിരുന്നതായി കാണാം.

കാലം പിന്നിട്ടപ്പോൾ കാള കെട്ടിയ വില്ലുവണ്ടികൾ രംഗപ്രവേശം ചെയ്തു. അവ സമ്പന്ന വർഗ്ഗത്തിന്റെ വാഹനമായി മാറി. ക്രമേണ കുതിരകളും ഒറ്റകുതിര കെട്ടിയ വണ്ടികളും ആ സ്ഥാനം കൈയടക്കി. ഇന്ന് സുലഭമായി കാണാൻ കഴിയാത്ത മോട്ടോർ കാറുകൾ രംഗത്തെത്തി. ഇന്ന് അക്കൂട്ടർ ആധുനിക കാറുകളും ലക്ഷ്വറി കോച്ചുകളും ഉപയിഗിച്ചു തുടങ്ങി.

നമ്മുടെ നാട്ടിൽ അക്കാലത്ത് കെട്ടുവള്ളങ്ങളി ലാണ് സാധനങ്ങൾ വന്ന് പോയ്ക്കൊണ്ടിരുന്നത്. ക്രമേണ കാളവണ്ടികളും മനുഷ്യൻ വലിക്കുന്ന ഉന്തുവണ്ടികളും രംഗത്തെത്തി. ഇന്ന് ധാരാളമായി ലോറികളും മിനിലോറികളും മറ്റും ആ മേഖല കയ്യടക്കിയതോടെ കാളവണ്ടികൾ അപ്രത്യക്ഷമായി. ഒപ്പം മുൻകാലത്ത് ചരക്ക് ഇറക്കിന് ഉരയോഗിച്ചിരുന്ന കെട്ടുവള്ളങ്ങളും ഇല്ലാതായി. ഇന്ന് തേവലക്കര ഗ്രാമങ്ങളിൽ വിരലിലെണ്ണാവുന്ന കാളവണ്ടികൾ മാത്രമാണുള്ളത്. കെട്ടുവള്ള ഉടമകൾ ഇല്ലാതാകുന്നെ. ഉള്ള കാളവണ്ടികൾക്ക് തന്നെ കൃത്യമായി ചകരക്ക് ഇറക്ക് ജോലി ലഭിക്കുന്നതുമില്ല. യാത്രയ്ക്ക് ഇവിടുത്തെ സാധാരണക്കാർ ഇന്നാശ്രയിക്കുന്നത് പഞ്ചായത്തിലൂടെ കടന്നുപോകുന്ന ബസ് സർവ്വീസുകളെയാണ്. കരുനാഗപ്പള്ളി - തെക്കും ഭാഗം ബസ്സുകൾ ഈ പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ കൂടിയാണ് പോകുന്നത്. ചവറ - പത്തനംതിട്ട റോഡിൽസർവ്വീസ് നടത്തുന്ന ബസ്സുകൾ യാത്രാ സൗകര്യങ്ങൾ ഒരു പരിധി വരെ വർദ്ധിക്കുന്നു. മൈനാഗപ്പള്ളി നിന്നും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ബസ്സുകളും, ശാസ്താംകോട്ടയിൽ നിന്നും കോയിവിള വഴിപോകുന്ന ബസ്സുകളും നാട്ടുകാർ ഇന്ന് പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ ജന സ്വാതന്ത്രത്യ്ക്ക് അനുസ്രതമായി നമ്മുടെ നാട്ടിലൂടെ ബസ് സർവ്വീസുകൾ ഉണ്ടെന്ന് പറഞ്ഞ് കൂടാ. ഗ്രാമസഭാചർച്ചകൾ പുതിയ ബസ് സകർവ്വീസുകൾ വേണമെന്നാവശ്യത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ നാലു കേന്ദ്രങ്ങളിൽ പാർക്ക് ചെയ്യുന്ന ഉദ്ദേശം നൂറോളം വരുന്ന ആട്ടോറിക്ഷകളും അൻപതോളം ടാക്സി കാറുകളും ഇവിടുത്തെ ജനങ്ങൾക്ക് ആശ്വാസം പകരുന്നു.

ഇവിടുത്തെ റോഡുകളെ ടാർ റോഡുകൾ മെറ്റൽ റോഡുകൾ, ഗ്രാവൽറോഡുകൾ, മൺറോഡുകൾ എന്ത് നാലായി തരം തിരിക്കാം. ടാർ റോഡുകളിൽ ചിലത് PWD യുടെയും ബാക്കി മുഴുവൻ റോഡുകളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുമാണ്. ഈ പഞ്ചായത്തിൽ ആകെയുള്ള ടാർറോഡുകൾ 22.81 km മെറ്റൽ റോഡുകൾ 6.88 km ഗ്രാവൽ റോഡുകൾ 69.16 km മൺറോഡുകൾ 15.87 km ആണ്. ആകെ റോഡുകളുടെ നീളം 114.73 km ആണ്. ഉൾനാടൻ റോഡുകളിൽ പലതും സമീപ കാലത്ത് വെട്ടിയുണ്ടാക്കിയവയാണ്.. മുമ്പ് കാൽനടയാത്രയ്ക്ക് ഉപയോഗിച്ചിരുന്ന നട വരമ്പുകളും നീർച്ചാലുകളും മറ്റും പിൽക്കാലത്ത് റോഡുകളായി മാറുകയായിരുന്നു. ഇതിൽ ജനപങ്കാളിത്തം അന്നും പ്രകടമായിരുന്നു. എന്നാൽ ഈ റോഡുകളിൽ പലതിന്റെയും വീതിയുടെ കാര്യം ഗൗരവപൂർവ്വം ആലോചിക്കേണ്ടതുമാണ്. റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. പട്ടിക I ടാർറോഡുകളുടെയും പട്ടിക II മെറ്റൽ റോഡുകളുടെയും പട്ടിക III ഗ്രാവൽറോഡുകളുടെയും പട്ടിക IV മൺറോഡുകളും വിശദവിവരങ്ങൾ സൂചിപ്പിക്കുന്നു.

പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മീ.	വീതി	ബസ് /മറ്റു യാത്രാ സൗകര്യങ്ങൾ
1	കാഞ്ഞിരംവിള -ചേനങ്കരമുക്ക്	PWD	3.4m	8	ഉണ്ട്
2	ചേനങ്കരമുക്ക് - അയ്യൻകോയിക്കൽ വഴി വാലിഭരണിക്കാവ്	PWD	2.200	8	ഉണ്ട്
3	പടപ്പനാൽ - പാവുമ്പാപാലം	PWD	4.200	8	ഉണ്ട്
4	പറമ്പിമുക്ക് - മുക്കന്തമുക്ക്	PWD	0.15	8	ഉണ്ട്
5	മുകുന്ദപുരം - സരിതാ ജംഗ്ഷൻ	PWD	1.300	8	ഉണ്ട്
6	കുഴാകുളം -പട്ടകടവ്	PWD	6.300	8	ഉണ്ട്
7	പെരുംപള്ളിമുക്ക് - തേവലക്കര ജംഗ്ഷൻ	PWD	0.300	8	ഇല്ല
8	കാഞ്ഞിരംവിളമുക്ക് -പള്ളിക്കടവ്	പഞ്ചായത്ത്	1 50	6	ഇല്ല
9	കൃസ്ത്യൻപള്ളിയുടെ തെക്കുവശം - കുനൻചാലിൽ തെക്കുവശം	"	410	3	ഇല്ല
10	സൊസൈറ്റി ജംഗ്ഷൻ -മംഗലത്ത് ജംഗ്ഷൻ	"	2.54-0	6	ഇല്ല
11	കല്ലുംപുറത്തുമുക്ക് -അറിനല്ലൂർ ജട്ടി	"	1.165	7	ഇല്ല

പട്ടിക 1

മെറ്റൽ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മീ.	വീതി	ബസ് /മറ്റു യാത്രാ സൗകര്യങ്ങൾ
1.	മണ്ഡപംമുക്ക് - മീനത്തേമുക്ക്	പഞ്ചായത്ത്	1052	7	ഇല്ല
2.	മീനത്തേമുക്ക് -ചെളിത്തോട്	"	1250	8	"
3.	കാഞ്ഞിരംവിളമുക്ക് -മീനത്തേ ജംഗ്ഷൻ	"	300	7	"
4.	പാരിക്കൽമുക്ക് -കുത്തേൽമുക്ക്	"	2410	55	"
5.	കൊല്ലേൽമുക്ക് -കോട്ട്കാട്ടു ജംഗ്ഷൻ	"	350	4	"
6.	കുന്നേൽമുക്ക് -കടുവിനാംവിള മുക്ക്	"	1010	6	"
7.	കല്ലുംമൂട്മുക്ക് -കോയിവിള ജട്ടി	"	210	5	"

പട്ടിക III

ഗ്രാവൽ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മീ.	വീതി	ബസ് /മറ്റു യാത്രാ സൗകര്യങ്ങൾ
1	2	3	4	5	6
1.	പ്ലാമൂട്ടിൽവിള ജംഗ്ഷൻ -പുല്ലുംപള്ളി ഏല	പഞ്ചായത്ത്	500	3	ഇല്ല
2	പ്ലാമൂട്ടിൽ പുത്തൻ പുരം -പള്ളിക്കടവ്	"	500	7	"
3	മീനത്തേ ജംഗ്ഷൻ -ചിറ്റടി	"	1250	5.5	"
4	കിഴക്കേവലിയവിളമുക്ക് -റേഷൻകടമുക്ക്	"	1200	2.5	"
5	ടാഗോർ ജംഗ്ഷൻ -കാട്ടിൽമുക്ക്	"	500	6	"
6	കാട്ടുപറമ്പിൽ -പഴയവീട്ടിൽമുക്ക്	"	300	4	"
7	പന്താടിമുക്ക് -നാലുതുങ്ങിമുക്ക്	"	1000	6	"

1	2	3	4	5	6
8	കടമ്പാട്ടുമുക്ക് -കാരാളിപടിഞ്ഞാറു	"	340	4	"
9	ആലപ്പുറത്തുമുക്ക് -ഒറ്റതെങ്ങ്മുക്ക്	"	690	3.5	"
10	മാവിളമുക്ക് -വടട്ടയയ്ക്കാട്ടുമുക്ക്	"	910	4	"
11	വെളുത്തമ്മാവ് -S.M.V.L.P.S	"	370	4	"
12	പൈപ്പുമുക്ക് -S.M.V.L.P.S.	"	585	5	"
13	മുക്കനാട്തെക്ക് -തുങ്ങയ്യത്ത്കോളനി	"	265	3	"
14	മുക്കനാട്ട് മുക്ക് -ആലപ്പുറത്തുമുക്ക്	"	1160	4	"
15	S.M.V.L.P.S. -കീരിവിള ജംഗ്ഷൻ	"	490	3.5	"
16	ഭസ്മക്കാട് കിഴക്ക് -കുമ്പഴ ജംഗ്ഷൻ	"	240	5	"
17	അശോകഭവനം -സ്മിതാതിയേറ്റർ	"	390	5	"
18	കാക്കോന്റയ്യത്ത് കിഴക്കുവശം - കാക്കോന്റയ്യത്ത് മുക്കുവരെ	"	390	5.5	"
19	തുങ്ങിൻ ജംഗ്ഷൻ -ഭരണിക്കാവ് ക്ഷേത്രം	"	750	5	"
20	ശാസ്താം നട -ചേന്നങ്കര ജംഗ്ഷൻ	"	490	6	"
21	വാളഴോട്ടുവിള മുക്ക് - കാക്കത്തോട്ടത്തു ഹരിജൻ കോളനി വഴി മാന്തമ്പുബവട്ടക്കുവശം	"	609	4	"
22	വാഴോട്ടുവിളമുക്ക് -മുള്ളിക്കാല ജംഗ്ഷൻ	"	810	5	"
23	സബ്രജിസ്റ്റാർ ഓഫീസ് -തേവർതോട്ടം ജംഗ്ഷൻ	"	1057	4.5	"
24	തറവാട്ടത്തു ജംഗ്ഷൻ -മാവിള ജംഗ്ഷൻ	"	695	4	"
25	മാരിയാടിമുക്ക് -വെളുത്തമ്മാവിക്ഷേത്രം	"	615	6	"
26	മാരിയാട് ജംഗ്ഷൻ -കോയിക്കരചാല്	"	260	3.5	"
27	തുങ്ങിൻമുക്ക് -കിണറുവിള ജംഗ്ഷൻ	"	410	6	"
28	പുത്തൻ വീട്ടിൽ തെക്ക് -മുസ്ലീംപള്ളി യുടെ തെക്ക്	"	440	4.5	"
29	മാർക്കറ്റ് ജംഗ്ഷൻ -കുനൻചാല്	"	310	4	"
30	കൈമവീട്ടിൽ കിഴക്ക് -മാർക്കറ്റു വരെ	"	240	3.5	"
31	ഗണപതിയമ്പലം -ആരാടട്ടുകുളം	"	1010	6	"
32	അമ്പലത്തിൻ പടിഞ്ഞാറ് -മഠത്തിൽ മുക്ക്	"	160	2.5	"
33	മംഗലത്തു പടിഞ്ഞാറു വശം - പടപ്പനാൻ പടിഞ്ഞാറേ ജംഗ്ഷൻ	"	191	3.5	"
34	പള്ളിക്കൽ ജംഗ്ഷൻ -കണിയാന്റ കിഴക്ക് ജംഗ്ഷൻ	"	654	4	"
35	ലോകരക്ഷക ഹോസ്പിറ്റൽ - ഫാർമേഴ്സ് ജംഗ്ഷൻ	"	1010	6	"
36	ജേക്കബ്ബ് ഡോക്ടർ ഹോസ്പിറ്റൽ - അരുൺ നിവാസ്	"	544	4	"
37	കാണിക്കവഞ്ചി -ചരിവിൽപടിഞ്ഞാറുവരെ	"	230	2.5	"
38	കോട്ടർമുക്ക് - പുലിപ്പുറമുക്ക്	"	780	5	"
39	മാവിളമുക്ക് - കളങ്ങരമുക്ക്	"	580	3.30	"
40	ചെട്ടിശേരിമുക്ക് - ആരാട്ടുചിറ	"	590	5	"
41	പുത്തൻകുളം - ഷാപ്പുമുക്ക്	"	670	420	"
42	പുന്നമൂട് - വിളയിൽമുക്ക്	"	230	4.40	"
43	വലിയവീട്ടിൽമുക്ക് -കുമ്പഴമുക്ക്	"	380	4.20	"

1	2	3	4	5	6
44	അരിക്കാവ് - ഷാപ്പുമുക്ക്	"	420	6	"
45	പാലോലികിഴക്ക് -ലക്ഷം വീട്	"	110	4	"
46	മംഗലത്ത്മുക്ക് -ഷാപ്പുമുക്ക്	"	900	4.10	"
47	ഗുരുമന്ദിരം - വലിയവീട് -അമ്പലം	"	950	3.50	"
48	അരിക്കാവ് ചന്ത -കോട്ടൂർമുക്ക്	"	690	5.70	"
49	മാമ്പറ്റമുക്ക് - ഗുരുമന്ദിരം	"	590	5	"
50	മാമ്പറ്റമുക്ക് -പുളിക്കമക്ക്	"	1580	5	"
51	പുളിക്കമുക്ക് -റബ്ബറുവിള	"	580	5	"
52	പുളിക്കമുക്ക് - നാലുമുക്ക്	"	680	6	"
63	എരുത്തിൽമുക്ക് - കളത്തിൽതെക്ക്	"	610	5	"
54	മൂട്ടത്തുകടവ് - ഒലിപ്പാകുഴി	"	1010	5.50	"
55	ഒലിപ്പാംകുഴി - പാരയിൽമുക്ക്	"	310	4	"
56	പാരേമുക്ക് - അരി ലക്ഷംവീട്	"	170	4	"
57	എരുത്തിൽമുക്ക് - പാരയിൽ മുക്ക്	"	280	4	"
58	ഒലിപ്പാംകുഴി - അരക്കാവു ചന്ത	"	310	6	"
59	പുളിക്കമുക്ക് - മഞ്ചാടിക്കടവ്	"	560	8	"
60	അരിക്കാവ് - മംഗലശ്ശേരിമുക്ക്	"	490	5.5	"
61	അരിക്കാവ് - മണിപ്പൂഴമുക്ക്	"	330	55	"
62	സംഗലശ്ശേപിമുക്ക് - സെന്റ് ജോർജ് പള്ളി	"	700	5	"
63	കടക്കത്തുമുക്ക് - ബോട്ടു ജട്ടി	"	1234	4	"
64	കണ്ടത്തിൽമേലത്തിൽ - ആണിക്കുഴി	പഞ്ചായത്ത്	390	5	"
65	മുങ്ങപ്പള്ളിമുക്ക് - കൊത്തൻ പള്ളിമുക്ക്	"	530	5	"
66	കൊച്ചുപുല്ലിക്കാട് - കടകത്തുമുക്ക്	"	400	8	"
67	പുല്ലിക്കാട് മുക്ക് - വിളയിൽമുക്ക്	"	290	5.30	"
68	ചേരിക്കടവ് - കളിലിൽ മുക്ക്	"	330	5	"
69	സെന്റ് ആന്റണീസ് - പുരാചേരി	"	590	5	"
70	ഒറ്റിയിൽമുക്ക് - ബംഗ്ലാവിൽമുക്ക്	"	320	3.5	"
71	കല്ലുംമൂട്ടിൽ മുക്ക് - ഊന്നുവിള മുക്ക്	"	530	5.5	"
72	ഊന്നുവിള മുക്ക് - കുന്നത്തു കായൽ	"	180	3	"
73	കോയിവിള മുക്ക് - ചെറിയമുത്താലികടവ്	"	380	5.5	"
74	പൂരാശ്ശേരിമുക്ക് - പുതുപ്പുര	"	330	4.5	"
75	പുത്തൻ വീട്ടിൽ - സെന്റ് ആന്റണീസ്	"	300	3.5	"
76	മേലേഴത്തു മുക്ക് - കോയിവിളമുക്ക്	"	300	5	"
77	മേലേഴത്തുമുക്ക് - കോട്ടപുറത്തു പടി	"	710	5.5	"
78	പാവുമ്പാ ക്ഷേത്രം - കോട്ടപ്പുറത്തുകടവ്	"	390	7	"
79	കല്ലിരിക്കൽമുക്ക് - തറമേൽ മുക്ക്	"	1220	5	"
80	ഒറ്റിയിൽമുക്ക് - അയ്യൻകോയിക്കൽ HS	"	810	4.5	"
81	മണ്ണൂർ മുക്ക് - അയ്യൻകോയിക്കൽ HS	"	500	4	"
82	പുല്ലിക്കാട് - ചന്ദ്രാസ് തിയേറ്റർ	"	780	5.5	"
83	ചന്ദ്രാസ് തിയേറ്റർ - മാമ്പുഴ പടിഞ്ഞാറു	"	610	4	"
84	നാലുവരമ്പ് - മണക്കാട്ടക്കര	"	680	5	"

1	2	3	4	5	6
85	തൈക്കൂട്ടത്തിമുക്ക് - കോളറ	"	420	4.5	"
86	അയ്യൻകോയിക്കൽ ക്ഷേത്രം -തരുത്തിമുക്ക്	"	590	7	"
87	ചെമ്പകപ്പള്ളിമുക്ക് - ചാലിക്കരോട്ട്	"	480	3	"
88	പാരിക്കൽമുക്ക് - കല്ലുംപുറത്തുമുക്ക്	"	1000	5.5	"
89	കല്ലിരിക്കൽമുക്ക് - സൂര്യതിയേറ്റർ	"	900	5.80	"
90	കൽകുളങ്ങര - കുഞ്ഞിരാംകളിലി	"	700	4.10	"
91	കൃഷിഭവൻ - നമ്പട്ടരമുക്ക്	"	550	5	"
92	പുത്തൂർകിഴക്കുംവശം -ചെറുക്കോൽ പടിഞ്ഞാറുവശം	"	210	4.5	"
93	പാരിക്കമുക്ക് - കോടത്തേമുക്ക്	"	400	3	"
94	കരിഞ്ചിമുക്ക് - പറത്തുൽകിഴക്ക്	"	400	3.5	"
95	കരിഞ്ചിമുക്ക് - പറേരയ്യത്തുപഠി	"	490	3	"
96	കണ്ണേഴത്തുമുക്ക് - പഞ്ചിക്കതെക്ക്	"	900	4	"
97	കൂഴംകുളം - കുഞ്ഞിരാംകളിലി	"	1240	5.10	"
98	കരായിൽമുക്ക് - പുത്തൻ വീട്ടിൽമുക്ക്	"	690	4	"
99	കടപ്പായിമുക്ക് - മാവിളമുക്ക്	"	917	4	"
100	പെരുവിളകിരക്കുവശം - പാലക്കൽ LPS - വഴി വിളയിൽക്കിക്കുവശം	"	1120	5	"
101	വലിയത്തുതെക്കതിൽ കിഴക്കുവശം -പാലക്കൽ LPS	"	460	4	"
102	ശാസ്താംനടവഴക്ക് - മണ്ണാന്റെമുള്ള കിഴക്ക്	"	360	3	"
103	ശ്രീവിഹാർകിഴക്ക് - കുഴംകുളം	"	690	3.5	"
104	തെക്കൻ ഗുരുവായൂർ - ഫാർമേഴ്സ് ബാങ്ക്	"	260	4	"
105	കുഴുമ്പിമുക്ക് - കല്ലുംപുറത്തു മുക്ക്	"	150	43	"
106	സൊസൈറ്റി മൂക്ക് - പുതുവീട്ടിമുക്ക്	"	250	5	"
107	സൊസൈറ്റി മുക്ക് - മൊട്ടയ്ക്കൽ സ്കൂൾ	"	270	4	"
108	കോട്ടയ്ക്കകത്തു കിഴക്ക് -ഇഞ്ചയ്ക്കൽ ജംഗ്ഷൻ	"	1040	4	"
109	കണ്ണേഴത്തുമുക്ക് - കുരുവാഴത്തുമുക്ക്	"	270	3	"
110	കല്ലുംപുറത്തു മുക്ക് - സരസൻമുക്ക്	"	250	3.5	"
111	ചക്കാല കിഴക്കതിൽമുക്ക് - ലോകരക്ഷക	"	2200	6	"
112	തൈക്കാവുമുക്ക് - കാമ്പുവാഴകുളം	"	1100	3	"

പട്ടിക IV

മൺറോഡുകൾ

		നീളം	വീതി
1	2	3	4
1	നാത്തയ്യത്തുമുക്ക് -പുല്ലമ്പള്ളി പാടം	100	4
2	പ്ലാമൂട്ടിവിള - തെക്കേതലയ്ക്കൽ	240	2.5
3	കാട്ടിൽ മുക്ക് - പടിഞ്ഞാറേതോട്	1.50	3
4	പഴയവീട്ടിൽ മുക്ക് - തുണ്ടിൽ മുക്ക്	325	2.5
5	പള്ളിപ്പുര ജംഗ്ഷൻ -തുണിഇയപ്പൻ ക്ഷേത്രം	500	3.5
6	കൊട്ടപ്പള്ളി ജംഗ്ഷൻ -പാറ്റൂർ തെക്ക്	100	2.5
7	താഴെമുക്ക് - കിഴക്കോട്ടു ഏല	100	2

1	2	3	4
8	വടശ്ശേരി പടിഞ്ഞാറ് -കോടമ്പി പടിഞ്ഞാറ്	285	3
9	പാലവിളവടക്ക് -ആരാധന പടിഞ്ഞാറ്	165	3
10	ഊപ്പിത്തിമുക്ക് - കണ്ണകത്ത്	265	3
11	തൊഴിലാളി ജംഗ്ഷൻ -കീരിവിള കിഴക്കുവശം	360	3
12	കോമളത്തു ജംഗ്ഷൻ -കൊല്ലേൽ ജംഗ്ഷൻ	120	2.5
13	വലിയവീട്ടിൽ ജംഗ്ഷൻ -കോവൂർ ജംഗ്ഷൻ	125	3
14	വായനശാലാമുക്ക് -പെരിയാറിന്റയ്യത്തു ജംഗ്ഷൻ	210	3
15	അമ്പലത്തിനു പടിഞ്ഞാറുവശം -മാത്തിൽമുത്തു	160	2.5
16	ക്ഷേത്രത്തിനു കിഴക്കുവശം -കൊന്നപ്പള്ളി പുരയിടം	100	4
17	അമ്പലത്തിനു തെക്കുവശം -വിളയിൽ മുക്ക്	150	2.5
18	P.H. സെന്ററിന് തെക്കുവശം -വിളയിൽ മുക്ക്	150	3
19	പുതുശ്ശേരഴികത്തു മുക്ക് -കുമരം ചിറ കുളം	175	3
20	കാച്ചുവാഴ മുക്ക് -കൈതകുറ്റികുളം	150	2.5
21	നട്ടിലവീടിന്റെ വടക്ക് -പുലികുളത്തുകിഴക്കുവശം	135	2.5
22	തെക്കൻ ഗുരുവായൂർ വഞ്ചി -കൊച്ചുപുല്ലക്കാട്ടു വരെ	370	3
23	പുളിമൂട്ടി മുക്ക് - തെങ്ങുംതറമുക്ക്	390	5
24	പുലിപ്പിറ മുക്ക് - ആറാട്ടുചിറ	580	5
25	ആറാട്ടുകുളം - കുമ്പഴമുക്ക്	1000	5
26	പാരയിൽ മുക്ക് - കൊണ്ടോട്ടി കടവ്	700	4
27	മുട്ടം കുരിശടി - കാര്യത്തറ	380	3.5
28	പൂളേമുക്ക് - മത്തിപ്പുഴക്കടവ്	200	4
29	കുറ്റിക്കാട്ടു മുക്ക് - മഞ്ഞക്കാട്ടു മുക്ക്	230	4.5
30	മഞ്ഞിപ്പുഴ മുക്ക് - കരുവാ തെക്ക് -ജയന്തി കോളനി	450	4.5
31	കടമ്പാട്ടുമുക്ക് - കൊച്ചുവിട്ടിമുക്ക്	510	5
32	തേങ്ങോയ്ത്തുമുക്ക് - വടക്കന്റമുത്തുമുക്ക്	380	3
33	കല്ലുംപുരത്തു മുക്ക് - കാചട്ടുംപുറം	500	4
34	കോളറമുക്ക് - കൊക്കളത്തുമുക്ക്	420	3
35	കോട്ടൂർമുക്ക് - സൊസൈറ്റി കടവ്	390	5
36	വലിയവിള - ചക്കഴത്തുമുക്ക്	410	4
37	SNDP മുക്ക് - ചക്കാല ജംഗ്ഷൻ	320	4.1
38	നാലുവരമ്പ് - മാമ്പുഴ പടിഞ്ഞാറ്	640	4
39	പള്ളിക്കൽ മുക്ക് - മുകളത്തറ കൂഴംകുളത്തിനു തെക്കുവശം	490	4
40	മൂന്നാംകിഴക്കതിൽ - വടക്കുവശം	530	4
41	ചാങ്കൂർമുക്ക് - പള്ളിയാടിമുക്ക്	590	4.5
42	കൊല്ലേത്തക്ക് - വാട്ടർ ടാങ്ക്	240	3
43	തേവേലിവടക്ക് - മണ്ണന്റമുയത്തു വടക്ക്	500	2.5
44	മൊട്ടക്കൽ LPS - ചേനംകുളം	250	3.5
45	കല്ലുംപ്പുറത്ത് ആലാപ്പീസ്-പുല്ലിക്കാട്ടു മുക്ക്	900	3

പ്രശ്നങ്ങൾ

- ബസ്സ് സർവ്വീസുകളുടെ കുറവ്
- ഉൾപ്രദേശങ്ങളിലെ റോഡുകളുടെ അഭാവം
- പ്രധാനപ്പെട്ട പല റോഡുകളുടെയും വീതി കുറവ്
- റോഡുകളുടെ അറ്റകുറ്റ പണികൾ കൃത്യമായി നടക്കുന്നില്ല.
- യാത്രക്കാർക്ക് കാത്തിരിപ്പ് കേന്ദ്രങ്ങളില്ല.
- ആട്ടോ ടാക്സികൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള അംഗീകൃത സ്റ്റാന്റുകളില്ല.
- പ്രധാന ജംഗ്ഷനുകളിലെ ഗതാഗത കുരുക്ക്.
- ഉൾനാടൻ റോഡുകളിലൂടെ ബസ് സർവ്വീസുകളില്ല.

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

ഊപ്പത്തിൽമുക്ക്	–	കണ്ണകത്തുവീടു ജംഗ്ഷൻ.
മൂന്നാം കിഴക്ക്	–	അരിനല്ലൂർ ചന്ത
കല്ലുംപുറം ജംഗ്ഷൻ	–	അഞ്ചുതുണ്ടിൽ പുരയിടം
കണ്ണകത്തു മുക്ക്	–	ചെറിയേഴത്തു മുക്ക്
അയ്യൻകോയക്കൽ ക്ഷേത്രം	–	വളത്താങ്ങ് കിഴക്കുവശം
ചാങ്ങയിൽ ജംഗ്ഷൻ	–	കൃഷിഭവൻ
ഇടയിലെ വീട് ജംഗ്ഷൻ	–	കിണറുവിള വടക്കു ജംഗ്ഷൻ
മുള വെള്ള ജംഗ്ഷൻ	–	കൊക്കളത്തു മുക്ക്
തുണ്ടയ്യത്ത്	–	കൈക്കൂട്ടത്ത് ജംഗ്ഷൻ
ചെപ്പഴത്തു തറ	–	മാമ്പുഴ കിഴക്ക്
നെടിയേഴത്ത് മുക്ക്	–	ചുണനക്കാട്ടു വയൽ
കണ്ണകത്ത് ക്ഷേത്രം	–	കോനേഴത്ത് കോളനി
കുഞ്ഞിനാം കളിലീൽ	–	കണ്ടുകരണൻ കാവ്
പുത്തൻ കുളങ്ങര	–	കൂഴം കുളങ്ങര മുക്ക്
കോട്ടൂർ പടിഞ്ഞാറ്	–	കണ്ണംപള്ളിൽ
തപ്പത്തിൽ മുക്ക്	–	പെരുംങ്ങോലിമുക്ക്
കോട്ടർ മുക്ക്	–	കളീക്കൽ മുക്ക്
കണ്ണനങ്കര മുക്ക്	–	പുതുക്കുളത്ത് മുക്ക്
ആറാട്ടമ്പലം	–	പുത്തൻവീട്ടിൽ മുക്ക്
പുലോട്ടുമുക്ക്	–	കരാത്തറ തോട്
പാണന്റയത്ത് മുക്ക്	–	താച്ചയിൽ കീഴക്കിൽ മുക്ക്
തൊഴിലാളി ജംഗ്ഷൻ	–	നൂലാപീസ് ജംഗ്ഷൻ
കല്ലിൽ വടക്കുവശത്തു നിന്നും പടപ്പനാലിന് തെക്കേ ജംഗ്ഷനിൽ നിന്നും	–	വാഴോട്ടുവിള ജംഗ്ഷൻ തെക്കുവശം
പടിഞ്ഞാറോട്ട്	–	തേങ്ങാത്തു വിള ജംഗ്ഷൻ
നെടിയേഴത്തു മുക്കിൽ നിന്നും തെക്കോട്ട് തച്ചരു കടവിലേക്കുള്ള റോഡ് പാവുമ്പ പള്ളിമുക്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡ്	–	വലിയവലിള കിഴക്ക് ഭാഗത്തേക്കുള്ള റോഡ്

സ്ലാബ് ഇടേണ്ട സ്ഥലങ്ങൾ

നല്ല വീട്ടിൽ കിഴക്കുവശം
നാട്ടുത്ത് വടക്കു വശം
ആലയിൽ തോടുമുതൽ തെക്കോട്ട്
കുന്നേൽ - കൊടച്ചുകുന്നേൽ

കല്പടവ് കെട്ടേണ്ടത്

1. ചെറിയമുത്താലി കായൽ വാരം
2. അരിനല്ലൂർ കായലോര വഴികൾ

പുതിയ ഓട നിർമ്മിക്കേണ്ടത്

1. പാലയ്ക്കൽ ചിറ - വെളുത്തമ്മാവി റോഡ്
2. നൂലാഫീസിനു തെക്കോട്ടു - പുല്ലിക്കാടു ജംഗ്ഷനു പടിഞ്ഞാറു വശം
3. മുള്ളിക്കാല വെള്ളം കൊള്ളി ജംഗ്ഷനിൽ നിന്നും ഓടയും കലുങ്കും നിർമ്മിച്ചു നിലവിലുള്ള ഓടയുമായി ബന്ധിപ്പിക്കുക.
4. വെട്ടത്തു മുക്ക് - അയ്യൻകോയിക്കൽ റോഡിലെ ഓട വിപുലപ്പെടുത്തി സ്ലാബിടുക.
5. നരിക്കുഴി പാടം മുതൽ വടക്കോട്ട് ഇന്ദ്രാണി പാടം വരെയുള്ള ഓട.

കാത്തിരുപ്പ് കേന്ദ്രങ്ങൾ പണിയേണ്ടസ്ഥലങ്ങൾ

1. കോയിവിള ഭരണിക്കാവ്, കല്ലുംമൂടു ജംഗ്ഷൻ,
2. പുത്തൻ സങ്കേതം കുഴംകുളം, ചേനങ്കര ജംഗ്ഷൻ,
3. തേവലക്കര മാർക്കറ്റ് ജംഗ്ഷൻ

ജല ഗതാഗതം

1. അരിനല്ലൂർ - ചേരീക്കടവ് - കോയിവിള ജട്ടികൾ പുതുക്കി പണിയുക.
2. ചേരീകടവ് - അഷ്ടമുടി സ്പീടുബോട്ടു അനുവദിക്കുക.
3. കൊല്ലം - അരിനല്ലൂർ വഴി കടപുഴയ്ക്ക് സ്പീടു ബോട്ട് സർവ്വീസ് അനുവദിക്കുക.

പുതിയ ബസ് റൂട്ടുകൾ

1. അരിനല്ലൂർ ബോട്ടു ജട്ടി - മംഗലത്തു ജംഗ്ഷൻ പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ - വലിയത്ത് ജംഗ്ഷൻ വഴി കരുനാഗപ്പള്ളി.
2. ചേനങ്കര ജംഗ്ഷനിൽ നിന്നും മൈനാഗപ്പള്ളി വഴി കോട്ടയം ഫാസ്റ്റ് പാസഞ്ചർ.
3. പള്ളിക്കോടി - പുത്തൻ സങ്കേതം കുന്നേൽ മുക്ക് ; ആറുമുറിക്കട, വഴി കരുനാഗപ്പള്ളി

പരിഹാര മാർഗ്ഗങ്ങൾ

1. PWD റോഡുകൾ ഉൾപ്പെടെ പഞ്ചായത്തിലെ മുഴുവൻ റോഡുകളും അറ്റകുറ്റ പണികൾ യഥാസമയം നടത്തി സഞ്ചാരയോഗ്യമാക്കുക.
2. റോഡുകളുടെ പാർശ്വഭാഗങ്ങൾ കൈയ്യേറുന്നവരെ ഒഴിപ്പിക്കുകയും റോഡു കൈവശപ്പെടുത്തുന്നതിന്റെ ദോഷങ്ങളെ കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
3. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിൽ കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുക.
4. കഴിയുന്നത്ര റോഡുകൾ ഒരു ഘട്ടമായി തന്നെ ടാർ ചെയ്യുക.
5. നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ ആട്ടോ-ടാക്സി സ്റ്റാന്റുകൾ നിർമ്മിക്കുക.
6. നിർദ്ദിഷ്ഠ കേന്ദ്രങ്ങളിൽ ആവശ്യത്തിന് പോലീസിന്റെ സേവനം ഉറപ്പാക്കിയാൽ ഗതാഗത കുരുക്ക് പരിഹരിക്കാവുന്നതാണ്.

7. ഉൾനാടൻ റോഡുകളിലൂടെ സർവ്വീസ് നടത്തുവാൻ മിനി ബസ്സുകൾക്ക് പെർമിറ്റ് നല്കുക. ഉത്തര കേരളത്തിൽ ഈ സംവിധാനം ഇപ്പോൾ നിലവിലുള്ളതാണ്.

8. വാഹന അപകടം ഒഴിവാക്കാൻ നമ്മുടെ പഞ്ചായത്തിലൂടെ കടന്നു പോകുന്ന ഏറ്റവും തിരക്കേറിയ ചവറ-പട്ടകടവ് റോഡ് സ്റ്റേറ്റ് ഹൈവേ ആയി അംഗീകരിക്കുക.

9. PWD റോഡുകളുടെ അറ്റകുറ്റ പണി നടത്താനുള്ള ചുമതല പഞ്ചായത്തിനെ ഏല്പിക്കുക.

10. കരുനാഗപ്പള്ളിയിൽ നിന്നുള്ള ബസ്സുകളുടെ ഫെയർസ്റ്റേജ് ഇപ്പോൾ തേവലക്കര കഴിഞ്ഞുള്ളത് ചേനങ്കരമുക്കാണ്. അത് പടപ്പനാലാക്കി പുനർ നിർണ്ണയം ചെയ്യണം.

ഒരു നാടിന്റെ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന ഗതാഗതമേഖല, നമ്മുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ജനോപകരപ്രദമാക്കാൻ ബന്ധപ്പെട്ടവരുടെ അടിയന്തിരശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഒപ്പം നാട്ടുകാരുടെ ആത്മാർത്ഥവും നിർലോഭവുമായ കായികാദ്ധ്വാനം ഉൾപ്പെടെയുള്ള സഹായസഹകരണങ്ങളും അനിവാര്യമാണ്. അതിന് തുടക്കം കുറിയ്ക്കാൻ നമുക്ക് ഇവിടെ ഒന്നിയ്ക്കാം.

5-4
ഊർജ്ജം

വൈദ്യുതിയേപ്പറ്റി ജനങ്ങൾ ഏറെ അറിയുന്നതിനുമുൻപ് അത് എത്തിച്ചേർന്ന ഗ്രാമമാണ് തേവലക്കര പഞ്ചായത്ത്. പദ്ധതികൾ പലതുകഴിഞ്ഞിട്ടും പൂർണ്ണതയിലെത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. ഉപഭോക്താക്കളുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ലക്ഷ്യം കൈവരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിമിതമാണ്. ഈ പഞ്ചായത്തൊട്ടാകെ വൈദ്യുതി വിതരണം നടത്തുന്നത് ചവറ 66 K.V. സബ്സ്റ്റേഷനിൽ നിന്നാണ്. 7320 ൽ അധികം വരുന്ന ഉപഭോക്താക്കൾ ഉണ്ടായിട്ടും തേവലക്കരയിൽ ഇപ്പോഴും ഒരു സെക്ഷനാപ്പീസ് മാത്രമാണുള്ളത്. തൊട്ടടുത്ത പഞ്ചായത്തുകളായ തെക്കുംഭാഗവും മൈനാഗപ്പള്ളി പന്മന, ചവറ എന്നീ പഞ്ചായത്തുകളുടെ പകുതിയോളം ഭാഗങ്ങളും ഈ ആഫീസിന്റെ കീഴിലാണ്. ഇത്രയും ഉപഭോക്താക്കൾ കറണ്ടുചാർജ്ജ് അടയ്ക്കാൻ വരുന്നത് ഈ ആഫീസിലാണ്. ഇതുമൂലമുണ്ടാകുന്ന തിരക്കും ബുദ്ധിമുട്ടുകളും ഒഴിവാക്കാനുള്ള പരിഹാരമാർഗ്ഗങ്ങൾ ഒന്നും തന്നെയും ഇതുവരെ ആയിട്ടില്ല. ഈ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഒരു മേജർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വേണമെന്ന ആവശ്യം- പരിശ്രമങ്ങളേറെ നടത്തിയിട്ടും ഇപ്പോഴും പരിഹരിക്കാനായിട്ടില്ല. ഗാർഹിക ഉപഭോക്താക്കൾ അനുഭവിക്കുന്ന വോൾട്ടേജ് ക്ഷാമം ഈ പഞ്ചായത്തിന്റെ ഏറ്റവും വലിയ ഊർജ്ജപ്രതിസന്ധിയാണ്. ഉപഭോക്താക്കളുടെ എണ്ണവും ട്രാൻസ്ഫോമറുകളുടെ എണ്ണവും തമ്മിൽ യാതൊരു പൊരുത്തവുമില്ല. ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളിൽ ട്രാൻസ്ഫോമറുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതിനേപ്പറ്റി കടുത്ത പരാതികൾ ഉണ്ടായിട്ടുണ്ട്.

നമ്പർ	കപ്പാസിറ്റി	പേര്
1	160 KVA	കോയിവിള ലോക്കൽ
2	160 KVA	കോയിവിള മിനി
3.	100 KVA	ലോകരക്ഷക
4	100 KVA	ചന്ദ്രാസ് ജംഗ്ഷൻ
5	100 KVA	പുത്തൻ സങ്കേതം
6	100 KVA	കടപ്പായി
7	100 KVA	കൂഴംകുളം
8	160 KVA	മുള്ളിക്കാല
9	100 KVA	അരിക്കാവ്
10	160 KVA	അരിനല്ലൂരൽ
11	250 KVA	തേവലക്കര സൗത്ത്
12	100 KVA	പൈപ്പ് മുക്ക്
13	100 KVA	മാവിളമുക്ക്
14	100 KVA	ചെളിത്തോട്

പഞ്ചായത്ത് പ്രദേശത്ത് ആകെ 25.775 കി. മീറ്റർ 11 KV ലൈനുകളും 153 കി. മീറ്റർ എൽ റ്റി ലൈനുകളും ഉണ്ട്. പഞ്ചായത്തിൽ 76 ട്യൂബ്ലൈറ്റുകളും 456 ബൾബുകളുമാണുള്ളത് (25. w - 343 എണ്ണം 40 w 77 എണ്ണം 60 w 21 എണ്ണം 100 w15)

നിലവിലുള്ള ഉപഭോക്താക്കൾ 7320 - (ഗാർഹികം 6618, വ്യാപാരം 526, വ്യാവസായികം 98, കാർഷികം 78)

ആകെ വൈദ്യുതികരിച്ച ഹരിജൻ കോളനികൾ (1) കാഞ്ഞിയിൽ ക്കോളനി (2) കരിമ്പിൻ തറ കോളനി.

തൻവർഷത്തെ കണക്ഷൻ ഓർഡിനറി 38 എണ്ണം OTP 14 എണ്ണം OYEC- 132 അഗ്രികൾച്ചർ -3 (ആകെ 237)

കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

1	ഓർഡിനറി	-	386 (3.10.91 മുതൽ)
2	OTP	-	30 (3.10.92)
3	OYEC	-	73 (23.1.96 മുതൽ)
4	ജവാൻ	-	1 (3.9.96 മുതൽ)
5	കാർഷികം	-	6 (19.1.96 മുതൽ)

പ്രശ്നങ്ങൾ

- ഈ പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ ഇനിയും അവശേഷിക്കുന്നു.
- വൈദ്യുതലൈനുകളുടെ അറ്റകുറ്റപണി നടത്താത്തതു കൊണ്ട് കറണ്ട് ഫെയിലുവർ ഒരു നിത്യസംഭവമാണ്.
- വൈദ്യുതലൈനുകളുടെ പരിരക്ഷയില്ലായ്മ - തട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റാതിരിക്കുക തുടങ്ങിയവ എന്നും പ്രശ്നങ്ങളായി അവശേഷിക്കുന്നു.
- വൈദ്യുത ജീവനക്കാരുടെ അനാസ്ഥ, സാങ്കേതിക പരിജ്ഞാനകുറവ്, ഇവയും പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- ബോർഡു ജീവനക്കാരുടെ സേവനം പലപ്പോഴും ഉപഭോക്താവിന് വിലക്കുവാങ്ങേണ്ടിവരുന്നതും പ്രശ്നങ്ങളാണ്.
- നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എഴുപത്തിയഞ്ചു ശതമാനവും പ്രകാശിക്കാറില്ല
- ഉപഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം
- വോൾട്ടേജ് ക്ഷാമം പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും നിലനിൽക്കുന്നു.
- റോഡുകൾക്കുവീതി കൂട്ടുമ്പോൾ റോഡിന്റെ മദ്ധ്യത്തുവരുന്ന ഇലക്ട്രിക് പോസ്റ്റുകൾ(KV ലൈൻ ഉൾപ്പെടെ) സൈഡിലേക്ക് മാറ്റി സ്ഥാപിച്ചിട്ടില്ല.

ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു

Ward I

- മണ്ഡപം ജംഗ്ഷൻ മുതൽ ചെളിത്തോട് വരെ ത്രീ ഫേയ്സ് ലൈൻ
- തുണ്ടിൽ ജംഗ്ഷൻ മുതൽ പുല്ലംപള്ള പടിഞ്ഞാറ് ടാഗോർ ജംഗ്ഷൻ കാട്ടിൽ കിഴക്ക്. നാലുതുണ്ടിൽ മുക്കു മുതൽ പന്താടികിഴക്കുവരെ - ചേമ്പും കാട് മുതൽ പള്ളിയിറക്കം വരെയുള്ള ഭാഗത്ത് വഴിവിളക്കുകൾ സ്ഥാപിക്കുക

Ward II

- മുക്കനാട്ടു - ആലപ്പുറം, മാവിള- വട്ടക്കാട് പൈപ്പ് മുക്ക് - വെളുത്തമ്മാർ കാവ്, കോമളത്ത്-മാവിളത്തറ വെട്ടം, ആലയിൽ തോട്ടിൽ നിന്നും തെക്കോട്ട് കോളനിയിലേക്ക്, എന്നിവിടങ്ങളിൽ ഇലക്ട്രിക് ലൈൻ ലഭ്യമാക്കുക.

Ward III

- തേവലക്കര മാർക്കറ്റ് ജംഗ്ഷൻ, ആലുമുക്ക്, ചേന്നങ്കരമുക്ക് എന്നീ പ്രധാന സ്ഥലങ്ങളിൽ സോഡിയം ലാംബ് സ്ഥാപിക്കണം

Ward IV

- വാർഡിൽ 10 KM സ്ഥലം ഇലക്ടിക്ക് ലൈൻ പുതിയതായി ലഭ്യമാക്കണം. കാക്കത്തോട്ടത്ത് ഹരിജൻ കോളനി വൈദ്യുതീകരിക്കുക തെക്കൻ ഗുരുവായൂർ വഞ്ചി ജംഗ്ഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക

Ward V

- കുളങ്ങര ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് വൈദ്യുതി ലഭ്യമാക്കണം. ഗവണ്മെന്റ് LPS കളങ്ങര ഹരിജൻ കോളനിയിലും വൈദ്യുതി എത്തിക്കണം

Ward VI

☞ കൊല്ലച്ചേഴത്തു ജംഗ്ഷൻ മുതൽ കുരിശടിവരെ വൈദ്യുതി ലൈൻ സ്ഥാപിക്കുക. ഒരു പോയിന്റ് വൈദ്യുതി കണക്ഷൻ സൗജന്യമായി പാവങ്ങൾക്ക് നൽകുക.

Ward VII

☞ പള്ളിമുക്കിൽ നിന്നും ബോട്ടുജട്ടിവരെയും, കുറ്റിക്കാട്ടു മുക്കിൽ നിന്നും പടിഞ്ഞാറോട്ടും അരിനല്ലൂർ പള്ളിക്കുവടക്കു പടിഞ്ഞാറോട്ടും, കൊച്ചുപുല്ലിക്കാട്ടു മുക്കിൽ നിന്നും, കല്ലുപുറത്തു മുക്കുവരേയും കനൽ റോഡിൽ കൂടി ഇലക്ട്രിക്ക് ലൈൻ സ്ഥാപിക്കുക. പുത്തപ്പുഴ ചരുവിലും മഞ്ഞിപ്പുഴുമുക്കു മുതൽ കോളനിവരെയും വൈദ്യുതി ലൈൻ സ്ഥാപിക്കുക.

Ward VIII

☞ കോളനി സ്ഥലം വൈദ്യുതികരിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കല്ലുംമൂട് ജംഗ്ഷനിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക

Ward IX

☞ തുണ്ടിൻ മുക്കു മുതൽ കാട്ടുപുറം മുക്ക്, കക്കുരിക്കൽ മുക്കു മുതൽ തെക്കോട്ടു ചിറയിൽ ഭാഗം പാവുമ്പാ അമ്പലത്തിൽ നിന്നും തെക്കോട്ടുള്ള സ്ഥലങ്ങൾ നമ്പ്യാരത്തു മുക്കു മുതൽ കക്കുരിക്കൽ മുക്കുവരെ, ചെപ്പള്ളിൻ മുക്കു മുതൽ തുണ്ടിൽ മുക്കുവരെ, സെന്റ് ആന്റണീസ് സാമിൽ മുതൽ ഗീതാജംഗ്ഷൻ വരെ കല്ലുംപുറത്തു മുക്കു മുതൽ കിഴക്കോട്ടു തുണ്ടിൻ മുക്കുവരെ യും വൈദ്യുതിലൈൻ സ്ഥാപിക്കണം. കോളനികളിൽ വൈദ്യുതി എത്തിക്കുക.

Ward X

☞ കോയിവിള ചാലിൽ കോളനി, പരത്തൂർ തെക്കുവശം ഹരിജൻ കോളനി, പാങ്ങയിൽ ജംഗ്ഷന്വടുക്കുഭാഗത്തുള്ള കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.

Ward XI

☞ കരാച്ചം വീട്ടിൽ കിഴക്കുവശത്തുള്ള ഏകദേശം 15 വീടുകളിൽ വൈദ്യുതി ലഭ്യമാക്കണം. കോട്ടൂർമുക്കു മുതൽ വലിയവിള വഴി ചക്കഴത്തു മുക്കിലേക്ക് വൈദ്യുതി ലൈൻ സ്ഥാപിക്കണം. നെടിയേഴത്തു മുക്കുമുതൽ കരാച്ചം വിട്ടി തെക്കേവിള, ചുനക്കാട്ടുവയലിലെ വീടുകൾ എന്നിവയിലും വൈദ്യുതി സ്ഥാപിക്കണം. വൈദ്യുതികിട്ടാനുള്ള (കൺസന്റിൽ പഞ്ചായ്ത്ത്) നടപടി സ്വീകരിക്കണം. തറമേൽമുക്ക് - കല്ലിരിക്കൽ മുക്ക് റോഡിന്റെ നടുവിലുള്ള 11 KV ലൈൻ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

Ward XII

☞ നാലുവരമ്പ് മാമ്പഴമുക്ക്, കരീഞ്ചിമുക്ക് പറത്തുമുക്ക്, കറിഞ്ചിമുക്ക് മാമ്പുഴമുക്ക് തപ്പത്തിൻമുക്ക് മാമ്പഴമുക്ക് കുഴംകുളം മുക്ക് - വിളയിൽ മുക്ക്. പൊളിഞ്ഞമ്പലം - കാവരേഴത്തുമുക്ക് കരായിമുക്ക് - പുത്തൻ വീട്ടിൽ മുക്ക്, ചാകൂർമുക്ക് പുത്തൻകുളങ്ങരമുക്ക്, പുത്തൻവീട്ടിൽ മുക്ക് - കളിക്കൻ മുക്ക് എന്നിവിടങ്ങിൽ വൈദ്യുതി ലൈൻ സ്ഥാപിക്കണം

Ward XIII

☞ ശാസ്താവിന് വടക്കതിൽ - മണ്ണാന്റയ്യത്തുമുക്ക്, മണ്ണാന്റയ്യത്തു മുക്ക് - തട്ടാരയ്യത്ത് വടക്കുവശം. SMV LPS - വലിയത്തു തെക്കതിൽ കിഴക്കുവശം എന്നിവിടങ്ങിൽ വൈദ്യുതി ലൈൻ സ്ഥാപിക്കണം. പുതുപ്പണ കോളനിയിൽ വൈദ്യുതി എത്തിക്കണം.

WardXIV

☞ മിനി ട്രാൻസ്ഫോമർ സ്ഥാപിച്ചു വോൾട്ടേജ് ക്ഷാമം പരിഹരിക്കുക കൺസന്റ് ലഭ്യമാക്കുക.

വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് വൈദ്യുതി മാത്രം ആശ്രയിക്കുക ആശാവഹമല്ല. മറ്റ് ഊർജ്ജ സ്രോതസ്സുകൾ കൂടി ഉപയോഗിക്കേണ്ടിയിരിക്കുന്നു.

അനർട്ടുമായി ബന്ധപ്പെട്ട് സൗരോർജ്ജവിളക്കുകൾ വീടുകളിലും നിരത്തുകളിലും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

പാചകവാതകം ലഭിക്കുന്നതിനുള്ള അംഗീകാരം തേവലക്കര പഞ്ചായത്തിനു കൂടി നല്കുക ഗോബർ ഗ്യാസ് പ്ളാന്റുകൾ സ്ഥാപിച്ച് പാചകത്തിനും വിളക്കുകൾ കത്തിക്കുന്നതിനും ഉപകരിക്കുക. പുകയില്ലാത്ത അടുപ്പുകൾ പരമാവധി നിർമ്മിക്കുന്നതിനുള്ള സ്കീം തയ്യാറാക്കി നടപ്പാക്കുക.

ഊർജ്ജം പാഴാക്കാതെ നോക്കാനുള്ള ഉപഭോക്താക്കൾക്ക് ആവശ്യമായ ബോധവല്ക്കരണം നടപ്പിലാക്കാനുള്ള നടപടികൾ ആവിഷ്ക്കരിക്കണം.

തേവലക്കര ഗ്രാമപഞ്ചായത്ത്
വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1 **നിലവിലുള്ള ഉപഭോക്താക്കൾ ഗാർഹികം -(അ) 6618 Nos**

(b)	വ്യാപാരം	526
(c)	വ്യാവസായികം	98
(d)	കാർഷികം	78

2 **കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**

1	ഓർഡിനറി	386	30.10.1991 മുതൽ
2	OTP	30	30.10.1992 മുതൽ
3	OYEC	73	23.1.96 മുതൽ
4	ജവാൻ	1	3.9.96 മുതൽ
5	കാർഷികം	6	19.1.96 മുതൽ

3 **സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം**

_ബൾബ് 25 W-343 No. , 40 W-77 No., 60 W-21 No., 100 W-15 No.

(b)	Tube light	76 No.
(c)	MV Lamp -	Nil

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

(1) കാഞ്ഞിയിൽ കോളനി (2) കരിമ്പിൻതറ കോളനി

5 തൻവർഷത്തെ കണക്ഷൻ

(a)	ordinary	-	88 Nos
(b)	OTP	-	14 ''
(c)	OYEC	-	132 ''
(d)	Agricultural	-	3''
			237

പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ റ്റി ട്രാൻസ്ഫോമറുകളുടെ പേരുകൾ

1 ചെളിത്തോട് (2) പൈപ്പ് മുക്ക് (3) മാവിള (4) തേവലക്കരസൗത്ത് (5) അരിനല്ലൂർ (6) അരീക്കാവ് (7) ലോകരക്ഷക (8) മുള്ളിക്കാല (9) കോയിവിള ലോക്കൽ (10) കോയിവിള മിനി (11) ചന്ദ്രാസ് (12) പുത്തൻ സങ്കേതം (13) കുഴംകുളം (14) കടപ്പായിൽ

7 സ്ട്രീറ്റ ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 6886/- രൂപ

5-5

ഗ്രാമീണവിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടത് ഗ്രാമത്തിന്റെ
ഭൂമിശാസ്ത്രവും ചരിത്രവും ഗ്രാമത്തിന്റെ കണക്കും ഗ്രാമത്തിനാവശ്യമായ സാക്ഷരതയുമാണ്

-ഗാന്ധിജി

വിദ്യാഭ്യാസം

മതസൗഹാർദ്ദത്തിനും ദേശസ്നേഹത്തിനും പേരുകേട്ട ഈ ഉൾനാടൻ ഗ്രാമപ്രദേശം വിദ്യാഭ്യാസ നിലവാരത്തിൽ ഏറെ പിന്നിലാണ്. അനുകൂലമായ ഭൗതിക സാഹചര്യങ്ങളുടെ അഭാവമാണ് ഈ അവസ്ഥയുടെ മുഖ്യകാരണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്, യാത്രാ സംബന്ധമായ ആസൗകര്യങ്ങൾ, സാമ്പത്തികമായ പിന്നോക്കാവസ്ഥ എന്നിവ പ്രസ്തുത വിപരീത സാഹചര്യങ്ങളിൽ ചിലതു മാത്രമാണ്.

വിദ്യാഭ്യാസ രംഗത്തെ നമ്മുടെ ചരിത്രം തന്നെ ഒട്ടും ആശാവഹമായിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം വരെ ഈ പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും നിലനിന്നുപോന്ന പ്രധാന വിദ്യാദാനകേന്ദ്രങ്ങൾ കുടിപ്പള്ളിക്കൂടങ്ങൾ മാത്രമായിരുന്നു. അവയിൽ പലതും വെറും നിലത്തെഴുത്ത് പള്ളിക്കൂടങ്ങൾ മാത്രമായി ചുരുങ്ങിയിരുന്നില്ലെന്നതാണ് ഈ അന്ധകാരത്തിനിടയിലെ ഏക രജതരേഖ. അക്ഷര ജ്ഞാനം നേടി കഴിഞ്ഞവർക്ക് അന്നത്തെ നാട്ടുനടപ്പനുസരിച്ച് "തമിഴിന്റെ വഴിക്ക്" "വാക്യം പരപേർ" തുടങ്ങി നാട്ടറിവിനുതകുന്ന പഞ്ചാംഗപരിശീലനവും, "സിദ്ധരൂപം, അമരകോശം" തുടങ്ങി സംസ്കൃത ഭാഷാ പരിജ്ഞാനവും നൽകാൻ കഴിവുള്ള ആശാന്മാർ അന്നുണ്ടായിരുന്നു. മുന്തിരിക്കണക്ക്, ഗ്രഹനില, നാള്, പക്കം, നാഴിക ആദിയായവയുടെ പഠനത്തിനുശേഷം മാത്രമേ കുടിപ്പള്ളിക്കൂടത്തിലെ വിദ്യാഭ്യാസം അവസാനിച്ചിരുന്നുള്ളൂ. കുടിപ്പള്ളിക്കൂടത്തിൽ നിന്നും പുറത്തുവരുന്നതോടെ മിക്കവരും പഠിത്തം നിർത്തി കുടുംബത്തൊഴിലിൽ ഏർപ്പെടും. സാഹചര്യവും താൽപര്യവും അനുകൂലമായിട്ടുള്ളവർ സംസ്കൃത പഠനം ആരംഭിക്കും. ഗൃഹസ്ഥന്മാരുടെ മക്കൾ ആശാന്മാരെ വീട്ടിൽ വരുത്തിയും മറ്റുള്ളവർ ആശാന്മാരുടെ വീട്ടിൽ ചെന്നും പഠിക്കുകയായിരുന്നു പതിവ്. ഗുരുകുല വിദ്യാഭ്യാസം നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നു. കോട്ടൂർ ആശാന്മാർ ഈ രംഗത്ത് പ്രശസ്തരായിരുന്നു.

രാജകല്പനയനുസരിച്ച് മലയാളം സ്ക്കൂളുകൾ ആരംഭിക്കാൻ തുടങ്ങിയത് ഇതേ കാലയളവിലായിരുന്നു. ഉന്നതശ്രേണികളിൽ സ്വാധീനമുള്ള പ്രമാണിമാർ അവരവരുടെ പ്രദേശങ്ങളിൽ സ്ക്കൂളുകൾ ആരംഭിപ്പിച്ചു. ഈ വിധത്തിൽ അനുവദിക്കപ്പെട്ട നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമാണ് അയ്യൻകോയിക്കൽ പ്രൈമറി സ്ക്കൂൾ. ഏകദേശം ഒരു നൂറ്റാണ്ടു മുമ്പ് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തായിരുന്നു ഇത്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് 1113 ലെ നിരോധനാജ്ഞ ലംഘിച്ച കോൺഗ്രസ്സുകാർ ഒത്തുകൂടി സർ സി പി ക്കെതിരെ പ്രമേയം പാസ്സാക്കിയത് ഈ സരസ്വതീ ക്ഷേത്രത്തിന്റെ തിരുമുറ്റത്തു വച്ചായിരുന്നു.

ആരംഭകാലത്ത് അയ്യൻകോയിക്കൽ എൽ പി. സ്ക്കൂളിൽ ആൺകുട്ടികൾക്ക് മാത്രമേ പ്രവേശനം ഉണ്ടായിരുന്നുള്ളൂ. 1 മുതൽ 4 വരെ ക്ലാസ്സുകൾ രണ്ടോല കെട്ടിടങ്ങളിലായി നടന്നിരുന്നു. ഒറ്റമുണ്ടും തോർത്തും അദ്ധ്യാപകർക്കും തോർത്തു മാത്രം കുട്ടികൾക്കും എന്ന രീതിയിലായിരുന്നു അന്നത്തെ സാധാരണ വസ്ത്രധാരണം. തുടർന്ന് പെൺകുട്ടികൾക്കും വിദ്യാഭ്യാസം ചെയ്യാൻ അവസരം വേണമെന്നുള്ള ആലോചനയുടെയും പ്രവർത്തനത്തിന്റേയും ഫലമായിട്ടാണ് മൊട്ടയ്ക്കലിൽ എൽ പി സ്ക്കൂൾ ആരംഭിച്ചത്. ആദ്യകാലത്ത് അവിടെ പെൺകുട്ടികൾക്കു മാത്രമേ പ്രവേശനം ലഭിച്ചിരുന്നുള്ളൂ. തൊട്ടുകൂടായ്മ ശക്തമായി നിലനിന്നിരുന്ന കാലമായിരുന്നു അത്. അവർണ്ണർക്ക് സ്ക്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നില്ല. ഈ വിവേചനത്തിനെതിരെ അർത്ഥപൂർണ്ണമായി ആദ്യം പ്രതികരിക്കാൻ തയ്യാറായത് അന്നത്തെ പ്രമാണിയും അയ്യൻ കോയിക്കൽ സ്കൂളിലെ ഹെഡ്മാസ്റ്ററുമായിരുന്ന കാരാളിൽ ശ്രീ. കേശവപിള്ളയായിരുന്നു. തന്റെ വീട്ടുജോലിക്കാരന്റെ മകന് സ്കൂളിൽ പ്രവേശനം നല്കിക്കൊണ്ടായിരുന്നു അദ്ദേഹം ഈ വിപ്ലവത്തിന് തുടക്കം കുറിച്ചത്.

പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ തുടർ വിദ്യാഭ്യാസത്തിന് സമീപത്ത് സ്ഥാപനങ്ങൾ ഇല്ലായിരുന്നു. ഭൂരിഭാഗം വിദ്യാർത്ഥികൾക്കും തുടർവിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. ഇതിനിടയിൽ കോവൂരിൽ ആരംഭിച്ച അപ്പർ പ്രൈമറി സ്കൂളിൽ ചേർന്നു പഠിക്കാൻ കുറെ പേർക്ക് അവസരം ലഭിച്ചു. ഏഴാം തരം പാസ്സാകുന്നവർക്കൊക്കെ അന്ന് സർക്കാർ ഉദ്യോഗം ലഭിക്കുമായിരുന്നു.

എട്ട്, ഒൻപത് ക്ലാസ്സുകൾ ഉൾപ്പെടുന്ന മുഖ്യപരീക്ഷക്ക് അഥവാ ഹയർ വിദ്യാഭ്യാസത്തിന് അന്ന് സൗകര്യമുണ്ടായിരുന്നത് കൊല്ലത്തുമാത്രമായിരുന്നു. തെക്കും ഭാഗത്ത് കടത്തിറങ്ങി നടന്നു വേണമായിരുന്നു കൊല്ലത്തെത്താൻ. വിദ്യാഭ്യാസാർത്ഥം നമ്മുടെ ഗ്രാമത്തിൽ നിന്ന് അന്ന് അധികമാരും മേൽപറഞ്ഞ സാഹസത്തിന് മുതിർന്നതായി അറിവില്ല.

കോളേജ് വിദ്യാഭ്യാസം ലഭിക്കുന്നതിന് തിരുവനന്തപുരത്തോ മദ്രാസിലോ പോകേണ്ടിയിരുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്ന് ആദ്യമായി കോളേജ് വിദ്യാഭ്യാസം നേടാൻ സാധിച്ചത് അമ്മ മഹാറാണി ലക്ഷ്മീഭായിയുടെ ഭരണകാലത്ത് നീണ്ടകരയിലെ പഴയ പാലം പണിക്ക് നേതൃത്വം കൊടുത്ത ചീഫ് എഞ്ചീനിയർ കണ്ണകത്ത് കുടുംബാഗമായ നാരായണപിള്ള അവർകൾക്കായിരുന്നു എന്നാണറിവ്.

ചരിത്രത്തിന്റെ കുതിപ്പിൽ തിരിച്ചറിയാനാവാത്ത വിധം മുഖച്ഛായകൾ പരിണമിക്കുന്നു. വിദ്യാലയങ്ങൾ ക്രമേണ സാർവ്വത്രികമായി ഗുഹാനന്ദപുരത്തും പന്മനയിലും ആരംഭിച്ച സംസ്കൃത സ്ക്കൂളുകളും, ശങ്കരമംഗലത്ത് തുടങ്ങിയ ഇംഗ്ലീഷ് സ്ക്കൂളും അന്യപഞ്ചായത്തുകളിൽ ഉൾപ്പെടുന്നവയാണെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ഭൂമികയിൽ സമൂലവും സാർത്ഥകവുമായ പരിവർത്തനങ്ങളാണ് സൃഷ്ടിച്ചത്.

ക്രമേണ നമ്മുടെ ഗ്രാമത്തിന്റെ നാനാ മേഖലകളിലും എൽ പി, യു പി സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങി. തേവലക്കര പഞ്ചായത്തിന് ഒരു ഹൈസ്ക്കൂൾ എന്ന സ്വപ്നം സാക്ഷാത്കരിച്ചത് 1965 ൽ അയ്യൻ കോയിക്കൽ ഗവ: യു പി സ്ക്കൂൾ അപ്ഗ്രേഡു ചെയ്തതോടെയാണ്. തുടർന്ന് 1976 ൽ കോയിവിളയിൽ സെന്റ് ആന്റണീസ് ഹൈസ്ക്കൂളും പ്രവർത്തനം ആരംഭിച്ചതോടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ഗ്രാമനിവാസികൾക്ക് കൈ എത്താവുന്ന അകലത്തിലായി.

കോളേജ് വിദ്യാഭ്യാസം കൊല്ലത്തോ, വിദൂര സ്ഥലങ്ങളിലോ പോകാൻ സാഹചര്യമുണ്ടായിരുന്ന ചിലർക്ക് മാത്രമായി ഒതുങ്ങിയിരുന്ന സ്ഥിതിക്ക് 1964 ൽ മാറ്റം വന്നു. ദേവസ്വം ബോർഡ് ശാസ്താംകോട്ടയിൽ കോളേജ് ആരംഭിക്കുകയും പിന്നീട് 1980 ൽ ചവറയിൽ പൊതുമേഖലയിൽ കോളേജു പ്രവർത്തനം ആരംഭിക്കുകയും ചെയ്തതോടെ കോളേജ് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏറെ കുറെയായി.

സമീപ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഐ. ടി. സി തുടങ്ങിയ സ്ഥാപനങ്ങളിലും ഇവിടെ നിന്നും കുറെ പേർ പഠിക്കുന്നുണ്ട്.

ഈ സാഹചര്യങ്ങളൊക്കെ ഇപ്പോഴുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗങ്ങളിൽ പ്രത്യേകിച്ച് മെഡിക്കൽ എഞ്ചിനീയറിംഗ്, ശാസ്ത്ര സാങ്കേതിക ഗവേഷണ കോഴ്സുകൾക്ക് പഠിക്കാൻ ഇവിടെയുള്ള ആർക്കെങ്കിലും അവസരം ലഭിക്കുന്നത് വർഷങ്ങളുടെ കാത്തിരിപ്പിനുശേഷമാണ്. ഇപ്പോൾ ലിപ്സണിൽ മിനിസ്റ്റർ ആയിരിക്കുന്ന ശ്രീ കെ. പി ഏണസ്റ്റ് നമ്മുടെ പഞ്ചായത്തിലെ IFS നേടിയ ഏകവ്യക്തിയാണ്.

ഈ പഞ്ചായത്തിലെ സ്കൂളുകളും വിദ്യാർത്ഥികളും അദ്ധ്യാപകരും (പട്ടിക 1)

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ ഹൈസ്ക്കൂൾHS	ഗവ	500	492	992			
	അയ്യൻകോയിക്കൽ UP		309	321	630	31	26	57
2	സെന്റ് ആന്റണീസ് HS	എയിഡഡ്	210	206	416			
	ഹൈസ്ക്കൂൾ UP		172	158	330	16	13	29
3	സെന്റ് ജോർജ്ജ് UP	,,	91	91	182			
	യു പി എസ്സ് അരിനല്ലൂർ LP		96	96	192	1	10	11
4	ഐ. ഐ. യുപിഎസ് തേവലക്കര	,,	287	292	579	4	18	22
5	ഗവ എൽ പി എസ് മൊട്ടയ്ക്കൽ	ഗവ	108	100	208	3	5	8
6	ഗവ എൽ. പി. എസ് അയ്യൻകോയിക്കൽ	,,	252	225	477	3	10	13
7	സെന്റ് ആന്റണീസ് എൽ പി എസ്, കോയിവിള	എയിഡഡ്	139	168	307	1	7	8
8	എസ് ഐ. എൽ പി എസ് മുള്ളിക്കാല	,,	178	174	352	3	9	12

9	ഗവ എൽ. പി. എസ് ഗവ അരിനല്ലൂർ വടക്ക്		114	109	223	-	7	7
10.	മുസ്ലീം എൽ പി എസ് പാലയ്ക്കൽ	എയിഡഡ്	246	262	508	2	12	14
11.	ഗവ എസ്. എം വി എൽ. പി. എസ്. തേവലക്കര	ഗവ	149	125	274	4	7	11
12.	മുളയ്ക്കൽ എൽ പി. എസ് തേവലക്കര	എയിഡഡ്	196	215	411	1	11	12
	തെക്കൻ ഗുരുവായൂർ	ആകെ	3047	3034	6081	69	135	204
13	ഇംഗ്ലീഷ് മീഡിയം എൽ പി. എസ്	അൺ എയിഡഡ്	132	95	227	4	11	15

ഈ പഞ്ചായത്തിൽ ഇപ്പോൾ 2 ഹൈസ്ക്കൂളുകളും 2 അപ്പർ പ്രൈമറി സ്ക്കൂളുകളും 8 പ്രൈമറി സ്ക്കൂളുകളും ഒരു അൺ എയിഡഡ് സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. അപ്പർ പ്രൈമറി ഉൾപ്പെട്ടതാണ് രണ്ട് ഹൈസ്ക്കൂളുകളും ഇതിൽ ഒരു ഹൈസ്ക്കൂളും നാലു എൽ പി. സ്ക്കൂളുകളും പൊതുമേഖലയിലും ഒരു ഹൈസ്ക്കൂൾ രണ്ട് യു. പി. സ്ക്കൂളുകൾ നാല് എൽ. പി. എസ്സുകൾ എന്നിവ സ്വകാര്യമേഖലയിലുമാണ് (പട്ടിക 1) കുട്ടികളുടെ എണ്ണം ഈ സ്ക്കൂളുകളിൽ വർഷം തോറും കുറയുന്നത് കൊണ്ടാകാം ഇനിയും കൂടുതൽ സ്ക്കൂളുകൾ വേണമെന്ന ശക്തമായ ആവശ്യം ഉയരാത്തത്.

ഇവിടുത്തെ വിദ്യാർത്ഥികളിൽ കുറെ മൈനാഗപ്പള്ളി, പന്മന തുടങ്ങിയ സമീപപഞ്ചായത്തുകളിലെ സ്ക്കൂളുകളിൽ പഠിക്കുന്നുണ്ട്. എന്നാൽ ചവറ, തെക്കുംഭാഗം പഞ്ചായത്തുകളിൽ നിവസിക്കുന്ന കുറെ കുട്ടികൾ ഈ പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളുകളിലും പഠിക്കുന്നവരാണ്.

സാമൂഹ്യമാറ്റത്തിനനുസരിച്ച് ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിനുള്ള താല്പര്യം സമീപകാലത്തായി ഇവിടെയും വർദ്ധിച്ചുവരികയാണ്. സാമ്പത്തിക ശേഷിയുള്ളവരുടെ കണ്ണ് ഇതിലേക്കാണ്. വിദൂരങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളിലെ പത്തോളം വാഹനങ്ങൾ ഈ കൊച്ചു ഗ്രാമത്തിലും വന്നുപോകുന്നു. ഇതും ഇവിടുത്തെ പൊതു വിദ്യാലയങ്ങൾ ശോഷിക്കുന്നതിന് ഒരു കാരണമാണ്.

പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്(പട്ടിക 2)

മേഖല	എൽ.പി. എസ്			യു. പി. എസ്			ഹൈ. സ്ക്കൂ.		
	ആകെ	SC/ST	ശതമാനം	ആകെ	SC/ST	ശതമാനം	ആകെ	SC/ST	ശതമാനം
ഗവൺമെന്റ്	1182	156	13.2	630	93	14.8	992	92	9.4
എയിഡഡ്	1770	80	4.5	1091	51	4.6	416	15	3.6
അൺ എയിഡഡ്	227	5	2						

പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികൾ ഭൂരിപക്ഷം ഗവൺമെന്റ് സ്ക്കൂളുകളിൽ പഠിക്കാൻ താല്പര്യം കാണിക്കുന്നവരാണെന്ന് (പട്ടിക 2) കണക്കുകൾ കാണിക്കുന്നു.

സ്ക്കൂളുകളിൽ ഉയർന്ന ഒരു നിശ്ചിത ശതമാനത്തിന് ഓരോ വർഷവും ക്ലാസ്സ് കയറ്റം നൽകുന്നതുകൊണ്ട് പഠിത്തത്തിൽ ഏറെ പിന്നോക്കം നില്ക്കുന്നവർ ആയിരിക്കും തോല്ക്കുക. ഇതിൽ ബഹുപൂരിപക്ഷവും വീണ്ടും ചേർന്ന് പഠനം തുടരും. സാമൂഹ്യസാമ്പത്തിക കാരണങ്ങളാൽ പഠിത്തം നിർത്തി തൊഴിലിൽ ഏർപ്പെടുന്നവരുമുണ്ട്.

പഠനം നിർത്തുന്നവരുടേയും തോറ്റു പഠിക്കുന്നവരുടേയും കണക്ക് (പട്ടിക 3)

	തോറ്റുപഠിക്കുന്നവർ			തോറ്റു പഠിക്കുന്നവർ			പഠനം നിർത്തിയവർ					
	SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഗവൺമെന്റ്	27	25	52	82	62	144	10	7	17	25	15	40
എയിഡഡ്	9	6	15	122	73	195	1	-	1	27	13	40
ആകെ	36	31	67	204	135	339	11	7	18	52	28	80

അംഗീകാരമില്ലാത്ത രണ്ട് ഇംഗ്ലീഷ് മീഡിയം (ഒന്നിൽ മലയാളവുമുണ്ട്) നഴ്സറി സ്ക്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ട്യൂഷനുള്ള സൗകര്യങ്ങൾ ആവശ്യത്തിനുണ്ട്. ഇതിലേക്ക് 9 ട്യൂട്ടോറിയലുകൾ സജീവമായി രംഗത്തുണ്ട്. ഒരു പാരലൽ കോളേജും പ്രവർത്തിക്കുന്നു. ഗ്രൂപ്പുകൾ വിഭാഗത്തിലുള്ള കുട്ടികൾ ഏതാണ്ട് പൂർണ്ണമായും ട്യൂഷനു പോകുന്നവരാണ്. യു. പി. വിഭാഗത്തിലും കുറവല്ല.

ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ ഇവിടെ ആറ് എണ്ണമുണ്ട്. ഈ രംഗത്ത് മുൻകാലങ്ങളിലെ പോലെയുള്ള തള്ളിക്കയറ്റം ഇപ്പോഴില്ല. ഫോട്ടോസ്റ്റാറ്റ് കംപ്യൂട്ടർ ഇവ വ്യാപകമായതോടെ ടൈപ്പ് റൈറ്റിംഗ് പഠിക്കാനുള്ള അധികമാരും കാണിക്കുന്നില്ല. എസ്സ്. എസ്സ്. എൽ സി കഴിഞ്ഞ് മറ്റു കോഴ്സുകൾക്ക് പോകാൻ കഴിയാത്തവരും ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ അവരുടെ ഔദ്യോഗിക ആവശ്യത്തിനു വേണ്ടിയും, തൊഴിലന്വേഷകരിൽ ചിലരും മാത്രമേ ഇപ്പോൾ ടൈപ്പ്റൈറ്റിംഗ് പഠിക്കുന്നതായി കാണുന്നുള്ളൂ.

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ 39 എണ്ണം ഇവിടെയുണ്ട്. കുട്ടികൾക്ക് മാനസികവും, ബുദ്ധിപരവും, കായികവുമായ വികാസമുണ്ടാക്കുന്നതിനും ഔപചാരിക വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നതിനും ഇപ്പോഴുള്ള സൗകര്യങ്ങൾകൊണ്ട് നമ്മുടെ അങ്കണവാടികൾക്ക് കഴിയുന്നില്ല. ഇവിടെ വരുന്ന മിക്ക കുട്ടികളും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വീടുകളിൽ നിന്നാണ്. അതുകൊണ്ടുതന്നെ അങ്കണവാടികൾക്ക് പരമാവധി സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്ത് അവ ആകർഷകങ്ങളാക്കി പാവപ്പെട്ട പിഞ്ചു കുഞ്ഞുങ്ങളുടെ ആവശ്യങ്ങൾ അക്ഷരാർത്ഥത്തിൽ നിറവേറ്റാൻ പര്യാപ്തമാക്കണം. മുന്തിയ പരിഗണന ഇതിനു നല്കേണ്ടതാണ്. അതുപോലെ ഈ രംഗത്ത് ജോലി ചെയ്യുന്നവരുടെ ആവലാതികളും പരിശോധിക്കണം.

മുസ്ലീങ്ങളുടെ മതപഠനസ്ഥാപനമായ മദ്രസകൾ ഈ പഞ്ചായത്ത് അതിർത്തിയിലുള്ള 3 ജമാ അത്തിന്റെ കീഴിൽ ഏകദേശം 15 എണ്ണം പ്രവർത്തിക്കുന്നു. അറബിഭാഷയിലുള്ള ഉന്നത വിദ്യാഭ്യാസം നടത്തുന്ന ദാറുൽഹുദാ അറബിക് കോളേജും ഇസ്സത്തുൾ ഇസ്ലാം അറബിക് കോളേജും ഇവിടെയുള്ളത് ഈ പഞ്ചായത്തിന് ഒരനുഗ്രഹം തന്നെയാണ്.

ഒട്ടനവധി സന്നദ്ധ സംഘടനകളും കലാ സാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്ന ഈ ഗ്രാമത്തിൽ നിരക്ഷരരുടെ എണ്ണം കുറവല്ല. സാക്ഷരതാ പ്രവർത്തന കാലയളവിൽ ഇവരിൽ ഭൂരിഭാഗത്തേയും സാക്ഷരരുടെ ഗണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിരുന്നെങ്കിലും തുടർപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാതിരുന്നതുകൊണ്ട് ആ സാക്ഷരരും നിരക്ഷരരുടെ പട്ടികയിൽ ചെന്നുപെട്ടു. സാക്ഷരതാ സമിതികൾ പുനർജീവിപ്പിക്കുകയും ജനവിജ്ഞാനകേന്ദ്രങ്ങൾ സജീവമാക്കുകയും സന്നദ്ധ സംഘടനകൾ താല്പര്യപൂർവ്വം രംഗത്തിറങ്ങുന്നതിലൂടെ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയൂ.

മിക്ക സ്ക്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ തുലോം കുറവാണ്. പ്രത്യേകിച്ചും സർക്കാർ സ്ക്കൂളുകളിൽ (പട്ടിക 4)

സ്ക്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വിവരം (പട്ടിക 4)

സ്ക്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുരകളുടെ എണ്ണം	കക്കൂസുകളുടെ എണ്ണം	കുടിവെള്ളത്തിന്റെ ലഭ്യത	വൈദ്യുതീകരിച്ചതാണോ	ഇനി ആവശ്യമുള്ള ക്ലാസ്സുമുറികൾ
ഗവ LPS മൊട്ടയ്ക്കൽ	208	8	1	ഇല്ല	ഉണ്ട്	ഉണ്ട്	3
ഗവ. LPS അയ്യൻകോയിക്കൽ	477	13	ഇല്ല	1	,,	ഇല്ല	4
ഗവ LPS അരിനല്ലൂർ	223	7	1	1	,,	ഇല്ല	2

ഗവ SMV LPS തേവലക്കര	274	11	2	ഇല്ല	,,	ഉണ്ട്	2
സെന്റ് ആന്റണീസ് LPS, കോയിവിള	307	8	1	ഇല്ല	,,	,,	ഇല്ല
SILPS മുള്ളിക്കാല	352	12	1	1	,,	,,	ഇല്ല
MLPS പാലയ്ക്കൽ	508	14	ഇല്ല	ഇല്ല	,,	ഇല്ല	2
മുളയ്ക്കൽ LPS	411	12	2	ഇല്ല	,,	ഉണ്ട്	ഇല്ല
II UPS തേവലക്കര	579	22	2	1	,,	,,	ഇല്ല
സെന്റ് ജോർജ്ജ് UPS അരിനല്ലൂർ	374	11	1	1	,,	,,	ഇല്ല
സെന്റ് ആന്റണീസ് HS കോയിവിള	746	29	2	2	,,	,,	ഇല്ല
ഗവ HS അയ്യൻകോയിക്കൽ	1622	57	2	ഇല്ല	,,	,,	8
തെക്കൻ ഗുരുവായൂർ EM സ്ക്കൂൾ	227	15	1	4	,,	,,	ഇല്ല

മൂത്രപ്പുര ഇല്ലാത്ത രണ്ടുസ്ക്കൂളുകളും വൈദ്യുതി ലഭ്യമല്ലാത്ത മൂന്നും കക്കൂസ് ഇല്ലാത്ത ആറും സ്ക്കൂളുകൾ ആണുള്ളത്. മൂത്രപ്പുരകൾ മിക്കസ്ക്കൂളുകളിലും ആവശ്യത്തിനില്ലയെന്നത് പട്ടികയിൽ നിന്നും ബോധ്യമാകും. ഉള്ളവയുടെ മിക്കതിന്റേയും നിലവാരം ശോചനീയവുമാണ്. അതുപോലെ ഫർണിച്ചറിന്റെകുറവ്, ക്ലാസ്സ് മുറികളുടെ അപര്യാപ്തതയൊക്കെ സുഗമമായ സ്ക്കൂൾ പ്രവർത്തനത്തിന് വിഘാതം തന്നെയാണ്.

നമ്മുടെ സ്ക്കൂളുകളിലെ അക്കാഡമിക് സൗകര്യങ്ങൾ വളരെ കുറവാണ്. (പട്ടിക 5) അക്കാദമിക് സൗകര്യം മെച്ചപ്പെടുത്തിക്കൊണ്ടു മാത്രമേ പഠിതാക്കൾക്ക് താല്പര്യമുണ്ടാക്കാനും ലോകത്തെക്കുറിച്ച് അറിയാനും ചിന്തിക്കാനും അവസരമുണ്ടാക്കാൻ കഴിയൂ.

അക്കാഡമിക് സൗകര്യങ്ങൾ(പട്ടിക 5)

	ലൈബ്രറി	ലാബ്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ്റിക്കോർഡർ	ടി വി സെറ്റ്	സ്റ്റൈഡ് പ്രൊജക്ടർ	സിനിമ പ്രൊജക്ടർ	ബ്ലാക്ക് ബോർഡ്	മാതൃസംഗമം സജീവം	ക്ലാസ്സ് റും PTA പ്രവർത്തിക്കുന്നത്
ഉള്ളത്	4	5	9	10	10	-	1	-	125	9	12
ഇല്ലാത്തത്	8	7	3	2	2	12	11	12	47	3	-

നമ്മുടെ സ്ക്കൂൾ ലൈബ്രറികൾ പ്രവർത്തനോന്മുഖമാക്കണം. മുഴുവൻ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണം. ലൈബ്രറികൾ ഉള്ള സ്ക്കൂളുകളിൽ കുറെകൂടി മെച്ചപ്പെടുത്തിയും ഇല്ലാത്ത സ്ക്കൂളുകളിൽ ആരംഭിച്ചും കുട്ടികളിൽ വായനാശീലം വളർത്തേണ്ടതുണ്ട്. ഇത് എങ്ങനെ പ്രയോജനപ്രദമാക്കാമെന്ന കാര്യത്തിൽ അദ്ധ്യാപകർക്ക് പരിശീലനവും അനിവാര്യമാണ്. അതു പോലെ സ്ക്കൂൾ ലബോറട്ടറിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം (പട്ടിക 6)

മെറിറ്റ് സ്കോളർഷിപ്പ്	24
ലംപ് സംഗ്രാന്റ്	481
മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	427
വികലാംഗരുടെ സ്കോളർഷിപ്പ്	20
മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്	647
ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം	1

നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയും സാമൂഹ്യസ്ഥിതിയും ബോധ്യപ്പെടുന്നതാണ് പട്ടിക 6

ആകെ പഠിക്കുന്ന 6081 വിദ്യാർത്ഥികളിൽ 1600 പേർക്ക് സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നവരാണ്. ഈ ആനുകൂല്യം ലഭ്യമല്ലായിരുന്നെങ്കിൽ ഇപ്പോൾ സ്ക്കൂളിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വരുമായിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല.

SSLC വിജയശതമാനം (പട്ടിക 7)

	1991-92			92-93			93-94			94-95			95-96		
	എഴുതിയവർ	ജയിച്ചവർ	ശതമാനം	എഴുതിയവർ	ജയിച്ചവർ	ശതമാനം	എഴുതിയവർ	ജയിച്ചവർ	ശതമാനം	എഴുതിയവർ	ജയിച്ചവർ	ശതമാനം	എഴുതിയവർ	ജയിച്ചവർ	ശതമാനം
ഗവ ഹൈസ്ക്കൂൾ അയ്യൻ കോയിക്കൽ	199	75	37.7	235	85	36.2	264	87	33	279	82	29.4	277	71	25.6
സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ	108	70	64.8	85	38	44.7	115	59	51.3	108	56	51.8	100	42	42

ഒരു സ്ക്കൂളിലെ അദ്ധ്യയന നിലവാരം സാധാരണയായി കണക്കാക്കുന്നത് അവിടുത്തെ എസ്. എസ് എസ് എൽ സി പരീക്ഷ ഫലം കൂടി പരിഗണിച്ചാണ്. ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലേയും കഴിഞ്ഞ 5 വർഷങ്ങളിലെ പരീക്ഷാ ഫലം (പട്ടിക 7) മുകളിൽ കൊടുത്തിരിക്കുന്നു. രണ്ടു സ്ക്കൂളുകളിലേയും ഫലം മിക്കപ്പോഴും സംസമഥാന ശരാശരിയേക്കാൾ താഴെയാണ്. അയ്യൻ കോയിക്കൽ ഗവ ഹൈസ്ക്കൂളിൽ കഴിഞ്ഞ 5 വർഷങ്ങളായി ക്രമാനുഗതമായി വിജയശതമാനം കുറയുകയാണ്. സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ കയറിയുമിറങ്ങിയും നില്ക്കുന്നു. ജയിക്കുന്നവരിൽ അധികവും മിനിമത്തിന്റെ ആനുകൂല്യത്തിലാണ്. നാടിന്റെ പിന്നോക്കാവസ്ഥ വീടുകളിലെ പ്രതികൂലമായ സാഹചര്യങ്ങൾ, രക്ഷിതാക്കളുടെ താല്പര്യക്കുറവ്, വിദ്യാർത്ഥികളുടെ ആവശ്യബോധമില്ലായ്മയൊക്കെ ഇതിന്റെ ചില കാരണങ്ങളാണ്. ദൃശ്യമാധ്യമങ്ങളുടെ വ്യാപനവും കുറെയൊക്കെ പഠിത്തത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സ്ക്കൂളുകളിലെ ഓരോ പരീക്ഷ കഴിഞ്ഞും കുട്ടികൾ ആർജ്ജിച്ചിരിക്കേണ്ട നിലവാരത്തിൽ എത്തുന്നില്ലെങ്കിൽ ഇവർക്ക് പ്രത്യേക ശ്രദ്ധയും പരിശീലനവും നൽകി ലക്ഷ്യമിട്ടിരിക്കുന്ന പ്രാപ്തിയിൽ എത്തുന്നതിനുവേണ്ട പരിഹാര ബോധനം താഴ്ന്ന ക്ലാസ്സുമുതൽ ഉണ്ടായെങ്കിൽ മാത്രമേ ഈ ദുസ്ഥിതിക്ക് മാറ്റമുണ്ടാകൂ.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ വിദ്യാഭ്യാസ രംഗം സജീവമായി ചർച്ച ചെയ്തു. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ നിലവാരതകർച്ചയും, നമ്മുടെ സ്ഥലത്തിന്റെ പിന്നോക്കാവസ്ഥയും, ഈ രംഗത്ത് ജോലി ചെയ്യുന്ന ചിലരുടെയെങ്കിലും ആത്മാർത്ഥതക്കുറവുമൊക്കെ ചർച്ചചെയ്യപ്പെട്ടവയിൽ ചിലതാണ്.

തക്കസമയത്ത് പുസ്തകം കിട്ടാത്ത അവസ്ഥ, സർക്കാർ സ്ക്കൂളുകളിൽ യഥാസമയം അദ്ധ്യാപകരെ നിയമിക്കാത്തത്, ഭൗതികസാഹചര്യങ്ങളുടെ കുറവ് അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തത, ഉച്ചഭക്ഷണം മുടങ്ങാതെ ലഭിക്കുന്ന കാര്യത്തിൽ വന്നിട്ടുള്ള പോരായ്മകൾ തുടങ്ങി ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ ഏറെ ചർച്ച ചെയ്യപ്പെട്ടു.

ഈ രംഗം ആകെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭകൾ ഉയർത്തിയ അടിയന്തിര ശ്രദ്ധ അനിവാര്യമായ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1. അയ്യൻ കോയിക്കൽ ഗവ ഹൈസ്ക്കൂളിൽ ഹയർ സെക്കന്ററിയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
2. സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ ഫിഷറീസ് ടെക്നോളജിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുക.
3. 12-ാം വാർഡിൽ പൊതുമേഖലയിൽ ഒരു എൽ. പി. സ്ക്കൂൾ ആരംഭിക്കുക.
4. പഞ്ചായത്തിൽ സ്ക്കൂൾ കോം പ്ലക്സ് ഉടൻ തുടങ്ങുക.
5. ഭൗതിക സാഹചര്യങ്ങളും അക്കാഡമിക് സൗകര്യങ്ങളും കുറവുള്ള സ്ക്കൂളുകളിൽ ആവശ്യാനുസരണം അത് ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.
6. സ്ക്കൂൾ അറ്റകുറ്റ പണികൾ, അദ്ധ്യാപക നിയമനം, ടെക്സ്റ്റുബുക്ക് വിതരണം ഇവ യഥാസമയം തന്നെ നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
7. സ്ക്കൂൾ സൊസൈറ്റികൾവഴി ത്രിവേണി നോട്ടുബുക്കുകൾ വിതരണം ചെയ്യാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.

8. ആവശ്യമുള്ള മുഴുവൻ കുട്ടികൾക്കും ഉച്ചക്കഞ്ഞി മുടങ്ങാതെ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
9. ഒരു മൂക ബധിര അന്ധവിദ്യാലയം സ്ഥാപിക്കുക.
10. എൽ. പി സ്ക്കൂളുകളോടനുബന്ധിച്ച് എല്ലാ ആധുനിക സൗകര്യങ്ങളോടെയും പ്രീ പ്രൈമറികൾ ആരംഭിക്കുക.
11. പഞ്ചായത്തിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് ഫലപ്രദമാകത്തക്കവിധം റി ഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കുക.
12. സ്ക്കൂൾ പി.റ്റി. എ കൾ സജീവമായി പ്രവർത്തിക്കാൻ വേണ്ട കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കുകയും ചെയ്യുക.

പിന്നോക്കഗ്രാമമാണെങ്കിലും പുതിയ തലമുറയ്ക്ക് തൊഴിലിനോടുള്ള താല്പര്യക്കുറവ് ഏറി വരുകയാണ്. ഈ ആപക ടാവസ്ഥയിൽ നിന്ന് വരും തലമുറയെ മോചിപ്പിക്കാൻ കഴിയുന്ന തരത്തിൽ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കേണ്ടതുണ്ട്. കൃഷിയോട് താല്പര്യമുണ്ടാക്കാൻ വേണ്ട ക്ലാസ്സുകൾ ബോധപൂർവ്വം ഇടയ്ക്കിടയ്ക്ക് സ്ക്കൂൾ തലത്തിൽ ബന്ധപ്പെട്ടവർ നട ത്തണം. ജാം, സ്ക്വാഷ്, സോപ്പ്, ചോക്ക്, മെഴുകുതിരി, നോട്ടുബുക്ക് ഇവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നല്കാനുള്ള ഹ്രസ്വകാല കോഴ്സുകൾ സ്ക്കൂളുകളിൽ നടത്തണം.

സ്ക്കൂളുകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിശോധിച്ചതാണ്. സ്ക്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ടല്ലാതെ ഈ പഞ്ചായത്തിന്റെ സമഗ്രവികസനം സാദ്ധ്യമല്ല. ഈ രംഗത്ത് പിന്നോക്കം നിന്ന പഞ്ചായത്തുകളിൽ സ്ക്കൂൾ കോംപ്ലക്സു കൾ ആരംഭിച്ചുകൊണ്ട് അത്ഭുതകരമായ പുരോഗതി കൈവരിച്ചതായി കാണുന്നു. ഈ ഒരു സംവിധാനം നമുക്കും അനുകര ണീയമാണ്.

ഒരു പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിവിധ സ്ക്കൂളുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനം ഉറപ്പാക്കുകയാണ് പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സിന്റെ ലക്ഷ്യം. സെക്കന്ററി തലംവരെ കുട്ടികളുടെ സമഗ്രമായ വികാസത്തിന് സഹായകമാവുന്ന വിധത്തിലാണ് പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ് പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. ജനപങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ടും വിദ്യാഭ്യാസപ്രക്രിയയിൽ ജനകീയ ഇടപെടലിന്റെ സാദ്ധ്യതകൾ പരിപോഷിപ്പിച്ചുകൊണ്ടും മാത്രമേ സമഗ്രമായ ഒരു വിദ്യാഭ്യാസ പരിപാടി സ്ഥായിയായി നിലനിർത്താൻ കഴിയൂ. അതിന് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തും വിവിധ തലയോഗങ്ങളും സംഘാടക സമിതികളും ചേർന്ന് ഇത് നടപ്പിൽ വരുത്തേണ്ടതാണ്. സ്ക്കൂൾ അന്തരീക്ഷം സജീവമാക്കുന്ന, വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന പ്രവർത്തന പരിപാടികൾക്കാണ് രൂപം കൊടുക്കേണ്ടത്. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് തുടർച്ചയായ മൂല്യനിർണ്ണയവും മോണിറ്ററിംഗും. ജനകീയ മോണിറ്ററിംഗിന് പ്രാധാന്യംകൊടുക്കണം. പരിശോധനയ്ക്കു ശേഷം സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശവു മുണ്ടാകണം.

സ്ക്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും അക്കാഡമിക് സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് പി. റ്റി. എ യ്ക്ക് ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയും. അതിന് ഉദാഹരണങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെയുണ്ട്. അയ്യൻകോയിക്കൽ ഗവ ഹൈസ്ക്കൂൾ കെട്ടിടത്തിൽ കാൽ നൂറ്റാണ്ടായി പ്രവർത്തിച്ചുകൊണ്ടിരുന്ന അയ്യൻകോയിക്കൽ ഗവ പ്രൈമറി സ്ക്കൂളിന് പി റ്റി എ താല്പര്യപൂർവ്വം രംഗത്തു വന്നപ്പോൾ നാട്ടുകാരുടെ സഹകരണത്തോടെ സ്വന്തമായി കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞു. സ്ക്കൂളു കളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് തന്റെ അധ്വാനത്തിന്റെ ഒരു പങ്ക് സന്തോഷത്തോടെ നല്കാൻ സന്മനസ്സുള്ള വരാണ് ഇവിടുത്തെ ഗ്രാമവാസികൾ. അവരുടെ സഹകരണത്തോടെ സ്ക്കൂൾ സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൊണ്ടും, സ്ക്കൂൾ കോംപ്ലെക്സ് ആകർഷകമായി കുറ്റമറ്റതായി പ്രവർത്തിച്ചും, ഗ്രാമസഭാ നിർദ്ദേശങ്ങൾ പരിഗണിച്ചും ഈ കൊച്ചു ഗ്രാമത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ഗുണപരമായ മാറ്റത്തിന് വഴി തുറക്കാം.

5.6

പാർപ്പിടം

പൗരാണിക വാസ്തുശില്പ ചാതുരിയുള്ള നാലുകെട്ടും, എട്ടുകെട്ടും പടിപ്പുരയുമുള്ള ഭവനങ്ങളും മല്ലിൽ ഉറപ്പിച്ച മോന്തായമുള്ള ചെറുവിടുകളും, വെട്ടിക്കെട്ടു ചെറ്റ മാടങ്ങളും മൺകൂരകളും നിരന്ന തേവലക്കര ഗ്രാമം അഴകുറ്റതു തന്നെയായിരുന്നു.

ആധുനികതയുടെ ആവിർഭാവത്തോടെ ഗ്രാമീണഭംഗി കുറയുകയും പട്ടണമാതൃകയിൽ കോൺഗ്രീറ്റു സൗധങ്ങൾ നിരക്കുകയും ചെയ്യുന്നു. ഗൾഫ് പണം കെട്ടിട നിർമ്മാണത്തിലും ആർഭാടത്തിലും വലിയ സ്വാധീനം ചെലുത്തുന്നു. എന്നാൽ ചെറു വീടുകളും കുടിലുകളും ജീവിത വൈവിധ്യമാർന്ന മാതൃകകളായി കാണുന്നു.

വസ്തു വിലയിലുണ്ടായ അമിത വർദ്ധനവിലും ജനപെരുപ്പത്തിലും, നിലാനികത്തിയുള്ള ചെറുഭവനങ്ങൾ നമ്മെ പാർപ്പിട പദ്ധതിയുടെ ഗൗരവത്തിലേക്ക് നയിക്കുന്നു.

പാർപ്പിട സൗകര്യമില്ലാത്ത ബഹുഭൂരിഭാഗവും, കാർഷികം, മത്സ്യം, കയർ കശുവണ്ടി, കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ പണിയെടുക്കുന്നവരാണ്. 14 വാർഡുകളിലായി 2783 വീടുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടിയിരിക്കുന്നു. അതിന് ഈ ഗ്രാമത്തിൽ ഭവന നിർമ്മാണ വായ്പ നൽകുന്ന ബാങ്കുകളോ മറ്റ് ഏജൻസികളോ നിലവിലില്ല. ഷെഡ്യൂൾഡ് ബാങ്കുകൾ ഇത്തരം ലോണുകാരെ ശ്രദ്ധിക്കുന്നില്ല. ഹൗസിംഗ് സൊസൈറ്റികൾ അടിയന്തിരമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങണം.

നിലവിലുള്ള വീടുകളുടെ പൊതു സ്ഥിതി

ആകെ വീടുകൾ	10392
രണ്ടുനില വീടുകൾ	84
കോൺഗ്രീറ്റു വീടുകൾ	3108
ഓടുമേഞ്ഞ വീടുകൾ	4417
ഓലമേഞ്ഞത്	2387
ചെറ്റ പുരകൾ	396

വാർഡുതല വീടുകളുടെ പട്ടിക
വാർഡുതല വീടുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പറയുടെ സ്വഭാവം ഒറ്റ നിലയുള്ള കെട്ടിടങ്ങൾ					വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ		
I	759	10	285	383	53	28		22
II	705	5	282	246	141	31		56
III	928	8	331	495	80	14		21
IV	815	3	147	345	281	42		44
V	689	2	86	285	265	51		20
VI	644	1	47	148	172	76		25

VII	666	3	233	300	100	30		28
VIII	739	6	246	266	200	21		21
IX	714	10	211	200	270	23		35
X	695	8	247	312	120	8		37
XI	813	7	295	322	170	19		40
XII	846	6	198	495	125	22		43
XIII	576	6	205	210	140	15		48
XIV	800	9	295	310	170	16		49
ആകെ	10392	84	3108	4417	2387	396		489

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവർക്ക് മുൻഗണന കൊടുത്ത് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഗൾഫ് പണം ഉപയോഗിച്ച് നിർമ്മിച്ചുവരുന്ന കോൺഗ്രീറ്റു വീടുകൾ മിക്കതും ആർഭാടപൂരിതമാണ്. സാധാരണക്കാർക്ക് വീടു നിർമ്മിക്കുന്നതിനുള്ള പ്രത്യേക സ്ക്കീമുകൾ തയ്യാറാക്കി കുറഞ്ഞ പലിശയ്ക്ക് ദീർഘകാലത്തേക്ക് പണം ലോൺ കൊടുക്കുന്നതിനുള്ള നടപടി ബാങ്കുകൾ വഴി നടപ്പിലാക്കേണ്ടതാണ്.

കഴിഞ്ഞ കാലങ്ങളിൽ വിവിധ പദ്ധതികളിലായി അനുവദിച്ചിട്ടുള്ള വീടുകൾ പരിമിതമായിരുന്നു. അവയുടെ ഗ്രാന്റുകളും ചുരുക്കമായിരുന്നു. കൂലി വർദ്ധനവ്, സാധനങ്ങളുടെ വിലയിലുള്ള വർദ്ധനവ് ഇവ മൂലം നിലവിലുള്ള ധനസഹായം ഇരട്ടിയാക്കേണ്ടതാണ്

കൂലി നിരക്കുകളുടെ താരതമ്യത

വർഷം	വിദഗ്ധ തൊഴിലാളിയുടെ ഒരു ദിവസത്തെ കൂലി	അവിദഗ്ധ തൊഴിലാളിയുടെ ഒരു ദിവസത്തെ കൂലി
1990-91	Rs 70	Rs 50
91-92	Rs 80	Rs 60
92-93	Rs 90	Rs 70
93-94	Rs 95	Rs 75
94-95	Rs 105	Rs 80
95-96	Rs 115	Rs 90
96-97	Rs 125	Rs 100

സാധന വിലകളുടെ താരതമ്യത

സാധനങ്ങൾ		1990-91	1995-96
1. മണൽ	1 ലോഡ്	Rs 380	Rs 1300
2. വെട്ടുകല്ല്	1000 എണ്ണം	1050	2500
3. മെറ്റിൽ	1 ലോഡ്	1150	2700
4. പാറ	1 ലോഡ്	350	900
5. ഇഷ്ടിക	1000 എണ്ണം	1000	2200
6. സിമന്റ്	1 ചാക്ക്	75	180

ഭവന ദാന പദ്ധതികളായ IAY JRY MWs എന്നിവയുടെ ഗ്രാന്റ് വർദ്ധിപ്പിക്കുകയും മൈത്രീഭവന നിർമ്മാണ പദ്ധതിയുടെ വായ്പാ പരിധി ഉയർത്തുകയും വായ്പ അനുവദിക്കുന്നതിനുള്ള നടപടി ക്രമം ലഘൂകരിക്കുകയും വേണം.

6,7,8,9 എന്നീ വാർഡുകൾ കല്ലടയാറിന്റെ പതനസ്ഥലമായ അഷ്ടമുടി കായലിന്റെ ഡൽറ്റാ പ്രദേശത്തോട് ചേർന്നു കിടക്കുന്നു. മത്സ്യത്തൊഴിലാളികളും, കയർപിരി തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ തീരപ്രദേശം, ബണ്ടുകൾ നിർമ്മിച്ച് ബലപ്പെടുത്തേണ്ടതാണ്.

പാർപ്പിട രംഗത്തെ ഗുരുതരമായ അവസ്ഥ ഫലപ്രദമായി നേരിടുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. സന്നദ്ധ സംഘടന വഴി വിഭവ സമാഹരണം നടത്തിയും ശ്രമദാനത്തോടുകൂടിയും, വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിന് പരിപാടി ഉണ്ടാകേണ്ടതാണ്.
2. പ്രസ്തുത പണികൾക്ക് ഗ്രാമപ്രദേശത്തെ വിദഗ്ധത്തൊഴിലാളികളുടെ സേവനം ഉൾപ്പെടുത്താവുന്നതാണ്.
3. വായ്പ അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക
4. വിവിധ പദ്ധതികൾ വഴി നല്കുന്ന ആനുകൂല്യങ്ങളുടെ പൂർണ്ണ ചുമതല പഞ്ചായത്തു സമിതിയെ ഏൽപ്പിക്കുക.
5. രജിസ്റ്റർ ആഫീസിലെ ഫീസ് ഇളവുചെയ്യുക
6. സ്റ്റേജ് സർട്ടിഫിക്കറ്റ് വാർഡുമെമ്പർ കൊടുക്കുക
7. വീട് നിർമ്മാണ രേഖകൾ പഞ്ചായത്താഫീസിൽ സൂക്ഷിക്കുക.
8. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
9. വീടുകൾക്കനുവദിക്കുന്ന ഗ്രാന്റും, വായ്പാതുകയും വർദ്ധിപ്പിക്കുക (നിലവിലുള്ളതിന്റെ ഇരട്ടിയാക്കുക)
10. പ്രകൃതി ക്ഷോഭം മൂലം വീടു നഷ്ടപ്പെടുന്നവരുടെ ഗ്രാന്റു തുക വർദ്ധിപ്പിക്കുക.
11. ഭൂരഹിതർക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ച് കൊടുക്കുന്ന നടപടി സ്വീകരിക്കുക
12. ലക്ഷം വീടുകളുടെ മെയിന്റനൻസുകൾ നടത്തുക, പ്രസ്തുത വീടുകൾ വേർതിരിച്ച് ഓരോരുത്തവർക്കും പ്രത്യേകം പ്രത്യേകം വീടുകൾ നിർമ്മിക്കുന്ന പദ്ധതികൾക്കും രൂപം കൊടുക്കുക.
13 കോളനികളിൽ ഫ്ളാറ്റ് സമ്പ്രദായം നടപ്പിലാക്കുക

ഭവന പദ്ധതി ഒരു തീവ്രയത്നപരിപാടി എന്ന കാഴ്ചപ്പാടോടെ രൂപപ്പെടുത്തേണ്ടതാകുന്നു.

5.6

സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യഭാരതം അർദ്ധശതാബ്ദിയിലേക്ക് എത്തിയിരിക്കുന്നു.

വിവിധ കാരണങ്ങളാൽ ഇന്നും ഇല്ലായ്മയ്ക്കും ദാരിദ്ര്യത്തിനും അറുതിയായിട്ടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെ എന്ന കണക്ക് കൂട്ടൽ തുടരുകയാണ്. ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധയോടും, കാര്യക്ഷമതയോടും നടപ്പിലാക്കേണ്ട ചട്ടക്കൂട്ടിലാണ് തേവലക്കര പഞ്ചായത്തും. ചവറ, പന്മന, തേവലക്കര ചകിരി കൊണ്ടു പിഴയ്ക്കണമെന്ന ചൊല്ലിന് പ്രസക്തി കുറഞ്ഞു. കയർ തൊഴിലാളികൾ കശുവണ്ടി, മത്സ്യബന്ധന വിപണനമേഖലയിലേർപ്പെട്ടവർ കർഷക തൊഴിലാളികൾ തുടങ്ങി ദാരിദ്ര്യരേഖയ്ക്ക് താഴെ നിത്യ ദുരിതത്തിൽ നിന്നും കര കയറാൻ വിഷമിക്കുന്ന ആയിരങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അഗതി, വിധവ, വികലാംഗർ, വൃദ്ധർ തുടങ്ങി ആശ്വാസപെൻഷനെ ആശ്രയിക്കുന്നവർക്ക് യഥാവസരം അത് നേടാൻ കഴിയുന്നില്ല.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിലൂടെയും ക്ഷേമനിധി ബോർഡുകളിലൂടെയും നടപ്പാക്കുന്ന രണ്ട് തരം ക്ഷേമപദ്ധതികളാണ് നിലവിലുള്ളത്.

അവ രണ്ടും കൂടാതെ പട്ടികജാതി വികസന കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനും പ്രവർത്തിച്ചുവരുന്നു.

ഇവയെല്ലാം തന്നെ നാമമാത്രപദ്ധതികളായി തുടരുകയാണ്.

നടപടിക്ക് വേണ്ടിയുള്ള നടപടിയുമായി ഔദ്യോഗിക നിര ജനങ്ങളുടെ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും സാങ്കേതികതയുടെ കുരുക്കുകളുമായി സമയനിഷ്ഠയോടെ കാര്യങ്ങൾ നിർവ്വഹിക്കാതെ വരുമ്പോൾ ഉദ്ദിഷ്ടഫലപ്രാപ്തി ഉണ്ടാകുന്നില്ല.

തൊഴിൽ രംഗത്ത് ഉടമയും തൊഴിലാളിയും വേണ്ടത്ര സഹകരണമനോഭാവം പുലർത്താത്തതിനാൽ ക്ഷേമനിധി ബോർഡുകളിലൂടെയുള്ള പ്രവർത്തനവും കാര്യക്ഷമമല്ല. തൊഴിൽ രംഗങ്ങളിലൊന്നിലും കൃത്യമായി ക്ഷേമനിധിയിൽ അംഗത്വം വരിക്കുന്നവരില്ല.

കോർപ്പറേഷൻ ആസ്ഥാനങ്ങളുടെ അകലവും പൊതു പ്രവർത്തകരുടെ അറിവും ഉത്സാഹം കുറഞ്ഞപോക്കും ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമാണ്.

ചുവടെ ചേർക്കുന്ന സ്ഥിതി വിവരചാർട്ടുകൾ ഈ പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമപരിപാടികളുടെ മാർഗ്ഗരേഖയാണ്.

പട്ടിക 1

തേവലക്കര ഗ്രാമപഞ്ചായത്ത്

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	നാളിത് വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചത് ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	171	14	37	12	20	151
2	210	23	41	16	30	180
3	150	22	18	8	10	140

4	294	25	28	9	14	280
5	267	22	25	7	19	248
6	244	18	26	8	17	227
7	186	13	26	4	13	173
8	269	9	19	4	10	259
9	290	23	24	6	15	275
10	135	17	32	14	20	115
11	455	55	63	31	40	415
12	185	38	42	20	22	163
13	175	26	20	8	15	160
14	178	24	24	14	15	164
ആകെ	3209	329	425	161	260	2950

കണക്ക് സൂക്ഷമപരിശോധനയിൽ സർവ്വേയിൽ കണ്ടെത്തിയവരിൽ കേവലം 13.4% (പതിമൂന്ന് പോയന്റ് നാല് ശതമാനം) പേർക്കേ സഹായം ലഭിച്ചിട്ടുള്ളൂവെന്നു കാണാം. പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ 49-ഓളം ശതമാനം ആനുകൂല്യം ലഭിച്ചതും തൃപ്തികരമായ അവസ്ഥയല്ല (ഈ പഞ്ചായത്തിൽ ഏതാനും തീവ്രവികസനപദ്ധതി പ്രകാരമുള്ള കോളനികൾ ഉണ്ടെങ്കിലും അവിടുത്തെ വികസനം ആശാവഹവും ആരോഗ്യകരവുമല്ല.)

ഈ പ്രശ്നം പരിഹരിക്കുവാനുള്ള നടപടികളെ താഴെ ചേർക്കും വിധം പദ്ധതിയിൽ ഉൾപ്പെടുത്താം.

1. സർവ്വേയുടെ കൃത്യത സൂക്ഷമപഠനത്തിനു വിധേയമാക്കണം.
2. അനർഹർ കടന്നുവന്നിട്ടുണ്ടെങ്കിൽ നീക്കം ചെയ്യണം.
3. താരതമ്യപഠനം നടത്തി കർശനമുൻഗണനാക്രമം പലിക്കണം.
4. പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ ശതമാനപരിഗണന തുടരണം.
5. സാമ്പത്തിക അടിത്തറക്കുള്ള മാർഗ്ഗരേഖ എന്ന നിലയിൽ തുക കൂടുതൽ വകകൊള്ളിക്കണം.
6. തുകയുടെ വിനിയോഗ നിർണ്ണയത്തിൽ വേണ്ട ശ്രദ്ധ പുലർത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.
7. സഹായലഭ്യതയ്ക്ക് ശേഷവും ദാരിദ്ര്യരേഖയ്ക്ക് താഴെ തന്നെ ആകാനുള്ള സാഹചര്യങ്ങൾ പഠനാർഹമാക്കണം.

പൊതു നിർദ്ദേശങ്ങളായി പരിഗണിയ്ക്കുമ്പോൾ തന്നെ അർഹത നേടുന്നവരോടൊത്തു ഉപദേശരൂപ ബോധവത്ക്കരണം കൂടി പ്രത്യേക സമയപരിഗണന ഇല്ലാതെ നടത്താവുന്നതാണ്. കേന്ദ്ര സർക്കാരിന്റേതായ പ്രത്യേക പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താവ് മറ്റ് പദ്ധതിയിലും ഉൾപ്പെടുന്നവർ ആകാതിരിക്കണം. രണ്ടും ഒരാൾക്ക് കിട്ടാതെ രണ്ട് വ്യക്തികൾക്ക് തന്നെ കിട്ടാൻ സാദ്ധ്യത തെളിയേണ്ടതാണ്.

പട്ടിക 2

IRDP ഗുണഭോക്താക്കൾ സഹായവിവരം തേവലക്കര ഗ്രാമ പഞ്ചായത്ത്

വർഷം	സഹായം ലഭിച്ച ആകെ കുടുംബങ്ങൾ	ഗുണഭോക്താക്കളുടെ വിഭാഗം				സഹായ തുക (ലക്ഷത്തിൽ)		കുടുംബ ഓഹരി വിഹിതം (രൂപ)
		SC/ST	മറ്റുള്ളവർ	സ്ത്രീകൾ	വികലാംഗർ	സബ്സിഡി	വായ്പ	
92-93	74	31	43	43	4	2.24	3.34	7675
93-94	83	31	52	50	4	2.68	4.07	8132
94-95	73	38	35	57	2	3.76	6.07	13465
95-96	77	39	38	38	1	3.98	8.29	15935

ഗുണഭോക്താക്കൾ, ആനുകൂല്യ തുക എന്നിവയ്ക്ക് വർദ്ധനവ് ഉണ്ട് എന്നാൽ നാണയമൂല്യതകർച്ച ഗുണഭോക്താക്കൾക്ക് ഒട്ടാകെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പട്ടിക 3

ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	അവശേഷിക്കുന്നവർ
1.	കമ്പോസിംഗ് &പ്രിന്റിംഗ്	1			
	സൈക്കിൾ റിപ്പയർ	1			
	വയർമാൻ	1	3		
2.	T.V. റേഡിയോ റിപ്പയറിംഗ്	1			
	പ്രിന്റിംഗ് & കമ്പോസിംഗ്	1			
	ബുക്ക് ബയന്റിംഗ്	1	3		
3.	എംബ്രോയിഡറി	1			
	റേഡിയോ, മിക്സി, റിപ്പയറിംഗ്	1	2		
4.	പ്രിന്റിംഗ്	3	3		
5.	പ്രിന്റിംഗ്	2	2		
6.	പ്രിന്റിംഗ്	4	4		
7.	പ്രിന്റിംഗ്	2	2		
8.					
9.					
10.	പ്രിന്റിംഗ്	2	2		
11	റേഡിയേ & ടി. വി.	1	1		
	പ്രിന്റിംഗ്	1	1		
12.	കമ്പോസിംഗ് & പ്രിന്റിംഗ്	1	1		
13.	ഖാദി വീവിംഗ്	1	1		
	കമ്പോസിംഗ് & പ്രിന്റിംഗ്	1	1		
14.	സൈക്കിൾ റിപ്പയറിംഗ്	1	1		
	പ്രിന്റിംഗ്	1	1		
	ടി. വി. റേഡിയോ റിപ്പയറിംഗ്	1	1		
		29	29		

യുവതീ-യുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമായി ഒരു ലഘുപരിപാടി 18-നും 35-നും മദ്ധ്യേ പ്രായമുള്ള വർക്കായി നടത്തുന്ന സ്വയം തൊഴിൽ പരിശീലനമാണ് ട്രൈസം. കഴിഞ്ഞ പദ്ധതിക്കാലത്ത് ഈ പഞ്ചായത്തിൽ ഏതാനും വിഷയങ്ങളിൽ 29 പേർക്കാണ് പരിപാടിയുടെ ഗുണം ലഭ്യമായത്. എട്ട്, ഒൻപത് വാർഡുകളിലെ പങ്കാളിത്തം ഉണ്ടായിട്ടില്ല. കൂടുതൽ പേർക്ക് വരും പദ്ധതിയിൽ ഇത്തരം പരിപാടിയുടെ ഗുണലഭ്യത ഉണ്ടാകണം. സ്വയം തൊഴിൽ പരിശീലകർ ആണെങ്കിലും യോഗ്യതയ്ക്ക് അനുസരിച്ച് തൊഴിൽ ലഭിക്കാനുള്ള ഇവരുടെ അവകാശം നഷ്ടമാകാൻ ഇടയാകരുത്. കാലാനുസൃതമായ സ്റ്റൈപന്റ് വർദ്ധനയും ഉണ്ടായേ തീരൂ. കംമ്പോസിംഗ് പരിശീലനത്തിനും മറ്റും ഇവരോട് ചില പ്രസ്സുകാരും, മറ്റ് സ്ഥാപനക്കാരും മേധാവിത്വരൂപത്തിൽ പെരുമാറുന്ന സ്ഥിതി ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റൈപന്റിനെ സംബന്ധിച്ചും അപൂർവ്വം പരാതികളെങ്കിലും ഉണ്ടായത് ഔദ്യോഗികമേഖലയിലെ കാര്യക്ഷമതാരാഹിത്യമാണ്.

പട്ടിക 4

ഗ്രാമീണ കൈതൊളിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

വാർഡ് നമ്പർ	IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹരായവരുടെ എണ്ണം	കുറിപ്പ്
	342	RAP 6 PMR 21		
		പട്ടികജാതി പട്ടിക വർഗ്ഗം 11		
	ആകെ	38	304	

കഴിഞ്ഞ പദ്ധതി കാലത്തെ മുകളിൽ ചേർത്ത കണക്കുകൾ അപൂർണ്ണമാണ്. തൊഴിൽ കുടുംബങ്ങൾക്ക് ഉപകരണങ്ങൾ ജീവധാരകളാണ്. മരംകയറ്റ-മുറിപ്പ് തൊഴിലാളർ, ചുമട്ട് തൊഴിലാളർ, മത്സ്യവിപണനക്കാർ, കൃഷി തൊഴിലാളികൾ, വീറ്റ് വെട്ടുകാർ, മരപ്പണിക്കാർ, തയ്യൽക്കാർ തുടങ്ങി വിവിധ മേഖലകളിൽ ഉപകരണങ്ങൾക്ക് സഹായം ലഭിക്കേണ്ടവർ ധാരാളമാണ്. അവരെ മുഴുവൻ കണ്ടെത്താൻ സംവിധാനം ഉണ്ടാവണം. "തൊഴിലാളരുടെ ചോറ് അവന്റെ തോളിലെ ഉപകരണങ്ങൾ" എന്ന ചൊല്ലും "ഉപകരണങ്ങളും ഉരത്തകൈകളും തന്നെ ധന"മെന്ന വാക്യവും ഈ പദ്ധതിയിൽ ഉൾക്കൊള്ളേണ്ട വികാരമാണ്. ഈ പഞ്ചായത്തിലെ മിക്ക ഗ്രാമസഭകളിലും ഉപകരണങ്ങൾക്കുള്ള സഹായ അഭ്യർത്ഥന ഉണ്ടായി.

പട്ടിക 5

ടൂൾ കിറ്റ് തേവലക്കര പഞ്ചായത്ത്

വർഷം	ഗുണഭോക്താക്കളുടെ വിവരം				സബ്സിഡി തുക	വായ്പ തുക
	എണ്ണം	SC	W (രൂപ)	PH (രൂപ)		
92-93	34	18	18	1	99175	136897
93-94	39	15	26	1	109906	180294
94-95	45	26	34	1	206850	242850
95-96	30	8	16	1	153250	366750

നടപടിയിൽ എത്തിയത് മാത്രമായിരിക്കും 95-96ലേത്. 30 ഗുണഭോക്താക്കൾക്ക് അനുപാതവിഹിതം നോക്കുമ്പോൾ ഉയർന്ന തുകയുണ്ടെങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ചുണ്ടാകാവുന്ന മെച്ചം തുച്ഛം തന്നെയാകും. എങ്കിലും ഇത് നല്ല പ്രോത്സാഹനം തന്നെയാണ്. മേലിലും നടപടി തുടരുകയും യഥാർത്ഥ അവകാശികൾക്ക് എത്തിച്ചേരാൻ നിഷ്ക്കർഷ ഉണ്ടാകയും വേണം.

പട്ടിക 6

ഭവനനിർമ്മാണ വിവരം തേവലക്കര പഞ്ചായത്ത്

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP	വിവിധ പരിപാടികൾ വഴി അനുവദിച്ചത്	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ പൂർത്തിയാക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകൾ
1	71	7	7		64
2	82	15	14	1	67
3	61	3	3		58
4	112	25	23	2	87
5.	90	6	6		84

6.	78	13	13	-	65
7.	93	14	13	1	79
8.	91	10	8	2	81
9.	108	6	6		102
10.	68	6	6		62
11	121	14	13	1	107
12.	74	18	18		56
13.	62	16	15	1	46
14.	59	14	13	1	45
	1170	167	158	9	1003

സ്വന്തഭവനം അനവധി പേർക്ക് സ്വപ്നമാണ് ഇന്നും. സ്വതന്ത്രഭാരതത്തിൽ സാമൂഹ്യക്ഷേമം പുലരാനുള്ള പരിശ്രമത്തിൽ ആവശ്യം വേണ്ട വീടുകൾ ഉണ്ടായേ തീരൂ. 1170-ന് 167 എന്ന കണക്കിൽ തുടർന്നാൽ ക്ഷേമപദ്ധതികൾക്ക് നിരക്കാവുന്ന കാര്യമല്ല. ആവശ്യത്തിന്റെ 15%ൽ എത്താത്ത അനുപാതം നമ്മുടെ ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ മാനുഷിക പരിഗണനയോടെ ഇതിന് മാറ്റമുണ്ടാക്കണം.

അനുവദിക്കുന്ന തുക അപര്യാപ്തമാകുന്ന തരത്തിലാണ് കെട്ടിടനിർമ്മാണത്തിലെ സാധനവിലയും കൂലിയും. തുകയ്ക്കൊത്ത പ്ലാനിന് ശ്രദ്ധ വയ്ക്കേണ്ടതാണ്. വിപുലീകരണം ഏത് തരത്തിലായാലും അധികാരികളെ ബോദ്ധ്യപെടുത്തേണ്ടതാണ്.

കൂടുതൽ വേണ്ടിവരുന്ന വീടുകൾ ക്രമത്തിൽ അനുവദിച്ചു "സാമൂഹ്യക്ഷേമ"വുമായി ഭവനനിർമ്മാണത്തെ കൃത്യമായി ബന്ധിപ്പിക്കേണ്ടതാണ് നമ്മുടെ പഞ്ചായത്ത്.

പട്ടിക 7

കക്കൂസുകൾ സംബന്ധിച്ച വിവരം

1	2	3	4	5
വാർഡ് നമ്പർ	സാനിറ്ററി കക്കൂസുകളില്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനിയും വേണ്ട കുടുംബങ്ങളുടെ എണ്ണം
1	26	75	75	26
2.	25	103	103	25
3.	24	80	80	24
4	32	104	104	32
5	20	92	92	20
6	24	89	89	24
7	28	80	80	28
8.	22	82	82	22
9.	24	89	89	24
10.	24	70	70	24
11	28	106	106	28
12	29	96	96	29
13	23	74	74	23
14	26	93	93	26
		1233	1233	355

പട്ടികയിലെ ആവശ്യക്കാരുടെ എണ്ണം കൃത്യതയ്ക്ക് ചേരുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇനിയും വേണ്ട കുടുംബങ്ങൾ കണ്ടെത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്.

വീട് അനുവദിച്ചതിൽ പൂർത്തിയാക്കാത്ത അനുഭവം കാണുമ്പോൾ കക്കൂസ് അനുവദിച്ചതെല്ലാം പൂർത്തിയാക്കിയിരിക്കുന്നു. പ്രാഥമികാവശ്യത്തിനുള്ള ദുരിതം മാറ്റുന്നത് സാമൂഹ്യക്ഷേമപദ്ധതിയിലും ആരോഗ്യപദ്ധതിയിലും പ്രസക്തമായിരിക്കും.

പട്ടിക 8

CCS for SF/MF പരിപാടി അനുസരിച്ചു് ഉണ്ടായ ആസ്തികളുടെ വിവരം

കിണർ	കുളങ്ങൾ	വാട്ടർ ടാങ്കുകൾ	പമ്പ് ഹൗസുകൾ	പമ്പ് സെറ്റുകൾ	ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവുകൾ
148	-	34	18	273	140 ഹെക്ടർ

നിലവിലുള്ള പദ്ധതിക്കാലത്തെ ഈ ആസ്തി വിവരം പ്രത്യേക പരിഗണന അർഹിക്കുന്നു. ഈ പഞ്ചായത്തിൽ നികന്നു പോയ കുളങ്ങൾക്ക് പകരം ഒരെണ്ണമെങ്കിലും ഉണ്ടായി, ഒരു പച്ചക്കൃഷി ഗ്രൂപ്പ് ഫാം അതോടു ചേർന്ന് ഉണ്ടായാൽ അതും ഒരു സാമൂഹ്യക്ഷേമ പരിപാടി തന്നെയാകും.

പട്ടിക 9

സാമൂഹ്യ വനവൽക്കരണ പരിപാടി

ഉൽപ്പാദിപ്പിച്ച ഇനം	ഉൽപ്പാദിപ്പിച്ച തൈകൾ			വിതരണം നടത്തിയ തൈകൾ		
	1993	1994	1995	1993	1994	1995
തെങ്ങ്	1500	1750	2463	1500	1750	2463
മാവ്	500	450	510	500	450	510
പ്ലാവ്	500	610	560	500	610	560
ഗ്രാമ്പൂ	1000	816	751	1000	816	751
മാഞ്ചിയം	2000	1500	2000	1500	-	-
സുഗന്ധി	240	-	310	240	-	310

സാമൂഹ്യക്ഷേമ പദ്ധതിയിൽ സസ്യോല്പാദനം പരിഗണനാർഹമാണ്. നല്ലയിനം തെങ്ങിൻതൈകൾ വിതരണം നടത്തുകയും ഗ്രാമപഞ്ചായത്ത് തലത്തിൽ മാവ്, പ്ലാവ്, എന്നിവ വിതരണം നടത്താതെ ഗ്രാമീണർ പാകി വളർത്തി നടുവാനുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുന്നതാണ് നല്ലത്. മാഞ്ചിയം തുടങ്ങിയവ ഇത്തരം ഗ്രാമങ്ങൾക്ക് എത്രമാത്രം യോജിച്ചതാണെന്നറിഞ്ഞു വിതരണം നടത്തേണ്ടതാണ്. വിരുന്നുകാരായ പല വൃക്ഷങ്ങളും ഫലദായകങ്ങളല്ലെന്ന് മാത്രമല്ല വേണ്ടത്ര കട്ടിയും മേന്മയുമുള്ളതല്ലെന്നും അഭിപ്രായമുണ്ട്. ഇത്തരം സാമൂഹ്യപദ്ധതികളുടെ വിശദമായ കണക്കുകൾ വിലയിരുത്താൻ സൗകര്യമുണ്ടാകണം. ഇത്തരം പഠനങ്ങൾ ഉണ്ടായേ അടുത്ത പദ്ധതികളിലെ ജനകീയവൽക്കരണത്തിന് സംഭവാന നല്കാൻ കഴിയൂ

പട്ടിക 10

ഗ്രാമപഞ്ചായത്ത് - തേവലക്കര

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭവിവരം

വാർഡ്	തൊഴിൽ സംരംഭം ഇനം	ആരംഭ വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച്
11	പായ്നെയ്ത്ത്	1994	10	നല്ല രീതിയിൽ പ്രവർത്തിക്കുന്നു
10	പായ് നെയ്ത്ത്	1994	11	"
12	റെഡിമെയ്ഡ് തുണികൾ	1995-96	11	"
			32	

ഈ തൊഴിൽ സാദ്ധ്യതാ പദ്ധതി മറ്റ് വാർഡുകളിൽ സാദ്ധ്യതയനുസരിച്ചു ചെയ്യാൻ കഴിയും. വാർഡ് 1-ന്റെ വടക്ക് ഭാഗം വാർഡ് 2 പൊതുവിൽ വാർഡ് 3-ന്റെ തെക്കും പടിഞ്ഞാറും വാർഡ് 4-ന്റെ വടക്ക് കാക്കത്തോട്ടത്ത് പട്ടിക ജാതി കോളനിയിലും വാർഡ് 13, വാർഡ് 14 എന്നിവിടങ്ങളിൽ പാനെയ്ത്ത് സാദ്ധ്യത ഉള്ള സ്ഥലമാണ്. അസംസ്കൃത വസ്തു പ്രകൃതിവിഭവമാണ്. സ്ത്രീകൾക്ക് ചെയ്യാവുന്ന തൊഴിൽ, തലമുറകൾ അറിഞ്ഞിരിക്കേണ്ട കരപരിശീലനം, കൈത എന്ന സസ്യം മണ്ണിൽ നാമാവശേഷമാകാതിരിക്കൽ, എന്നിവ ശ്രദ്ധിക്കേണ്ട ഗുണങ്ങളാണ്.

ഒഴിവ് സമയങ്ങളിൽ സൗകര്യമായി പണിചെയ്ത് പണമാക്കാം എന്നത് പാനെയ്ത്തിന്റെ ഗുണമാണ്.

പട്ടിക 11

വിവിധ പെൻഷൻ, മറ്റാനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ വിവരം

വർഷം	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശ കലാകാര പെൻഷൻ	അവശ കായികതാര പെൻഷൻ	കയർതൊഴി പെൻഷൻ	കുടിയേറ്റ തൊഴി പെൻഷൻ	കൈത്തറി പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	മൊത്തം ഗുണഭോക്താക്കൾ
1991-92	-	64	46	47	-	-	41	-	-	40	224
1992-93	-	56	28	6	-	-	39	-		32	182
1993-94		34	26	17	-	-	18	-	-	13	172
1994-95	-	29	-	-	-	-	67	-		14	157
1995-96	13	13	3	1	-	-	22	1	-	10	42
	13	196	103								779

സഹതാപസ്ഥായിയുള്ള സഹായങ്ങളാണ് ഈ പദ്ധതികൾ എല്ലാം. ഓരോ കൊല്ലം കഴിയുമ്പോഴും മിക്ക ഇനങ്ങളിലും സാദ്ധ്യതപ്പെടുന്ന കുറവ് ആശ്വാസകരമാണ്.

അഗതി പെൻഷൻ

13 അഗതികൾക്കാണ് അഗതി പെൻഷൻ. "അഗതി" എന്നതിന് മാനദണ്ഡം നിശ്ചയിച്ച് നിർവ്വചനപ്പെടുത്തണം.

വിധവാ പെൻഷൻ

വിധവാ പെൻഷൻ പുനർനിർണ്ണയം ചെയ്യേണ്ടതാണ്. വിധവ കുടുംബനാഥയാണെങ്കിലും വരുമാനം 'ഉണ്ട്' എന്ന് പേരിന് മാത്രം പറയുന്ന സ്ഥിതിയാണെങ്കിലും കൂടുതൽ പരിഗണനാർഹമാണ്. മക്കൾ പ്രായപൂർത്തി വരുമ്പോൾ നിറുത്തുന്നതാകരുത്. ജീവിക്കാൻ വരുമാനം ഏകദേശമെങ്കിലും തികയുക എന്നതാകണം വിധവാ പെൻഷന്റെ അടിസ്ഥാനം.

വികലാംഗപെൻഷൻ

വികലത്വം എത്ര ശതമാനം എന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ ആനുകൂല്യങ്ങളുടെ ലഭ്യത. വിവിധ കാലങ്ങളിലായി വികലാംഗരും കുറയുന്നുണ്ടെന്നത് ആരോഗ്യപ്രവർത്തനങ്ങളുടെ മേന്മയാകാം.

സർട്ടിഫിക്കറ്റുകൾ കിട്ടാനും, യഥാർത്ഥ വിവരങ്ങൾ രേഖപ്പെടുത്തി കിട്ടാനുമുള്ള ബദ്ധപ്പാടിനാരുതി വന്നിട്ടില്ല. സർട്ടിഫിക്കറ്റ് വാങ്ങാനുള്ള പരിശ്രമത്താൽ കൂടുതൽ വൈകല്യത്തിന് ഇടയാകുന്ന സ്ഥിയാണുള്ളത്. തൊട്ടടുത്ത പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നും വികലാംഗ സർട്ടിഫിക്കറ്റ് കിട്ടാൻ നടപടി എടുക്കേണ്ടത് അത്യാവശ്യമത്രേ. പരസഹായത്തോടെ അപേക്ഷ അയച്ചാൽ ബന്ധപ്പെട്ടവരെ കൊണ്ടു അന്വേഷിച്ചു സത്യസ്ഥിതി മനസ്സിലാക്കി ധനസഹായത്തിന് പരിഗണിക്കേണ്ടതാണ്. സാമൂഹ്യസംഘടനകളുടെ സഹായത്തോടെ വികലാംഗർക്ക് ഉചിതമായ ഉപകരണങ്ങൾ സംഘടിപ്പിച്ചു കൊടുക്കേണ്ടതാണെന്ന് ഈ റിപ്പോർട്ടിൽ രേഖപ്പെടുത്താൻ സന്തോഷമുണ്ട്.

വാർദ്ധക്യകാല പെൻഷൻ

പ്രായത്തെ ബഹുമാനപുരസ്സരം പരിഗണിച്ചു വീടുകളിൽ കൃത്യമായി എത്തിക്കേണ്ട ധനസഹായമാണിത്. അർഹതയുള്ളവർക്ക് ഒന്നെഴിയാതെ തന്നെ ലഭ്യതയുണ്ടാകണം.

അവശകലാ/കായിക പെൻഷൻ

ഒരാൾ പോലും ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെടാത്ത സ്ഥിതിയാണിന്ന്. കിളിത്തട്ടു കളിക്കാരും ക്രിക്കറ്റിന് തുല്യം

തോന്നുന്ന "കുട്ടീം കുറുങ്ങിയും" കളി മുതലായവയിൽ പ്രഗത്ഭരായിരുന്നവർ അപൂർവ്വമെങ്കിലുമുണ്ട്. അവരെ കണ്ടെത്തി പ്രോത്തോതിൽ നല്കുന്ന അംഗീകാരം തേവലക്കരയിലെ യുവകായിക താരങ്ങൾക്ക് പ്രചോദനമാകും.

അവശ കലാകാരന്മാരും കുറച്ചൊക്കെ ഈ പഞ്ചായത്തിലില്ലാതില്ല. കിളിപ്പാട്ടു വായനക്കാരും, പാട്ടുകാരും ചെണ്ട, ഗഞ്ചിറ തുടങ്ങിയ മേളക്കാരും ഉണ്ട്. കലയെ മാനിക്കുന്ന പൊതുസ്ഥിതിയിൽ നാടൻ കലകൾ വളരാൻ പ്രേരണയാകും.

രോഗികൾക്കുള്ള പെൻഷൻ

പല രോഗികൾക്കും തങ്ങളെ ശ്രദ്ധിക്കാനും സ്നേഹിക്കാനും ആളുണ്ടെന്ന് വരുന്നത് ആശ്വാസകരമാണ്. ആശ്വാസം മാനസിക ബലഹീനതകളെ കുറയ്ക്കുകയും ചെയ്യും. രോഗങ്ങൾക്കുള്ള പെൻഷൻ വർദ്ധന ഉണ്ടാകേണ്ടതാണ്

കർഷക തൊഴിലാളി പെൻഷൻ

"കാർഷിക രാജ്യം കർഷകരുടെ സേവനം, കർഷകതൊഴിലാളികൾ ഒരുക്കുന്ന നാട്" എന്നീ കാഴ്ചപ്പാടു ഈ പെൻഷൻ വിതരണത്തിനുണ്ടാകണം. അനർഹരെ ഒരു വിധത്തിലും ഉൾപ്പെടുത്തരുത്. അനാവശ്യപരാതിക്കാരെ കാര്യകാരണങ്ങൾ ബോദ്ധ്യപ്പെടുത്തി നിരുപാധികം ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്തേ മതിയാവൂ.

തൊഴിലില്ലായ്മാവേതനം

777 പേരാണ് പഞ്ചായത്തിൽ തൊഴിലില്ലായ്മാ വേതനക്കാരായി കാണാവുന്നത്. വരുമാന പരിധിയെ തന്ത്രപൂർവ്വം കുറച്ച് കാണിച്ചു വേതനം വാങ്ങുന്നുവെന്നത് കേവലം പരാതിയല്ലെങ്കിൽ പൊതു നഷ്ടമാകും പലർക്കും കൊടുക്കുന്ന തുക. നാണയമൂല്യച്യുതി പരിഗണിച്ചു വേതനം വർദ്ധിപ്പിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമവകുപ്പിന്റെ ഭാഗിക സഹായത്തോടെ മുള്ളിക്കാല വാർഡിൽ ദാറുൽഹുദാ യത്തീം ഖാന എന്ന പേരിൽ ഒരു അഗതി മന്ദിരം വർഷങ്ങളായി പ്രവർത്തിച്ചുവരുന്നു. ഈ അഗതി മന്ദിരത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായധനം പര്യാപ്തമല്ല. ഈ സ്ഥാപനത്തോട് മതിയായ പരിഗണന ഉണ്ടാകുവാൻ അമാന്തിച്ചുകൂടാ.

പട്ടിക 12

വികലാംഗ സർവ്വേ - തേവലക്കര

വൈകല്യ സ്വഭാവം		5യസ്സ് മുതൽ	15-ന് മേൽ	30 വരെ	30 മുതൽ	60 വരെ	60-ന് മേൽ	ആകെ
ചലനം	പു	204	13	58	94	115	37	
സ്ത്രീ		113						317
കേൾവി/സംസാരം	പു	41						
	സ്ത്രീ	43	5	20	34	20	5	84
മന്ദബുദ്ധി	പു	61						
സ്ത്രീ		32	6	29	49	9		93
കാഴ്ച	പു	38						
സ്ത്രീ		30	4	7	11	26	20	68
മറ്റിനം	പു	57						
	സ്ത്രീ	46	4	14	17	50	18	103
		665	32	128	205	220	80	665

വികലാംഗ സർവ്വേ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 5-നും 15-നും ഇടയിൽ ഇന്നും വിവിധ വൈകല്യമുള്ള കുഞ്ഞുങ്ങളുണ്ടെന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. പ്രതിരോധനടപടികൾ, ഗർഭശുശ്രൂഷ എന്നിവ തേവലക്കരയിൽ ശുഷ്ക്കാന്തിയോടെ ഇനിയും നടത്തേണ്ടിയിരിക്കുന്നു. സമൂഹത്തിൽ ഏതു തരം വൈകല്യവും ഉള്ളവർക്ക് സ്വയം നിരാശയും നാടിന് അവന് ഒരു രീതിയിൽ ഭാരവുമാകുന്നു. ചികിത്സയേക്കാൾ പ്രതിരോധ നടപടികൾക്ക് മുൻതൂക്കമെന്ന ആരോഗ്യനിയമം പദ്ധതിയിൽ പ്രാബല്യപരിഗണനയോടെ നടപ്പാക്കേണ്ടതാണ്.

പട്ടിക 13

അംഗൻവാടികളുടെ വിവരം തേവലക്കര ഗ്രാമപഞ്ചായത്ത്

1 വാർഡ്
2 അംഗൻവാടി നമ്പർ
3 അംഗൻവാടികളുടെ എണ്ണം
4 സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളത് നമ്പർ
5 അവയുടെ എണ്ണം
6 ഇല്ലാത്തവയുടെ എണ്ണം
7 കളിപ്പാട്ടമുള്ളവ
8 കളിപ്പാട്ടം ഇല്ലാത്തവ
9 പ്രാദേശിക സഹകരണം

1	2	3	4	5	6	7	8	9
1	1, 25, 26, 35	4	25	1	3	–	4	സാമാന്യം
2.	2, 3, 4, 27	4	2, 3	2	2	–	4	”
3.	5, 6, 24, 36	4	5	1	3		4	ഭാഗികം
4.	7, 8, 28	3	8, 28	2	1	28, 1	2	നാമമാത്രം
5.	11, 23	2	23	1	1	–	2	സാമാന്യം
6.	9, 10, 12	3	12	1	2	–	3	പിന്നോക്കം
7.	29, 31, 30	3	–	–	3	–	3	ഭാഗികം
8.	13, 14	2	–	–	2	–	2	ഭാഗികം
9.	16, 17, 37	3	16, 17	2	1	–	3	സാമാന്യം
10	15, 38	2	–	–	2	–	2	നന്നേ കുറവ്
11	21, 22	2	22	1	1	1	1	സാമാന്യം
12.	19, 20, 32	3	–	–	3	–	3	പോരാ
13	33	1	33	1	–	1	–	തരക്കേടില്ല
14	39, 34, 18	3	–	–	3	–	3	പോരാ
		39	–	12	27	3	36	

ശിശുക്കളുടേയും വനിതകളുടേയും ശാരീരിക മാനസിക വളർച്ചയ്ക്ക് സഹായകമായി സ്ഥാപനങ്ങളാണ് അംഗനവാടികൾ. അതിന് കെട്ടിടവും മറ്റെല്ലാ ഭൗതിക സാഹചര്യങ്ങളും കൃത്യമായി വേണ്ടതാണ്.

ഈ കാഴ്ചപ്പാടിൽ തേവലക്കര ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിലെ ആവശ്യങ്ങൾ ആദ്യം ശ്രദ്ധിക്കേണ്ടതാണ്.

1. വാർഡ് നമ്പർ 10 ലെ 22-ാം നമ്പർ അംഗനവാടി ചതുപ്പു സ്ഥലത്താണ്.
2. IX-ാം വാർഡിൽ രണ്ടു അംഗനവാടികൾ കൂടി വേണം
3. VIII-ാം വാർഡിൽ മെച്ചമായ ആഹാരം വേണം.
4. IV-ാം വാർഡിലെ അംഗന വാടി കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ ചെയ്യണം.
5. VII-ാം വാർഡിൽ അംഗനവാടിയ്ക്ക് സ്വന്തം കെട്ടിടവും അനുബന്ധമായി നഴ്സറിയും വേണം.

VI-ാം വാർഡിൽ സ്വന്തം കെട്ടിടമുണ്ടാകണം.

ഈ ആവശ്യങ്ങൾകൂടി പരിഗണിക്കുമ്പോൾ പൊതു പ്രശ്നങ്ങൾ അക്കമിട്ടു സംക്ഷേപിക്കാം.

1. 39 അംഗനവാടിയിൽ 27 എണ്ണത്തിനും സ്ഥലം വാങ്ങി കെട്ടിടവും നിർമ്മിക്കണം.
2. 36 അംഗനവാടികൾക്കും കളിപ്പാട്ടങ്ങൾ ഉണ്ടാകണം.
3. ശിശു സംരക്ഷവേദികൂടിയായ അംഗൻവാടിയോടു നാട്ടുകാരുടെ തികഞ്ഞ സഹകരണം ഉറപ്പാക്കണം.
4. അഗംനവാടിയിലെത്തുന്ന കുട്ടികളോടുള്ള സമീപനം, തികഞ്ഞ കളിയിലൂടെയുള്ള മനഃശാസ്ത്രപരമായ പഠനരീതി എന്നിവ ഇടയ്ക്കിടയ്ക്ക് രക്ഷിതാക്കളുടെ സാന്നിദ്ധ്യത്തിലാകണം.

5. ആരോഗ്യവകുപ്പിന്റെ പരമാവധി ശ്രദ്ധ ഉണ്ടാകണം. വിശേഷിച്ചും പകർച്ചവ്യാധി ഉണ്ടാകുക, കാലാവസ്ഥാ മാറ്റം വരുക എന്നീ അവസരങ്ങളിൽ.

6. പുതുതായി അംഗനവാടികളുടെ അഭ്യർത്ഥന ഉണ്ടാകുന്നത് നല്ലതാണെങ്കിലും അവ ഉദാരമതികളുടെ സംഭാവനകൊണ്ടുമാത്രം നേടണമെന്ന പൊതു സമീപനമാണ് അടുത്ത പദ്ധതിക്കാലത്ത് സ്വീകരിക്കേണ്ടത്.

ശമ്പളം രണ്ടിനം	- 9000.00
ആഹാരം	- 3800.00
മെഡിക്കൽ പരിശോധന, കളിപ്പാട്ടം, മറ്റിനം	2200.00

15000.00 എന്ന നേരിയ വിവരമതിപ്പിൽ ചെലവ് കാണാം. അത് ഇന്നുള്ള 39 അംഗനവാടികൾക്കും കൂടി കൂട്ടിയാൽ 58,500 രൂപ ചിലവാകും.

റേഡിയോ ഉള്ള സെന്ററുകളാണ് 5 അംഗനവാടികൾ. മറ്റുള്ളവയ്ക്ക് കൂടി റേഡിയോ സപ്ലൈ ചെയ്യുമ്പോൾ ഈ കണക്ക് വളരെ ഉയരുന്നു.

35, 36, 37, 38, 39 എന്നീ അംഗനവാടി സെന്ററുകൾക്ക് വാടക അനുവദിക്കാത്തതിനാൽ അവിടുത്തെ വർക്കർമാർക്ക് സാമ്പത്തിക നഷ്ടമുണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കേണ്ടതാണ്.

28, 22, 21, 33 എന്നിവ SCP പ്രോഗ്രാമിൽ ഉണ്ടാക്കിയതാണ്. 21-ാം നമ്പർ കെട്ടിടം പൊളിഞ്ഞ് പോയി. പുതുക്കി പണിയാൻ നടപടികൾ സ്വീകരിക്കണം. ശിശുക്കളെത്തുന്ന സ്ഥാപനങ്ങൾ ഇങ്ങനെ നശിക്കാൻ ഇടയാകരുത്.

കളിപ്പാട്ടം നിർമ്മിക്കാനും, നല്ല പാട്ടു പാടാനും, കഥ പറയാനും തന്റേയും മാതാപിതാക്കളുടേയും മേൽവിലാസം പറയാനും അറിയുന്ന ശിശുക്കൾ തേവലക്കരയിലെ അംഗനവാടികളുടെ സന്തതികളായുണ്ട്. ഈ ഭാവി പൗരന്മാരായ ഉണ്ണികാമ്പുകൾക്ക് വേണ്ടി പ്രവർത്തനം ചെയ്യുന്ന അംഗനവാടി പ്രവർത്തകർക്ക് "വേതന വർദ്ധനവ്" ഒരു പരിഗണനയ്ക്ക് വിധേയമാക്കേണ്ടതാണ്. അംഗനവാടികളും തുടർസ്ഥാപനങ്ങളും പണച്ചെലവേറുന്ന മറ്റ് ഫാഷൻ വിദ്യാഭ്യാസസ്ഥാപനങ്ങളേക്കാൾ ആകർഷകവും അഭികാമ്യവുമാക്കാൻ ഗ്രാമപഞ്ചായത്തിന്റെ കൂട്ടായ പരിശ്രമങ്ങൾക്ക് സാധിക്കുമ്പോഴേ ഭാരതത്തനിമയുടെ ചെറുരൂപമായി നമ്മുടെ പഞ്ചായത്ത് മാറുകയുള്ളൂ.

ക്ഷേമനിധികൾ-പൊതുവിവരം

കയർ തൊഴിലാളി ക്ഷേമനിധി

വാർഡ് 14, 8, 10, 9 എന്നിവിടങ്ങളിലെ ഗ്രാമസഭകളിൽ കയർ തൊളിലാളി പെൻഷൻ അർഹതയുള്ളവർക്ക് ഇനിയും കിട്ടാനുണ്ടെന്നുള്ള പരാതി നിലനില്ക്കുന്നു. കിട്ടുന്ന പലരേക്കാളും അർഹതയുള്ളത് കിട്ടാത്തവരുടെ കൂട്ടത്തിലുണ്ടെന്നും അറിയുന്നു. പുനഃപരിശോധന ഉണ്ടാകണം. അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

അർഹതയുള്ള പലർക്കും കിട്ടാത്തത് രജിസ്ട്രേഷൻ തുടങ്ങിയ നടപടികളുടെ പോരായ്മയാലാണ്. അർഹതയ്ക്കുള്ള പ്രായപരിധി കുറയ്ക്കേണ്ടതുണ്ട്. കഠിനാദ്ധ്വാനം, പ്രകൃതി ശക്തിയോടു എതിരിടാനുള്ള കായികശേഷി എന്നിവ പ്രായപരിധി കുറയ്ക്കാനുള്ള നിർദ്ദേശങ്ങളായി ഗ്രാമസഭയിൽ പൊന്തിക്കേട്ട പൊതു അഭിപ്രായങ്ങളാണ്. അപകടം, അപകടമരണം എന്നിവയ്ക്ക് ആശ്വാസധനത്തിന്റെ പരിധി വർദ്ധിപ്പിക്കണം. ആയവ യഥാവസരം ലഭ്യമാക്കണം.

ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ആഭരണശാലയുടെ ഉടമകൾ എന്നും സാമ്പത്തിക ഉന്നമനം ഉള്ളവരായിരിക്കുമെങ്കിലും തൊഴിലാളികൾക്ക് അനുയോജ്യമായ കൂലി ക്ലിപ്തത ഇല്ലത്രേ, നിശ്ചയിക്കുന്ന കൂലിയിൽ കുറവായിട്ടേ ലഭിക്കൂ എന്ന പരാതി ഉണ്ട്. ജോലിചെയ്യുന്നവരുടെ ആരോഗ്യം എളുപ്പം നശിക്കുന്ന ശാരീരിക നിലയിലാണ് ജോലി സമയം കഴിച്ചുകൂട്ടേണ്ടത്. ആകയാൽ ഇക്കൂട്ടർക്കും കൃത്യമായും ക്ഷേമനിധി ഏർപ്പാടുകൾ ഉണ്ടാകേണ്ടതാണ്.

കൈതൊഴിലുകാരും-വിദഗ്ധരും

ബാർബർ, തയ്യൽക്കാർ, ഇരുമ്പ് പണിക്കാർ, ബീഡി തൊഴിലാളികൾ, സൈക്കിൾ റിപ്പയറന്മാർ, ഫോട്ടോഗ്രാഫർമാർ

എന്നിവരിൽ തയ്യൽക്കാർ മാത്രമാണ് ശരിയായ സംഘടനാ പാടവമുള്ളവർ. ബാക്കിയുള്ളവരിൽ ഭൂരിഭാഗവും യഥാകാലം ക്ഷേമനിധി ലഭിക്കുന്നവരല്ലാത്തവരാണ്. ആനുകൂല്യം ലഭിക്കാനുള്ള ക്രമീകരണ നടപടികൾ ഉണ്ടാകണം.

റേഷൻ ഷാപ്പ് (പൊതുവിതരണ കേന്ദ്രം)

തേവലക്കര പഞ്ചായത്തിൽ ആകെ 23 റേഷൻകടകളുണ്ടു. ഒരു മാവേലിസ്റ്റോറും നടന്ന് വരുന്നു. സ്ത്രീകളുടെ പേരിലുള്ള 6 റേഷൻ കടകളും, ബാക്കി 17 എണ്ണം പുരുഷന്മാർ ലൈസൻസികളായതുമാണ്.

റേഷൻ സാധനങ്ങളിൽ മുഖ്യഭക്ഷ്യണസാധനമായ അരി ഏറിയ ദിവസങ്ങളിലും ഗുണമേന്മ കുറഞ്ഞതാണ്. ബില്ല് കൃത്യമായി കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം. അതോടൊപ്പം തൂക്കത്തിലെ കുറവ് നിത്യ സംഭവമാണെന്ന് പരാതിയുണ്ടു. അത് അവസാനിക്കണം.

റേഷൻകട വഴി ഗുണനിലവാരമുള്ള അരിയും മറ്റും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ഇക്കാര്യങ്ങൾ പഞ്ചായത്ത് പരിശോധിച്ചു ബോദ്ധ്യപ്പെടേണ്ടതും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

മാവേലി സ്റ്റോറിൽ പലപ്പോളും കിട്ടുന്ന അരി ഗുണനിലവാരം കുറഞ്ഞതാണ്. സാധനങ്ങൾ അന്നന്ന് തീരുന്നുവെന്നത് പഞ്ചായത്തിലെ ജനങ്ങൾക്ക് മാവേലി സ്റ്റോർ എത്രമാത്രം ഉപകരിക്കുന്നുവെന്ന് കാണിക്കുന്നു. രണ്ടാം വാർഡിലെ മാവള്ളെ ജംഗ്ഷനിൽ പുതുതായി റേഷൻഷാപ്പ് അനുവദിച്ചു അവിടുത്തെ ജനങ്ങളുടെ റേഷൻ വാങ്ങാനുള്ള സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

പൊതുവിതരണ സംവിധാനത്തെ ഇന്നത്തേക്കാളും മെച്ചമാക്കാൻ തേവലക്കര ഗ്രാമപഞ്ചായത്ത് പരമാവധി ശ്രമിക്കേണ്ടതാണ്.

ജനകീയാസൂത്രണത്തിന്റെ പൊതുവായ കാഴ്ചപ്പാടിൽ
"പതിതൻ, പാമരൻ, ദൈന്യ-
പാരവശ്യത്തിലാണ്ടവൻ,-
അലസൻ, ലോഭി, യിമ്മട്ടി-
ലാരുമുണ്ടാക വയ്യമേൽ"

എന്നായിരിക്കണം സാമൂഹ്യക്ഷേമവിഭാഗത്തിനും ഉണ്ടായിരിക്കേണ്ടത്.

5.7

പൊതുജനാരോഗ്യവും കുടിവെള്ളവും

"ഒരു ഭാരതീയ മാതൃകാ ഗ്രാമം നിർമ്മിക്കുന്നത് പൂർണ്ണമായ ശുചീകരണ സൗകര്യങ്ങളോടുകൂടിയായിരിക്കണം"

-ഗാന്ധിജി

2000ത്തിലെ എല്ലാവർക്കും ആരോഗ്യമെന്ന പ്രഖ്യാപിതലക്ഷ്യം നേടാൻ വേണ്ടി ആഗോള വ്യാപകമായി ആരോഗ്യരക്ഷാനടപടികൾ നടത്തിവരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലും ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ട കർമ്മപരിപാടികളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആരോഗ്യസംരക്ഷണത്തിന് ശുദ്ധജലവും പരിസരശുചീകരണവും മുഖ്യ ഘടകങ്ങളാണ്. ഇന്നത്തെ സ്ഥിതിയിൽ ഒരു കുട്ടിക്ക് അഞ്ചുവയസ്സാവുന്നതിനിടയിൽ ഇരുപതു പ്രാവശ്യം വയറിളക്കരോഗം ബാധിക്കുന്നതായിട്ടാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. രോഗിയുടെ വിസർജ്ജനവസ്തു (മലം) മറ്റൊരാളുടെ വയറ്റിൽ എത്തുന്നതാണ് കുടൽ രോഗകാരണം. മലിനജലവും തുറസ്സായ സ്ഥലത്തെ മലവിസർജ്ജനവും രോഗവ്യാപനത്തിന് കാരണങ്ങളാണ്. ഗ്രാമപ്രദേശങ്ങളിൽ ആശുപത്രികളിൽ എത്തുന്ന രോഗികളിൽ 60% കുടൽരോഗികളാണെന്നുള്ളതും കാര്യത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസേവന സൗകര്യങ്ങൾ:-

രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലാത്ത ഒരു പി. എച്ച്. സെന്ററും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു സിദ്ധ ഡിസ്പെൻസറിയുമാണ് സർക്കാർ ഉടമയിലുള്ളത്. ഈ രണ്ടു സ്ഥാപനങ്ങളിലുമായി 95-96 വർഷത്തിൽ 27,718 പേർ ചികിത്സയ്ക്കെത്തിയിരുന്നു. ഇതിലധികവും നിർധനരും ഉയർന്ന ആശുപത്രികളിൽ പോകാൻ കഴിലില്ലാത്തവരുമാണ്.

സാമാന്യം മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നു അടുത്തുള്ള ആശുപത്രികൾ ചവറ കമ്യൂണിറ്റി ഹെൽത്ത് സെന്റർ, കരുനാഗപ്പള്ളി താലൂക്കാശുപത്രി, കൊല്ലം ജില്ലാ ആശുപത്രി എന്നിവയാണ്.

സ്വകാര്യമേഖലയിൽ അലോപ്പതി വിഭാഗത്തിൽ ഒരു ആശുപത്രിയും മൂന്ന് ക്ലിനിക്കുകളും ആയുർവ്വേദ വിഭാഗത്തിൽ മൂന്ന് ക്ലിനിക്കുകളും ഹോമിയോ വിഭാഗത്തിൽ മൂന്ന് ക്ലിനിക്കുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. രണ്ട് ദന്ത ക്ലിനിക്കുകളും സ്വകാര്യമേഖലയിൽ പ്രവർത്തിച്ചുവരുന്നു.

വളരെ പ്രസിദ്ധമായ തേവലക്കര സിദ്ധ കണ്ണു ചികിത്സ ഇന്ന് അന്യം നിന്നു പോകുന്ന അവസ്ഥയിലാണ്. വളരെ ഫലപ്രദമായ ഈ ചികിത്സ വെടിഞ്ഞിട്ടില്ലാത്ത വൈദ്യൻമാരുണ്ടെങ്കിലും അവർ വളരെ ബുദ്ധിമുട്ടിലാണ്. അസംസ്കൃത വസ്തുക്കളുടെ ഭീമമായ വിലയും കൂലിച്ചിലവും മൂലം ഔഷധം നിർമ്മിക്കുവാൻ ഇന്നുള്ള വൈദ്യന്മാർ മുതിരുന്നില്ല. അമൂല്യമായ ഈ ചികിത്സാവിധി നിലനിർത്തുവാൻ നമുക്ക് കടമയുണ്ട്. രജിസ്ട്രേഷനുള്ള വൈദ്യന്മാർക്ക് ചെറിയ ഗ്രാന്റും ഔഷധ നിർമ്മാണത്തിന് സഹായധനവും ലഭിച്ചാൽ ഈ ചികിത്സാ സമ്പ്രദായം നിലനിൽക്കും. നമ്മുടെ നാട്ടിലെ പാരമ്പര്യ വൈദ്യന്മാരുടെയും സ്ഥിതി ഇതു തന്നെയാണ്. അവർക്കും ആവശ്യമായ സഹായം ലഭിച്ചാൽ നാടിനു പ്രയോജനപ്പെടുത്താം.

പി. എച്ച്. സെന്ററിന്റെ നിയന്ത്രണത്തിൽ ഏഴ് ഉപകേന്ദ്രങ്ങളും ആറു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ സെക്ഷനുകളുമുണ്ട്. ഈ ഉപകേന്ദ്രങ്ങളുടേയും ഹെൽത്ത് ഇൻസ്പെകടർമാരുടെയും സേവനങ്ങളിൽ പല ഗ്രാമസഭകളും അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. ഉപകേന്ദ്രങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങളടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു. ഹെൽത്ത് സെന്റിന്റെ നിയന്ത്രണത്തിലുള്ള രണ്ട് SET (കുഷ്ഠം) സെന്ററുകളിലായി ആറു കുഷ്ഠരോഗികൾ ഇപ്പോൾ ചികിത്സയിലുണ്ട്.

പട്ടിക- ആരോഗ്യം

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനങ്ങളുടെ പേര്	വാർഡ്	സ്ഥാപിത വർഷം	ജീവനക്കാരുടെ എണ്ണം	കെട്ടിടം/സ്ഥലം
1.	പ്രൈമറി ഹെൽത്ത് സെന്റർ, തേവലക്കര	III	1-4-96	26	കെട്ടിടവും സ്ഥലവുമുണ്ട്
2.	സിദ്ധവൈദ്യശാല, പാലയ്ക്കൽ തേവലക്കര	XIII	1970	04	സ്ഥലമുണ്ട്, കെട്ടിടമില്ല
3.	കുടുംബക്ഷേമ ഉപകേന്ദ്രം, തേവലക്കര, മെയിൻ സെന്റർ	III	1		ഉണ്ട്
4.	കുടുംബക്ഷേമ ഉപകേന്ദ്രം, പാലയ്ക്കൽ	XIII	1		ഉണ്ട്
5.	കുടുംബക്ഷേമ ഉപകേന്ദ്രം, കോയിവിള	IX	1		ഉണ്ട്
6.	കുടുംബക്ഷേമ ഉപകേന്ദ്രം, നടുവിലക്കര	III	1		ഉണ്ട്
7.	കുടുംബക്ഷേമ ഉപകേന്ദ്രം, അരിനെല്ലൂർ നോർത്ത്	V	1		സ്ഥലവും കെട്ടിടവുമില്ല
8.	കുടുംബക്ഷേമ ഉപകേന്ദ്രം, അരിനെല്ലൂർ സൗത്ത്	IV	1	"	
9.	കുടുംബക്ഷേമ ഉപകേന്ദ്രം, പുത്തൻ സങ്കേതം	XI	1	"	
10.	കുടുംബക്ഷേമ ഉപകേന്ദ്രം, പടിഞ്ഞാറ്റേക്കര	I	1	"	
11.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കോയിവിള	IX	1	"	
12.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പുത്തൻ സങ്കേതം	XI	1	"	
13.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അരിനെല്ലൂർ	IV	1	"	
14.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തേവലക്കര	III	1		പ്രാഥമികാരോഗ്യ കേന്ദ്രം
15.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പാലയ്ക്കൽ	XIII	1		ആഫീസ് വാടകക്കെട്ടിടത്തിൽ
16.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പടിഞ്ഞാറ്റേക്കര	I	1	"	
17.	SET സെന്റർ, തേവലക്കര	III	1		ആഫീസ് ഉണ്ട്
18.	SET സെന്റർ, കോയിവിള	IX	1		ആഫീസ് ഇല്ല

തേവലക്കര പഞ്ചായത്തിന്റെ ജനസംഖ്യ (95-96) 394,68 ആണ്. ഇതിൽ 16,924 പേർ 14 വയസിൽ താഴെ ഉള്ളവരും 2484 പേർ 60 വയസ്സ് കഴിഞ്ഞവരുമാണ്. റിപ്പോർട്ട് വർഷത്തിൽ 627 ജനനവും 222 മരണവും നടന്നിട്ടുണ്ട്. അതായത് ജനനം 15.2% ഉം മരണം 6% ഉം ആണ്. പരമാവധി കുടുംബാംഗങ്ങൾ 5 ആണ്. രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ പഞ്ചായത്തിലെ ചികിത്സാ സേവനം മെച്ചപ്പെടുത്തുവാൻ PH സെന്ററിൽ പത്തു കിടക്കകളും ഓപ്പറേഷൻ തിയറ്ററുകമുള്ള ഒരു വാർഡുണ്ടാകണം. ഒരു ഗൈനക്കോളജിസ്റ്റിന്റെയും ശിശുരോഗ വിദഗ്ദ്ധന്റെയും സേവനം കൂടി ഉണ്ടാകേണ്ടതാണ്. ഒരു ലാബറട്ടറി ടെക്നീഷ്യന്റെ പ്രവർത്തനവും ലാബറട്ടറി സൗകര്യവും ഉണ്ടായാൽ നന്ന്. ഈ പഞ്ചായത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സിദ്ധ വൈദ്യശാലയ്ക്കും സ്വന്തമായി കെട്ടിടമുണ്ടാകാൻ ഇനി വൈകിക്കൂടാ. ഈ പഞ്ചായത്തിൽ ഗവണ്മെന്റുടമയിൽ ഒരു ആയുർവ്വേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിന്റെ തെക്കുകിഴക്കൻ മേഖലകളിൽ അധിവസിക്കുന്ന മൂവായിരത്തോളം വരുന്ന കയർ തൊഴിലാളികൾക്ക് പ്രത്യേക ചികിത്സാസൗകര്യം ഉറപ്പാക്കാൻ നമ്മുടെ പി. എച്ച്. സെന്ററിനോടനുബന്ധിച്ച് ഒരു കയർ വാർഡ് ഉണ്ടാകുന്നത് വളരെ പ്രയോജനകരമായിരിക്കും. ഇപ്പോൾ പി. എച്ച് സെന്ററിൽ സേവനം നടത്തുന്ന ഡോക്ടർക്ക് താമസിക്കാനൊരു ക്വാർട്ടേഴ്സ് ഉണ്ടായാൽ അദ്ദേഹത്തിന്റെ സേവനം മുഴുവൻ സമയം ഈ നാട്ടിലെ ജനങ്ങൾക്ക് ലഭ്യമാകും. ബന്ധപ്പെട്ടവരുടെ ശ്രദ്ധ ആ വഴിക്ക് തിരിയേണ്ടതാണ്. ചികിത്സാരംഗത്ത് വളരെ പ്രയോജനം ചെയ്യുന്ന ഹെൽത്ത് കാർഡ് സമ്പ്രദായം ഇവിടെയും നടപ്പാക്കണം. വാർഡടിസ്ഥാനത്തിൽ രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പും, രക്തദാനം, നേത്രദാനം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിപുലമായ ബോധവൽക്കരണവും നടത്തണം. ഈ കാര്യങ്ങൾക്ക് നമ്മുടെ നാട്ടിലെ സന്നദ്ധ സംഘടനകളുടെയും സാസംക്കാരിക സമിതികളുടെയും സഹായം തേടാവുന്നതാണ്.

ആയുർവ്വേദാശുപത്രിയും, ഹോമിയോ ആശുപത്രിയും സർക്കാർ ഉടമയിൽ സ്ഥാപിക്കണം.

കുടുംബക്ഷേമം

കുടുംബക്ഷേമം വളരെ വിപുലമായ ഒരു സേവന പദ്ധതിയാണ്. ജനനനിയന്ത്രണം അതിലൊരു ഘടകമാണ്. ഈ വിഷയത്തിൽ നാം ലക്ഷ്യം നേടിക്കഴിഞ്ഞു. ജനിക്കുന്ന കുട്ടികളുടെ ആയുസ്സും ആരോഗ്യവും ഉറപ്പവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബക്ഷേമ പരിപാടിയിൽ ഗർഭശുശ്രൂഷ, പ്രസവശുശ്രൂഷ, പ്രസവാനന്തര ശുശ്രൂഷ, ശിശുസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പരിപാടികൾ സൗജന്യമായും സാർവത്രികമായും എല്ലായിടത്തും നടപ്പാക്കുന്നതിൽ ബന്ധപ്പെട്ടവർക്ക് പൂർണ്ണമായി വീജയിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുത്തൻസങ്കേതം, അരിനല്ലൂർ വടക്ക്, അരിനല്ലൂർ തെക്ക്, പടിഞ്ഞാറ്റക്കര

എന്നീ സബ്സെന്ററുകൾക്ക് സ്വന്തമായി വസ്തുവും കെട്ടിടവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിലും മേൽപ്പറഞ്ഞ സന്നദ്ധസാ മൂഹ്യസംഘടനകളെ ഉപയോഗപ്പെടുത്താം. പി. എച്ച്. സെന്ററിന് സ്വന്തമായി ഒരു വാഹനം വിവിധ കാരണങ്ങളാൽ അത്യാവ ശ്യമാണ്.

ഔഷധ സസ്യങ്ങൾ മിക്കതും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അവ നഷ്ടപ്പെടാതിരിക്കുവാനും ഔഷ ധനിർമ്മാണാവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിൽ ഒരു ഔഷധത്തോട്ടം ഉണ്ടാകണം. ഇത് സഹകരണമേഖലയിൽ വേണമെന്നാണ് ഗ്രാമസഭയുടെ അഭിപ്രായം.

എയ്ഡ്സ് ഇന്ന് ലോകഭീഷണിയാണ്. ഈ മഹാവിപത്ത് നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തും എത്തിയിട്ടുണ്ട്. ഫലപ്രദമായ ചികിത്സ ഇതുവരെ കണ്ടുപിടിച്ചിട്ടില്ലാത്ത ഈമഹാരോഗത്തെ നിയന്ത്രിക്കുവാൻ പ്രതിരോധമാർഗ്ഗങ്ങൾ അവലം ബിക്കുകയല്ലാതെ മറ്റുമാർഗ്ഗമില്ല. ഇതിന്റെ സംക്രമണരീതി, പ്രതിരോധം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിപുലമായ ബോധ വല്ക്കരണം ആവശ്യമാണ്. സാസക്കാരികസംഘടനകളുടെ സമ്പൂർണ്ണവും സജീവവുമായ സഹകരണം ഉണ്ടാകണം.

വീട്ടുപുരയിടത്തിന്റെ വിസ്തൃതിക്കുറവുമൂലം ശവസംസ്ക്കാരം ഇന്നൊരു പ്രശ്നമാണ്. ഇതിന്റെ പരിഹാരമായി പഞ്ചാ യത്തിൽ രണ്ട് വൈദ്യുതി ശ്മശാനങ്ങൾ ഉടനെ ഏർപ്പെടുത്തണമെന്ന് ഗ്രാമസഭ ആവശ്യപ്പെടുന്നു.

തേവലക്കര പഞ്ചായത്ത് മദ്യവിമുക്ത പഞ്ചായത്താക്കുവാനും പുകയില ഉപയോഗവും പുകവലിയും നിയന്ത്രിക്കുവാൻ വേണ്ട നടപടിയും ബോധവല്ക്കരണവും നടത്തണം.

തെരുവു നായ്ക്കളുടെ ശല്യം തേവലക്കര പഞ്ചായത്തിൽ രൂക്ഷമാണ്. പേപ്പട്ടി വിഷബാധ ചികിത്സയില്ലാത്ത ഒരു വിപ ത്താണ്. അതെല്ലാവർക്കുമറിയാം. പട്ടികടിയാണ് വിഷബാധയ്ക്കു കാരണമെന്നുമറിയാം. എന്നാൽ അലഞ്ഞു നടക്കുന്ന പട്ടി കളെ നശിപ്പിക്കുന്ന കാര്യം ആരും കാര്യമായെടുക്കുന്നില്ല. പേവിഷ ബാധ ദൂരീകരിക്കുവാൻ വളർത്തുനായ്ക്കൾക്കെല്ലാം ലൈസൻസും അടയാളവും നല്കുകയും ലൈസൻസോ അടയാളമോ ഇല്ലാത്ത എല്ലാ നായ്ക്കളേയും സന്നദ്ധസംഘടനകളു ടെ സഹകരണത്തോടെ നശിപ്പിക്കണം പട്ടിക്കുട്ടികളെയും വളരാൻ അനുവദിക്കരുത്. ലൈസൻസ് എടുക്കുവാൻ വിമുഖത കാണിയ്ക്കുന്നവർക്കു മാതൃകാപരമായ ശിക്ഷ നല്കുവാനും വ്യവസ്ഥ ഉണ്ടാക്കണം.

ലൈസൻസു നല്കുമ്പോൾ പ്രതിരോധ കുത്തിവയ്പ്പു നല്കിയ വിവരത്തിനുള്ള സർട്ടിഫിക്കറ്റു ഹാജരാക്കണം.

അറവുശാല.

തേവലക്കര പഞ്ചായത്തിൽ മിക്കവാറും എല്ലാ വാർഡിലും ഇറച്ചിക്കച്ചവടമുണ്ട്. ഈ കടകളിൽ നിന്നും ലഭിക്കുന്ന ഇറച്ചി ഗുണനിലവാരമോ രോഗരഹിതമോ എന്നുറപ്പില്ല. ആരോഗ്യത്തിന് ഇതൊരു ഭീഷണിയാണ്. പഞ്ചായത്തിൽ അറവുശാലയുമി ല്ല.

ശാസ്ത്രീയമായ രീതിയിൽ ഒരു അറവുശാല സ്ഥാപിച്ച് കശാപ്പു ചെയ്യാനുദ്ദേശിക്കുന്ന ആടുമാടുകളെ മുമ്പും പിമ്പും വിദഗ്ദ്ധപരിശോധന നടത്തി സാക്ഷ്യപ്പെടുത്തുവാൻ വ്യവസ്ഥയുണ്ടാക്കണം. വിദഗ്ദ്ധപരിശോധനയ്ക്കു വിധേയമാക്കാതെ പഞ്ചായത്തിന്റെ അനുവാദം കൂടാതെയും നടത്തുന്ന കശാപ്പ് നിയമവിരുദ്ധമാകയാൽ അതിനെതിരെ കർശനനടപടി വേണം.

കശാപ്പിന്റെ ഉപയോഗശൂന്യമായ അവശിഷ്ടങ്ങൾ വേണ്ടപോലെ മറവുചെയ്യാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗ്രാമ സഭാ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇറച്ചി വ്യാപാരത്തിന് അനുവാദം പഞ്ചായത്തിൽ നിന്നും നേടിയിട്ടുള്ളവർ അവശിഷ്ടങ്ങൾ പൊതുജനങ്ങൾക്കു ശല്യമാകാത്തതരത്തിൽ മറവു ചെയ്യുന്നുണ്ടോ എന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും പഞ്ചായത്ത് അധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

എലിനശീകരണം

ആരോഗ്യത്തിനും കൃഷിക്കും എലി ഒരുപോലെ ഭീഷണിയാണ്. പ്ലേഗ് എലിപ്പനി തുടങ്ങിയ മാരകരോഗങ്ങൾ എലി പര ത്തുന്നതാണ്. എലിയെ നശിപ്പിക്കുവാൻ വിവിധ മാർഗ്ഗങ്ങളുണ്ട്. പരമ്പരാഗതമായി നാം പ്രയോഗിച്ചുവരുന്ന എലി നശീകരണ നടപടികൾ കൂടുതൽ താല്പര്യത്തോടുകൂടി നടത്തുകയാണെങ്കിൽ പ്രശ്നം ഫലപ്രദമായി നേരിടാൻ കഴിയുന്നതാണ്. ഇക്കാ ര്യത്തിൽ സന്നദ്ധസംഘടനകൾക്കുള്ള പങ്കും വിസ്മരിക്കാനാവില്ല.

പരിസരശുചീകരണം

പബ്ലിക്കു മാർക്കറ്റുകളിലും പൊതുനിരത്തിന്റെ വശങ്ങളിലും കുന്നുകൂടുന്ന ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യു ന്നതിനോ ഫലപ്രദമായി സംസ്ക്കരിക്കുന്നതിനോ വേണ്ട ഏർപ്പാടുകളില്ലാത്തതിനാൽ മാർക്കറ്റും പരിസരവും റോഡുകവക്കു കളും മലീമസമാണെന്നു ഗ്രാമസഭ റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഈ പോരായ്മ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ചുമതല യിൽ ചപ്പുചവറുകൾ നീക്കം ചെയ്തു സംസ്ക്കരിക്കുന്നതിനുവേണ്ട സംവിധാനമുണ്ടാക്കണം. ചപ്പുചവറുകൾ കമ്പോസ്റ്റുവള മുണ്ടാക്കുകയോ കത്തിച്ചുകളയുകയോ ചെയ്യാം.

പഞ്ചായത്തിലെ പൊതുനിരത്തുകളുടെ അരികിൽ പല സ്ഥലത്തും മത്സ്യവ്യാപാരം നടക്കുന്നത് പരിസരം മലിനമാക്കുന്നുണ്ട്. ഇത് കർശനമായി നിരോധിച്ച് മത്സ്യവ്യാപാരം മാർക്കറ്റിൽ മാത്രമായി നിയന്ത്രിക്കണം. മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കണം.

മലമ്പനി, മന്ത്, ഡങ്കൃൂഫീവർ, എല്ലോഫീവർ, മുതലായ മാരകരോഗങ്ങൾ കൊതുകും, മഞ്ഞപ്പിത്തം, വിഷൂചിക, സന്നിപാതജ്വരം, രക്താതിസാരം, അതിസാരം, പിള്ളവാതം തുടങ്ങിയ രോഗങ്ങൾ ഈച്ച പരത്തുന്നതുമാണ്. ഇന്ന് ഈ രോഗങ്ങൾ ഭീഷണി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കൊതുകിനേയും ഈച്ചയേയും നശിപ്പിക്കുവാനുള്ള ഫലപ്രദമായ പരിപാടികൾ നടപ്പിലാക്കണം. ഇതിന് ആരോഗ്യവകുപ്പിന്റേയും സന്നദ്ധസംഘടനകളുടേയും സഹകരണം തേടേണ്ടതാണ്.

ആരോഗ്യവിദ്യാഭ്യാസം

രോഗം ബാധിച്ചശേഷം ചികിത്സിച്ചു സുഖപ്പെടുത്തുന്നതിനേക്കാൾ രോഗം വരാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ് ഉത്തമമെന്ന് അറിയാമെങ്കിലും പ്രായോഗിക ജീവിതത്തിൽ ഈ അറിവ് പലരും പ്രാവർത്തികമാക്കുന്നതായി കാണുന്നില്ല.

ഇന്ന് അനുഭവപ്പെടുന്ന രോഗങ്ങളിൽ ഒട്ടുമിക്കവാറും ഒഴിവാക്കാവുന്നതാണെന്ന് ശാസ്ത്രം വ്യക്തമാക്കിയിട്ടുണ്ട്. രോഗനിരോധ ചികിത്സകൾ എല്ലാം സൗജന്യവും, സാർവ്വത്രികവുമാണ്. അതിന് നിരന്തരമായ ബോധവൽക്കരണം അനിവാര്യമാണ്. സന്നദ്ധസംഘടനകളുടേയും, ആരോഗ്യവകുപ്പിന്റേയും സഹകരണത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തണം. കേന്ദ്ര ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെയും, സംസ്ഥാന ഹെൽത്ത് എഡ്യൂക്കേഷൻ ബ്യൂറോയുടെയും സഹകരണത്തിൽ സിനിമാപ്രദർശനവും, ആരോഗ്യ പ്രദർശനങ്ങളും നടത്തണം. പത്തോ പതിനഞ്ചോ വീടുകൾ ഉൾക്കൊള്ളിച്ചു അയൽകൂട്ടങ്ങൾ രൂപീകരിച്ച് ആരോഗ്യചർച്ചാക്ലാസുകൾ രണ്ടാഴ്ചയിലൊരിക്കൽ നടത്തണം. ആരോഗ്യവകുപ്പും, സന്നദ്ധസംഘടനകളുടേയും കൂട്ടുത്തരവാദിത്വത്തിൽ ഈപരിപാടി നടത്താവുന്നതാണ്. വിദഗ്ധരെ പങ്കെടുപ്പിച്ച് മെഡിക്കൽ ക്യാമ്പുകളും നടത്തണം.

മായം ചേർക്കൽ തടയൽ

കലർപ്പില്ലാത്തതും, മായം ചേരാത്തതുമായ ഭക്ഷണസാധനങ്ങൾ പഞ്ചായത്തിലെല്ലായിടത്തും ലഭ്യമാക്കണം. ഭക്ഷണസാധനങ്ങൾ പരിശോധിക്കാൻ ഇന്ന് സംവിധാനമുണ്ട്. എന്നാൽ അത് കൂടുതൽ കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുവാൻ ചുമതലപ്പെട്ടവരോട് അഭ്യർത്ഥിക്കണം.

കക്കൂസ്

ജലജന്യരോഗങ്ങളായ വയറുകടി, വയറിളക്കം, കോളറ, ഗാസ്ട്രോ എന്ററൈറ്റീസ്, പോളിയോ, മഞ്ഞപ്പിത്തം, കുടൽവിരകൾ തുടങ്ങിയവയെല്ലാം തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ചെയ്തു പരിസരം മലിനപ്പെടുന്നതു കൊണ്ടുണ്ടാകുന്ന രോഗങ്ങളാണ്.

തേവലക്കര പഞ്ചായത്തിൽ ഏഴായിരത്തി തൊള്ളായിരത്തി എഴുപത്തിയാറ് ജനപാർപ്പുള്ള വീടുകളുണ്ട്. അതിൽ 20 ശതമാനം വീടുകൾക്ക് കക്കൂസില്ല. (അവലംബം പഞ്ചായത്ത് ദ്വിതീയ സ്ഥിതി വിവരക്കണക്ക്) ഇതിൽ ഒരു വിഭാഗത്തിന് കക്കൂസ് നിർമ്മിക്കുവാൻ സ്ഥലസൗകര്യം ഇല്ലാത്തവരും മറ്റൊരു കൂട്ടർ സാമ്പത്തികശേഷി ഇല്ലാത്തവരുമാണ്. ആരോഗ്യരക്ഷയ്ക്ക് കക്കൂസ് അനിവാര്യഘടകമാണ്. ഒമ്പതാം പദ്ധതി പര്യവസാനിക്കുന്നതോടെ എല്ലാ കുടുംബത്തിനും കക്കൂസ് ഉണ്ടായിരിക്കുമെന്നത് പ്രഖ്യാപിതലക്ഷ്യമായി അംഗീകരിക്കണം. സ്ഥലപരിമിതി മൂലം ഒരു കുടുംബത്തിന് ഒരു കക്കൂസ് അസാദ്ധ്യമായ കോളനി പ്രദേശങ്ങളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കുകയും, അതിന്റെ ശുചീകരണത്തിനും സംരക്ഷണത്തിനും പഞ്ചായത്ത് ഏർപ്പാടുണ്ടാക്കുകയും വേണം. സന്നദ്ധസംഘടനകൾ വഴി വിഭവസമാഹരണം നടത്തിയും പഞ്ചായത്ത് ധനസഹായത്തോടുകൂടിയും അതതു സ്ഥലത്ത് സാമ്പത്തികശേഷി ഇല്ലാത്തവർക്ക് കക്കൂസു നിർമ്മിച്ചുകൊടുക്കണം.

രണ്ടായിരമാണ്ട് എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിതലക്ഷ്യം നേടാൻ നമ്മുടെ പഞ്ചായത്തിൽ ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളിലേയ്ക്കു വിരൽ ചൂണ്ടുക മാത്രമാണ് ഈ റിപ്പോർട്ടിലുദ്ദേശിക്കുന്നത്. ഇതിലെ നിർദ്ദേശങ്ങൾ നടപ്പിൽ വന്നാൽ നമ്മുടെ പഞ്ചായത്ത് ആരോഗ്യകാര്യത്തിൽ നേട്ടം കൈവരിക്കാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല.

ആരോഗ്യരംഗത്ത് മുന്നേറുവാൻ തേവലക്കര പഞ്ചായത്തിനു കഴിയുമാറാകട്ടെ എന്ന ശുഭപ്രതീക്ഷയോടെ ഈ റിപ്പോർട്ടു സമർപ്പിക്കുന്നു.

കുടിവെള്ളം

തേവലക്കര പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളേയും, കുഴൽകിണറുകളേയുമാണ്. പൊതുജനാരോഗ്യത്തിന്റെ ആണിക്കല്ലാണ്. ശുദ്ധജലവിതരണം അത് കൃത്യമായി എത്തിക്കുക എന്നത് ഏത് ഭരണകൂടത്തിന്റേയും ഉത്തരവാദിത്വവുമാണ്.

പഞ്ചായത്തിലെ പല ഭാഗങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകാറുണ്ട്. കിണറുകളുള്ള വീടുകൾ ധാരാളമാണെങ്കിലും എന്നും ശുദ്ധജലം ലഭിക്കുന്നവ കുറവാണ്. കുഴൽ കിണറുകളുടേയും അവയിൽ നിന്നുള്ള ഇരുന്നൂറ്റിഅൻപതോളം പൊതുടാപ്പുകളുടേയും അറുന്നൂറ്റി ഇരുപത്തിരണ്ടോളം വീട്ട് കണക്ഷനുകളുടേയും സഹായത്തോടെ പഞ്ചായത്താകെ കുടിവെള്ളമെത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. വരൾച്ച സമയത്ത് കുഴൽ കിണറുകളിൽ ജല ലഭ്യത കുറയുന്നത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കാറുണ്ട്. മഴവെള്ളം പാഴായി പോകുന്നതും, തോടുകളും, കുളങ്ങളും നികത്തപ്പെടുന്നതും കിണറുകൾ വറ്റുന്നതിന് കാരണമാകുന്നു. പുല്ലിക്കാട്ട് കുളം നികത്തിയത് സമീപപ്രദേശത്തെ കിണറുകൾ വറ്റുന്നതിനിടയാക്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ കീഴിൽ ജലവിതരണത്തിനായി നാല് പൊതുകഴൽക്കിണറുകളുണ്ട്. – കടപ്പായിലും, തൊഴിലാളിമുക്കിലും, മുട്ടത്തും, പടപ്പനാലിലും തൊണ്ണൂറായിരം ലിറ്റർ ശേഷിയുള്ള ഒരു റിസർവ്വായർ പടപ്പാനാലിലും രണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം ലിറ്റർ ശേഷിയുള്ള ഒന്ന് കടപ്പായിലുമുണ്ട്.

കോയിവിള സെന്റ് ആന്റണീസ് ഹൈസ്ക്കൂളിനു സമീപമുള്ള തൊണ്ണൂറായിരം ലിറ്റർ ശേഷിയുള്ള റിസർവോയറിന് അത്യാവശ്യമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണ്. പൊതുടാപ്പുകളിലെ വെള്ളം ധാരാളമായി ദുരുപയോഗപ്പെടുത്തുന്നുണ്ട്. നഷ്ടപ്പെടുത്തുന്നുമുണ്ട്. ഇതിനെതിരെ കാര്യമായ ബോധവല്ക്കരണം ആവശ്യമാണ്. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

വാർഡ് –1 പടിഞ്ഞാറ്റക്കര

1. ചേമ്പും കാട്ടിൽ മുക്കുമുതൽ പള്ളിയറക്കാട് കോളനി വരെയും പള്ളിമുക്കു മുതൽ വിളയിൽ മുക്കുവരെയും വാട്ടർ ടാപ്പ് സ്ഥാപിക്കുക.

വാർഡ് –2

മൂക്കനാട്ട് മുക്കിൽ നിന്നും തുണ്ടയ്യത്ത് പട്ടികജാതി കോളനിവരെയും, വടയലിൽ മൂക്കുമുതൽ തെക്കോട്ട് പഞ്ചായത്ത് അതൃത്തിവരെയും വട്ടയ്ക്കാട്ട് മുക്കുമുതൽ തെക്കോട്ട് അംഗനവാടി 2 വരെയും SMVLPS ണുതൽ പടിഞ്ഞാറോട്ട് തുണ്ടയ്യത്ത് കോളനിവരെയും പൊതുടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് – 3 നടുവിലക്കര

കോണി മുക്കുമുതൽ തെക്കോട്ട് PH Centre വരെയും ചേന്നങ്കരമുക്കുമുതൽ കടുവിനാവിള മുക്കുവരെയും പാലയ്ക്കൽ ഭരണിക്കാവ് ക്ഷേത്രം മുതൽ തുണ്ടിൽ മുക്കുവരയെും ഉണ്ടികപ്പുരമുതൽ പഞ്ചായത്ത് ആഫീസ് വരെയും ഭസ്മക്കാട് മൂക്കുമുതൽ തേവലക്കര ചന്തവരെയും വിളയിൽ മുക്കുമുതൽ വടക്കോട്ട് മാര്യാടി മുക്കുവരെയും ചന്ത മുതൽ വടക്കോട്ട് പഞ്ചായത്ത് അതൃത്തിവരയെും, ഗോപുരം മുതൽ കിഴക്കോട്ട് പഞ്ചായത്ത് അതൃത്തിവരെയും ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് 4– മുള്ളിക്കാല

തെക്കാവ് മുക്ക് മുതൽ കുറ്റിയിൽ മുക്കുവരെയും, പുന്തലമുക്ക് മുതൽ തേവർതോട്ടം മുക്കുവരെയും പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക.

ഉപയോഗശൂന്യമായ വേലംകുളം വൃത്തിയാക്കുക.

വാർഡ് 5. അരിനല്ലൂർ

ഗവ. എൽ. പി. എസ്-ൽ ഒരു ടാപ്പ് സ്ഥാപിക്കുക. മംഗലത്ത് കടവുമുതൽ മാമ്പറ്റമുക്കുവരെ ടാപ്പുകൾ സ്ഥാപിക്കുക. മുട്ടത്ത് ജലക്ഷാമം ഉണ്ടാകുന്നിടത്ത് ടാപ്പ് സ്ഥാപിക്കുക. പുത്തൻകുളം മുതൽ കുളങ്ങരകോളനിവരെയും പുളിമൂട്ടിൽ മുക്കുമുതൽ കല്ലുവടക്കതിൽ മുക്കുവരെയും, ഷാപ്പ് മുക്കുമുതൽ വിളയിൽ മുക്കുവരെയും പൈപ്പുലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

വാർഡ് 6 അരിനല്ലൂർ വടക്ക്

പള്ളിയ്ക്ക മുക്കുമുതൽ റബ്ബറും വിളഭാഗംവരെയും, പുളിയ്ക്കമുക്കുമുതൽ മംഗലത്ത് മുക്കുവരെയും പൈപ്പുലൈൻ നീട്ടി സ്ഥാപിക്കുക.

വാർഡ് 7 – അരിനല്ലൂർ തെക്ക്

പുന്നപ്പുഴവിളയിലും, കൊച്ചുപുല്ലിക്കാടിനു കിഴക്കും, മണക്കാട്ടുവിഴ ഭാഗത്തും സെന്റ് ജോർജ് സ്ക്കൂളിനു പടിഞ്ഞാറു വശത്തും, മഞ്ഞിപ്പുഴമുക്കിന് കിഴക്കോട്ടും, ആണിക്കുഴി മുക്കിന് തെക്കോട്ടും അരിനല്ലൂർ ബോട്ടു ജെട്ടിയിലും അവിടെനിന്ന് വടക്കോട്ടും, മുട്ടത്തു കായൽ തീരത്തും പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുക.

വാർഡ് 8 കോയിവിള കിഴക്ക്

മുപ്പാത്തി ക്ഷേത്രപരിസരം, ബോട്ടുജെട്ടിയ്ക്കുസമീപം പാറശ്ശേരി ഭാഗം, ആറാട്ട് ഭാഗം എന്നിവിടങ്ങളിൽ പൈപ്പ് നീട്ടി ടാപ്പുകൾ സ്ഥാപിക്കുക. പ്രകൃതിയിലെ നീരുറവകൾ സംരക്ഷിക്കുക.

വാർഡ് 9 – കോയിവിള

കോളനിയിലേയ്ക്ക് പൈപ്പ് നീട്ടി ടാപ്പ് സ്ഥാപിക്കുക

വാർഡ് 10 കോയിവിള വടക്ക്

മണക്കാട്ടകര മുതൽ നാലുവരമ്പുവരെ പൈപ്പ് നീട്ടി ടാപ്പ് സ്ഥാപിക്കുക.

വാർഡ് 11 പുത്തൻ സങ്കേതം

അയ്യൻ കോയിക്കൽ ഗവ. എൽ. പി. എസ്സിലേയ്ക്കും തറമേൽമുക്കുമുതൽ കല്ലരിയ്ക്കൽ മുക്കു വഴി സൂര്യതിയേറ്റർ വരെയും പൈപ്പ് നീട്ടി ടാപ്പ് സ്ഥാപിക്കുക. മന്ദിരം മുക്കുമുതൽ ചക്കാലത്തറ മുക്കുവരെ ലൈൻ നീട്ടി ടാപ്പിടുക.

ചക്കഴുത്ത് മുക്കുമുതൽ വലിയവിള വഴി കോട്ടൂർ മുക്കുവരെയും പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം.

വാർഡ് 12 പാലയ്ക്കൽ തെക്ക്

കള്ളേഴത്തു മുക്കുമുതൽ കോട്ടു പടിഞ്ഞാറ് മുകളത്തറ ഭാഗംവരെയും കരായി കിഴക്കുമുതൽ കരിങ്ങാട്ടിൽ കോളനിവഴി പുത്തൻ വീട്ടിൽ കിഴക്കുവശം ഈഴവർ കാട്ടിൽ ഭാഗം ചോലയിൽ ഭാഗം, കാവറേഴത്ത് ഭാഗം ആറാട്ടമ്പലം മുതൽ വടക്കോട്ട് പുതിയ റോഡ് വരെയും പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് 13–പാലയ്ക്കൽ വടക്ക്

കുന്നേൽ മൂക്കുമൂതൽ കടുവിനാവിള മുക്കുവരെയും ചേന്നങ്കര മുക്കുമുതൽ മണ്ണാന്റയത്ത് വടക്കുവരെയും പാലയ്ക്കൽ മുസ്ലീം എൽ പി എസ് മുതൽ വലിയത്ത് തെക്കുവരെയും പൈപ്പ് നീട്ടി ടാപ്പ് സ്ഥാപിക്കുക.

വാർഡ് 14 മൊട്ടയ്ക്കൽ

മണ്ണകത്ത് മൂക്കിൽ നിന്നും മൊട്ടയ്ക്കൽ എൽ പി. എസ് വരെയും സൊസൈറ്റി മുക്കുമുതൽ തോട്ടത്തിൽ കുളങ്ങര വരെയും അവിടെനിന്ന് കൊന്നവിള തെക്കുവരെയും പൈപ്പ് നീട്ടി ടാപ്പ് സ്ഥാപിക്കുക.

5-8

വനിത

"ഭാരതക്ഷമേ നിന്റെ പെൺമക്കളടുക്കള-
ക്കാരികൾ വീടാംകുട്ടിൽ കുടുങ്ങും തത്തമ്മകൾ".....

ഒരു വിദേശവനിത ഭാരതസ്ത്രീകളെ ഇകഴ്ത്തിപ്പറഞ്ഞതിന് ഭാരതചരിത്രത്തിലെ വീരാംഗനമാരുടെ ചിത്രങ്ങൾ നിരത്തി മഹാകവി ഉള്ളൂർ 'ചിത്രശാല' എന്ന കാവ്യത്തിലൂടെ മറുപടി നൽകുന്നു. ആ വിദേവനിതയുടെ പ്രസ്താവം കാലഹരണപ്പെട്ടിട്ട് കാലമേറെ കടന്നുപോയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ സ്ത്രീ ഭാരതത്തിന്റെ ദേശീയ ധാരയിലെ ശ്രദ്ധേയ ഘടകമായി മാറിയെങ്കിലും ഇന്നും ഗ്രാമീണ ജീവിതത്തിൽ സ്ത്രീകളുടെ മുന്നേറ്റം തുലോം വിരളമാണ്. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്. എഴുപതുകളുടെ ആരംഭത്തിൽ ഉദയം ചെയ്ത സ്ത്രീ പ്രസ്ഥാനങ്ങളും എഴുപത്തിയഞ്ചിൽ ആരംഭിച്ച് അന്താരാഷ്ട്ര വനിതാ ദശകവും സ്ത്രീകളുടെ പ്രശ്നങ്ങളെ വിശകലനം ചെയ്യാതെ ഇനി മുന്നോട്ടു പോകാനാവില്ല എന്ന ബോധം ശക്തി പ്രാപിച്ചു. കാലഹരണപ്പെട്ടതും സ്ത്രീ വിരുദ്ധവുമായ പല നയങ്ങളും നിയമങ്ങളും തിരുത്തിക്കുറിക്കുകയും ഈ ദശകത്തിന്റെ ആദ്യം തന്നെ രാഷ്ട്രീയ, സാമൂഹ്യ ഭരണതലങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്തു. സാക്ഷരത, സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം, അടിസ്ഥാന വർഗ്ഗങ്ങളുടെ ഉന്നമനം, സാമൂഹ്യ തിന്മകളുടെ ഉന്മൂലനം എന്നീകാര്യങ്ങളിൽ സ്ത്രീകളുടെ മുന്നേറ്റത്തിന് നേതൃത്വം നൽകുവാൻ കഴിയുകയും മനുഷ്യാവകാശങ്ങൾക്കും സാമൂഹ്യനീതിക്കും വേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന പ്രക്ഷോഭണങ്ങളിൽ വനിതകളുടെ ശബ്ദം ശ്രദ്ധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന്. എങ്കിലും ഗ്രാമീണ ജീവിതത്തിൽ ഇന്നും വനിതകളുടെ പങ്കാളിത്തം ആശാവഹമല്ല. വിദ്യാഭ്യാസം, തൊഴിൽ സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ സ്ത്രീകൾ പൊതുവേ കുറവാണ്. ഗ്രാമജീവിതത്തിന്റെ എല്ലാ മേഖലകളിലും വനിതകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയാലേ വികസനം എന്ന ലക്ഷ്യം ഫലവത്താകൂ. സ്ത്രീപുരുഷസമത്വം എന്ന ആശയത്തിലൂന്നിയ വനിതാക്ഷേമ പദ്ധതിയിലൂടെ സ്ത്രീകളിൽ ആത്മബോധത്തിന്റെ തെളിച്ചം നൽകി ജീവിതത്തിന്റെ നാനാതുറകളിൽ സ്ത്രീയുടെ സാന്നിദ്ധ്യവും സമർപ്പണവും സാർത്ഥകമാക്കേണ്ടിയിരിക്കുന്നു.

വനിതാവിമോചന പ്രസ്ഥാനങ്ങൾ നടത്തുന്ന പോരാട്ടങ്ങളുടെ ആരവങ്ങളറിയാതെ തികച്ചും ഗ്രാമജീവിതത്തിന്റെ സ്വച്ഛന്ദതയിൽ മാമൂലുകളിലും ആചാരങ്ങളിലും മുഴുകിക്കഴിയുകയാണ് തേവലക്കര ഗ്രാമത്തിലെ വനിതകൾ. ഉന്നത വിദ്യാഭ്യാസവും ആകർഷകമായ ജോലിയും ഉപേക്ഷിച്ചും സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ നിന്നകന്ന് ഒതുങ്ങിയ ജീവിതം നയിക്കുന്ന വനിതകൾ ഏറെയുണ്ടെന്നതാണ് വാസ്തവം. വനിതാ പ്രസിഡന്റ് ആയ ശ്രീമതി എ. ഫാത്തിമാക്കുഞ്ഞ് നയിക്കുന്ന ഈ പഞ്ചായത്തിൽ 1979 മുതലുള്ള അഞ്ചുവർഷക്കാലം ഇപ്പോഴത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ ആയ ശ്രീമതി വിജയലക്ഷ്മിയമ്മ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. പബ്ലിക്ക് പ്രോസിക്യൂട്ടർ എന്ന നിലയിലും രാഷ്ട്രീയരംഗത്തും വനിതാ വികസന കോർപ്പറേഷൻ ചെയർ പെഴ്സൺ എന്ന നിലയിലും പ്രശസ്തയായ ശ്രീമതി ജമീല ഇബ്രാഹിം തേവലക്കര പഞ്ചായത്ത് സ്വദേശിയാണ്. എങ്കിലും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ പ്രവർത്തിക്കുന്ന വനിതകൾ വിരളമാണ്.

പഞ്ചായത്തിലെ ജനസംഖ്യയിൽ 50.74% സ്ത്രീകളാണ് എന്നാൽ 1981 ലെ ജനസംഖ്യാ റിപ്പോർട്ട് അനുസരിച്ച് പഞ്ചായത്തിൽ സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരായിരുന്നു. പത്തു വർഷത്തിന് ശേഷം സ്ത്രീജനസംഖ്യയിൽ ചെറിയ മാറ്റം വന്നിട്ടുള്ളതായിക്കാണുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാളും ജില്ലാ ശരാശരിയെക്കാളും കുറവാണ്.

ജനസംഖ്യാ നിരക്ക്

വർഷം	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1981	16726	16688	33414
1991	18581	19136	37717

സാക്ഷരതയിൽ പുരുഷന്മാരേക്കാൾ പിന്നിലാണ് വനിതകൾ. 19136 വനിതകളിൽ 13780 പേർ സാക്ഷരത കൈവരിച്ചിട്ടുള്ളതായി സെൻസസ് റിപ്പോർട്ടിൽ കാണുന്നു. സാക്ഷരതാ നിരക്ക് ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

സാക്ഷരതാ നിരക്ക്

ജനസംഖ്യ	സാക്ഷരത		സാക്ഷരതാ ശതമാനം	
	പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ
37717	14898	13782	92.8%	82.7%

വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ അവസ്ഥ അത്ര മെച്ചമാണെന്ന് പറയാൻ കഴിയില്ല. ബഹുഭൂരിപക്ഷം പേരും പ്രാഥമിക വിദ്യാഭ്യാസം മാത്രം ലഭിച്ചിട്ടുള്ളവരാണ് എങ്കിലും ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണ ബിരുദവും സാങ്കേതിക വിദ്യാഭ്യസ യോഗ്യതയും ഉള്ള വനിതകൾ തീരെ ദുർല്ലഭമല്ല. നിലവിൽ സെക്കണ്ടറി തലം വരെയുള്ള അദ്ധ്യയന നിലവാരം പരിശോധിക്കുമ്പോൾ പെൺകുട്ടികൾ പഠനകാര്യത്തിൽ കഴിഞ്ഞകുറേ വർഷങ്ങളായി മുൻനിരയിലാണ്. എസ്.എസ്.എൽ.സി പരീക്ഷയിലെ വിജയശതമാനത്തിലും ഉന്നത വിജയത്തിലും പെൺകുട്ടികളാണ് മുന്നിൽ നിൽക്കുന്നത് എന്ന് മനസ്സിലാക്കം. പ്രൈമറിതലം മുതൽ ഹൈസ്ക്കൂൾ തലം വരെ പഞ്ചായത്തിലെ വിവിധസ്ക്കൂളുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ക്ലാസ്സിലും തോറ്റു പഠിക്കുന്നവരുടേയും പഠനം നിറുത്തിയവരുടേയും എണ്ണത്തിൽ പെൺകുട്ടികൾ ഗണ്യമായി കുറഞ്ഞുവരുന്നതിൽ നിന്നും പെൺകുട്ടികളിൽ പഠനകാര്യത്തിൽ പുതിയൊരു ഉണർവ്വും ശുഷ്കാന്തിയും പ്രകടമാകുന്നതായി കാണുന്നു. പഞ്ചായത്തുകളിലുള്ള വിവിധ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ തോറ്റുപഠിക്കുന്നവരുടേയും പഠനം നിർത്തിയവരുടേയും സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

സ്ക്കൂൾ വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം		തോറ്റുപഠിക്കുന്നവർ		പഠനം നിർത്തിയവർ	
	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ
ലോവർ പ്രൈമറി	1349	1352	91	66	32	11
അപ്പർ പ്രൈമറി	897	878	102	67	9	8
ഹൈസ്ക്കൂൾ	710	698	47	21	28	18

ആരോഗ്യകാര്യങ്ങളിൽ സ്ത്രീകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ, ഗവ: സിദ്ധവൈദ്യ ഡിസ്പെൻസറി, പ്രൈവറ്റ് ആശുപത്രികൾ എന്നിവിടങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ചികിത്സയ്ക്കായി എത്തുന്നവരിൽ അധികവും സ്ത്രീകളാണെന്ന് കാണാം. എന്നാൽ ആരോഗ്യ-ശുശ്രൂഷാരംഗത്ത് വിദഗ്ദമായ സേവനം ലഭ്യമാകുന്നില്ല. പ്രൈമറി ഹെൽത്ത് സെന്ററിൽ കൂടുതൽ കിടക്കകളോടുകൂടി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഒരു സ്ത്രീരോഗ വിദഗ്ദന്റേയും ശിശുരോഗവിദഗ്ദന്റേയും സേവനം കൂടി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ശുചിത്വത്തിലും പ്രതിരോധത്തിലും ഊന്നൽ നൽകുന്ന ആരോഗ്യ വിദ്യാഭ്യാസക്ലാസ്സുകൾ വനിതകൾക്കായി സംഘടിപ്പിക്കാവുന്നതാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞു വരുന്നതായി കാണുന്നു. കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം അറുപതുകളിലേതിനേക്കാൾ ഇപ്പോൾ ഗണ്യമായി കുറഞ്ഞിട്ടുള്ളതായി കാണാം. കൃഷി സ്ഥലങ്ങളുടെ വ്യാപ്തി കുറയുകയും വാസസ്ഥലങ്ങളുടെ വ്യാപ്തി വർദ്ധിച്ചു വരുകയും തന്മൂലം കാർഷിക മേഖലയ്ക്ക് ഉണ്ടായ അപചയവുമാണ് ഇതിന് കാരണമെങ്കിലും ഇപ്പോഴും കാർഷികമേഖലയിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. അതായത് പുരുഷന്മാരുടെ പങ്കാളിത്തം 92.5% വരുമ്പോൾ സ്ത്രീകളുടേത് 7.5% മാത്രമാണ്. വനിതകളിൽ ഏറിയപങ്കും പണിയെടുക്കുന്നത് കയർ, കശുവണ്ടി വ്യവസായ മേഖലകളിലാണ്. മത്സ്യ വിപണനം, തഴപ്പായ് നെയ്ത്ത്, ഖാദി നെയ്ത്ത്, ചെറുകിട വ്യവസായങ്ങളും വ്യാപാരങ്ങളും എന്നീ മേഖലകളിലും വനിതകൾ തൊഴിലെടുക്കുന്നു. കൂടാതെ വിരലിലെണ്ണാവുന്നത്ര വനിതകൾ ഗൾഫ് മേഖലകളിലും പണിയെടുക്കുന്നുണ്ട്. വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീ-പുരുഷ അന്തരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

തൊഴിൽ പങ്കാളിത്തം

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
കർഷകർ	657	23
കർഷകത്തൊഴിലാളി	1790	146
മൃഗസംരക്ഷണം	1179	14
ചെറുകിട വ്യവസായം	915	1558
കെട്ടിട നിർമ്മാണം	177	1
വ്യാപാരം - വ്യവസായം	1181	357
ഗതാഗതം, വാർത്താവിനിമയം	274	9
മറ്റുള്ളവ	916	433

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന വനിതകളിൽ ഭൂരിഭാഗവും അദ്ധ്യാപകരാണ്. പഞ്ചായത്തിലുള്ള എല്ലാ സ്ക്കൂളുകളിലുമായി ജോലി നോക്കുന്ന 204 അദ്ധ്യാപകരിൽ 135 പേരും വനിതകളാണ്. ഇതിൽ നിന്നും അദ്ധ്യാപകവൃത്തിയിൽ വനിതകളാണ് മുൻനിരക്കാർ എന്നും മനസ്സിലാക്കാം.

പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി മേഖലകളിലെ പ്രതിസന്ധികൾമൂലം പലപ്പോഴും തൊഴിൽ മേഖലകളിൽ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്നു. നാമമാത്ര തൊഴിൽ ദിനങ്ങൾ മാത്രം ലഭ്യമാകുന്നതിനാൽ തൊഴിലാളികൾക്ക് മറ്റുമേഖലകൾ തേടിപ്പോകേണ്ടുന്ന അവസ്ഥകൾ ഉണ്ടാകാറുണ്ട്. അതുപോലെ അഭ്യസ്തവിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രശ്നമായി അവശേഷിക്കുന്നു. തൊഴിൽ മേഖലകളിൽ പലരീതിയിലുള്ള വിവേചനങ്ങൾ സ്ത്രീകൾക്ക് അനുഭവപ്പെടുന്നതായി കാണുന്നു. ഇതിൽ ഏറ്റവും പ്രധാനം കൂലിയിലുള്ള അന്തരമാണ്. ഒരേ സ്വഭാവമുള്ള തൊഴിലിനുപോലും പുരുഷനും സ്ത്രീക്കും ലഭിക്കുന്ന കൂലിയിൽ വളരെയേറെ അന്തരം ഉള്ളതായി കാണുന്നു. ഈ രീതിയിലുള്ള ലിംഗപരമായ വിവേചനം ക്രൂരമാണെന്ന് പറയാതെ നിർവാഹമില്ല. വിവിധ മേഖലകളിലെ കൂലിനിരക്ക് താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

കൂലിനിരക്ക്

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകത്തൊഴിലാളി	50	100
കയർത്തൊഴിലാളി	30	75
നിർമ്മാണത്തൊഴിലാളി	75	125

എല്ലാതൊഴിൽ മേഖലകളിലേയും സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവേണ്ടത് സ്ത്രീകളോടുള്ള വിവേചനം ഇല്ലാതാക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

വിദ്യാഭ്യാസം ഉണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വീട്ടുജോലികൾക്കിടയിൽ വരുമാനം ലഭിക്കുന്ന ചെറുകിട കൈത്തൊഴിലുകളിലേർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണെന്ന് കാണുന്നു. തഴപ്പായ് നെയ്ത്ത്, ചെറുകിട കൈത്തൊഴിലുകൾ, ആടുമാടുകളെ വളർത്തൽ, ബീഡി തെറുപ്പ്, തീപ്പെട്ടി വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലുകൾ, തയ്യൽജോലികൾ, കുറ്റിമുല്ലകൃഷി, പച്ചക്കറിത്തോട്ടം തുടങ്ങിയ തൊഴിലുകൾ വീട്ടുജോലികളോടൊപ്പം തന്നെ നിർവഹിച്ച് വരുമാനം കണ്ടെത്തുന്ന വനിതകൾ നാമമാത്രമായുണ്ട്. പ്രത്യേക തൊഴിലുകളിലൊന്നും ഏർപ്പെടാത്ത സ്ത്രീകൾ മേൽപ്പറഞ്ഞ വിധത്തിലുള്ള ചെറുകിട കൈത്തൊഴിലുകളിൽ ഏർപ്പെടുന്നതിനും അപ്രകാരം കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നൽകേണ്ടതാണ്.

കാർഷികമേഖലയിലെ മൂരടിപ്പ് കർഷകത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ അവസരം ഗണ്യമായി കുറയുന്നതിന് കാരണമായിട്ടുണ്ട്. അങ്ങനെ കർഷകത്തൊഴിലാളികൾ മറ്റു മേഖലകളെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു. കാർഷിക മേഖലയിലെ സ്ത്രീപങ്കാളിത്തം വളരെ ശോചനീയമാണെന്ന് കണക്കുകൾ ഉദ്ധരിക്കുന്നു. പ്രവർത്തന സന്നദ്ധരായ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഷിക പദ്ധതികൾ കാർഷിക മേഖലയിലെ മൂരടിപ്പ് ഒരു പരിധിവരെ ഇല്ലാതാക്കാനും സ്ത്രീകളുടെ കാർഷികമേഖലയിലെ പങ്കാളിത്തം വർധിപ്പിക്കുവാനും സഹായിക്കുന്നതാണ്. മത്സ്യബന്ധനമേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വിപണനത്തിൽ മാത്രമാണ്. പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതായിക്കാണുന്നു. ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്ത്രീകൾക്ക് പരമാവധി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായിക്കുന്ന പദ്ധതിയാണ് DWCRA പഞ്ചായത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ആരംഭിച്ച ഉണഇഞഅ യൂണിറ്റുകളുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

DWCRA യൂണിറ്റ്

വർഷം	യൂണിറ്റുകളുടെ എണ്ണം	പദ്ധതിയുടെ പേര്	സഹായം ലഭ്യമാകുന്ന കുടുംബങ്ങളുടെ എണ്ണം	പട്ടികജാതി കുടുംബങ്ങൾ
1994 - 95	2	തഴപ്പായ് നെയ്ത്ത്	22	18
1995 - 96	1	ഓലമെടച്ചിൽ യൂണിറ്റ് റെഡിമെയ്ഡ് ഗാർമെന്റ്സ്	11	4

യുവതി - യുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമായി നടത്തുന്ന സ്വയംതൊഴിൽ പരിശീലനമാണ് ട്രൈസം. കഴിഞ്ഞ അഞ്ചുവർഷങ്ങളായി ട്രൈസം പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരവും അതിൽ വനിതകളുടെ പങ്കാളിത്തവും സൂചിപ്പിക്കുന്ന വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

ട്രൈസം തൊഴിൽ പരിശീലനത്തിന് തെരഞ്ഞെടുത്തവരെ സംബന്ധിച്ച വിവരം

വർഷം	തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം	വനിതകൾ	സ്വയംതൊഴിൽ ലഭിച്ച വനിതകളുടെ എണ്ണം
1992-93	16	14	7
1993-94	6	4	2
1994-95	5	4	-
1995-96	13	13	13

സ്ത്രീകൾ കുടുംബനാഥകളായിരിക്കുന്ന കുടുംബങ്ങൾ വളരെയേറെ ഉള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ അത്തരം കുടുംബങ്ങളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. സ്ത്രീകൾ കുടംബനാഥകളായുള്ള കുടുംബങ്ങൾക്ക് കഴിഞ്ഞ നാലുവർഷമായി ലഭിച്ച IRDP ധനസഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

സ്ത്രീകൾ കുടുംബനാഥകളായുള്ള കുടുംബങ്ങൾക്ക് ലഭിച്ച IRDP ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വർഷം	സഹായധനം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	ഒരു കുടംബത്തിന് ലഭിച്ച ശരാശരി ധനസഹായം
1992-93	43	7675/- രൂപാ
1993-94	50	8132/- രൂപാ
1994-95	57	13465/- രൂപാ
1995-96	38	15935/- രൂപാ

നിരാലംബരായ വനിതകൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന സഹായ പദ്ധതി എന്ന നിലയിൽ പ്രധാനപ്പെട്ടതാണ് വിധവാ പെൻഷൻ. 1991-92 മുതൽ 1995-96 വരെ 196 പേർക്ക് വിധവാ പെൻഷൻ നൽകി വരുന്നു. വിധവാ പെൻഷൻ യഥാസമയം നൽകുന്നതിൽ അലംഭാവം ഉണ്ടാകരുതെന്നും അർഹരായ മുപ്പതോളം പേർക്ക് ഇനിയും പെൻഷൻ അനുവദിച്ചു നൽകാനുണ്ടെന്നും വിവിധ ഗ്രാമസഭാ റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ 6 വയസിനു താഴെയുള്ള മുഴുവൻ കുട്ടികൾക്കും 14 നും 45 നും മദ്ധ്യേയുള്ള വനിതകൾക്കും പ്രയോജനപ്പെടത്തക്കവിധം പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ പഞ്ചായത്തിൽ 39 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. 3 വയസുമുതൽ 6 വയസുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം, കുട്ടികൾക്കും ഗർഭിണികൾക്കും കുത്തിവെയ്പ്പ്, പോഷകാഹാര വിതരണം, ആരോഗ്യ പരിശോധന തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ ആരോഹ്യവകുപ്പിന്റെ സഹകരണത്തോടെ അംഗൻവാടികൾ വഴി നടപ്പാക്കുന്നു. വിവിധ അംഗൻവാടികളുടെ പ്രവർത്തന പരിധിയിലുള്ള ഗർഭിണികളുടേയും മുയൂട്ടുന്ന അമ്മമാരുടേയും കുട്ടികളുടേയും വിവരങ്ങൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

അംഗൻവാടികളുടെ എണ്ണം	ആകെ ഗർഭിണികളുടെ എണ്ണം	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	കഴിഞ്ഞ വർഷത്തിൽ നടന്ന ജനനങ്ങൾ	അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം
39	321	288	627	231	1969

അംഗൻവാടികളുമായി ദൈനംദിനം ബന്ധപ്പെടുന്ന സ്ത്രീകൾ പരിമിതമാണെന്ന് കാണുന്നു. സാമൂഹികക്ഷേമ പ്രവർത്തനങ്ങളുടെ പ്രധാനകേന്ദ്രമായി അംഗൻവാടികളെ രൂപപ്പെടുത്തിയെടുത്താൽ വനിതാക്ഷേമ പദ്ധതികൾക്ക് പ്രചാരണം നൽകുന്നതിനും സ്ത്രീകളെ സംഘടിപ്പിക്കുന്നതിനും പരിശീലനവും ബോധവൽക്കരണവും നൽകുന്നതിനും സ്ത്രീകൾക്ക് ഒത്തു ചേരുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ഉള്ള ഒരു പൊതുവേദിയായി അംഗൻവാടികൾ മാറ്റാവുന്നതാണ്.

കഴിഞ്ഞ രണ്ടു ദശകത്തിനുള്ളിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും നടന്ന വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ പോരാട്ടങ്ങളും പൊതു രംഗങ്ങളിൽ വനിതാ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുവേണ്ടി പാസ്സാക്കിയ നിയമങ്ങളും വനിതകളുടെ സാമൂഹ്യപദവിയിൽ വരുത്തിയ മാറ്റങ്ങളുടെ നേരിയ അനുരണനം തേവലക്കരയുടെ ഗ്രാമജീവിതത്തിലും ഉണ്ടായതായിക്കാണാം. രാഷ്ട്രീയ പാർട്ടികളുടെ നേതൃനിരയിൽ വനിതകൾ വിരളമാണ്. M.S.S., മഹിളാ സമാജങ്ങൾ എന്നീ സംഘടനകളിൽ മാത്രമാണ് വനിതകളുടെ സാന്നിദ്ധ്യം കാണുന്നത്. എന്നാൽ മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായ

രീതിയിലല്ല. വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ അല്ലാതെ സാമൂഹ്യപ്രവർത്തന പന്ഥാവിൽ സ്വയം സമർപ്പിത പ്രവർത്തനങ്ങളുമായി വനിതകൾ മുൻനിരയിലെത്തുന്നില്ലായെന്നതാണ് സത്യം. ഇത്തരമൊരു വനിതാമുന്നേറ്റത്തിന് പ്രതിബന്ധമായിട്ടുള്ള ഘടകങ്ങൾ പ്രധാനമായും ലിംഗപരമായ വിവേചനവും സാമൂഹ്യമായ വിലക്കുകളും ആണെന്ന് കാണാം. പുരുഷാധിശത്വവും മാമൂലുകളും ആചാരങ്ങളും നൽകുന്ന വിലക്കുകളും പൊട്ടിച്ച് അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക് വരുന്നതിന് സ്ത്രീകളെ സജ്ജമാക്കുവാൻ സമൂഹ മനഃസാക്ഷിയുടെ അംഗീകാരം ആവശ്യമാണ്. സ്ത്രീധനപീഡനം സംബന്ധിച്ച കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ലെങ്കിലും ഇതൊരു സാമൂഹ്യപ്രശ്നമായി തുടരുന്നു. പുരുഷന്മാർക്കിടയിലെ മദ്യപാനം, മയക്കുമരുന്നുപയോഗം എന്നിവ മൂലമുണ്ടാകുന്ന തിക്തഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. കുടുംബത്തിന്റെ ഭദ്രത, സാമൂഹ്യ സാമ്പത്തിക പദവി എന്നിവയെ പ്രതികൂലമായി ബാധിക്കുന്ന ഒരു സാമൂഹ്യ വിപത്ത് എന്ന നിലയിൽ മദ്യം പൂർണ്ണമായും നിരോധിക്കേണ്ടതാണെന്ന് വിവിധ ഗ്രാമസഭാ റിപ്പോർട്ടുകളിൽ ആവശ്യപ്പെടുന്നു.

പ്രശ്നങ്ങൾ


1 കാർഷിക മേഖലയിലെ മുരടിപ്പ്മൂലം കർഷകത്തൊഴിലാളി സ്ത്രീകളുടെ തൊഴിലവസരങ്ങൾ ഗണ്യമായി കുറയുന്നു.
2 മത്സ്യബന്ധമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം മത്സ്യവിപണനത്തിൽ മാത്രം ഒതുങ്ങുന്നു.
3 കന്നുകാലി സംരക്ഷണത്തിലും ക്ഷീരവികസന പരിപാടികളിലും സ്ത്രീ പങ്കാളിത്തം കുറവാണ്.
4 പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറയുന്നു. മോഷമായ ജീവിത സൗകര്യങ്ങളും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളും ജീവിതം ദുഃസ്സഹമാക്കുന്നു.
5 ചെറുകിട വ്യവസായമേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.
6 ചെറുകിട വ്യവസായ സംരഭങ്ങൾ വിപണിയുടെ അഭാവത്തിൽ പരാജയപ്പെടുന്നു.
7 വൈവിധ്യമുള്ളതും നൂതനവുമായ തൊഴിൽ മേഖലകളിൽ പരിശീലനത്തിന്റെ അഭാവം.
8 നിലവിലുള്ള ക്ഷേമപദ്ധതി അർഹതപ്പെട്ടവർക്കെല്ലാം ലഭിക്കുന്നില്ല. പദ്ധതിയെപ്പറ്റിയുള്ള പ്രചാരണം, പരിശീലനം, ബോധവൽക്കരണം എന്നിവയുടെ അഭാവമാണിതിനുകാരണം.
9 പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയ്ക്ക് മതിയായ പരിഗണന ലഭിക്കുന്നില്ല.
10 പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനത്തിൽ വനിതാ ആരോഗ്യ പ്രശ്നങ്ങൾക്ക് ആവശ്യമായ പരിഗണന ലഭിക്കുന്നില്ല.
11 പരിസര ശുചിത്വത്തിലും പ്രതിരോധത്തിലും ഊന്നിയ ആരോഗ്യപരിപാടിയെപ്പറ്റി ബോധവൽക്കരണം ഇല്ലായ്മ.
12 അംഗൻവാടികളുടെ ഇന്നത്തെ പ്രവർത്തന രീതി അശാസ്ത്രീയമാണ്.
13 വനിതകളുടെ കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പ്രത്യേകവേദികൾ ഇല്ല.
14 എല്ലാ തൊഴിൽ മേഖലകളിലേയും സ്ത്രീതൊഴിലാളികളുടെ കൂലി നിരക്കിൽ ഗണ്യമായ അന്തരം കാണുന്നു.
15 നിരക്ഷരത പൂർണ്ണമായും നിർമാർജ്ജനം ചെയ്തിട്ടില്ല.

സാധ്യതകൾ

1 നെൽകൃഷി, പച്ചക്കറികൃഷി, ഔഷധ സസ്യകൃഷി, കൂൺകൃഷി, കുറ്റിമുല്ലകൃഷി എന്നിവ പോഷിപ്പിക്കുന്നതിനുള്ള കാർഷിക പദ്ധതികൾ സ്ത്രീ പങ്കാളിത്തത്തോടെ നടപ്പാകാവുന്നതാണ്.
2 പുതിയ ക്ഷീരവികസന പദ്ധതികൾ സ്ത്രീ പങ്കാളിത്തത്തോടെ നടപ്പാക്കുക.
3 മത്സ്യ വിപണനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങൾക്ക് മത്സ്യവിപണനവുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
4 പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതും മറ്റും പരിഹരിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങളും ഉൽപന്നയൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.
5 തൊഴിൽ മേഖലയിലെ സ്ത്രീ-പുരുഷ തൊഴിലാളികളുടെ കൂലിയിലുള്ള അന്തരം ഒഴിവാക്കുന്നതിന് സ്ത്രീതൊഴിലാളികളുടെ കൂലി നിരക്കിൽ ഗണ്യമായ വർദ്ധന വരുത്തേണ്ടതാണ്.
6 നെയ്ത്ത്, ഈറനെയ്ത്ത്, തയ്യൽ, തീപ്പെട്ടി എന്നിവ ഉൾപ്പെടുത്തി വനിതകൾക്കായി പഞ്ചായത്തു കേന്ദ്രമാക്കി ഒരു വനിതാവ്യവസായ സഹകരണ സംഘം ആരംഭിക്കേണ്ടതാണ്.
7 കൂടുതൽ DWCRA യൂണിറ്റുകൾ സ്ഥാപിച്ച് വനിതാ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
8 വൈവിദ്ധ്യമുള്ളതും നൂതനവുമായ തൊഴിൽ മേഖലകളിൽ ആവശ്യമായ പരിശീലനം ഏർപ്പെടുത്തുക.
9 നിലവിലുള്ള ക്ഷേപദ്ധതികൾ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ പ്രചാരണവും ബോധവൽക്കരണവും നടത്തുക. അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
10 പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ ആരോഗ്യപരിരക്ഷയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കുക.
11 പ്രൈമറി ഹെൽത്ത് സെന്റർ വികസിപ്പിക്കുകയും ഒരു സ്ത്രീ രോഗവിദഗ്ദന്റേയും ഒരു ശിശുരോഗവിദഗ്ദ്ധന്റേയും സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

തേവലക്കര പഞ്ചായത്ത്

സ്ത്രീപുരുഷന്മാരുടെ [illegible] നിരക്ക്



ചിത്രം (9) PRO - CESS

12 പരിസരശുചിത്വത്തിലും പ്രതിരോധത്തിലും ഊന്നിയ ആരോഗ്യവിദ്യാഭ്യാസത്തിന് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

13 വനിതകൾ കുടുംബനാഥകളായുള്ള കുടുംബങ്ങളെപ്പറ്റി സർവ്വേ നടത്തി സാമൂഹ്യ-സാമ്പത്തിക മാനദണ്ഡങ്ങൾക്കനുസരിച്ച് അത്തരം കുടുംബങ്ങളെ തരംതിരിച്ച് അവരുടെ തൊഴിൽ-സാമ്പത്തികരംഗം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതിയ്ക്ക് രൂപം നൽകാവുന്നതാണ്.

14 അംഗൻവാടികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

15 ഓരോ അംഗൻവാടിയുടേയും പരിധിയിൽ വരുന്ന കുടുംബങ്ങളിലെ വനിതകളെ ഉൾപ്പെടുത്തി ഓരോ വനിതാക്ലബ്ബുകൾ വീതം സംഘടിപ്പിച്ച് അംഗൻവാടികൾ സാമൂഹ്യ-ക്ഷേമ പ്രവർത്തനങ്ങളുടെ പ്രധാനവേദിയായി രൂപപ്പെടുത്താവുന്നതും വനിതകൾക്ക് ഒത്തുചേരുന്നതിനും ക്ഷേമപദ്ധതികളെപ്പറ്റി പ്രചാരണം, പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിനും അത്തരം വനിതാക്ലബ്ബുകൾ പ്രയോജനപ്പെടുത്താവുന്നതുമാണ്.

16 വനിതകളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു വനിതാ സാംസ്കാരിക വേദി രൂപീകരിക്കാവുന്നതാണ്. അംഗൻവാടികളിൽ പ്രവർത്തിക്കുന്ന വനിതാക്ലബ്ബുകൾ പഞ്ചായത്ത് തലത്തിലുള്ള വേദിയുമായി അഫിലയേറ്റ് ചെയ്യാവുന്നതാണ്.

17 കുടുംബസമാധാനം ഭദ്രമാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

5-9

"എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനും ഇല്ല. എല്ലാവരും സമന്മാരാണ്. അവസാനക്കാരനും അവിടെയില്ല."

ഗാന്ധിജി

പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം

സമസ്ത മേഖലകളിലും ദീർഘകാലം ചൂഷണത്തിനു വിധേയരായവർ ആയിരുന്നു പട്ടികജാതി പട്ടിക വർഗ്ഗക്കാർ. വർണ്ണാശ്രമ ധർമ്മത്തിൽ അധിഷ്ഠിതമായ ചാതുർവർണ്ണ്യവ്യവസ്ഥയിൽ തൊട്ടുകൂടായ്മ, തീണ്ടൽ, തൊടിൽ തുടങ്ങിയ കിരാതമായ അനാചാരങ്ങളിൽപ്പെട്ട് വിദ്യ ആർജ്ജിക്കുവാനോ, വെള്ള വസ്ത്രം ധരിക്കുവാനോ, പൊതുനിരത്തുകളിലൂടെ സഞ്ചരിക്കുവാനോ, ധനം സമ്പാദിക്കുവാനോ അവകാശമില്ലാതെ അവഗണനയുടെ പിൻവാതിലിൽ പിൻതള്ളപ്പെട്ടിരുന്ന അടിമവർഗ്ഗം. അസ്പൃശ്യതയും അസമത്വവും കല്പിച്ച് സഞ്ചാര സ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും നിഷേധിച്ചിരുന്ന ഇക്കൂട്ടരെ ദേശീയതയുടെ മുഖ്യധാരയിലേക്ക് കൈകൊടുത്തുയർത്തി കൊണ്ടുവരുവാൻ ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങൾക്ക് രൂപം നല്കിയിട്ടുണ്ട്. ഭരണ ഘടനയുടെ പരിരക്ഷയിലും പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനത്തിലും കൂടി ധാരാളം സഹായങ്ങൾ നല്കി അവരുടെ ഉന്നമനത്തിന് ഊന്നൽ കൊടുത്തതു വഴി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉച്ചനീചത്വങ്ങളിൽ നിന്ന് പൂർണ്ണായി മോചനം നേടാനും ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ട്. ഭൂപരിഷ്ക്കരണത്തിന്റെ പരിണതഫലമായി കുടികിടപ്പ് സ്വന്തമാക്കുവാനും, മിച്ചഭൂമിയും, വനഭൂമിയും ലഭ്യമാക്കാനും സർവ്വേപരി ജന്മിത്വം അവസാനിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. നേട്ടങ്ങളുടെ പട്ടികയിൽ എടുത്ത് പറയാവുന്നത് നാനാജാതിമതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പൊതുപരിപാടികളിലും അവർക്ക് ഇപ്പോൾ അർഹമായ പരിഗണനലഭിക്കുന്നു എന്നതാണ്. ഉദ്യോഗസംവരണത്തിലും സാമ്പത്തിക സഹായത്തിലും വ്യാ ജാതി സർട്ടിഫിക്കറ്റുകൾ വാങ്ങി യഥാർത്ഥ പട്ടിക ജാതിക്കാരുടെ ആനുകൂല്യങ്ങൾ മറ്റുള്ളവർ കവർന്നെടുക്കുന്ന ദുഃസ്ഥിതിയും നിലവിലുണ്ട്.

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 10% പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളാണ്. ലക്ഷംവീട് കോളനി, ഫോർസെന്റ് കോളനി, പട്ടികജാതി സങ്കേതങ്ങൾ എന്നിവിടങ്ങളിലായി 769 കുടുംബങ്ങൾ ജീവിച്ചുവരുന്നു. ആകെ 37717 വരുന്ന ജനസംഖ്യയിൽ പട്ടികജാതിക്കാർ 3848 ഉം പട്ടികവർഗ്ഗക്കാർ 4 ഉം ആണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത് 90% പട്ടികജാതി കുടുംബവും 2 പട്ടികവർഗ്ഗ കുടുംബവും ആണ്.

ഗവൺമെന്റും മറ്റുചില ഏജൻസികളും നടപ്പിലാക്കിവരുന്ന ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കും വേണ്ടിയുള്ള പല പദ്ധതികളും വേണ്ടത്ര അറിവില്ലായ്മ കൊണ്ടും പദ്ധതികളുടെ നടത്തിപ്പിലുള്ള പ്രയാസമേറിയ നിബന്ധതകൾകൊണ്ടും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എങ്കിലും സർക്കാർ നല്കിവരുന്ന നിരവധി സൗജന്യങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗത്തിന് നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. കോളനികളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കാണ് കൂടുതൽ നേട്ടങ്ങൾ ഉണ്ടായിട്ടുള്ളത്. എന്നാൽ നിരവധി പ്രശ്നങ്ങൾക്ക് ഇപ്പോഴും പരിഹാരം കാണാൻ കഴിയാത്തതായി ഉണ്ട്. കോളനികളുടെ വിവരം ഒന്നാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക I
അംഗീകൃതകോളനികൾ

ക്രമനമ്പർ	വാർഡ് നമ്പർ	പേര്	വീടുകളുടെ എണ്ണം
1	VI	മുട്ടം കോളനി	26
2	IV	കാക്കത്തോട് കോളനി	10
3	XIV	കാഞ്ഞിയിൽ കോളനി (IHDP)	35
4	XII	കരിമ്പിൻ തറ കോളനി (IHDP)	38
5	XIII	പുതുപ്പണ കോളനി	10
6	II	തുണ്ടയത്ത് കോളനി	10

പട്ടിക II

മറ്റ് കോളനികൾ / സങ്കേതങ്ങൾ

1	അരിനല്ലൂർ ലക്ഷംവീട്	12
2	കോയിവിള വടക്ക്	11
3	കോനേഴുത്ത്	10
4	കൂനയ്ത്ത്തറ	27
5	പാലയ്ക്കൽ ലക്ഷംവീട്	12
6	പാലയ്ക്കൽ (മൊട്ടയ്ക്കൽ വാർഡ്)	13
7	പട്ടകടവ്	10
8	പട്ടകടവ് (അരിനല്ലൂർ വടക്ക്)	19
9	പുത്തൻ സങ്കേതം 1	10
10	പുത്തൻ സങ്കേതം 2	23

പട്ടിക III

അംഗീകാരത്തിന് സമർപ്പിച്ചത്

1	XII	കരിങ്ങാട്ടിൽ കോളനി	38

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് പഞ്ചായത്ത് വഹിക്കേണ്ട ചുമതലകൾ

(എ) പട്ടികജാതിക്കാർക്കും വർഗ്ഗക്കാർക്കും വയോജന വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുക.

(ബി) പട്ടികജാതിക്കാർക്കും വർഗ്ഗക്കാർക്കും ഓലമേയുന്നതിന് സഹായധനം നല്കുക.

(സി) അവരുടെ കോളനികളിൽ കിണറുകളും, പൊതു ടാപ്പുകളും തെരുവുവിളക്കുകളും ഏർപ്പെടുത്തുക.

(ഡി) വാഹനം, വൈദ്യചികിത്സ, ഉപരിപഠനം, ഇന്റർവ്യൂവിന് പോകുന്നതിനുള്ള യാത്രാബത്ത എന്നിവയ്ക്ക് ധന സഹായം നല്കുക.

(ഇ) കോളനി രൂപീകരണ പദ്ധതികൾ നടപ്പിലാക്കുക.

(എഫ്) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിവേചനാധിഷ്ഠിത (ഡിസ്ക്രീഷനറി) ഗ്രാന്റ് നല്കുക.

(ജി) വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുക.

(എച്ച്) പട്ടികജാതി വർഗ്ഗക്കാർക്ക് തൊഴിൽ സംരഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക.

(ഐ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ ക്ഷേമപരിപാടികൾ ആരംഭിക്കുക.

ജനകീയാസൂത്രണത്തിൽ വളരെ പ്രാധാന്യം നല്കി കൈകാര്യം ചെയ്യേണ്ടതാണ് പട്ടികജാതി വികസനം. നമ്മുടെ ജനസംഖ്യയുടെ 12% വരുന്നതും ഉന്നമനം നല്കി വികസന പ്രവർത്തനം നടത്തേണ്ടതുമായ ജനവിഭാഗത്തെ രണ്ടുപട്ടികയിൽപെടുത്തി ഇന്ത്യൻ ഭരണ ഘടനയുടെ 341, 342 ഖണ്ഡികകളിൽ ചേർത്തിരിക്കുന്നു. ഇവരെ യഥാക്രമം പട്ടികജാതി എന്നും പട്ടികവർഗ്ഗം എന്നും പറയുന്നു. ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ 40% നീക്കിവച്ചിട്ടുള്ളത് ജനകീയാസൂത്രണ പദ്ധതികൾക്കാണ്. ഇതിൽ എട്ടുശതമാനവും ബാക്കിയുടെ 12% ശതമാനവും നീക്കിവച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് സംസ്ഥാനഗവൺമെന്റുകൾക്ക് പരിധിയില്ലാത്ത സൗകര്യങ്ങൾ നല്കിയിട്ടുണ്ട്. പട്ടികജാതി വകുപ്പുവഴി നടപ്പിലാക്കി വരുന്ന വിവിധ പരിപാടികളെ പ്രധാനമായും മൂന്നായി തിരിച്ചിട്ടുണ്ട്.

I വിദ്യാഭ്യാസ പരിപാടി

(1) പ്രീ പ്രൈമറി വിദ്യാഭ്യാസം :- മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ പെടുത്തി നഴ്സറി വിദ്യാഭ്യാസം നല്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള നഴ്സറി സ്കൂളുകളിൽ L.K.G. യിൽ ചേർത്തു പഠിപ്പിക്കുന്നു. പ്രൈവറ്റ് നഴ്സറിയിലും ഇതു ബാധമാക്കിയിട്ടുണ്ട്. ഒരു കുട്ടിക്ക് 220 രൂപ വരെ ചെലവഴിക്കാം.

(2) ലംപ്സം ഗ്രാന്റ് :- ഒന്നുമുതൽ പത്തുവരെ സ്റ്റാന്റേർഡുകളിൽ എല്ലാ പട്ടികജാതി/വർഗ്ഗ കുട്ടികൾക്കും ഈ ആനുകൂല്യം ലഭ്യമാണ്. SSLC യ്ക്ക് 60% ത്തിൽ കൂടുതൽ മാർക്ക് വാങ്ങുന്ന എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനം നല്കുന്നു. എല്ലാ പട്ടികജാതി കുട്ടികളും ജയിക്കുന്ന സ്കൂളിന് ട്രോഫി, പ്രധാന അദ്ധ്യാപകനും ക്ലാസ് അദ്ധ്യാപകനും പ്രോത്സാഹന സമ്മാനം എന്നിവ നല്കുന്നു.

(3) സ്കോളർഷിപ്പ് :- 75% ത്തിൽ കൂടുതൽ വിജയമുള്ള 5-ാം ക്ലാസ് മുതലുള്ള എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനം നല്കുന്നു. SSLC യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നവർക്കും ക്ഷേത്രപ്രവേശന സ്കോളർഷിപ്പ് ഉണ്ട്. സ്റ്റേറ്റ് ലവലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഒരു ആൺ കുട്ടിക്കും ഒരു പെൺകുട്ടിക്കും പ്രത്യേക സ്കോളർഷിപ്പ് ഉണ്ട്.

(4) ഹോസ്റ്റൽ സൗകര്യങ്ങൾ :- 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീ മെട്രിക് ഹോസ്റ്റൽ ഉണ്ട്. ഇത്തരത്തിൽ ഒന്ന് ഓച്ചിറയിൽ പ്രവർത്തിക്കുന്നു. സൗജന്യ ഭക്ഷണം, രണ്ടു ജോഡി ഡ്രസ്സുകൾ, 35 രൂപ വീതം പോക്കറ്റു മണി, 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾ ട്യൂട്ടോറിയലിൽ ചേർന്നു പഠിക്കാൻ ധനസഹായം, 8-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികളെ ഹോസ്റ്റലിൽ വന്നു പഠിപ്പിക്കുക എന്നീ ആനുകൂല്യങ്ങൾ ഉണ്ട്.

(5) കലാശാലാ വിദ്യാഭ്യാസം :- ആർട്ട്സ് സയൻസ് വിഷയങ്ങൾക്ക് 15% വും പ്രൊഫഷണൽ കോളേജുകളിൽ 8% വും സീറ്റ് റിസർവ്വ് ചെയ്തിട്ടുണ്ട്.

(6) സ്പോർട്ട്സ് സ്കൂൾ :- കായിക പ്രതിഭകൾക്കായി തിരുവനന്തപുരത്ത് ഒരു സ്പോർട്ട്സ് സ്കൂൾ പ്രവർത്തിക്കുന്നു.

(7) പ്രീ എക്സാമിനേഷൻ ട്രൈയിനിംഗ് സെന്റർ :- മത്സരപരീക്ഷയ്ക്ക് കുട്ടികളെ പ്രാപ്തരാക്കാൻ തിരുവനന്തപുരത്തും, എറണാകുളത്തും പ്രീ എക്സാമിനേഷൻ ട്രൈയിനിംഗ് സെന്റർ പ്രവർത്തിക്കുന്നു.

(8) സിവിൽ സർവ്വീസ് പരീക്ഷ :- I.A.S. കോച്ചിംഗ് സെന്റർ ഉണ്ടായിരുന്നു. പക്ഷെ അതിപ്പോൾ നിർത്തലാക്കാൻ ശ്രമിക്കുന്നു.

(9) ബുക്ക്ബാങ്ക് :- മെഡിക്കൽ, എഞ്ചിനീയറിംഗ്, നിയമം, പോളീടെക്നിക് എന്നീ വിഷയങ്ങൾ പഠിക്കുന്നതിന് റഫറൻസ് ബുക്കുകൾ വാങ്ങാൻ ധനസഹായം നല്കുന്നു.

(10) ട്യൂട്ടോറിയൽ സിസ്റ്റം :- SSLC, PDC ക്ലാസ്സുകളിൽ തോറ്റ കുട്ടികൾക്ക് ട്യൂട്ടോറിയലിൽ ചേർന്നു പഠിക്കാൻ ധനസഹായം ഉണ്ട്.

(11) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ :- സമർത്ഥരായ കുട്ടികൾക്ക് 5-ാം ക്ലാസ്സുമുതൽ നല്ല രീതിയിൽ വിദ്യാഭ്യാസം ചെയ്യാൻ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ട്. പെൺകുട്ടികൾക്ക് തിരുവനന്തപുരത്തും ആൺകുട്ടികൾക്ക് വയനാട്ടിലും ഓരോന്ന് പ്രവർത്തിക്കുന്നു.

II സാമ്പത്തിക വികസന പരിപാടികൾ

(1) I.T.C. കൾ : - വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നത് കൂടാതെ പ്രൈവറ്റ് ഐ.റ്റി.സി കളിലും പട്ടികജാതി വികസന വകുപ്പ് നേരിട്ട് ഇന്റർവ്യൂ നടത്തി വിവിധ ട്രേജുകളിൽ അഡ്മിഷൻ നല്കുന്നു.

(2) വ്യവസായ വായ്പ :- നിലവിലുള്ളത് മെച്ചപ്പെടുത്താനും പുതിയത് തുടങ്ങാനും 15,000 രൂപ വരെ പലിശ രഹിത വായ്പ നല്കുന്നു.

(3) ഭൂരഹിത ഭവന രഹിത പുനരധിവാസം :- ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിവാങ്ങി വീടുവയ്ക്കുന്നതിന് 30,000 രൂപ വരെ ധനസഹായം നല്കുന്ന പദ്ധതിയുണ്ട്.

(4) ഭവന നിർമാണം :- സ്വന്തമായി ഭൂമി ഉള്ളവർക്ക് വീടുവയ്ക്കുന്നതിന് 15,000 രൂപ വരെ ധനസഹായം ഉണ്ട്.

(5) കെട്ടിടമേച്ചിൽ ഗ്രാന്റ് :- നിർദ്ധനരായ പട്ടികജാതിക്കാർക്ക് വീട് ഓല മേയുന്നതിന് 500 രൂപ സഹായ ധനം നല്കുന്നു.

(6) വിവാഹ ധനസഹായം :- നിർദ്ധന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് 2000 രൂപ നല്കുന്നു.

(7) ചികിത്സ :- രോഗത്തിനുള്ള ചികിത്സയ്ക്ക 1000 രൂപ നല്കിവരുന്നു.

(8) കക്കൂസ് - വയറിംഗ് :- കക്കൂസ് നിർമ്മാണത്തിനും വയറിംഗിനും ധനസഹായം ഉണ്ട്.

III സാമൂഹ്യഉന്നമന പരിപാടികൾ

(1) നിയമസഹായ പദ്ധതി :- പട്ടികജാതിക്കാരുടെ പേർക്കുള്ള അതിക്രമങ്ങൾ തടയാൻ നിയമത്തിന്റെ പരിധിയിൽ വരുത്തി സഹായപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ബോധവൽക്കരണ സെമിനാറും നടത്താറുണ്ട്.

(2) മിശ്രവിവാഹിതർക്ക് സഹായം : 2000 രൂപ വരെ മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് നല്കുന്നു.

(3) തീവ്ര സങ്കേത വികസന പരിപാടി :- ശുദ്ധജല വിതരണം, റോഡ്, വൈദ്യുതി എന്നിവ കോളനികളിൽ നടപ്പാക്കുമ്പോൾ അർഹമായ കോളനികൾക്ക് മുൻഗണന നല്കുന്നതിന് 51% പട്ടികജാതി/വർഗ്ഗക്കാർ ഉള്ള കോളനി തെരഞ്ഞെടുക്കുന്നു.

(4) ശുദ്ധജലവിതരണ പദ്ധതി :- പൊതു കിണറുകൾ കുഴിക്കുന്നതിനുള്ള പദ്ധതി നടപ്പിലുണ്ട്. ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ അയയ്ക്കേണ്ടതാണ്. (തക്ക സമയത്ത് ഇത് അയയ്ക്കാൻ കാലവിളംബം വരുകയും കാര്യക്ഷമമായ രീതിയിൽ അർഹതപ്പെട്ട സ്ഥലത്ത് കിണർ കുഴിക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന പ്രതിസന്ധി ഉണ്ട്).

(5) P.S.C. പരീക്ഷയ്ക്ക് യാത്രാബത്ത :- P.S.C. നടത്തുന്ന പരീക്ഷകൾക്ക് ഹാജരാകുന്ന പട്ടികജാതിക്കാർക്ക് യാത്രാബത്ത നല്കുന്നു.

(6) വികാസ് പ്രദർശന മേള :- വിവിധ പരിപാടികൾക്ക് പ്രചാരണം നല്കുന്നതിനായി പ്രദർശന മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

(7) നാടൻ കലാമേളകൾ : പൗരാണിക കലാരൂപങ്ങളെ അവയുടെ തനതായ ആവിഷ്കാരഭംഗിയോടും വർണ്ണപ്പൊലിമയോടും അവതരിപ്പിക്കുന്നതിന് പട്ടികജാതി/വർഗ്ഗ കലാ സംഘടനകൾക്ക് പ്രോത്സാഹനവും സഹായവും നല്കുന്നു.

8 **സാഹിത്യശില്പശാല :-** പട്ടികജാതി/വർഗ്ഗ സാഹിത്യകാരന്മാരുടെ സാഹിത്യ വാസന പരിപോഷിപ്പിക്കുന്നതിന് ആണ്ടുതോറും സാഹിത്യ ശില്പശാല, പഠനക്ലാസ്സ്, സാഹിത്യക്കളരി എന്നിവ സംഘടിപ്പിക്കുന്നു. പ്രസിദ്ധീകരണത്തിന് ധനസഹായവും ഉണ്ട്.

9 **ഭാരതദർശൻ, ദക്ഷിണേന്ത്യൻ പരിപാടി :-** രാജ്യത്തിന്റെ വിവിധ മേഖലകളിലെ വികസനപ്രവർത്തങ്ങളേപ്പറ്റി ബോധവൽക്കരണം നടത്താൻ ആൺകുട്ടികൾക്ക് ഭാരത ദർശൻ പരിപാടിയും പെൺകുട്ടികൾക്കായി ദക്ഷിണേന്ത്യൻ പരിപാടിയും നടപ്പാക്കി വരുന്നു.

പട്ടികജാതി ക്ഷേമത്തിനായി പട്ടികജാതി വിസസന വകുപ്പ് നല്കിവരുന്ന ആനുകൂല്യങ്ങളാണ് മേൽസൂചിപ്പിച്ചത്. ഇതുകൂടാതെ പട്ടികജാതി വികസന കോർപ്പറേഷൻ വഴിയും ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ചെറുകിട വ്യവസായം, കയ്ത്തൊഴിലുകൾ, കുടിൽ വ്യവസായങ്ങൾ, സ്കിൽഡ് വർക്കേഴ്സിനുള്ള പണി ആയുധങ്ങൾ വാങ്ങാനുള്ള വായ്പകളും, വാഹനങ്ങൾ വാങ്ങുന്നതിനുള്ള വായ്പകളും ലഭ്യമാണ്.

പട്ടിക IV

എട്ടാം പദ്ധതിക്കാലത്ത് നടപ്പാക്കിയ പദ്ധതിയെ സംബന്ധിച്ച്

	പദ്ധതികൾ	സ്കൂളുകളുടെ എണ്ണം	പട്ടികജാതി കുട്ടികൾ	ചെലവായ തുക	ഒ.ഇ.സി. കുട്ടികൾ	ചെലവായ തുക	അഭിപ്രായം
1	ലംപ്സംഗ്രാന്റ്	14	404	69754/-	2	180/	റേറ്റ് വർദ്ധിപ്പിച്ച് അരിയർ ബില്ലുകൾ തയ്യാറാക്കി പാസ്സാക്കിക്കൊണ്ടിരിക്കുന്നു

പട്ടിക V

ഗുണഭോക്താക്കൾ വർഷം തിരിച്ച്

		92-93	93-94	94-95	95-96	
2	ഭൂരഹിത, ഭവനരഹിത പട്ടിക ജാതി പുനരധിവാസ സങ്കേതങ്ങൾ ജനറൽ	10 6	- 1	3 4	- -	92-93 ൽ പട്ടികജാതി സങ്കേതങ്ങളിൽ 10 വീടനുവദിച്ചതിൽ 2 പേർ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. 94-95 ൽ 3 പേർ പൂർത്തിയാക്കി. 95-96 ൽ ബ്ലോക്കിന് വിട്ടുകൊടുത്തു.

3	ഭവനനിർമാണം	92-93 4	93-94 1	94-95 2	95-96

പട്ടിക VI
വികസന ബ്ലോക്ക് വഴി
ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള വിവരം

		91-92	92-93	93-94	934-95	95-96
4	കെട്ടിടമേച്ചിൽ സഹായം	7/60	9/60	1/20	2	1/22
5	വിവാഹസഹായം	7	2	3	10	-
6	ചികിത്സ	5	4	2	3	-

പട്ടിക VII
കൃഷിഭവൻ മുഖേന 1996-97 വർഷത്തേക്ക്
സ്പെഷൽ കംപോണന്റ് പ്രോഗാം അനുസരിച്ചുള്ള നിർദ്ദേശങ്ങൾ

1	കോളനിയുടെ പേര്	5	നാടൻ തെങ്ങിൻ തൈകൾ
2	കുടുംബങ്ങളുടെ എണ്ണം	6	മംഗള അടയ്ക്ക
3	ആകെ വിസ്തീർണ്ണം	7	കാർഷികോപകരണ കിറ്റ്
4	സങ്കരയിനം തെങ്ങിൻ തൈകൾ	8	മാഞ്ചിയം
		9	ആകെ ചെലവ്

1	2	3	4	5	6	7	8	9
പള്ളിയറക്കാട്ട് (സങ്കേതം)	31	1009	95	44	140	31	100	12770
പയ്യംകുളം (സങ്കേതം)	30	280	69	32	85	30	25	11247
മലമേൽ (സങ്കേതം) 8	127	25	14	41	8	25	3365	
കാക്കത്തോട് (കോളനി)	53	484	124	64	174	53	50	20162
കാഞ്ഞിയിൽ (കോളനി)	36	142	102	56	137	36	70	14441
തുണ്ടയത്ത് (കോളനി)	48	439	105	52	123	48	15	17745
കരിമ്പിൻ തറ (കോളനി)	45	583	132	58	166	45	95	17956

വിദ്യാഭ്യാസം

SSLC ക്ക് ശേഷം പഠനം തുടരുന്നതിൽ പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. വിദ്യാഭ്യാസ രംഗത്ത് പൊതുവേ പ്രീ ഡിഗ്രി കഴിഞ്ഞവരുടെ എണ്ണം കുറവാണ് എങ്കിലും അഭ്യസ്ഥവിദ്യരുടെ എണ്ണം കൂടുതലാണ്. രക്ഷിതാക്കളുടെ ശ്രദ്ധ ഈ കാര്യത്തിൽ വേണ്ടത്ര പതിയുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കുക വഴി പഠനം തുടരാൻ കഴിയാത്ത നിരവധി പേരുണ്ട്. പ്രീ ഡിഗ്രി വരെയുള്ള വിദ്യാർത്ഥികളിൽ ചുരുക്കം ചിലരേ പാസ്സായിട്ടുള്ളൂ. ഡിഗ്രി തലത്തിൽ പട്ടികജാതിക്കാരുടെ എണ്ണം നന്നേ കുറവാണ്. വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടങ്ങൾ ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതായിട്ടുണ്ട്. 94-95 വർഷത്തിൽ യു.പി. യിലും ഹൈസ്ക്കൂളിലുമായി 247 കുട്ടികൾ പഠനം നടത്തി. ഇതിൽ 29 പേർ തോറ്റു പഠിക്കുന്നവരാണ്. 20 കുട്ടികൾ പഠനം നിർത്തി. ഡിഗ്രിതലത്തിൽ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം ആശാവഹമല്ല. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും സ്ഥിതി മോശമാണ്. (വിശദമായ കണക്കുകൾ 'വിദ്യാഭ്യാസം' എന്ന ഭാഗത്ത് അനുബന്ധപട്ടികയിൽ ചേർത്തിട്ടുണ്ട്).

തൊഴിൽ

അധികം പേരും കാർഷിക മേഖലയിൽ പണി എടുക്കുന്നവരാണ്. വ്യവസായ മേഖല ചുരുക്കമാണ്. ഉള്ളവതന്നെ തകർച്ചയുടെ വക്കിലാണ്. കയർ, കശുവണ്ടി മേഖലയിൽ തൊഴിൽ സാധ്യത ഇല്ലാത്ത അവസ്ഥയാണ്. കാർഷിക മേഖലയിൽ ഈ അടുത്ത കാലത്തുണ്ടായ മുരടിപ്പ് കാര്യമായ തകർച്ചയ്ക്ക് കാരണമായി. പട്ടികജാതി കുടുംബങ്ങളിൽ മഹാഭൂരിപക്ഷവും കാർഷിക മേഖലയിൽ പണി എടുക്കുന്നവരാണ്. നെൽപ്പാടങ്ങൾ ഭയാനകമായ രീതിയിൽ നികത്തുകമൂലം വയലേലകളിലെ തൊഴിലവസരങ്ങൾ കർഷകത്തൊഴിലാളികളായ സ്ത്രീകൾക്കും പുരുഷന്മാർക്കും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. തന്മൂലം പലരും മറ്റു മേഖലകളിലേക്ക് തൊഴിലന്വേഷിച്ചു പോകുന്നു. ഫലത്തിൽ നാമമാത്രമായി അവശേഷിക്കുന്ന നെൽക്കൃഷിക്ക് തൊഴിലാ

ളികളെ കിട്ടാത്ത അവസ്ഥയും ഉണ്ട്. ഭക്ഷ്യധാന്യ ഉല്പാദന വർദ്ധനവിന്റെ ആവശ്യകത വച്ചുനോക്കുമ്പോൾ ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കേണ്ടതുണ്ട്. കരഭൂമിയിൽ മുമ്പ് സമൃദ്ധിയായി ഉണ്ടായിരുന്ന ഇടവിളക്കൃഷികൾ നടത്താതെ തരിശിടുന്ന സ്ഥിതിയും തൊഴിലവസരങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. കർഷകരെ സംബന്ധിച്ചിടത്തോളം ഈ അടുത്തകാലത്തുണ്ടായ കൂലിക്കൂടുതൽ കാരണം പലരും കൃഷിയിറക്കാതെ തരിശിടുന്നു. ഇതിനും ശാശ്വത പരിഹാരം കാണേണ്ടതായിട്ടുണ്ട്. കൈത്തൊഴിലുകൾ പലതും ശോഷിച്ചു വരുന്ന ദയനീയമായ സ്ഥിതിയും ഉണ്ട്. കൂലിവേലയെ മാത്രം ആശ്രയിച്ച് ഉപജീവിനം കഴിച്ചു വരുന്ന നിർദ്ധനരായ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്. തഴപ്പായ് നെയ്ത്ത് - ഓലമെടച്ചിൽ - എന്നിവയ്ക്ക് പുറമേ നിർമ്മാണ പ്രവർത്തനങ്ങളിലും സ്ത്രീ തൊഴിലാളികൾക്ക് പങ്കാളിത്തം ഉണ്ടാവുകയും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പാർപ്പിടം

പൂർണമായി പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഒരു പരിധിവരെ വിവിധ ഏജൻസികൾ വഴി നടപ്പിലാക്കിയിട്ടുള്ള പാർപ്പിട നിർമാണപ്രവർത്തനം വഴി കൂടുതൽ പേർക്കും ഭവനം ഉണ്ടായിട്ടുണ്ട്. മിക്കപട്ടികജാതി കോളനികളിൽ നിന്നും ചെറ്റക്കുടിലുകൾ അപ്രത്യക്ഷമായിട്ടുണ്ട്. ഒറ്റപ്പെട്ട സങ്കേതങ്ങളിൽ കൂരകൾ അവശേഷിക്കുന്നുണ്ട്. വികസന കോർപ്പറേഷനും മറ്റു പല ഏജൻസികളും വായ്പയായി നല്കിയ തുകകളുപയോഗിച്ച് വീട് നിർമിക്കുക വഴി പലരും കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. പട്ടയവും പ്രമാണവും പല ഓഫീസുകളിലും പെട്ടുപോയതിനാൽ മറ്റു ആനുകൂല്യങ്ങൾ നേടാൻ കഴിയാത്ത ദുഃസ്ഥിതിയും നിലവിലുണ്ട്. വർദ്ധിച്ചു വരുന്ന നിർമാണ ചെലവിലും വിലവർദ്ധനവിലും പെട്ട് പല വീടുകളും പണിപൂർത്തിയാകാതെകിടക്കുന്നു. സ്വന്തമായി വീടുവയ്ക്കാൻ ഭൂമിയില്ലാത്തവർക്ക് വീടുനിർമിക്കാനാവശ്യമായ സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാവുകയുള്ളൂ. ഒന്നിലധികം കുടുംബങ്ങൾ ഒരുമിച്ചു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കക്കൂസ്, ശുദ്ധജലവിതരണം, വൈദ്യുതി, ഗതാഗതസൗകര്യം എന്നിവ കൂടുതൽ ലഭ്യമാകേണ്ടതായി ഉണ്ട്. ലക്ഷംവീട് കോളനികളിൽ ഒരു പൊതു കക്കൂസ് മാത്രമാണ് ഉള്ളത്. പല കോളനികളിലും കക്കൂസുകൾ നിലവിലില്ല. തന്മൂലം അവരുടെ ആരോഗ്യ പ്രശ്നവും ആശങ്കാകുലമാണ്.

ഗതാഗതം

പട്ടികജാതി കോളനികളിലും പട്ടികജാതി സങ്കേതങ്ങളിലും ഗതാഗത സൗകര്യം നന്നേകുറവാണ്. മിക്ക വീടുകളും വയലേലകളുടെ മദ്ധ്യഭാഗത്തോ, സമീപ പ്രദേശത്തോ ആകയാൽ വർഷകാലത്ത് ജീവിതം ദുരിതപൂർണ്ണമാണ്. ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുള്ള ഗ്രാമസഭാറിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് പ്രശ്നപരിഹാരം കാണേണ്ടതാണ്.

വൈദ്യുതി

പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിന് നിയമങ്ങൾ ഉദാരമാണെങ്കിലും 35% വീടുകളിൽ വൈദ്യുതി ഇനിയും എത്തേണ്ടിയിരിക്കുന്നു. പല കേന്ദ്രങ്ങളിലും ഫ്ളൂറസന്റ് ബൾബ്, സോഡിയം വേപ്പർലാംബ്, വഴിവിളക്കുകൾ എന്നിവ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

ശുദ്ധജലവിതരണം

വാട്ടർ അതോറിട്ടി വഴി മിക്കകോളനികളിലും സങ്കേതങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ കണക്ഷനും ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം പ്രദേശത്തും അതിന്റെ പ്രയോജനം ലഭിക്കാത്തതായിട്ടുണ്ട്. വികസന ബ്ലോക്കുകൾ വഴി വ്യക്തികൾക്ക് കിണറുകൾ നല്കിയിട്ടുണ്ടെങ്കിലും കൂടുതൽ പ്രദേശത്തും കുടിവെള്ള ക്ഷമമുള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. വയൽ ഇറമ്പുകളിൽ ഉള്ള കിണറുകളിൽ ഓരിന്റെ ശല്യവും ഉള്ളതായി വ്യക്തമായിട്ടുണ്ട്.

പ്രശ്നങ്ങൾ

1 വിദ്യാഭ്യാസ മേഖല ആശാവഹമായ രീതിയിൽ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോവുകയും ഉപരിപഠനം നിലയ്ക്കുകയും ചെയ്യുന്നു.
2 തൊഴിൽ സാധ്യത ഗണ്യമായി കുറയുന്നു. കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോവുകയും തൊഴിൽ ദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു. ജീവിതം ദുരിതപൂർണ്ണമാകുന്നു.
3 കൂടുതൽ പേർക്കും സ്വന്തമായി വീടില്ല. വീടുനിർമ്മിക്കാൻ സ്ഥലവും ഇല്ല.
4 ഭവന നിർമാണത്തിന് കിട്ടിക്കൊണ്ടിരിക്കുന്ന ധനസഹായം അപര്യാപ്തമാണ്.
5 ഭവന നിർമാണം പൂർത്തിയാക്കാതെ തുക ദുർവിനിയോഗം ചെയ്യുന്നു.
6 ആവശ്യത്തിനു കുടിവെള്ളം കോളനികളിൽ എത്തുന്നില്ല.
7 പൊതുശ്മശാനം ഇല്ല.
8 ആരോഗ്യ സംവിധാനം മെച്ചപ്പെട്ടിട്ടില്ല.

9 വിവാഹധനസഹായം ചുരുക്കം ചിലർക്കേ കിട്ടുന്നുള്ളു.
10 പലപദ്ധതികളിലൂടെ കിട്ടുന്ന സഹായങ്ങൾ ഫലപ്രദമായി വനിയോഗിക്കുന്നില്ല.
11 യുവാക്കൾക്ക് നല്കിവരുന്ന വകുപ്പിന്റേയും, കോർപ്പറേഷന്റേയും വായ്പകളും സഹായങ്ങളും ലക്ഷ്യത്തിൽ എത്തുന്നില്ല.
12 പദ്ധതികളേക്കുറിച്ച് വേണ്ടത്ര അറിവില്ല.
13 ബോധവൽക്കരണ പരിപാടികളിൽ പങ്കെടുക്കുന്നില്ല.
14 ആനികൂല്യമായി കിട്ടുന്ന ഭൂമിയും പാർപ്പിടവും കൈമാറ്റം ചെയ്യുന്നു.

സാദ്ധ്യതകൾ

കുടിവെള്ളം

കോനേഴുത്ത് കോളനി, പള്ളിയറക്കാട്ടു കോളനി, മലമേൽ കോളനി, കരിങ്ങാട്ടിൽ കോളനി, തുണ്ടയ്യത്ത് കോളനി കളങ്ങര കോളനി, കാക്കത്തോടു കോളനി എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ നീട്ടണം. കണക്കാക്കപ്പെട്ടിരിക്കുന്ന ഇരുപതോളം കോളനി കളിലും സങ്കേതങ്ങളിലും ടാപ്പുകൾ സ്ഥാപിക്കണം.

റോഡുകൾ

തുണ്ടയ്യത്ത് കോളനി, പള്ളിയറക്കാട്ട് കോളനി, ചേനത്തുംവള കോളനി, കരിങ്ങാട്ടിൽ കോളനി എന്നിവിടങ്ങളിൽ റോഡുകൾ സഞ്ചാരയോഗ്യമാക്കണം. തുണ്ടയ്യത്ത് കോളനിയിൽ പ്രധാന റോഡ് സഞ്ചാര യോഗ്യമല്ല. മഴക്കാലത്ത് വെള്ളം കെട്ടിനില്ക്കുന്നു. നാട്ടാംവാതുക്കൽ കലുങ്ക് പണിയിച്ചും റോഡ് ഉയർത്തിയും സഞ്ചാര സൗകര്യം വർദ്ധിപ്പിക്കണം. കരിമ്പിൻ തറ IHDP കോളനിയിലേക്കുള്ള പ്രധാന റോഡ് കൂഴാകുളത്തു നിന്നാരംഭിച്ച് പൊളിഞ്ഞമ്പലം വഴി തൊഴിലാളിമുക്കിൽ അവസാനിക്കുന്നു. ഇത് ഒട്ടും സഞ്ചാരയോഗ്യമല്ല.

വൈദ്യുതി

സൗരോർജ്ജ പദ്ധതികൾ നടപ്പാക്കി പട്ടികജാതി കോളനികളിലേയും സങ്കേതങ്ങളിലേയും വൈദ്യുത ക്ഷാമം പരിഹരിക്കണം.

ആരോഗ്യം

പഞ്ചായത്തിലെ ഏക സിദ്ധ വൈദ്യശാല വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് ഇതേ ആവശ്യത്തിന് വിലക്ക് വാങ്ങിയ 17 സെന്റ് സ്ഥലത്ത് സിദ്ധവൈദ്യശാലയ്ക്ക് അനുവദിച്ച രണ്ടു ലക്ഷം രൂപ അപര്യാപ്തമാണ്. ജനപങ്കാളിത്തത്തോടെ പണിപൂർത്തീകരിക്കുകയും കിടക്കകൾ അടക്കമുള്ള സൗകര്യത്തോടെ സിദ്ധവൈദ്യശാല ആരംഭിക്കുകയും വേണം.

പട്ടിക VIII IRDP

വർഷം	ഉപഭോക്താക്കളുടെ എണ്ണം	പട്ടികജാതി കുടുംബങ്ങൾ	ലഭിച്ചസാമ്പത്തിക സഹായം
92-93	74	31	7625/-
93-94	83	31	8132/-
94-95	73	38	13465/-
95-96	77	39	15935/-

പട്ടിക IX ട്രൈസം

വർഷം	രജിസ്റ്റർ ചെയ്തവരുടെ എണ്ണം	പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം	ലഭിച്ച പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം
92-93	16	10	7
93-94	9	3	1
94-95	5	4	ഇല്ല
95-96	13	10	10

പട്ടിക X DWCRA യൂണിറ്റുകൾ

വർഷം	യൂണിറ്റുകളുടെ എണ്ണം	സഹായം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം	ആകെ	പട്ടികജാതി വ്യക്തികൾ
94-95	2	തഴപ്പായ് നെയ്ത്ത് ഓലമെടച്ചിൽ യൂണിറ്റ്	22	18
95-96	1	റെഡിമെയ്ഡ് ഗാർമെന്റ്	11	4

പട്ടിക XI 95-96 ലെ ആനുകൂല്യങ്ങളുടെ പട്ടിക
(വികസന വകുപ്പ് പഞ്ചായത്ത് വഴി നല്കിയ ആനുകൂല്യങ്ങൾ)

നമ്പർ	ഇനം	എണ്ണം	അനുവദിച്ച തുക
1	വിവാഹ ധനസഹായം	4	8000/-
2	കെട്ടിമേച്ചിൽ ഗ്രാന്റ്	2	1000/-
3	യാത്രപ്പടി (1992 ലെ മാത്രം)	മുഴുവൻ അപേക്ഷകളും	3000/-
4	ചികിത്സാ ധനസഹായം	1	1000/-

പഞ്ചായത്തിൽ അടിയന്തിര ശ്രദ്ധമുൻനിർത്തി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ലഭിക്കേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും

- ഭക്ഷ്യകാര്യത്തിൽ ഭദ്രത കൈവരിക്കുന്നതോടൊപ്പം കർഷകത്തൊഴിലാളികളായ പട്ടികജാതിക്കാർക്ക് ജോലി സ്ഥിരത വർദ്ധിപ്പിക്കാൻ ദരിദ്രകർഷകരേയും നാമമാത്രകർഷകരേയും പ്രോത്സാഹിപ്പിക്കുക.
- പാടേ തകർന്ന കാർഷികമേഖല യുദ്ധകാലാടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി തൊഴിൽ സ്ഥിരത വർദ്ധിപ്പിക്കുക.
- ഭക്ഷ്യധാന്യങ്ങളുടേയും, പഴവർഗ്ഗങ്ങളുടേയും, പച്ചക്കറികളുടേയും സ്ഥായിയായ ഉല്പാദനം വർദ്ധിപ്പിക്കണം.
- പഞ്ചായത്തിലെ പട്ടികജാതിക്കാരായ സ്ത്രീ പുരുഷന്മാരെ ഏകോപിപ്പിച്ച് തരിശ് ഭൂമികൾ പഞ്ചായത്തിന്റെ മുൻകയ്യിൽ ഏറ്റെടുത്ത് കൃഷിയിറക്കുക.
- തരിശ് നെല്പാടങ്ങളിൽ ലാഭകരമായി കൃഷി ഇറക്കുന്നതിന് പഞ്ചായത്തും കൃഷി ഭവനും സന്നദ്ധ സംഘടനകളും ചേർന്ന് പദ്ധതി തയ്യാറാക്കുക.
- പച്ചിലവളവും - കമ്പോസ്റ്റ് വളവും ലഭിക്കാനുള്ള സൗകര്യങ്ങൾ ചെയ്ത് കൃഷി പ്രോത്സാഹിപ്പിക്കുക.
- കാർഷികോല്പന്നങ്ങളുടെ വിലയിൽ ഉണ്ടാവുന്ന ചൂഷണം അവസാനിപ്പിക്കുവാൻ വിപണി - വിപണനം എന്നീ മേഖലകളിൽ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.
- പട്ടികജാതിക്കാരായ യുവതീയുവാക്കളെ സംഘടിപ്പിച്ച് സഹകരണസംഘങ്ങളോ ഫാർമേഴ്സ് ക്ലബ്ബുകളോ രൂപീകരിച്ച് ഏകീകൃതകൂലിയും വേലയും നിശ്ചയിച്ച് നിലവിലുള്ള മുരടിപ്പ് മാറ്റുക.
- ക്ഷീരോല്പാദനവും, കോഴിവളർത്തലും, ഉൾനാടൻ മത്സ്യക്കൃഷിയും ആടുവളർത്തലും ലാഭകരമായി നടത്തുവാൻ പട്ടികജാതിക്കാരെ പ്രാപ്തരാക്കുവാൻ പദ്ധതികൾ തയ്യാറാക്കുക. ഇന്നുള്ള പദ്ധതികൾ അപര്യാപ്തമാണ്.
- ദേശീയ സീഡ്സ് കോർപ്പറേഷൻ ചെയ്യുന്നതുപോലെ ഉയർന്ന വിത്തിനങ്ങൾ ലഭിക്കാൻ കോൺട്രാക്ട് നല്കുന്ന രീതി നടപ്പാക്കി കാർഷിക രംഗം മെച്ചപ്പെടുത്തുകയും ചെയ്യണം. ഇതുമൂലം പട്ടികജാതി തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമാകും.
- വ്യവസായരംഗത്ത് പട്ടികജാതിക്കാരെ പ്രോത്സാഹിപ്പിക്കുവാൻ നിലവിലുള്ള ഗ്രാന്റും സബ്സിഡിയും വർദ്ധിപ്പിക്കണം.
- പട്ടികജാതി വികസന കോർപ്പറേഷൻ വഴിനല്കുന്ന ലോണുകളുടെ നിബന്ധനകളിൽ കാര്യമായ ഉദാരവല്കരണം ആവശ്യമാണ്.
- വരുമാനപരിധി 45000 രൂപയായി ഉയർത്തണം.
- യന്ത്രസാമഗ്രികളുടെ 'അസംബ്ലിംഗ് യൂണിറ്റുകൾ' ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.
- പായ് നെയ്ത്ത്, കുട്ട, പനമ്പ്, വട്ടി, ചൂരൽ, എന്നിവ കൊണ്ടുള്ള പരമ്പരാഗത കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് പട്ടികജാതിക്കാരെ പരിശീലിപ്പിക്കുക.
- പ്ലാസ്റ്റിക്കൊണ്ടുള്ള വസ്തുക്കൾ നിർമിക്കുന്നതിന് പട്ടികജാതി വനിതകൾക്ക് പ്രത്യേകം പരിശീലനം നല്കുക.

ഗ്രാമസഭാ റിപ്പോർട്ടുകളിലൂടെ ഉയർന്നിവന്നിട്ടുള്ള ആവശ്യങ്ങൾ

1 പടിഞ്ഞാറ്റക്കര ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന പട്ടികജാതി സഹകരണ സംഘത്തിന് ഒരു ഹൈപവ്വർ പ്രിന്റിംഗ് പ്രസ് സ്ഥാപിക്കുക.

2 ബാംബൂ കോർപ്പറേഷന്റെ ശാസ്താംകോട്ട ഡിപ്പോയുടെ ഒരു ബ്രാഞ്ച് പടിഞ്ഞാറ്റക്കര ഒന്നാം വാർഡിൽ അനുവദിക്കുക.

3 പള്ളിയറക്കാട്ടും മലമേലും ഉള്ള പട്ടികജാതി സങ്കേതങ്ങൾ അംഗീകൃത കോളനികളാക്കുക.

4 പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന് ഒരു ട്രാക്ടറും മെതിയെന്ത്രവും സൗജന്യമായി അനുവദിക്കുക.

5 തുണ്ടയ്യത്ത് കോളനി IHDP കോളനി ആക്കുകയും ഒരു TV സെറ്റ് അനുവദിക്കുകയും ചെയ്യുക.

6 തുണ്ടയ്യത്ത് കോളനിയിലേക്കുള്ള മൂക്കനാട്ടുമുക്കിൽ നിന്നും ആരംഭിച്ച് ആലപ്പുറത്ത് മുക്കിൽ അവസാനിക്കുന്ന പ്രധാന റോഡ് വർഷകാലത്ത് സഞ്ചാര യോഗ്യമല്ല. പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കി ടാർ ചെയ്യണം.

7 നെടിയോടി പാടം മുതൽ നാട്ടാര വാതുക്കൽ വരെയുള്ള നീരൊഴുക്ക് നിലം നികത്തുമൂലം തടസ്സപ്പെട്ടിരിക്കുന്നു. പാർശ്വഭിത്തികൾ കരിങ്കല്ലുകൾകെട്ടി നീരൊഴുക്ക് സുഗമമാക്കുക.

8 തുണ്ടയ്യത്ത് കോളനിയിലെ കുടി വെള്ളക്ഷാമം പരിഹരിക്കുന്നതിന് പൈപ്പു ലൈൻ നീട്ടുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

9 നടുവിലക്കര മൂന്നാം വാർഡിൽ പട്ടികജാതി കോളനി അനുവദിക്കുക.

10 മുവല്ലൂത്തമ്മാർകാവ് ക്ഷേത്രത്തിന് കിഴക്കു മുതൽ ആലയിൽ ഭാഗം വരെ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക.

11 പട്ടികജാതിക്കാരെ വ്യാപാര തല്പരരാക്കുന്നതിന് ബങ്കുകളും ഉന്തു വണ്ടികളും സബ്സിഡിയോടെ നല്കുക.

12 മുള്ളിക്കാല മുസ്ലീംപള്ളി മുതൽ വാഴോട്ടുവിളമുക്ക്, കാക്കത്തോട് പട്ടികജാതി കോളനി വഴി മാനാമ്പുഴ ക്ഷേത്ര ജംഗ്ഷൻ വരെയുള്ള റോഡ് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാരയോഗ്യമാക്കുക.

13 കാക്കത്തോട് കോളനി IHDP കോളനി ആക്കി TV സെറ്റ് സ്ഥാപിക്കുക.

14 വീടുകൾക്ക് മെയിറ്റനൻസ്, വയറിംഗ്, പുകയില്ലാത്ത അടുപ്പ് എന്നിവ നല്കുക.

15 കളങ്ങര പ്രദേശത്ത് ഒരു പട്ടികജാതി കോളനി അനുവദിക്കുക.

16 അരിനല്ലൂർ ആറാം വാർഡിൽ ഒരു പട്ടികജാതി കോളനി സ്ഥാപിക്കുക.

17 മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പട്ടികജാതിക്കാർക്ക് സൗജന്യമായി വീടനുവദിക്കുക.

18 ചേനത്തും വിള കോളനിയിലേക്ക് ഒരു TV സെറ്റ് അനുവദിക്കുക.

19 പട്ടികജാതിക്കാരായ കായിക കലാപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന കലാസാംസ്കാരിക സംഘടനകൾക്ക് പ്രത്യേകം ഗ്രാന്റ് നല്കുക.

20 പുത്തൻ സങ്കേതം പയ്യംകുളം കോളനി അംഗീകരിക്കുക. അവിടെ ഒരു TV സെറ്റ് അനുവദിക്കുക.

21 അച്ചൻകോയിക്കൽ LPS ൽ ഒരു നഴ്സറി അനുവദിക്കുക.

22 പട്ടികജാതിക്കാർക്ക് പ്രയോജനപ്പെടും വിധം പുത്തൻ സങ്കേതം വാർഡിൽ ഒരു അംഗൻവാടി കെട്ടിടം പണികഴിപ്പിക്കുക.

23 പാലയ്ക്കൽ തെക്ക് പന്ത്രണ്ടാം വാർഡിൽ പൊതു സ്ഥാപനങ്ങളോ സർക്കാരാഫീസുകളോ സ്കൂളുകളോ ഇല്ല. നഴ്സറിയോടുകൂടി ഒരു സർക്കാർ സ്കൂൾ അനുവദിക്കുക.

24 ചാങ്കൂർ ജംഗഷൻ കേന്ദ്രമാക്കി ഒരു ബ്രാഞ്ച് പോസ്റ്റാഫീസ് അനുവദിക്കുക.

25 കരീഞ്ചി മുക്കിൽ ഒരു റേഷൻ കട അനുവദിക്കുക.

26 സിദ്ധ വൈദ്യശാലാക്കെട്ടിടത്തിന് അനുവദിച്ച തുക അപര്യാപ്തമാകയാൽ പഞ്ചായത്ത് ഫണ്ടുകൂടി നല്കി പണി കഴിപ്പിക്കുക.

27 കരിങ്ങാട്ടിൽ കോളനി എന്ന പേരിൽ ഒരു കോളനിക്കുള്ള നടപടി നടക്കുന്നത് പൂർത്തീകരിച്ച് കോളനി അനുവദിക്കുക.

28 കർഷകതൊഴിലാളികൾക്ക് കറവമാടുകളേയും കോഴികളേയും നല്കുക.

29 ഒരു ചെറുകിട വ്യവസായ യൂണിറ്റ് അനുവദിക്കുക.

30 തഴപ്പായ് നെയ്ത്ത്, തീപ്പെട്ടി, മെഴുകുതിരി, ബുക്ക് ബയന്റിംഗ് എന്നിവയുടെ നിർമാണയൂണിറ്റ് ആരംഭിക്കുക.

31 ഒരു ശ്മശാനം അനുവദിക്കുക.

32 നിലവിലുള്ള ടില്ലർ പ്രവർത്തന ക്ഷമമാക്കുക.

33 ഒരു കയർ സഹകരണ സംഘം പട്ടികജാതിക്കാർക്കായി അനുവദിക്കുക.

34 പാലയ്ക്കൽ വടക്ക് നരിക്കുഴിപാടം മുതൽ പടിഞ്ഞാറോട്ട് ഇന്ദ്രാലിൽ പാടം വരെയുള്ള തോട് നന്നാക്കി പാർശഭിത്തികൾ കെട്ടി പുതുപ്പണ കോളനിയിലേയും പരിസരത്തേയും വെള്ളക്കെട്ടിന് പരിഹാരം കാണുക.

35 പൊയ്കയിൽ വടക്കുവശം മുതൽ പടിഞ്ഞാറോട്ട് തോട് നന്നാക്കി വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുക.

5-10

"ലോകത്തിന്റെ ഏതുകോണിലും സംസ്കാരത്തിന്റെ
അന്തഃസ്രോദനങ്ങൾ കാണാം"

- നെഹ്റു

സംസ്കാരം

അത്യുദാത്തമായ ഒരു സംസ്കാരത്തനിമയുടെ കേദാരരംഗമത്രേ തേവലക്കര ഗ്രാമം. കാലത്തിന്റെ അനുസ്യൂത പ്രവാഹത്തോടൊത്ത് അനുരണനം മുഴക്കുന്ന അഷ്ടമുടിക്കായൽ കിഴക്കതിരായ പ്രദേശം. ധന്യാത്മാക്കൾക്കു ജന്മം നൽകിയ പുണ്യവതി. പുണ്യാത്മാക്കളുടെ പാദസ്പർശമേറ്റു പുളകം കൊണ്ട വിനയവതി. മതൈക്യമഹിമയുടെ മാറ്റുമങ്ങാത്ത മലയാള ഗ്രാമം. തേവന്റെ അദ്ധ്യാനം കനകംവിളയിച്ചതോ, മഹാദേവൻ സഞ്ചരിച്ചനുഗ്രഹിച്ചതോ, ദേവന്മാർ വസിച്ചതോ എന്തുമാകട്ടെ ദേവലോകക്കര എന്നു കൂടി പഴമക്കാർ വിളിക്കുന്നതാണ് ഈ കൊച്ചു ഗ്രാമം.

ശംഖൊലിയും, ബാങ്കുവിളിയും, മണിനാദവും സംഗമിച്ചുണരുന്ന പുലരി, ചെങ്കതിരുകൾ വീശിനിൽക്കുന്ന കാഴ്ച തേവലക്കരയുടെ കായലോരത്തെ നിർവൃതി ദാക ദർശനമാണ്.

'ഏലേലം' പാട്ടിൽ വള്ളം ഇറക്കുന്നവർ കരയിലേറ്റുന്നവർ, തൊണ്ടുതല്ലുന്ന താളലയക്കാർ മത്സ്യച്ചുമടേറ്റി ചൂണയോടെ നീങ്ങുന്ന സഹോദരിമാർ .... അങ്ങനെ പോകുന്നു അദ്ധ്വാനസംസ്കാരനിര.

"റാട്ടുകളെപ്പൊഴുമദ്ധ്വാനശക്തി തൻ-

പാട്ടുപാടുന്നതും കേട്ട്, " അതിരാവിലെ തോട്ടം കിളയ്ക്കുന്ന കർഷകനെക്കണ്ട്, മണൽ ക്കമ്പനിയിൽ നിന്നുമടങ്ങുന്ന അയൽക്കാരനോട് കുശലം ചോദിച്ച് നടന്നു നീങ്ങുമ്പോൾ നിറയെകാർഷിക വിഭവങ്ങളുമായി,

"തേവലക്കരതെരുവതിലെ ചക്കിടാവണ്ടി
അതുറോട്ടുനീളെകടകടാ,പടപടാ"

എന്നു വരുന്നത് ഒരു നാടൻ രഥത്തിന്റെ ചേലിലായിരുന്നു.

കണ്ണെത്താത്ത പാടങ്ങളിൽ കനകമണിക്കതിൽ കാറ്റിലുലഞ്ഞതും, വാഴത്തോട്ടങ്ങളിലെ സ്വർണ്ണക്കനികളും, ചീനി ചേന ചേമ്പെന്നിവ നിരന്ന തോട്ടങ്ങളുടെ അധിപനായി കേരരാജൻ തലയാട്ടി നില്ക്കുന്ന വിഭവധന്യതയുടെ ചിത്രം തേവലക്കരയ്ക്കുണ്ട്.

മതസൗഹാർദ്ദപ്രതീകങ്ങളായി തേവലക്കരയുടെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്നു ആരാധനാലയങ്ങൾ. പൂരുഷാന്തരങ്ങൾ പുൽകിയ പള്ളികളും, അമ്പലവും ഗ്രാമസംസ്കാരതിലകങ്ങളത്രേ. ആരാധനാലയങ്ങളുടെ ഈ സാമീപ്യത്താലുമായിരിക്കാം ദേവലോകക്കര എന്ന ഐതിഹ്യനാമ പ്രസക്തി തലമുറകളിലൂടെ കഥകളും കവിതകളുമായി രൂപപ്പെട്ടത്.

എണ്ണത്തിൽ കുറഞ്ഞ കുടുംബങ്ങളുടെ ഭൂസ്വത്തായിരുന്നു ഇന്നത്തെ ഗ്രാമപ്പഞ്ചായത്തുൾക്കൊണ്ട പ്രദേശം. ആ മുൻപ്രതാപത്തിന്റെ ബാക്കി പത്രങ്ങളുമായി ഇന്നും ചില തറവാട്ടു ഭാഗങ്ങൾ കാണാം. "തിരുവായ്ക്കെതിർവാ" യില്ലാത്ത ആജ്ഞ ഈ ഗ്രാമത്തിലും നിലനിന്നിരുന്നതായി പറഞ്ഞു കേട്ട കഥകൾ മാത്രമല്ല സംഭവങ്ങളുമുണ്ട്. പ്രദേശത്തെ ജനന-മരണങ്ങളും, കല്യാണങ്ങളും "വല്യേതറവാട്ടിൽ" അറിയിക്കേണ്ട മര്യാദകളായി പുലരുന്ന കാലമുണ്ടായിരുന്നു.

തിരുവിതാംകൂർ രാജകുടുംബവുമായി ബന്ധപ്പെട്ട് സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും നേടിയവർ തേവലക്കരയുടെ ചരിത്രത്തിലുണ്ട്. സർവാധികാര്യക്കാരും ശ്രീ പണ്ടാരപ്പിള്ളയുമെല്ലാം അത്തരത്തിലെ സ്ഥാനമാനികളാണ്. പല്ലക്കിലും, മഞ്ചലിലും സഞ്ചരിച്ചത് അരവണ്ടി എന്ന കാളകളേ പൂട്ടിയ കലാചാതുരിയുള്ള സവാരിവണ്ടി വന്നതോടെയാണ്.

തേവലക്കര ദേവീക്ഷേത്രവും, ഓർത്തഡോക്സ് പള്ളിയും യഥാക്രമം പോർട്ടുഗീസുകാരും, മുകിലരും ആക്രമിച്ചപ്പോൾ ജീവൻ ബലിയർപ്പിച്ചു പോരാടിയ ദേശാഭിമാന ചരിത്ര സംസ്കാരം പുലർത്തിയ മണ്ണാണ് നമ്മുടേത്.

എന്നാൽ അയിത്താചാര കാർക്കശ്യം നിലനിന്നിരുന്ന ധാരാളം കഥകൾ ഈ ഗ്രമാത്തിനുണ്ട്.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ മുൻനിരക്കാരനായ ബാരിസ്റ്റർ ഏ. കെ. പിള്ള സ്വന്തം ജന്മസ്ഥലമായ തേവലക്കര യിൽ അനാചാരങ്ങൾക്കെതിരെ വരുത്താൻ പന്തി ഭോജനം തുടങ്ങിയ നടപടികളിൽ ശ്രദ്ധ പച്ചത് വിപ്ലവകരമായ മാറ്റത്തിന്റെ നാന്ദിയായിരുന്നു. തേവലക്കരക്കാരാൽ ശതാബ്ദി യാഘോഷിക്കപ്പെട്ട ആ ധീരോദാത്തന്റെ ചരിത്രസ്മാരകമുയരുന്നത് തേവ ലക്കരയുടെ സാംസ്ക്കാരിക ഗോപുര മൗലിയിലെ മനോജ്ഞ മകുടമായിട്ടായിരിക്കണം.

സ്വാതന്ത്ര്യസമരപാതിയിലേക്കു പിന്നീടു പലരും നേരിയ സംഭാവനകൾ നൽകിയെങ്കിലും പള്ളിവിലക്കു തള്ളി കൊടിപി ടിച്ചു പ്രവർത്തിച്ച് നിയമനിഷേധ പ്രസ്ഥാനത്തിലലിഞ്ഞു ചേർന്നു ജയിൽവാസ ശിക്ഷയേറ്റ ശ്രീ തുണ്ടത്തിൽ ജോണിന്റെ പേര് സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷൻപദ്ധതിയിൽ പോലും ഉൾപ്പെട്ടില്ല. ചില സ്മരണികളിൽ ചിലരുടെ പേരു കളെങ്കിലും പതിഞ്ഞു വന്നിട്ടുള്ള ആശ്വാസമാണ്.

സ്വാതന്ത്ര്യലബ്ധിക്കുമുൻപുതന്നെ പാവപ്പെട്ടവരുടെ അവകാശ സംരക്ഷണകത്തിനും അഭ്യുന്നതിക്കും വേണ്ടി രൂപം കൊണ്ടു പുരോഗമന പ്രസ്ഥാനനിരകൾ തേവലക്കരയിലും പുഷ്ടി പ്രാപിച്ചു തുടങ്ങിയിരുന്നു.

ശ്രീ മന്നം തോടിൽ ഗോപാലൻ മുതലാളി, കയർ തൊഴിലാളിയായ ശ്രീ തിരുനില പരമുവിനെ പിരിച്ചുവിട്ടപ്പോഴുണ്ടായ അവകാശസ്ഥാപനസമരം വിജയക്കൊടിചാർത്തി. ആ ആദ്യസമരവീര്യം എന്നും ഈ പ്രദേശത്തിന്റെ സിരകളിൽ പ്രചോദനശ ക്തിയായി പരിലസിക്കും.

ആരോഗ്യരംഗത്തെ കീർത്തി മുദ്രതന്നെയാണ് തേവലക്കര കണ്ണുവൈദ്യന്മാരുടേത്. ആധുനിക ചികിത്സാ ശാസ്ത്രം വള രുന്നതിന് എത്രയോ മുൻപു മുതലേ നമുക്കീകുടുംബസേവനം ലഭിച്ചുകൊണ്ടേയിരിക്കുന്നു.

കാലംചെയ്ത, സന്യാസിവര്യനായ ബിഷപ്പ് ജാ. ജറോം തിരുമേനി ഈ പഞ്ചായത്തിലെ കോയിവിള തുപ്പാശ്ശേരിവീട്ടിൽ പിറന്ന ആത്മീയപ്രഭയാണ്. ആ പ്രഭാപൂരമേറ്റയർന്നേറിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നാടിനാകെ ദീപ്തിപകരുന്നു.

ഓണം, പെരുന്നാൾ, ഉത്സവങ്ങൾ എന്നിവയിൽ മതഭിന്നതയില്ലാതെ പരസ്പരം പങ്കെടുക്കുന്ന ജനകീയ സംസ്കാരം തേവലക്കര പഞ്ചായത്തിൽ നിലനിന്നുപോരുന്നു. പള്ളിക്കാരുടെ ഊരുവലയത്തിനെ സ്വീകരിക്കാനും, അമ്പലമൈതാനത്തു കൂതിരയെപ്പിടിക്കാനും ഒരമ്മമക്കളെ പ്പോലെ കൂട്ടായ്മ പുലർത്തുന്ന രീതി പണ്ടേയുള്ളതാണ്.

എന്നാൽ സാമൂഹ്യമണ്ഡലങ്ങളിൽ അധഃസ്ഥിതരെന്നുമുദ്രകുത്തി അകറ്റി നിറുത്തിയിരുന്ന ഒരു ജനസമൂഹത്തിന്റെ പഴയ കഥയും ഇല്ലാതില്ല. അതിനെതിരെ പ്രതികരിച്ച പാവങ്ങളിൽ പലരും "ധിക്കാരി" കളായ കഥകൾ അപൂർവ്വമായെങ്കിലും ഈ സ്ഥലത്തുണ്ട്. മീശവയ്ക്കുന്നത് പിഴയാളി യുടെ ലക്ഷണമാണെന്ന സിദ്ധാന്തക്കാരുടെ കാലത്തിനു 50 വർഷത്തെ പഴക്കമേ യുള്ളൂ.

രോഗത്തിനു ചികിത്സയോക്കാളും, മന്ത്രിച്ചോതികുടിക്കുന്നതും, പിഞ്ഞാണി എഴുതിക്കുന്നതും, തോലുഴിഞ്ഞോതുന്ന തും, ജപിച്ചുകെട്ടുന്നതും, പരിഹാരമാക്കാമെന്നുള്ളവർ ഇന്നും അവിടവിടെയുണ്ട്. അർത്ഥരഹിതമായ ഈ അനുവർത്തന സ്വഭാവം അജ്ഞത തന്നെയാണ്. "ഏതാരാധനയാലാണ് എളുപ്പം കാര്യസിദ്ധി" എന്നു പരിശോധിക്കും മട്ടിലാണ് ക്ഷേത്രങ്ങ ളിലും, പള്ളികളിലും, കാവുകളരികളിലും, വെളിച്ചപ്പാടുകൾക്കു മുന്നിലും ഒന്നൊന്നുമാറി മാറി ആളുകൾ അഭയം തേടുന്നത്. വിശ്വാസധാരപോലും ഇങ്ങനെ ചപലത പാലിക്കുന്നത് ബോധവൽക്കരണത്തിലൂടെ പരിപിരിക്കേണ്ടതാണ്.

അനാചാരങ്ങളേക്കാൾ മാദ്ധ്യമങ്ങളിലൂടെ ഉടലെടുക്കുന്ന അധമസംസ്ക്കാരം ഒവിലാക്കേണ്ട ദുരിതമാണിന്നു. ജനങ്ങളെ അധോലോക സംസ്ക്കാരത്തിലെത്തിക്കുന്ന പരസ്യങ്ങൾ, അനാവശ്യ ലൈംഗിക സിനിമകളുടെ പ്രചാരം, വിശ്വസിക്കാൻ പറ്റാത്ത പ്രായം കുറഞ്ഞവരും ലൈംഗിക ചിത്രദർശനം നടത്തുന്ന അവസ്ഥ, സൌന്ദര്യമത്സരകഥകൾ കേട്ട വിഭ്രമം, ഇല ക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം, മദ്യം, മയക്കുമരുന്ന് എന്നിവയോടുള്ള പ്രതിപത്തി, പൈങ്കിളിക്കഥകളോടുള്ള ആഭിമുഖ്യം, കച്ചവട സംസ്കാരത്തിനു വഴിതെളിക്കുന്ന ഈടുപൊക്കുകൾ എല്ലാം ഇന്ന് ഏറിയും കുറഞ്ഞും ഈ പഞ്ചായ ത്തിന്റെ ശുദ്ധസംസ്ക്കാരത്തിലെ ഇത്തിൾക്കണ്ണികളായിരിക്കുന്നു!

പ്രാചീനകൾ പാടേ നഷ്ടപ്രായമായിരിക്കുന്നു. തട്ടുപൊളിപ്പൻ നാടകവും, കാക്കാരിശ്ശി നാടകം, കമ്പടികളി, ചുടേറുകളി എന്നിവ ഈ ഗ്രാമത്തിന്റെ തനതുകലാരൂപങ്ങളായിരുന്നു.

മൺമറഞ്ഞ പല കലാകാരന്മാരും ചേർന്നഭിനയിച്ച സദാരാമയും, വള്ളിയമ്മാൾ ചരിത്രവുമെല്ലാം പിൽക്കാലത്ത് ഇവി ടുത്തെ നാടകനടന്മാർക്കു പ്രചോദനമായി.

കളമെഴുത്തു പാട്ടും സർപ്പപാട്ടും, പുള്ളുവൻ പാട്ടും, തോറ്റൻ പാട്ടും അമ്പലവേദികളിൽ കൂടി നിരന്നപ്പോൾ പിൻ തല മുറയിൽ ഗാനസംവിധാനചാതുരിക്ക് തുണയായി. മാത്രമല്ല ചിത്രരചനാ കൗതുകമുണർത്തുവാനും അവസഹായകമായി.

"യക്ഷിയെങ്കിലും ഗന്ധർവനെങ്കിലും
പഭമില്ലാതെ തുള്ളിവാദേവതേ'

എന്നു ബാധയൊഴിപ്പിച്ച വരികൾ അന്ധവിശ്വാസത്തിലൂടെ ചൂഷണം ചെയ്യാനുള്ള തന്ത്രവിധിയാണെങ്കിലും പ്രാസലയവും, ശ്രവണസുഖവും കവിതാരചനയ്ക്കു പ്രേരകമായവയാണ്.

ഉടുക്കു കൊട്ട് തമ്പ്രാൻപടിക്കൽ പാടിയ പാണനാർ കരിക്കോട്ടേയ്ക്കു പോയെങ്കിലും വിശേഷാവസരങ്ങളിലൊത്തി തറവാട്ടുമുറ്റത്തു പാട്ടൊഴുക്കിയ കഥ ഈ ഗ്രാമത്തിലുണ്ട്.

കവികളും, കലാകാരന്മാരും ഈ ഗ്രമസന്തതികളായുണ്ട്. സരസക്കവിപാലോലി വാദ്ധ്യാർ

"പഞ്ചവർണ്ണക്കിലിപ്പൈതലേ ശാരികേ,

പഞ്ചാരവാണി മനോഹരേ നി,

നെഞ്ചിൻ കുതുകം ചേർത്തിട്ടഞ്ചാതെവസിക്കും മണഇ-

മഞ്ചേവരികയെൻ കൊഞ്ചൽ കൊഞ്ചൻ വാണി."

എന്നു പാടിക്കേട്ട തേവലക്കരക്കാർ കവിതാമധുരം നുകർന്ന് തലമുറക്ക് അവ വായിത്താരിയായി പകർന്നു.

ഈ അടുത്ത കാലത്ത് അന്തരിച്ച ആർട്ടിസ്റ്റ് ശ്രീ ഏ. പത്മനാഭൻ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. ചിത്ര കാരനും ശില്പിയുമായ അദ്ദേഹത്തിന്റെ ശാകുന്തളം തർസ്സ്മ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ പാഠപുസ്തകമായി റോയൽറ്റിക്കു പാത്രമായി.

ഏതു സംഗീതസാമ്രാട്ടിന്റെ കച്ചേരിക്കും ഗഞ്ചിറയിൽ മാന്ത്രികതാളലയങ്ങൾ ഉതിർത്ത സദസ്സിനെ കോരിത്തരിപ്പിച്ച ശ്രീ കോയിവിള ചെല്ലപ്പൻ പിള്ള പഞ്ചായത്തിന്റെ കലാപ്രതിഭതന്നെയാണ്.

ഹരികഥാകാരനായ ശ്രീ ജ്ഞാനമണിയും, കിളിപ്പാട്ടുവായനയിൽ പ്രാഗത്ഭ്യം നേടിയ കോയിവിള ശ്രീ ദാമോദരൻ പിള്ളയും തേവലക്കരയുടെ അരുമകളാണ്. നാടകത്തിന് ശ്രീ തേവലക്കര കുഞ്ഞൻ പിള്ളയുടെ സംഗീതസമന്വയരംഗപ്രവേശം ഇല്ലെങ്കിൽ കാണികൾ തൃപ്തരായിരുന്നില്ല. ശ്രീ കുഞ്ഞൻപിള്ളയിൽ കൂടിയുള്ള തേവലക്കരയുടെ ഖ്യാതി എന്നും നിലനില്ക്കുന്നതത്രേ.

ആധുനിക നാടകകൃത്തുക്കളായ രണ്ടുപേർ പഞ്ചായത്തിന് അഭിമാനമത്രേ. ശ്രീ ബേബിക്കുട്ടനും, അഡ്വക്കേറ്റ് മണിലാലും രണ്ടുപേരും അവാർഡുകൾക്കർഹരായവർ. തൂലികയുടെ ഉടമകൂടിയാണ് ബേബിക്കുട്ടൻ. രചനയിൽ അവിരാമം മുഴുകിയ ശ്രീ മണിലാൽ. പിൻതലമുറയ്ക്കിവർ പ്രചോദനമരുളുകതന്നെ ചെയ്യും.

പഞ്ചായത്തിലെ ആദ്യ IFS കാരനായ ശ്രീ KP ഏണസ്റ്റ് ഉന്നത പഠനരംഗത്തുള്ളവർക്ക് മാർഗ്ഗദർശിയാണ്.

കുട്ടികളെ ശാസ്ത്രകലകൾ അഭ്യസിപ്പിക്കുന്ന 'ചിലങ്ക' ഒരു മുതൽകൂട്ടാണ്. അതിലെ മുത്തുകൾ പ്രോത്സാഹനമർഹിക്കുന്നു.

തനിമ ഫൈൻ ആർട്ട്സ് കലാസ്വാദകർക്കു വിരുന്നൊരുക്കുന്ന തേവലക്കരയിലെ ഏക സ്ഥാപനമാണ്.

അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളാണ് ഗ്രന്ഥശാലകളും വായനശാലകളും. ലവായനമരിച്ചു എന്നു മുഖ പ്രസംഗങ്ങൾ വന്ന കാലയളവിൽ ഗ്രന്ഥശാലകളുടെ പുരോഗതിക്ക് ചെയ്യേണ്ട സംഭാവനകൾ വിവരണാതീതമാണ്.

ഗ്രന്ഥശാലാവിവരം - തേവലക്കര ഗ്രാമപ്പഞ്ചായത്ത്

പേര്	സ്ഥാപന വർഷം	ഗ്രേഡ് രജി. നമ്പർ	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	അനുകൂലികങ്ങൾ എണ്ണം	അനുബന്ധ പ്രവർത്തനങ്ങൾ
നേതാജി ശ്രവണം ചർച്ച വായനശാല കോയിവിള	1945	2019/45	2151	350	4	റേഡിയോ
ജവഹർ ലൈബ്രറി അരിനല്ലൂർ	1955	3044/55	3218	375	-	റേഡിയോ
യുവജനസമാജം വായനശാല തേവലക്കര	1957	2724/57	5091	350	-	-
ഉദയാഗ്രന്ഥശാല പുത്തൻസങ്കേതം	1978	4536/78	1843	291	-	-
ഇന്ദിരാപ്രിയദർശിനി	1989	5476/84	1064	176	-	-

വിവരങ്ങളുടെ വെളിച്ചത്തിൽ ആനുകൂലിക ഗ്രന്ഥങ്ങളും അനുബന്ധപ്രവർത്തനവും ഇല്ലെന്നു വെളിവാകും. ഈ നലമാറ്റേണ്ടതത്രേ.

കലാസാംസ്കാരിക വേദികൾ തേവലക്കര ഗ്രാമപഞ്ചായത്ത്

	പേര്	സ്ഥാപനവർഷം	നാടക അക്കാഡമി സ്പോർട്സ് അഫിലിയേഷൻ	സ്വന്തം കെട്ടിടമാണോ	റേഡിയോ ടിവി ഉണ്ടോ	മുഖ്യ പ്രവർത്തനം	റിമാർക്ക്
1	സർഗ്ഗ പുത്തൻ സങ്കേതം	1988	110	–	–	കലാകായികം	
2	ചിത്തിര മുള്ളിക്കാല	1992	53	–	–	–	
3	യുവദർശിനി കോയിവിള	1996	85	–	–	–	
4	സർഗ്ഗ മുള്ളിക്കാല	1994	25	–	–	–	
5	സാർക് മൊട്ടയ്ക്കൽ	1986	74	–	–	നിത്യപരിശീലനം	ആർട്സ് & സ്പോർട്സ്
6	രാജീവ്ഗാന്ധി ആർട്സ് &	1995	63	–	–	–	സ്പോർട്സ്
7	എക്സ്പോ മുള്ളിക്കാല	1981	45	–	–	–	”
8	സാഗോസ് അരിനല്ലൂർ	1990	75	–	–	–	”
9	സെന്റ് ആന്റണീസ് കോയിവിള	1990	50	–	–	–	”
10	ബിഷപ്പ് ജറോം മെമ്മോ സാംസ്ക്കാരിക	1992	35	–	–	–	”
11	യുവജ്യോതിസാംസ്കാ	1996	20	–	–	–	”
12	രൂപരേഖാ ആർട്സ് കോയ്വി	1982	300	–	–	–	”
13	കലാസേന മണക്കാട്ടുക്കര	1993	119	–	–	–	”
14	ഉകെരളി ആർട്സ് & സ്പോർട്സ്	1986	43	–	–	–	”
15	സാഹിതീസാംസ്കാരിക വേദി പാല	1993	69	–	–	–	സാംസ്കാരികം
16	ഉസഞ്ചാറി പാലയ്ക്കൽ	1986	35	–	–	–	സ്പോർട്സ്
17	യുവധാര പാലയക്കൽ	1995	40	–	–	–	”
18	സിംഫണി മുള്ളിക്കാല	1993	78	–	–	–	”
19	കലാരഞ്ജിനി അരിനല്ലൂർ	1992	70	–	–	–	”
20	ഗാന്ധിജി അരിനല്ലൂർ	1993	78	–	–	–	”
21	പൗരസമിതി മുള്ളിക്കാല	1989	200	കെട്ടിടം ഉണ്ട്	–	–	സാസ്കാരികം
22	ഫ്രണ്ട്സ് തേവലക്കര മൊട്ടയ്ക്കൽ	1995	34	–	–	–	സ്പോർട്സ്
23	യുവജനവേദി മൊട്ടയ്ക്കൽ	–	–	–	–	–	
24	വത്തിക്കാൻ സമാജ് മൊട്ടയ്ക്കൽ	1990	75	കെട്ടിടമുണ്ട്	–	–	–
25	തനിമ കോയിവിള	1994	310	–	–	–	സാംസ്കാരികം

സ്വന്തസ്ഥലം കെട്ടിടം എന്നിവയുള്ള സമിതികൾ പരിമിതമാണ്. പ്രവർത്തനനിലവാരമുള്ള സമിതികൾ കൃത്യമായി പറയാവുന്ന സ്ഥിതിയുമില്ല.

കായികരംഗം

കായികരംഗം തികച്ചും പിന്നോക്കം നിൽക്കുന്ന പരിതാപകരമായ അവസ്ഥയിലാണ് തേവലക്കര ഗ്രാമപഞ്ചായത്ത്.

കുട്ടികളും, യുവാക്കളും കടുത്ത ക്രിക്കറ്റ് ജ്വരബാധയില്ലാത്തെങ്കിലും അതിനുതക്ക പുരോഗതി ഈ പുത്തൻ കളിയിലും നേടിയിട്ടില്ല. പഴയ നാടൻകളികളും മത്സരങ്ങളും പാടേ അവഗണിക്കപ്പെട്ടു.

പഴയ കേരളത്തനിമയുള്ള കളികൾ പുതിയ തലമുറയെ പരിചയപ്പെടുത്തുന്നതോടൊപ്പം ലോകവ്യാപകമായ കളികളും പരിശീലിപ്പിക്കേണ്ടതാണ്.

പൊതുവിൽ

പഞ്ചായത്തിൽ സാമാന്യേന പ്രവർത്തിക്കുന്ന അഞ്ചു ഗ്രന്ഥശാലകളുണ്ടെങ്കിലും ഒന്നുപോലും റഫറൽ ഗ്രന്ഥശാലയല്ല. പുസ്തകങ്ങൾ തരംതിരിച്ചു ക്രമീകരിച്ചിട്ടില്ല. വിജ്ഞാനദായകങ്ങായ ഗ്രന്ഥങ്ങൾ തുലോം വിരളമാണ്. വിതരണക്രമീകരണം ശരിയാകുന്നില്ല. വായനകൊണ്ടുണ്ടാകേണ്ട വികാസം നേടുവാൻ പര്യാപ്തമായ ഏർപ്പാടുകളില്ല. കളിയെ ഗുണപരമായി നയിക്കുവാൻ മാർഗ്ഗമില്ല. കളി സ്ഥലങ്ങൾ വേണ്ടത്ര ഇല്ല.

പരിഹാരനിർദ്ദേശങ്ങൾ

1. പഠനത്തിലേർപ്പെട്ടിരിക്കുന്നവരുടേയും, വാ നയിൽ താല്പര്യമുള്ളവരുടേയും ഒരു വാർഡു തല സർവ്വേ നടത്തണം.
2. വിദ്യാർത്ഥികൾക്കു മറ്റുപരി പഠനക്കാർക്കും ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ പഞ്ചായത്ത് ലൈബ്രറിയായ നേതാജിയിലുണ്ടാകുവാൻ സത്വര നടപടി വേണം.
3. എല്ലാവായനശാലയും കവിത, കഥ ജീവചരിത്രം എന്നിങ്ങനെ ഇനംതിരിച്ച് വയ്ക്കുവാനും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുവാനും ശ്രദ്ധിച്ചേ മതിയാകൂ.
4. സ്ത്രീകളിൽ ഗൗരവപൂർണ്ണമായ വായനാശീലം ഉണ്ടാകണം. ഉത്തമഗ്രന്ഥങ്ങളും, മാസികകളും വായിക്കുവാനുള്ള പ്രേരണ നൽകണം.
5. വായിക്കുന്ന ഗ്രന്ഥങ്ങലുടെ കുറിപ്പുകൾ എടുക്കുന്നവരെ പ്രത്യേകം കണ്ടെത്തണം. കുട്ടികളിൽ ഇതു പ്രത്യേക പരിഗണന നൽകി പ്രോത്സാഹനസമ്മാനം തന്നെ ഏർപ്പെടുത്തുന്നത് നല്ലതാണ്
6. നിർദ്ദിഷ്ടഗ്രന്ഥങ്ങളെ അധീകരിച്ച് മാസത്തിലൊരിക്കൽ ഒഴിവു ദിവസം ഉപയോഗിച്ച് ചർച്ചാ പഠനങ്ങൾ നടത്തണം.
7. വായനശാലകളില്ലാത്ത വാർഡുകളിൽ വായനശാലകളുണ്ടാകണം.
8. ലഘുവായ ചെലവിൽകയ്യെഴുത്തുമാസികകൾ ഉണ്ടാകുന്നത് ഭാവനാപ്രേരണ നൽകാൻ നല്ലതാണ്.
9. കായികരംഗത്ത് പരിചയമുള്ളവരെ ക്കൊണ്ട് ചിട്ടയായ പരിശീലനം നൽകി പ്രോത്സാഹിപ്പിക്കണം. നിശ്ചിതസമയപരിധികളിക്കുവാൻ തെരഞ്ഞെടുക്കണമെന്ന പ്രേരണ ഉണ്ടായേ മതിയാകൂ. കളി, കളിക്കു വേണ്ടി മാത്രമാകാതെ സാമൂഹ്യ സാംസ്ക്കാരികോന്നമനത്തിനുള്ള രംഗമാക്കി ഒരുക്കിയെടുക്കേണ്ടതാണ്.

5-11

സഹകരണം

ഋണബാദ്ധ്യതയിൽ നിന്നും സമൂഹത്തെകരകയറ്റുന്നതിനായി 1904 ലെ സഹകരണനിയമം (കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഓഫ് 1904) വന്നതോടെ പ്രാഥമികവായ്പസംഘങ്ങൾ ഉടലെടുത്തു. ഇത് ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ചു. ആ കാലഘട്ടത്തിൽ നാടൻ സാമ്പത്തിക വ്യവസ്ഥ ഇന്നു കാണുന്ന നിലയിൽ ആയിരുന്നില്ല. കടക്കെണിയിൽ വീഴുന്നവർക്ക് കരകയറ്റുവാൻ സാധിച്ചിരുന്നില്ല. ്വരുടെ കിടപ്പാടം ഉൾപ്പെടെയുള്ളത് നഷ്ടപ്പെട്ട് ജീവിതം അവസാനിപ്പിക്കേണ്ടിവരുമായിരുന്നു. സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഈ കൂട്ടർക്കു നൽകിയ സഹായം വിലമതിക്കേണ്ടതാണ്

1957 ൽ ശ്രീ വേലിയുത്ത് മാധവന്ഡപിള്ള മുഖ്യചുമതലക്കാരനായി 28 അംഗങ്ങൾ ഉള്ള ഒരു സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു. ുടക്കത്തിൽ ശ്രീ ആനന്ദാശ്ലമം കൃഷ്ണപിള്ള പ്രതിഫലം പറ്റാത്ത സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. അതാണ് ഇന്ന് തേവലക്കരയുടെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമായി ഉയർച്ചയിൽ നിന്നും ഉയർച്ചയിൽ എത്തിനിർക്കുന്ന ദി തേവലക്കര ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് നമ്പർ 4047 ഘാഠ ചേന്നങ്കരമുക്കിൽ ഒരു വാടകക്കെട്ടിടത്തിൽ ആരംഭിച്ച സ്ഥാപനം ഇന്ന് എല്ലാ സൗകര്യങ്ങളോടും കൂടിയ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തക്കുന്നത്. പഞ്ചായത്ത് പ്രദേശം ഒട്ടാകെ ഈ ബാങ്കിന്റെ പ്രവർത്തന മേഖലയാണ്. 14000 ത്തോളം അംഗങ്ങളാണഅ ഇപ്പോഴുള്ളത്. 35 ഓളം വാഴ്ച്ചകാരിൽ ആരംഭിച്ച വായ്പാപദ്ധതി ഇന്ന് 1000 ത്തിൽ അധികം വായ്പക്കാരിൽ എത്തി നിൽക്കുന്നു. ഇത് ആകെ ജനസംഖ്യയുടെ ഏകദേശം 1/3 ആണ്. കെട്ടുതെങ്ങ് വ്യവസ്ഥയിൽ കടും വാങ്ങി കരകയറാനാവാതെ വിഷമിച്ചിരുന്ന കർഷകർക്ക നൽകിയ ആശ്വാസം ചെറുതല്ല. കോമേഴ്സ്യൽ ബാങ്കിന്റെ പ്രവർത്തനരീതിയോടൊപ്പം കാർഷികവികസനബാങ്കെന്ന നിലയിലും ഇതിന്റെ പ്രവർത്തനങ്ങൾ എടുത്തു പറയത്തക്കതാണ്. ഇതിന് പുറമേ രാസവളം, തുണി. സ്റ്റേഷനറി തുടങ്ങിയവയുടെ വില്പന കേന്ദ്രങ്ങളും സ്ഥിരമായിനടത്തുന്നുണ്ട. ദേശീയോത്സവ വേളകളിൽ നിത്യോപയോഗ സാധനങ്ങളുടെ വില്പനയും ബാങ്ക് വഴി നടത്താറുണ്ട്. ഇത് വിലക്കയറ്റത്തെ നിയന്ത്രിച്ച് ജനങ്ങളെ സഹായിക്കുന്നതിൽ വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്. എന്നാൽ ഈ തരത്തിലുള്ള പ്രവർത്തനം എല്ലാ ദിവസവും നടത്തേണ്ടതാണ്. കാർഷിക കാർഷികേതര വായ്പകൾ നൽകി ജനങ്ങളെ സാമ്പത്തികമായി പിടിച്ചുയർത്തുന്ന ഈ സ്ഥാപനം സാമ്പത്തിക പരിമിതികൾ കാരണം സഹായം മുഴുവൻ ആളുകളിലും എത്തിക്കാൻ കഴിയുന്നില്ല ഇതിന്റെ മാറിമാറി വന്ന ഭരണസമിതികൾക്ക്.

സ്ഥാപകപ്രസിഡന്റ് ശ്രീ മാധവൻപിള്ളയ്ക്കുശേഷം ശ്രീ മംഗലത്ത് വേലുപിള്ള ശ്രീ കോയിവിള വിജയൻ എന്നിവർ പ്രസിഡന്റന്മാരായിരുന്നു. ഇപ്പോൾ ഈ സ്ഥാപനത്തിന്റെ പ്രസിഡന്റ് ശ്രീ കെ. അയ്യപ്പൻപിള്ളയാണ്. ഷെഡ്യൂൾഡ് ബാങ്കുകൾ കണ്ടുജ ഗുണഭോക്താക്കൾക്ക് വായ്പ നൽകുവാൻ മടിച്ചു നിൽക്കുമ്പോഴും 4047 ഇത്തശക്കാർക്ക് വായ്പനൽകുന്നതിൽ അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. താഴ്ന്വരുമാനക്കാർക്ക് വായ്പ നൽകുന്നതിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ കുറച്ചുകൂടി ജനങ്ങളിലേക്ക് വ്യാപിക്കേണ്ടിയിരിക്കുന്നു.

പ്രവർത്തനരേഖ സർവ്വീസ് സഹകരണ ബാങ്ക് 4047
തേവലക്കര ഗ്രാമപഞ്ചായത്ത്

പ്രവർത്തനം തുടങ്ങിയ തീയതി	23-11-1956
ഔപചാരിക ഉദ്ഘാടനം	1-11-1957
പ്രാരംഭം അംഗസംഖ്യ	28
ഓഹരി മൂലധനം	Rs. 280/-
സ്ഥിരനിക്ഷേപം	-
ഹ്രസ്വകാലനിക്ഷേപം	-
കാർഷിക വായ്പ എണ്ണം തുക	35
നിലവിലുള്ള അംഗങ്ങൾ	Rs. 13972
ഓഹരി മൂലധനം	Rs. 1374370
സ്ഥിരനിക്ഷേപം	Rs. 12493349
ഹ്രസ്വകാലനിക്ഷേപം	Rs. 2621886

ജില്ലാ സഹകരണ ബാങ്ക്		സ്വന്തം ഫണ്ട്		സ്വർണ്ണപ്പണയം		കൃഷിവായ്പ	
വായ്പ എണ്ണം	വായ്പത്തുക	വായ്പ എണ്ണം	വായ്പത്തുക	വായ്പ എണ്ണം	വായ്പ തുക	ലഭിച്ചവരുടെ എണ്ണം	തുക
4883	18709116	3137	9591611	610	3911172	1284	1622762

ക്ഷീരസംഘങ്ങൾ

സജീവമായി പ്രവർത്തിക്കുന്ന 3 ക്ഷീരവ്യവസായ സഹകരണസംഘങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇവ അപ്കോസ് സൊസൈറ്റികളാണ്. കൂടാതെ രണ്ടു ചാരിറ്റബിൾ സൊസൈറ്റികൾ കൂടി ഈ മേഖലയിൽ ഉണ്ട്. പാൽ ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്ത് ഇവ കടമകൾ നിറവേറ്റുന്ന പശു കൃഷിക്കാരെ മറ്റിനത്തിൽ കാര്യമായി സഹായിക്കുന്നില്ല. ഇവയുടെ പ്രവർത്തനങ്ങൾ അവയുടെ ആസ്ഥാന ആൾക്കു ചുറ്റുമായി ചുരുങ്ങുന്ന പഞ്ചായത്തിലൊട്ടാകെ ഇതിന്റെ ഗുണങ്ങൾ കിട്ടുന്നില്ല. കോയിവളിയിൽ ഇതുകൂടാതെ പ്രവർത്തനം ആരംഭിച്ച ഒരു സംഘം ഇന്ന് പ്രവർത്തിക്കുന്നില്ല. അതുകൂടി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പശുക്കൾ വാങ്ങുവാൻ ആവശ്യമായ ലോൺ നൽകുക മൃഗങ്ങളുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽകൂടി ഈ സംഘങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

കയർവ്യവസായ സഹകരണ സംഘങ്ങൾ

തേവലക്കര കയറിന്റെ നാടാണ്. ഇവിടുത്തെ സാമ്പത്തിക വ്യവസ്ഥതന്നെ ഒരു കാലത്ത് കയർ വ്യവസായത്തിൽ അതിന്റെ അടിസ്ഥാനം ഉറപ്പിച്ചിരുന്നു. കയർ വ്യവസായത്തിന് നേരിട്ടകെടുതികൾകൊണ്ട് പലരും ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റു തൊഴിലുകൾ കണ്ടെത്താനുള്ള ധൃതിയിലാണ്. ഇപ്പോൾ നിലവിലുള്ള 3 സൊസൈറ്റികളും പ്രവർത്തനരഹിതമാണ്. കൂടാതെ ഒരെണ്ണം പിക്യുഡേറ്റ് ചെയ്തുപോയിട്ടുണ്ട്. കയർ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കായലോരപ്രദേശങ്ങളാണ് ഇവയുടെ പ്രവർത്തനമേഖല. അരിനല്ലൂരിലും പുത്തൻ സങ്കേതത്തിലും അവ 2 വർഷം മുമ്പുവരേയും പ്രവർത്തിച്ചിരുന്നു കോയിവിളയിലേത് ഒരിക്കലും തൊഴിലിൽ ഏർപ്പെട്ടിട്ടില്ല. പുത്തൻ സങ്കേതം കയർവ്യവസായ സഹകരണസംഘം നമ്പർ 267ഉം പ്രധാനമന്ത്രിയുടെ കയർഗ്രാമപദ്ധതി നന്നായി നടപ്പിലാക്കിയിട്ടുള്ള സംഘങ്ങളാണ്. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും ലോൺ ഓപ്പറേറ്റു ചെയ്യുന്നതിൽ വന്ന തടസ്സങ്ങളും തൊഴിലാളികളുടെയും ജീവനക്കാരുടെയും ആത്മാർത്ഥതയില്ലായ്മയും സംഘങ്ങളുടെ നാശത്തിന് വഴിതെളിച്ചതായി ഗ്രാമസഭകളിൽ നടന്ന ചർച്ചകൾ വ്യക്തമാകുന്നു.

ഖാദി വ്യവസായ സഹകരണസംഘം

ചവറ ബ്ലോക്ക് ഖാദി ഇൻഡസ്ട്രിയൽ കോപ്പറേറ്റിവ് സൊസൈറ്റി തേവലക്കരയിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തന പരിധി ചവറബ്ലോക്കാണ്. സ്ത്രീകൾക്കു ഈ മേഖലയിൽ ജോലി ലഭിക്കുന്ന ഏകസ്ഥാപനം എന്ന നിലയിൽ കൂടുതൽ ശ്രദ്ധ ആകർഷിക്കുന്നു.
വിവരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു

ചവറ ബ്ലോക്ക് ഖാദിവ്യവസായ സഹകരണസംഘം ക്ലിപ്തം
ഗ്രാമപ്പഞ്ചായത്ത് തേവലക്കര
നിലവിലുള്ള സ്ഥിതി

ജോലിക്കാർ	
രജിസ്റ്റർ ചെയ്ത് തീയതി	19-1-1960
പ്രവർത്തനം ആരംഭിച്ച തീയതി	27-3-1960
അംഗങ്ങളുടെ എണ്ണം	131
ഓഹരിമൂലധനം	250
ഖാദി ബോർഡ് ലോൺ	Rs.2000/-
മറ്റിനം	-
ആകെ	-
അംഗങ്ങളുടെ എണ്ണം	179
അംഗീകാരമില്ലാത്ത മെമ്പർമാർ	111
നൂൽനൂൽപ്പ്	75
നെയ്ത്ത്	45
മറ്റിനം	13
സാമ്പത്തിക സ്ഥിതി	
ഉല്പാദനം	Rs.1800000/-
ലോൺ	Rs.3900000/-
നഷ്ടം	Rs.1976000/-

തേവലക്കരയിൽ ഉള്ള മറ്റൊരു സഹകരണസ്ഥാപനമാണ് തേവലക്കര പട്ടികജാതി സർവ്വീസ് സഹകരണസംഘം നമ്പർ 884 1984 ൽ പ്രവർത്തനം ആരംഭിച്ചത് ശ്രീ കുഞ്ഞുപിള്ള പ്രസിഡന്റായിട്ടാണ്. സ്വന്തമായി കെട്ടിടങ്ങളും മറ്റു സൗകര്യവുങ്ങളുമുണ്ട്. പട്ടികജാതിക്കാരുടെ ജീവിതോന്നമനത്തിനായി ആരംഭിച്ച ഈ സ്ഥാപനത്തിന് ്വരുടെ സാമ്പത്തികകാര്യങ്ങളിൽ കാര്യമായി സഹായിക്കാൻ കഴിയണം. തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ പുതിയ തൊഴിലുകൾ കണ്ടെത്താൻ ഈ സ്ഥാപനം പട്ടികജാതിക്കാരെ ക്രിയാത്മകമായി സഹായിക്കണം. മുഴവൻ പട്ടിക ജാതിക്കാരെയും ഇതിൽ അംഗങ്ങളാക്കുകയും പ്രവർത്തനം വിപുലപ്പെടുത്തുകയും വേണം. ഈ പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളും ഇതിന്റെ പ്രവർത്തമേഖലയാണ്.

വിവരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

സ്ഥിതിവിവരരേഖ പട്ടികജാതി സർവ്വീസ് സഹകരണസംഘം

തേവലക്കര ഗ്രാമപഞ്ചായത്ത്

സ്ഥാപനത്തിന്റെ പേര്	തേവലക്കര പട്ടികജാതി സർവീസ് സഹകരണസംഘം Q 884
പ്രവർത്തനം ആരംഭിച്ച വർഷം	1984
പ്രവർത്തന പരിധി	പഞ്ചായത്തിലെ 14 വാർഡുകൾ
വ്യക്തി അംഗത്വം	652
ഓഹരി മൂലധനം	Rs. 47690/-
കടം	-
നിക്ഷേപം	-
കാർഷികം	-
കാർഷികേതരം	Rs. 150000/-
പ്രവർത്തനമൂലധനം	-
ലാഭം	-
നഷ്ടം	-
ജീവനക്കാരുടെ എണ്ണം	1
റിമാർക്സ്	-

സ്ക്കൂൾ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. സെന്റ് ആന്റണീസ് അച്ചൻകോയിക്കൽ ഹൈസ്ക്കൂളുകളിലും കകഡജട അച്ചൻകോയിക്കൽ ഘജട എന്നീ സ്ക്കൂളുകളിലാണ് സ്ക്കൂൾ സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ സ്ക്കൂൾ തലത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. സമയത്തിന് പാഠപുസ്തകങ്ങളും മറ്റും വിതരണം ചെയ്യാത്തതിൽ ഉണ്ടാകുന്ന വീഴ്ചകൾ ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്.

കൂടാതെ 16 ൽപരം വിവിധോദ്ദേശസഹകരണസംഘങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒന്നുപോലും ജനങ്ങൾക്കു വേണ്ടി ഇവിടെ പ്രവർത്തിക്കുന്നവയല്ല. അവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമാകാനുള്ള വഴികൾ അതിന്റെ കൈവശക്കാർ തന്നെ അടച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ഈ തരം സംഘങ്ങളെ കുറിച്ചുള്ള അന്വേഷണം നടക്കണമെന്ന ആവശ്യം ഗ്രാമസഭാചർച്ചകളിൽ ഉണ്ടായിച്ടുണ്ട്.

ഒരുൾനാടൻ മത്സ്യത്തൊഴിലാളിസഹകരണസംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1 ഇപ്പോഴുള്ള 4047 സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ മുഴൻ കർഷകരുടെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് ക്രഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.
2 ബാങ്കിന്റെ ശാഖകൾ 2 ഇടത്തെങ്കിലും ആരംഭിക്കുക
3 രാസവളം വില്പനയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വീഴ്ചകൾ പരിഹരിച്ച് ഒല്ലാ സീസണിലും വളം ലഭ്യമാക്കുക.
4 പട്ടികജാതി സർവീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം വ്യാപകമാക്കുക.
5 കയർത്തൊഴിലാളി സഹകരണസംഘങ്ങൾക്ക് തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനമൂലധനം അനുവദിക്കുക.
6 പഞ്ചായത്തിന്റെ തെക്കൻ പ്രദേശത്ത് 2 പാൽസൊസൈറ്റികൾ ആരംഭിക്കുക.
7 പാൽ സംഘങ്ങളിൽ കൂടി കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ നൽകുക
8 വനിതാ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

5-12

വിഭവ സമാഹരണം

ഓണാട്ടുകര കാർഷിക മേഖലയിൽ ഉൾപ്പെടുന്ന നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കാർഷി കരംഗത്തെ മുരടിപ്പാണ്. കൃഷിസ്ഥലങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നു. ഉൽപ്പാദന ക്ഷമത കുറയുന്നു നെൽപ്പാടങ്ങൾ വ്യാപകമായി തരിശിടുന്നു. ഇരുപ്പു നിലങ്ങൾ ഒരുപ്പു നിലങ്ങളായി മാറുന്നു. രാസവളങ്ങളുടെ അമിതമായ ഉപയോഗം ഗുരുത രമായ ദോഷഫലങ്ങൾ ഉളവാക്കുന്നു. കർഷകർ കർഷകതൊഴിലാളികളായി മാറുന്ന തൊഴിലവസരങ്ങളുടെ കുറവു മൂലം കർഷകത്തൊഴിലാളികൾ മറ്റു മേഖലയിലേക്ക് ചേക്കേറുന്നു. കാർഷിക രംഗത്ത് ഇന്നു നാം നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവ സമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

വ്യാവസായിക മേഖലയിലെ നിശ്ചലതയാണ് മറ്റൊരു പ്രതിസന്ധി. ഒരൊറ്റ വൻകിട വ്യവസായ സ്ഥാപനം പോലും ഈ ഗ്രാമത്തിലില്ല. പരമ്പരാഗത വ്യവസായമായ കയർരംഗം സുഷുപ്തിയിലാണ്. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും ഉൽപ്പന്നങ്ങൾക്കുള്ള വിപണിയിലെ സാദ്ധ്യതയില്ലായ്മയും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വ്യവസായം ആധു നീവൽക്കരിക്കുന്നതിനുള്ള സാമ്പത്തികമില്ലായ്മ എന്നീ കാരണങ്ങളാൽ കയർ വ്യവസായം തകർച്ചയിലേക്ക് നീങ്ങി ക്കൊണ്ടി രിക്കുന്നു. കയർത്തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കാത്തതിനാൽ അവർ മറ്റ് മേഖലകൾ തേടിപ്പോകുന്നതിനാൽ തൊഴിലാളിക്ഷാമവും കയർവ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു. ഏറെ പ്രതീക്ഷകളോടെ ആരംഭിച്ച കോയിവിള മിനി ഇന്റഡസ്ട്രിയൽ ഏസ്റ്റേറ്റിലും ഉള്ള വ്യവസായങ്ങൾ പോലും അടച്ചുപൂട്ടി നിശ്ചലാവസ്ഥയിലാണ്. പേരിനു മാത്രമുള്ള ചെറുകിട വ്യവസായ രംഗം ഇവിടെ ശൂന്യമാണെന്ന് തന്നെ പറയാം. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് കാര്യക്ഷ മവും ലാഭകരവുമായി നടത്തുന്നതിനും ആവശ്യമായ ഘടകങ്ങളും അന്തരീക്ഷവും സൃഷ്ടിച്ച് വ്യവസായ രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള പണം സമാഹരിക്കുന്നതിന് പുതിയ പുതിയ വരുനമാ നമാർഗ്ഗങ്ങൾ കണ്ടെത്തുകയും നിലവിലുള്ള സ്രോതസ്സുകളിലെ ചോർച്ച് തടയുകയും ചെയ്യേണ്ടതാണ്. സർക്കാർ ഗ്രാന്റു കൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നിലയും ഇനിയും മാറിയിട്ടില്ല. ഗ്രാന്റുകൾ യഥാസമയം തന്നെപഞ്ചായത്തു കൾക്ക് ലഭിക്കുന്നതിന് നിയമങ്ങൾ ഉണ്ടാകണം. വസ്തു കൈമാറ്റ നികുതി, വെഹിക്കിൽ ടാക്സ് കോമ്പൻസേഷൻ എന്നീ ഇനങ്ങളിലുള്ള ഗ്രാന്റുകൾ ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞാണ് പഞ്ചായത്തുകൾക്ക് ലഭിക്കുന്നത്. മാത്രവുമല്ല പഞ്ചായ ത്തിന്റെ അറിവില്ലാതെ തന്നെ ഇവ മറ്റു ഡിപ്പാർട്ടുമെന്റുകൾക്ക് കൈമാറുന്ന അവസ്ഥയും ഇന്നുണ്ട്. ജനസംഘ്യ, ദാരിദ്ര്യരേഖ ക്കടിയിലെ ജനസംഖ്യ പട്ടികജാതി ജനസംഖ്യ എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യാ വൂ. ഗ്രാന്റുകളുടെ നീതിപൂർവ്വവുമായ വിതരണത്തിൻ ഇതാവശ്യമാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസു കൾ, മാർക്കറ്റുകൾ, ഷോപ്പിംഗ് മുറികൾ എന്നിവയിൽ നിന്നുള്ള ആദായമാണ് 1991-92 വർഷത്തിൽ പഞ്ചായ്ത്തിന്റെ വരു മാനം 524358 രൂപയായിരുന്നു. എങ്കിൽ 95-96 ൽ അത് 871859 രൂപയായി വർദ്ധിച്ചു. അതായത് വർദ്ധനവ് 66.27 %. 1991-92 ൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിൽ 371645 രൂപ ചിലവായപ്പോൾ 95-96 ൽ 628104 രൂപയാണ് ചെലവായത്. ചെലവിന ത്തിൽ 69% വർദ്ധന ആണ്. വരവിനേക്കാൾ ചെലവിനത്തിൽ വർദ്ധനയുണ്ടായതായിക്കാണാം. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ കൂടി നിർവ്വഹിക്കുന്നതിന് ആവശ്യമായ പണം കണ്ടെത്തുന്നതിന് കഴിയാതെ വരുന്നു. വരുമാനത്തിലെ വ്യതി യാനം താഴെപ്പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക

വരുമാനത്തിലെ വ്യതിയാനം

ഇനം	1991-92	1995-96	വ്യത്യാസം	ശതമാനം
കെട്ടിട നികുതി	141287.95	283364.00	142076.05	100.55%
വിനോദ നികുതി	10457.00	35931.00	25474.00	243.61%
തൊഴിൽ നികുതി	91165.00	148420.00	57255.00	62.8%
മറ്റുള്ളവ	306029.45	442384.00	136354.75	44.6%
ഉപാധിരഹിതഫണ്ട്	130000.00	170870.00	40870.00	31.4
" (എസ്.സി.പി)	61250.00	132740.00	71490.00	116.7

ജെ.ആർ.വൈ.	431061.00	267477.00	-267477.00	-62.05
ഗ്രാന്റുകൾ, സംഭാവനകൾ	145050.00	1029071.00	884021.00	609.5
ആകെ വരവ്	1316300.40	2510257.20	1193956.80	90.70
തനതു വരവ്	524358.85	871859.20	347500.35	66.3
എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്	371645.00	628104.00	256459.00	69%

കെട്ടിട നികുതി

നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് കെട്ടിട നികുതി. കെട്ടിടത്തിന്റെ വാർഷിക വാടകയുടെ 10% അറ്റ കുറ്റ പണികൾക്കായി നീക്കി ശേഷിക്കുന്ന തുകയുടെ 69% കെട്ടിട നികുതിയായും കെട്ടിട നികുതിയുടെ 5% ലൈബ്രറിസേസായും ഈടാക്കിവരുന്നു. ലൈബ്രറിസെസ്സ് പൂർണ്ണമായും ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനായി കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനെ ഏൽപ്പിക്കുന്നു. എന്നാൽ കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യം നിശ്ചയിക്കുന്നതിൽ പാകപ്പിഴകൾ വരുന്നതു മൂലം സാമ്പത്തിക ചോർച്ച സംഭവിക്കുന്നു. മാത്രമല്ല നികുതി ദായകന് കെട്ടിട നികുതി നിർണ്ണയച്ചട്ടങ്ങളെ പ്പറ്റിയുള്ള അജ്ഞത മൂലം പരാതികൾ ഉണ്ടാകുകയും ചെയ്യുന്നു. നികുതി നിർണ്ണയം ശാസ്ത്രീയമായി പരിഷ്ക്കരിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം വീടു നിർമ്മിക്കുന്നതിനുപയോഗിക്കുന്ന വസ്തുക്കളുടെ വില, ആഡംബരത്വം എന്നിവ കൂടി മാനദണ്ഡമാക്കി വേണം നികുതി നിർണ്ണയിക്കേണ്ടത്. വാടക കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടകയെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കേണ്ടതുണ്ട്. നികുതി നിർണ്ണയിക്കാൽ, നികുതി യഥാസമയം ഒടുക്കു വരുത്താൽ എന്നീ കാര്യങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്. ഈ കാര്യങ്ങളിൽ ഗ്രാമസഭകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയേണ്ടതാണ്.

തൊഴിൽ നികുതി :

സർക്കാർ, അർദ്ധസർക്കാകർ സ്ഥാപനങ്ങൾ, എയിഡഡ് സ്കൂളുകൾ, എന്നീ സ്ഥാപനങ്ങളിൽ നിന്നും മാത്രമേ ശരിയായി കണക്കുകൾ പ്രകാരം നികുതി ലഭിക്കുന്നുള്ളു. സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ശരിയായ കണക്കുകൾ പ്രകാരം നികുതി ലഭിക്കുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് സ്ഥിരമായി തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും, ബിസിനസ്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു ഈ ഇനത്തിലുള്ള വരുമാനച്ചോർച്ച തടയേണ്ടതുണ്ട്.

വിനോദനികുതി :

പഞ്ചായത്തിന്റെ പരിധിയിൽ രണ്ടു സിനിമാ തീയേറ്ററുകൾ ആണുള്ളത്. വിനോദ നികുതി ഇനത്തിൽ ചോർച്ച സംഭവിക്കുന്നു. ഇത് ഫലപ്രദമായി തടയുന്നതിനു കഴിയുന്നില്ല. തിയേറ്ററിലെ സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ വിനോദ നികുതി കോംമ്പൗണ്ട് ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതാണ്.

ലൈസൻസ് ഫീസ് :

വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ 95-96 നമുക്കു ലഭിച്ചത്. 6079 രൂപയാണ്. വ്യാപാരസ്ഥാപനങ്ങളുടെ കണക്കു പരിശോധിച്ചാൽ നല്ലൊരു ഭാഗം നികുതിയിൽ നിന്നും ഒഴഞ്ഞു നിൽക്കുന്നതായി കാണാം. ഈ തരം നികുതിച്ചോർച്ച ഒഴിവാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മാർക്കറ്റ് :

പഞ്ചായത്തിന്റെ അധീനതയിൽ രണ്ടു പബ്ലിക്ക് മാർക്കറ്റുകളാണുള്ളത്. കൂടാതെ നാലു സ്വകാര്യ മാർക്കറ്റുകളും പ്രവർത്തിക്കുന്നു. സ്വകാര്യമാർക്കറ്റുകളിൽ നിന്നും തുച്ഛമായ വരുമാനമെ പഞ്ചായത്തിനു ലഭിക്കുന്നുള്ളു. തേവലക്കര പബ്ലിക്ക് മാർക്കറ്റിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി വിപുലപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ ഒരു സ്ലാട്ടർ ഹൗസ് നിർമ്മിച്ച് ഇറച്ചി വിൽപ്പന രംഗത്തെ പരാതികൾ ഒഴിവാക്കേണ്ടതും ഈ ഇനത്തിൽ സംഭവിക്കുന്ന വരുമാനച്ചോർച്ച തടയേണ്ടതുമാണ്.

പഞ്ചായത്തുവക സ്ഥലങ്ങൾ :

പഞ്ചായത്തുവക സ്ഥലങ്ങളിലുള്ള ഫലവൃക്ഷങ്ങളുടെ ലേലത്തിൽ നിന്നും 1785 രൂപയും കടമുറികളുടെ വാടക ഇനത്തിൽ 5706 രൂപയും, 95-96 ൽ പഞ്ചായത്തിനു ലഭിച്ചു. പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ മിക്കവയും അനധികൃതമായി കയ്യേറിക്കഴിഞ്ഞിരിക്കുന്നു. പ്രസ്തുത സ്ഥങ്ങളിൽ നിന്നും കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി അളന്നു തിട്ടപ്പെടുത്തി വികസന പരിപാടികൾക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. സർക്കാർ സിദ്ധവൈദ്യശാലക്കു വേണ്ടി പാലയ്ക്കൽ തെക്കുവാർഡിൽ വിലക്കു വാങ്ങിയ 17 സെന്റു സ്ഥലത്തു കെട്ടിടം നിർമ്മിച്ച് ആശുപത്രി പ്രവർത്തിപ്പിക്കേണ്ടത്